ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം

# കേരള ഇക്കോണമി

ഒക്ടോബർ – ഡിസംബർ 2025 പുസ്തകം 6 ലക്കം 4


കാലാവസ്ഥാ വ്യതിയാനവും ഇലക്ട്രിക്ക് വാഹനങ്ങൾ കൊണ്ടുള്ള നേട്ടങ്ങളും : ഒരു വിശകലനം

ഗ്രാമീണമേഖലയിലെ ദാരിദ്ര്യനിർമ്മാർജ്ജനവും വികസനവും സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണവും

സാമൂഹ്യക്ഷേമ മേഖലയിലെ ചെലവുകളും മാനവവികസനവും : ഇന്ത്യൻ സംസ്ഥാനങ്ങളുടെ താരതമ്യ പഠനം

ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ ചികിത്സാ ചെലവുകൾ കുറയ്ക്കുന്നതിന് സഹായകമാണോ? കേരളത്തിന്റെ പശ്ചാത്തലത്തിൽ ഒരു പരിശോധന

വിലനിർണ്ണയത്തിലെ സ്ത്രീ- പുരുഷ വേർതിരിവും ഉപഭോക്താക്കളുടെ തീരുമാനവും : പിങ്ക് നികുതിയുടെ പശ്ചാത്തലത്തിൽ ഒരു പഠനം

ഫണ്ടുകളുടെ ലഭ്യതയും കായിക മേഖലയുടെ വികാസവും

സ്ത്രീകളുടെ അമിതജോലിയും ആരോഗ്യ പരിപാലന രംഗത്തെ പ്രതിസന്ധിയും സമയവിനിയോഗ സർവെ ഫലത്തിന്റെ അടിസ്ഥാനത്തിൽ

ജി എസ് ടി : പ്രധാന നടപടികൾ


GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരള ഇക്കോണമി

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം


എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
കെ എൻ ബാലഗോപാൽ

എഡിറ്റർ ഇൻ ചീഫ്
കെ ജെ ജോസഫ്

അസോസിയേറ്റ് എഡിറ്റർ
അനിത കുമാരി എൽ
അശ്വതി റേച്ചൽ വർഗീസ്
യു പി അനിൽകുമാർ

ഉപദേശക സമിതി
എ വി ജോസ്
ഡി നാരായണ
കെ എൻ ഹരിലാൽ
കെ രവിരാമൻ
തങ്കം അരുൺ
രാജേശ്വരി എസ് റൈന
സി ബാലഗോപാൽ
ഡി ഷൈജൻ
സിദ്ദിഖ് റാബിയാത്ത്
സക്കറിയാ സിദ്ദിഖി
അനൂപ് എസ് കുമാർ
താരാ എസ് നായർ

കൺസൾട്ടിംഗ് എഡിറ്റേഴ്സ്
ജോർജ് ജോസഫ്
പ്യാരേലാൽ രാഘവൻ



വിലാസം
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ,
ഗിഫ്റ്റ് കാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള- 695017.
ഫോൺ : 0471 2596970, 2596980, 2590880, 2593960.
Email : keralaeconomy@gift.res.in www.gift.res.in



Disclaimer: The views expressed in this work are those of the authors and do not reflect the official policy or views of GIFT



Printed and published by K J Joseph on behalf of Gulati Institute of Finance and Taxation, Thiruvananthapuram. Printed at Time Offset, Thiruvananthapuram.
For private circulation. Not for sale.

# ഉള്ളടക്കം

**പേജ് നമ്പർ**

1. **കാലാവസ്ഥാ വ്യതിയാനവും ഇലക്ട്രിക്ക് വാഹനങ്ങൾ കൊണ്ടുള്ള നേട്ടങ്ങളും : ഒരു വിശകലനം** **3**
ടീന മരിയ സാജു, തെരേസ തോമസ്, ഫാത്തിമ റിൻഷ പി. എം, ലക്ഷ്മി എസ്, മുരളിധരൻ എസ്

2. **ഗ്രാമീണമേഖലയിലെ ദാരിദ്ര്യനിർമ്മാർജ്ജനവും വികസനവും സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണവും** **30**
ടീസൺ സി. ജെ, രേവതി കെ. ശിവദാസ്

3. **സാമൂഹ്യക്ഷേമ മേഖലയിലെ ചെലവുകളും മാനവവികസനവും : ഇന്ത്യൻ സംസ്ഥാനങ്ങളുടെ താരതമ്യ പഠനം** **41**
കൃഷ്ണനന്ദന പി. ജി

4. **ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ ചികിത്സാ ചെലവുകൾ കുറയ്ക്കുന്നതിന് സഹായകമാണോ? കേരളത്തിന്റെ പശ്ചാത്തലത്തിൽ ഒരു പരിശോധന** **63**
സ്വാതി വർമ്മ പി.ആർ

5. **വിലനിർണ്ണയത്തിലെ സ്ത്രീ- പുരുഷ വേർതിരിവും ഉപഭോക്താക്കളുടെ തീരുമാനവും : പിങ്ക് നികുതിയുടെ പശ്ചാത്തലത്തിൽ ഒരു പഠനം** **79**
കൂട്ടാല കാവ്യ അയ്യർ, ഡോ. ഹസീന അക്ബർ

6. **ഫണ്ടുകളുടെ ലഭ്യതയും കായിക മേഖലയുടെ വികാസവും** **93**
ലിജോ ജോൺ, സുജാത ജി.എസ്

7. **സ്ത്രീകളുടെ അമിതജോലിയും ആരോഗ്യ പരിപാലന രംഗത്തെ പ്രതിസന്ധിയും സമയവിനിയോഗ സർവെ ഫലത്തിന്റെ അടിസ്ഥാനത്തിൽ** **116**
മെർലിൻ പ്രേമല. ജെ

8. **GST updates** **125**
Vidya V Devan

**8. New studies on Kerala** **134**
Young scholars' forum, GIFT.

**9. What is new(s) from GIFT** **156**

**10. Call for Papers: Kerala Economy Journal** **168**

**11. KTR Advertisement** **171**

*കേരള ഇക്കോണമി*
*പുസ്തകം 6 ലക്കം 4*
*ഒക്ടോബർ– ഡിസംബർ 2025*

GIFT GULATI INSTITUTE OF FINANCE AND TAXATION

# കാലാവസ്ഥാ വ്യതിയാനവും ഇലക്ട്രിക്ക് വാഹനങ്ങൾ കൊണ്ടുള്ള നേട്ടങ്ങളും : ഒരു വിശകലനം

ടീന മരിയ സാജു, തെരേസ തോമസ്, ഫാത്തിമ റിൻഷ പി. എം, ലക്ഷ്മി എസ്, മുരളിധരൻ എസ്

**സംഗ്രഹം**

*ഇലക്ട്രിക്, ഫോസിൽ ഇന്ധന വാഹനങ്ങളുടെ പൊതുവിലുള്ള നേട്ടങ്ങളും അതിനുള്ള ചെലവുകളും തമ്മിലുള്ള ബന്ധമാണ് ഈ പഠനത്തിനായി എടുത്തിരിക്കുന്നത്. ആഗോളതലത്തിൽ, ഫോസിൽ ഇന്ധനങ്ങൾ ഉളവാക്കുന്ന മലിനീകരണത്തിന്റെ ആഘാതത്തിൽ നിന്നും മോചിതമാകുന്നതിന് ഇലക്ട്രിക് വാഹനങ്ങളിലേക്കുള്ള മാറ്റത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരമൊരു പഠനം പ്രസക്തമാണ്. ഇന്ത്യയിൽ ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം ആഗോള ശരാശരിയേക്കാൾ മുകളിലാണ്. അതുകൊണ്ട് വിവിധ തരം വാഹനങ്ങൾ ഉപയോഗിക്കുന്നത് കൊണ്ടുള്ള പാരിസ്ഥിതികവും സാമ്പത്തികവുമായ മാറ്റങ്ങളാണ് ഇവിടെ പഠന വിധേയമാക്കുന്നത്. ബെനിഫിറ്റ് – കോസ്റ്റ് അനുപാതം എന്ന സങ്കേതം അടിസ്ഥാനമാക്കിയാണ് ഈ പഠനം നടത്തിയിരിക്കുന്നത്. അതിനായി കാർബൺ പുറന്തള്ളലും വരുമാനവും, പ്രവർത്തന ചെലവുകൾ, ഇ വിയും മറ്റു തരത്തിലുള്ള വാഹനങ്ങളും ഉപയോഗിക്കുന്നത് കൊണ്ടുള്ള പാരിസ്ഥിതിക ആഘാതങ്ങൾ തുടങ്ങിയ വിഷയങ്ങൾക്കാണ് ഇതിൽ ഊന്നൽ നൽകിയിരിക്കുന്നത്. ഇലക്ട്രിക് വാഹനമായ ടാറ്റ തിയാഗോ എക്സ് ടി, പെട്രോൾ ഇന്ധനമായി ഉപയോഗിക്കുന്ന ടാറ്റ തിയാഗോ എക്സ് ടി എ എന്നീ വാഹനങ്ങളാണ് താരതമ്യ പഠനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്. ഇലക്ട്രിക്ക് വാഹനങ്ങളിലേക്ക് മാറുന്നതിന് ഉപഭോക്താക്കൾ കാണുന്ന തടസങ്ങൾ കണ്ടെത്തുന്നതിനായി വിവിധ സർവേകളിൽ നിന്നുള്ള വിവരങ്ങൾ, വാഹനങ്ങളുടെ റിവ്യൂകൾ തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചിട്ടുണ്ട്. ശരാശരി ഇന്ധന ചെലവിന് പുറമെ (പി മൂല്യം – 0.007398845) വാഹന ഉപയോക്താക്കളുടെ ലിംഗപരമായ വ്യത്യാസവും പ്രധാനമാണ് എന്നാണ് പഠനത്തിൽ കണ്ടെത്താൻ കഴിഞ്ഞത്. ഇലക്ട്രിക് വാഹനങ്ങളാണ് കേരളത്തിലെ നഗരപ്രദേശങ്ങളിൽ കാണുന്ന ഗതാഗത കുരുക്ക് പരിഹരിക്കുന്നതിനുള്ള ഒരു പ്രധാന മാർഗമെന്നാണ് പഠനത്തിന് നിർദ്ദേശിക്കാനുള്ളത്.*

***ചില പ്രധാന വാക്കുകൾ :*** *ഇലക്ട്രിക്ക് വാഹനങ്ങൾ, കാർബൺ പുറന്തള്ളലും വരുമാനവും, ഉപഭോക്താവിന്റെ മുൻഗണനയും പാരിസ്ഥിതിക ആഘാതവും.*

## 1. ആമുഖം

മോട്ടോർ വാഹനങ്ങളുടെ ചരിത്രം ആരംഭിക്കുന്നത് ആയിരത്തി എണ്ണൂറുകളിലാണ്. ആദ്യത്തെ ഇലക്ട്രിക് കാർ നിർമ്മിക്കുന്നത് ആയിരത്തി എണ്ണൂറ്റി മുപ്പതുകളിലാണ്. കുതിരകൾ വലിക്കുന്ന വാഹനങ്ങൾ ഉണ്ടായിരുന്ന കാലത്ത് അത് പാരിസ്ഥിതികവും ആരോഗ്യപരവുമായ നിരവധി പ്രശ്നങ്ങൾക്ക് കാരണമായിരുന്നു. കുതിരകളുടെ വിസർജ്യങ്ങളിൽ നിന്നുള്ള മീഥെയിൻ വാതകത്തിന്റെ ബഹിർഗമനം, ഹരിതഗൃഹ വാതകങ്ങൾ വഴി ഉണ്ടാകുന്ന കാർബൺ ഡൈ ഓക്സൈഡ് ബഹിർഗമനത്തെക്കാൾ നാലിരട്ടി അധികമായിരുന്നു. ഇത് എൻജിൻ ഉപയോഗിച്ചുള്ള വാഹനങ്ങളുടെ കണ്ടുപിടുത്തം അനിവാര്യമാക്കി. നീരാവി കൊണ്ടും വൈദ്യുതി കൊണ്ടും പ്രവർത്തിക്കുന്ന വാഹനങ്ങളായിരുന്നു ഉത്തരമായി കണ്ടെത്തിയത്. ഇതിൽ ഇലക്ട്രിക്ക് വാഹനങ്ങളോടായിരുന്നു ആളുകൾക്ക് കൂടുതൽ പ്രതിപത്തി. പുകയോ, ശബ്ദമോ ഇല്ല എന്നതായിരുന്നു ഇതിന് കാരണം. ലളിതമായ ഒരു ഗിയർ സംവിധാനം ഉണ്ടായിരുന്ന ഇത് ഉപയോഗിക്കുന്നതിന് കൂടുതൽ എളുപ്പമായിരുന്നു. ഈ കാലഘട്ടത്തിൽ തന്നെ കമ്പസ്റ്റൈൻ എൻജിന്റെ കാര്യത്തിൽ പല മാറ്റങ്ങളും സംഭവിക്കുകയുണ്ടായി. ഗ്യാസോലിൻ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ആദ്യ എൻജിൻ 1876 ൽ ജർമനിയിൽ കണ്ടുപിടിച്ചു.

കാൾ ബെൻസ് എന്ന വ്യവസായിയാണ് വാഹനങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനം ആരംഭിച്ചത്. അതിനിടെ 1912 ൽ ഇലക്ട്രിക് കാറുകളുടെ ഉത്പാദനം സജീവമായി. എന്നാൽ പിന്നീട് സംഭവിച്ചത് ഇവയുടെ വിപണി വിഹിതം കുറയുന്നതാണ്. ഐ സി ഇ വാഹനങ്ങളുടെ ഉല്പാദനത്തിൽ ഉണ്ടായ വർധനയും ടെക്സാസ് ക്രൂഡ് ഓയിൽ മുന്നേറ്റവുമാണ് ഇതിന് ചുക്കാൻ പിടിച്ചത്. ഗ്യാസോലിന്റെ വിലയിൽ ഇടിവുണ്ടായത് ഫോസിൽ ഇന്ധന കാറുകളുടെ ഡിമാന്റിൽ ഇടിവുണ്ടാക്കി. എന്നാൽ ആയിരിത്തി തൊള്ളായിരത്തി അറുപതുകളിലും എഴുപതുകളിലും പെട്രോൾ വിലയിൽ പ്രകടമായ വർധനയുണ്ടായി. എണ്ണയുടെ കാര്യത്തിൽ ഒപെക് രാജ്യങ്ങൾ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതോടെ 1973 ൽ വലിയൊരു പ്രതിസന്ധി ഉടലെടുക്കുകയുണ്ടായി. ഇതിനു പുറമെ, പെട്രോൾ വാഹനങ്ങൾ ഉണ്ടാക്കുന്ന മലിനീകരണവും ഒരു പ്രധാന പ്രശ്നമായി മാറി. ഇലക്ട്രിക് വാഹനങ്ങളുടെ തിരിച്ചുവരവിന് തൊണ്ണൂറുകൾ സാക്ഷ്യം വഹിച്ചു. മാനവരാശിയുടെ സുസ്ഥിര വികസനത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്ക് നിർണ്ണായകമായ സ്വാധീനമാണുള്ളത് (സാബോ, ലുലിയ-2022). ആഗോളതലത്തിൽ വാഹന വിപണിയിൽ ഇന്ത്യക്ക് പത്താം സ്ഥാനമാണുള്ളത് (ശ്രീനാഥ്-2022). 2023 ലെ കണക്കുകൾ പ്രകാരം 2.27 കോടി വാഹനങ്ങളാണ് ഇന്ത്യയിൽ രെജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 1.8 കോടിയും പെട്രോൾ വാഹനങ്ങളാണ്. 24 ലക്ഷം ഡീസൽ വാഹനങ്ങളും 14 ലക്ഷം ഇലക്ട്രിക് വാഹനങ്ങളുമുണ്ട്. പെട്രോൾ, ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം വർഷം തോറും കൂടി വരികയാണ്. 2022 ലെ കണക്കുകൾ പ്രകാരം 1.7 കോടി പെട്രോൾ വാഹനങ്ങളാണ് ഇന്ത്യയിലുള്ളത് (പി ഐ ബി – 2024 ). 2023 ൽ പെട്രോൾ വാഹനങ്ങളുടെ കാര്യത്തിൽ 239468 എണ്ണത്തിന്റെ വർധനയാണ് രേഖപ്പെടുത്തിയത്. ഇലക്ട്രിക് വാഹനങ്ങൾ 408427 എണ്ണവും വർധിച്ചു. ഇലക്ട്രിക് വാഹനങ്ങളുടെ പ്രാധാന്യം ആളുകൾ മനസിലാക്കുന്നു എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഇതൊക്കെയാണെങ്കിലും ഇലക്ട്രിക് വാഹനങ്ങളോട് പൊതുവിൽ ഒരു വിമുഖത ഇപ്പോഴും പ്രകടമാണ്. എന്തുകൊണ്ടാണ് ഉപഭോക്താക്കൾ ഫോസിൽ ഇന്ധന വാഹനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നത് എന്ന കാര്യം ആഴത്തിൽ മനസിലാക്കേണ്ടത് ആവശ്യമാണ്.

ഇക്കാര്യം പരിശോധിക്കുന്നതിന് മുൻപ് ഇന്ത്യയുടെ ഹരിത ഗൃഹവാതകങ്ങളുടെ പുറന്തള്ളൽ സംബന്ധിച്ച വിവരങ്ങൾ വിശകലനം ചെയ്യേണ്ടതുണ്ട്. ഇക്കാര്യത്തിലുള്ള വാർഷികാടിസ്ഥാനത്തിലുള്ള ചില വിവരങ്ങൾ ഒന്നാം രേഖാചിത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**രേഖാചിത്രം 1**




*Source: computed based on Climate Watch, 2024*

ഇന്ത്യയിലെയും ലോകത്തെയും 1990 മുതൽ 2021 വരെയുള്ള ഹരിത ഗൃഹവാതകങ്ങളുടെ ബഹിർഗമനത്തിന്റെ വാർഷിക വ്യതിയാനം ശതമാനക്കണക്കിൽ രേഖപ്പെടുത്തി യിരിക്കുകയാണ് രേഖാചിത്രം ഒന്നിൽ. ഇന്ത്യയിൽ 2001 ലാണ് ഇത് ഏറ്റവും ഉയർന്ന തോതിലെത്തിയത്, 16.55 ശതമാനം. ആഗോളാടിസ്ഥാനത്തിൽ രേഖപ്പെടുത്തിയ ഏറ്റവും ഉയർന്ന തോത് 2007 ലെ 7.09 ശതമാനമാണ്. കോവിഡ് പടർന്നു പിടിച്ച 2020 ലാണ് ഇന്ത്യയിലും ലോകത്തും ഏറ്റവും കുറവ് പുറന്തള്ളൽ രേഖപ്പെടുത്തിയത്. യഥാക്രമം – 6.19, – 4.11 വീതം. 1990 മുതൽ 2021 വരെയുള്ള ഇന്ത്യയുടെ ശരാശരി പുറന്തള്ളൽ 2146.71 എം ടി സി ഒ 2 ഇ ആണ്. ആഗോളതലത്തിൽ ഇത് 39459.12 എം ടി സി ഒ 2 ഇ ആണ്. ഇന്ത്യയുടെ കാര്യത്തിൽ കോ എഫിഷ്യന്റ് വ്യത്യാസം വളരെ ഉയർന്ന 37.92 എന്ന നിലയിലാണ്. കഴിഞ്ഞ ഒരു ദശകത്തിലെ ഇന്ത്യയുടെ ശരാശരി ഹരിത ഗൃഹ വാതക പുറന്തള്ളൽ 3053.26 എം ടി സി ഒ 2 ഇ ആണ്. ആഗോളതലത്തിൽ ഇത് 45793.66 ആണ് (പട്ടിക 1).

**Table 1** - India's Share in Global GHG Emission

| Year | India | World | Share (%) |
|---|---|---|---|
| 1990 | 1025.63 | 31552.5 | 3.25 |
| 1995 | 1246.36 | 32870.6 | 3.79 |
| 2000 | 1500.33 | 34713.74 | 4.32 |
| 2005 | 1973.75 | 39321.04 | 5.02 |
| 2010 | 2582.36 | 43486.55 | 5.94 |
| 2015 | 3043.88 | 45335.3 | 6.71 |
| 2020 | 3176.03 | 46109.75 | 6.89 |

*Source: computed based on Climate Watch, 2024*

ഇന്ത്യയുടെ ജി എച്ച് ജി പുറന്തള്ളലിന്റെ കണക്കുകൾ പട്ടിക ഒന്നിൽ കാണാം. 2020 ലാണ് ഇന്ത്യയുടെ വിഹിതം ഏറ്റവും ഉയർന്ന തോതായ 6.89 ശതമാനമായത്. 1990 ൽ ഇത് 3.25 ശതമാനം മാത്രമായിരുന്നു. 1990 നും 2007 നുമിടയിൽ ഇക്കാര്യത്തിൽ ഏറ്റവും ഉയർന്ന വളർച്ചാ നിരക്കാണ് ഇന്ത്യ രേഖപ്പെടുത്തിയത്. കുറഞ്ഞ ബേസ് എഫക്ടാണ് ഇതിന് ഭാഗികമായ കാരണം. 2008 മുതൽ ഇത് കുറയുന്ന പ്രവണത പ്രകടമാക്കി. എന്നിരുന്നാലും ആഗോള ശരാശരിയേക്കാൾ മുകളിലായിരുന്നു ഇന്ത്യയുടെ സ്ഥിതി. ഇത് ടി ടെസ്റ്റ് വഴി പരിശോധിച്ചതിന്റെ വിവരങ്ങളാണ് പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത് (പട്ടിക 2).

ഇലക്ട്രിക്ക് വാഹനങ്ങളുടെയും മറ്റു ഇന്ധനങ്ങൾ ഉപയോഗിക്കുന്ന വാഹനങ്ങളുടെയും നേട്ടങ്ങളും കോട്ടങ്ങളും എപ്രകാരമാണ് എന്നതാണ് ഈ പഠനത്തിൽ പരിശോധിക്കുന്നത്. ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്നത് വഴിയായി ഹരിത ഗൃഹവാതകങ്ങൾ പുറന്തള്ളുന്നതിനെ കുറിച്ച് അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യവുമുണ്ട്. ഇതിനായി ഇലക്ട്രിക് വാഹനങ്ങളെയും ഇതര ഇന്ധന വാഹനങ്ങളെയും പ്രവർത്തനം താരതമ്യം ചെയ്യുകയാണ് ഇതിലൂടെ. കോസ്റ്റ് – ബെനിഫിറ്റ് സങ്കേതമാണ് ഇതിനായി ഉപയോഗിച്ചിരിക്കുന്നത് (പട്ടിക 1).

**Table 2** - Results of t-test for growth rate of GHG Emission in India and World

| YEAR | INDIA (GR %) |
|---|---|
| 1990-2007 | 4.57 |
| 2008-2021 | 2.89 |
| | t = 4.4469<br>d.f = 30<br>p-value=0.0001105 |

| YEAR | WORLD (GR %) |
|---|---|
| 1990-2007 | 1.58 |
| 2008-2021 | 1.06 |
| | t = 2.306<br>d.f = 30<br>p value = 0.0282 |

*Source: Computed based on climate watch*

ഈ പഠനത്തെ അഞ്ചു ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ആമുഖം, പഠനങ്ങളുടെ വിശകലനം, ആശയപരമായ അടിസ്ഥാനം, ലക്ഷ്യങ്ങൾ, പഠനരീതി എന്നിവയാണ് ഒന്നാം ഭാഗത്ത് വരുന്നത്. വിവര വിശകലനം, അതിന്റെ വ്യാഖ്യാനം എന്നിവ രണ്ടാം ഭാഗമായി വരുന്നു. അടുത്ത ഭാഗത്ത് ഒരു കാറിന്റെ ശരാശരി വാർഷിക കാർബൺ പുറന്തള്ളൽ കണക്കാക്കിയിരിക്കുന്നു. കൂടാതെ ഇ വി, ഐ സി ഇ എന്നിവയുടെ ശബ്ദമലിനീകരണവും ചുരുക്കത്തിൽ സൂചിപ്പിച്ചരിക്കുന്നു. ഇലക്ട്രിക്ക് വാഹനങ്ങളുടെയും മറ്റു വാഹനങ്ങളുടെയും ചെലവുകൾ സംബന്ധിച്ച പൊതുവായ വിലയിരുത്തലും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങളുടെയും മറ്റു വാഹനങ്ങളുടെയും കാര്യത്തിൽ നേട്ടങ്ങളും കോട്ടങ്ങളും ചൂണ്ടിക്കാട്ടി അവ തമ്മിൽ താരതമ്യം ചെയ്യുകയും ചെയ്തിട്ടുണ്ട്. അവസാന ഭാഗത്ത് ഗൂഗിളിൽ നിന്നും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്തിരിക്കുന്നു. പഠനത്തിൽ നിന്നും ലഭിച്ച ഫലങ്ങൾ ഉപസംഹാരമായി അവതരിപ്പിച്ചിട്ടുണ്ട്. ആറ് ആശയങ്ങളെ അടിസ്ഥാനമാക്കിയാണ് പഠനങ്ങളുടെ റിവ്യൂ ഉൾപ്പെടുത്തിയിരിക്കുന്നത്.

**കാലാവസ്ഥാ വ്യതിയാന ഘട്ടത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ പ്രാധാന്യം**

അന്തരീക്ഷ താപനിലയിലും കാലാവസ്ഥാ രീതികളിലും സ്ഥായിയായി ഉണ്ടാകുന്ന മാറ്റങ്ങളെയാണ് കാലാവസ്ഥാ വ്യതിയാനം എന്നത് കൊണ്ട് വിവക്ഷിക്കുന്നത്. പ്രകൃതിദത്തവും മനുഷ്യ നിർമ്മിതവുമായ കാരണങ്ങൾ ഇതിന് പിന്നിലുണ്ട് (യു എൻ–2024). ഹ്യൂട്ടൻ, വുഡ്വെൽ (1989) എന്നിവർ വ്യക്തമാക്കിയത്, മനുഷ്യന്റെ ഇടപെടൽ കൊണ്ടുണ്ടാകുന്ന ഹരിത ഗൃഹവാതകങ്ങളുടെ ബഹിർഗമനം ഭൂമിയിലെ കാലാവസ്ഥാ മാറ്റങ്ങളിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട് എന്നാണ്. ഇത് പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾ അടിയന്തിരമായി വേണമെന്നാണ് ഇരുവരും അഭിപ്രായപ്പെട്ടത്. പിന്നീട് അഡെഡ്ജി, ഇത്തരം വാതകങ്ങളുടെ ബഹിർഗമനത്തിന്റെ വിവിധ വശങ്ങൾ വിശദമായി വിശകലനം ചെയ്യുകയുണ്ടായി. ഓരോ ദശകത്തിലും താപനിലയിൽ ശരാശരി 0.2 ഡിഗ്രി സെൽഷ്യസ് വർധനയുണ്ടാകുന്നു എന്നാണ് അവരുടെ കണ്ടെത്തൽ. അതായത് 2050 ആകുമ്പോൾ താപനില 2 ഡിഗ്രി സെൽഷ്യസ് ഉയരുന്നതിനുള്ള സാദ്ധ്യതകൾ ശക്തമാണ്. ലോകത്തെ വികസിത രാജ്യങ്ങളാണ് ആഗോളതലത്തിൽ കാർബൺ പുറന്തള്ളലിന് പ്രധാന കാരണക്കാർ എന്നാണ് അവർ ചൂണ്ടിക്കാട്ടുന്നത്. ആഗോളതലത്തിൽ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കാലാവസ്ഥാ വ്യതിയാനം കൊണ്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുക എന്നത് വളരെ പ്രധാനമാണ്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്നതിന് അവർ നിർദേശിച്ച മാർഗം ഇലക്ട്രിക്ക് വാഹനങ്ങൾ ശീലമാക്കുക എന്നതാണ്. 2023 ൽ ഇലക്ട്രിക് വാഹനങ്ങളുടെ നേട്ടങ്ങളും കോട്ടങ്ങളും അലനസി വിശകലനം ചെയ്യുകയുണ്ടായി. ഹരിത ഗൃഹവാതകങ്ങളുടെ പുറന്തള്ളൽ ഇതിലൂടെ കുറയ്ക്കാൻ കഴിയുമെന്ന് അവർ വ്യക്തമാക്കുന്നു. 2030 ആകുമ്പോൾ ഇ വി ഉപയോഗത്തിൽ വൻ വർധനയുണ്ടാകുമെന്നും അവർ നിരീക്ഷിക്കുന്നു.

ഇലക്ട്രിക്ക് വാഹനങ്ങളുടെ പാരിസ്ഥിതികമായ ആഘാതത്തെ കുറിച്ച് 2012 ൽ ഹാക്കിൻസ്, ഗൗസൺ, സ്ട്രോമൻ എന്നിവർ പഠനം നടത്തുകയുണ്ടായി. ലൈഫ് സൈക്കിൾ വിശകലന രീതിയാണ് (എൽ സി എ) ഇതിനായി അവർ ഉപയോഗിച്ചത്. ഗതാഗതവുമായി ബന്ധപ്പെട്ട മലിനീകരണം ഇ വി ഉപയോഗം വഴി കുറയ്ക്കാമെങ്കിലും അതിനായുള്ള വൈദ്യുതി ഉത്പാദനം ശാസ്ത്രീയമായ രീതിയിലായിരിക്കണം. മാത്രവുമല്ല, ബാറ്ററിയുടെ പുനരുപയോഗം കുറ്റമറ്റതാവുകയും വേണം എന്നാണ് അവർ പറയുന്നത്. താപവൈദ്യുതിയെ

ആശ്രയിക്കുന്നത് ഇലക്ട്രിക് വാഹനങ്ങൾ കൊണ്ടുള്ള നേട്ടങ്ങൾ ഇല്ലാതാക്കുമെന്നാണ് ചോമ, ഉഗായ എന്നിവരുടെ പഠനത്തിൽ വ്യക്തമായത് (2017). ബ്രസീലിലെ സാഹചര്യങ്ങൾ മുൻനിർത്തിയാണ് അവരുടെ പഠനം നടന്നത്. ബാറ്ററി വാഹനങ്ങളുടെയും ഇന്റേണൽ കമ്പസ്റ്റ്യൻ എഞ്ചിനുകളുടെയും പ്രവർത്തനങ്ങളെ താരതമ്യപ്പെടുത്തി അവർ കണ്ടെത്തിയത് ബാറ്ററി വാഹനങ്ങൾ ആഗോള താപനം, ഓസോൺ പാളി തകരാറിലാക്കുന്ന സാഹചര്യം തുടങ്ങിയ പ്രതിസന്ധികൾ തടയുന്നതിന് മികച്ചതാണെന്നാണ്. എന്നാൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി താപ വൈദ്യുത നിലയങ്ങളെ അമിതമായി ആശ്രയിക്കുന്നത് നേട്ടങ്ങളെ ഇല്ലാതാക്കുന്നതാണെന്നും അവർ വിലയിരുത്തിയിട്ടുണ്ട്. ഇന്ത്യയിൽ പളനിസ്വാമി 2022 ൽ നടത്തിയ പഠനവും ശ്രദ്ധേയമാണ്. നഗരങ്ങളിലെ ഗതാഗതം മെച്ചപ്പെടുത്തുന്നതിനും വായു മലിനീകരണം കുറയ്ക്കുന്നതിനും ഇലക്ട്രിക് വാഹനങ്ങൾ മികച്ചതാണെന്നാണ് അദ്ദേഹത്തിന്റെ നിഗമനം.

അമേരിക്കയിലെ ഔദ്യോഗിക സർക്കാർ വെബ്സൈറ്റ് പറയുന്നത്, ഗ്യാസോലൈൻ കൊണ്ട് പ്രവർത്തിക്കുന്ന ഒരു കാർ ഒരു വർഷം ശരാശരി 11500 മൈലുകൾ ഓടുന്നുണ്ട് എന്നാണ്. അതായത് 18507.46 കിലോമീറ്റർ. 2017 ൽ സാൻ, ചൈനയിലെ ബീജിംഗ് നഗരത്തിന്റെ ഇ വി സാധ്യതകളെ കുറിച്ച് പഠനം നടത്തുകയുണ്ടായി. സാങ്കേതിക സഹായം, ചാർജിങ് സൗകര്യങ്ങൾ, നയപരമായ പ്രാധാന്യം എന്നിവ അടിസ്ഥാനമാക്കിയായിരുന്നു ഈ പഠനം. ഇലക്ട്രിക് വാഹനങ്ങളുടെ ലഭ്യത, ട്രാഫിക് നിയന്ത്രണങ്ങൾ കർശനമാക്കാതിരിക്കുന്ന തരത്തിലുള്ള സർക്കാർ നയങ്ങൾ, ചാർജിങ് സൗകര്യങ്ങളുടെ ലഭ്യത, സാങ്കേതിക പിന്തുണ തുടങ്ങിയ കാര്യങ്ങൾ ഇക്കാര്യത്തിൽ അനിവാര്യമാണ് എന്നാണ് അവർ കണ്ടെത്തിയത്. ഇ വിയുടെ കടന്നുവരവ് യാത്രശീലങ്ങളെ എപ്രകാരം സ്വാധീനിക്കുന്നു എന്ന വിഷയമാണ് ലാങ്ബ്രോക്ക് പഠനവിധേയമാക്കിയത് (2018). ഇത്തരത്തിലുള്ള പൊതുഗതാഗത സംവിധാനങ്ങളെ ജനങ്ങൾ കൂടുതലായി ആശ്രയിക്കുന്നു എന്നാണ് അദ്ദേഹം കണ്ടെത്തിയത്. ദക്ഷിണ കൊറിയയിൽ ഫുൾ സെൽ ഇലക്ട്രിക്ക് വാഹനങ്ങളിലേക്കുള്ള (എഫ് സി ഇ വി) ചുവടുമാറ്റത്തെ കുറിച്ചാണ് ഹങ് (2021) നടത്തിയ പഠനം. സർക്കാർ സബ്സിഡി, ഹൈഡ്രജൻ സ്റ്റേഷനുകളുടെ എണ്ണം തുടങ്ങിയ കാര്യങ്ങൾ ഇത്തരം മാറ്റത്തെ സ്വാധീനിക്കുന്നു എന്നതാണ് അദ്ദേഹത്തിന്റെ കണ്ടെത്തൽ.

**നയപരമായ മാറ്റങ്ങളും അടിസ്ഥാന സൗകര്യങ്ങളും**

ഐസ്ലാന്റിലെ ഇലക്ട്രിക്ക് വാഹനങ്ങളിലേക്കുള്ള ചുവടുമാറ്റത്തിന് ആവശ്യമായ നയപരമായ അടിത്തറക്ക് രൂപം നൽകിയത് ഫാസിലി ആണ് (2017). ജി എച്ച് ജി ബഹിർഗമനം കുറയ്ക്കുന്നതിന് ഫിബറ്റ് + നികുതി എന്ന ഒരു മോഡലാണ് അവർ മുന്നോട്ട് വച്ചത്. 2017 ൽ ചോമ, ഉഗായ എന്നിവർ ഇലക്ട്രിക്ക് വാഹനങ്ങളുടെ പാരിസ്ഥിതികമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമഗ്രമായ പൊതുനയം ആവശ്യമാണ് എന്ന ആശയം മുന്നോട്ട് വയ്ക്കുകയുണ്ടായി. സർക്കാർ നൽകുന്ന സബ്സിഡികൾ ഇക്കാര്യത്തിൽ ഫലപ്രദമാണ് എന്ന ആശയമാണ് ഹങ് (2021) മുന്നോട്ട് വയ്ക്കുന്നത്. ഇന്ത്യയിലെ ഇക്കാര്യത്തിലുള്ള പ്രവണതകൾ സിങ് (2021) വിലയിരുത്തുകയുണ്ടായി. സർക്കാരിന്റെ ആട്ടോമോട്ടീവ് മിഷൻ പദ്ധതി (എ എം പി), നാഷണൽ ഇലക്ട്രിക് മൊബിലിറ്റി മിഷൻ പ്ലാൻ (എൻ ഇ എം എം പി) തുടങ്ങിയ നയങ്ങൾ അദ്ദേഹം പ്രത്യേകം എടുത്തു പറയുന്നുണ്ട്. ഇതോടൊപ്പം സ്ട്രെങ്ത്, വീക്നസ്സ്, ഓപ്പർച്യുണിറ്റി, ചലഞ്ചസ് (എസ് ഡബ്ള്യു ഒ സി) വിശകലനവും അദ്ദേഹം നടത്തുകയുണ്ടായി. അദ്ദേഹം പറയുന്നത് ഉയർന്ന വില, ബാറ്ററിയുടെ കാലാവധി

സംബന്ധിച്ച ആശങ്കകൾ, ചാർജിങ് സ്റ്റേഷനുകളുടെ അപര്യാപ്തത തുടങ്ങിയ ഘടകങ്ങൾ ഇ വി വാങ്ങുന്ന കാര്യത്തിലെ തടസങ്ങളാണ് എന്നാണ്.

'ഫാസ്റ്റർ അഡോപ്ഷൻ ആൻഡ് മാനുഫാക്റ്ററിങ് ഓഫ് ഇലക്ട്രിക് വെഹിക്കിൾസ്' (ഫെയിം 1), ഫെയിം 2, വാഹനങ്ങൾ പൊളിക്കുന്നതിനുള്ള നയം തുടങ്ങിയ നയങ്ങൾ ആധാരമാക്കി 2022 ൽ ദാസ്, ഭട്ട് എന്നിവർ ഇന്ത്യയിലെയും മറ്റു രാജ്യങ്ങളിലെയും ഇ വി നയങ്ങളെ വിശകലനം ചെയ്യുകയുണ്ടായി. ലിഥിയം – അയേൺ ബാറ്ററികൾ നശിപ്പിക്കൽ, അവ പുനരുപയോഗ യോഗ്യമാക്കുക തുടങ്ങിയ വെല്ലുവിളികളാണ് ഇന്ത്യൻ സാഹചര്യങ്ങളിലെ പ്രധാന വെല്ലുവിളികൾ എന്നാണ് അവരുടെ കണ്ടെത്തൽ. സർക്കാരിന്റെ ഇക്കാര്യത്തിലുള്ള ലക്ഷ്യങ്ങളെ കുറിച്ച് പളനിസ്വാമിയും പഠനം നടത്തുകയുണ്ടായി. ചൈന, അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിൽ ഇ വി വിപണി അതിവേഗം വളരുന്നു എന്നാണ് അലനസി (2023) ചൂണ്ടിക്കാട്ടുന്നത്. ആ രാജ്യങ്ങളുടെ നയപരമായ സമീപനങ്ങൾ ഇതിന് സഹായകമായിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഇ വിയിലേക്കുള്ള മാറ്റത്തെ കൂടുതൽ ഊർജ്ജിതമാക്കുന്നുണ്ട്.

കൂടുതൽ ഹൈഡ്രജൻ സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് ഇ വിയിലേക്കുള്ള മാറ്റത്തിന് കരുത്ത് പകരുമെന്നാണ് ഹങ് (2021) വ്യക്തമാക്കുന്നത്. ബാറ്ററി നിർമ്മാണത്തിന്റെ പ്രശ്നങ്ങൾ, ചാർജിങ് സൗകര്യങ്ങളുടെ അഭാവം തുടങ്ങിയ കാര്യങ്ങൾ ഇക്കാര്യത്തിൽ വെല്ലുവിളിയാണെന്ന് പളനിസ്വാമിയും ചൂണ്ടിക്കാട്ടുന്നു.

**ഇലക്ട്രിക് വാഹനങ്ങളും ശബ്ദമലിനീകരണവും**

ഒരു ഇലക്ട്രിക് വാഹനവും ഇതര ഇന്ധന വാഹനവും തമ്മിൽ ശബ്ദത്തിന്റെ കാര്യത്തിൽ 20 ഡെസിബലിന്റെ വ്യത്യാസമുണ്ടെന്ന് 2013 സല്ലേ നടത്തിയ പഠനത്തിൽ കണ്ടെത്തുകയുണ്ടായി. ഇ വി 30 –40 കിലോമീറ്റർ വേഗത കൈവരിക്കുമ്പോൾ ടയറിന്റെയും വായുവിന്റെയും ഘർഷണമാണ് ശബ്ദത്തിന് കാരണമായി മാറുന്നത്. റോഡിൽ വാഹനങ്ങളുടെ സാന്നിധ്യം മനസിലാക്കുന്നതിന് ഇത് സഹായകമാണ്. ഒരു ഐ സി ഇ വാഹനത്തിന്റെ ശബ്ദത്തിന് തുല്യമാണ് ഇത്. അതായത് കുറഞ്ഞ വേഗതയിൽ ഇ വി സൃഷ്ടിക്കുന്ന ശബ്ദത്തിന്റെ തോത് മറ്റു വാഹനങ്ങളെക്കാൾ കുറവാണ് എന്നാണ്.

ഇതേ രീതിയിലുള്ള ഫലമാണ് 2015 ൽ ഐവേഴ്സൺ നടത്തിയ പഠനത്തിലും കണ്ടെത്തിയത്. അദ്ദേഹവും പറഞ്ഞത്, കുറഞ്ഞ വേഗതയിൽ ഇ വിയുടെ ശബ്ദമലിനീകരണം വളരെ കുറവാണെന്നാണ്. സിട്രോൺ ബെർലിങ്കോ, നിസാൻ ലീഫ് എന്നീ ഇലക്ട്രിക്ക് വാഹനങ്ങളും വോക്സ് വാഗൻ ഡീസൽ വാഹനവുമാണ് അദ്ദേഹം തന്റെ താരതമ്യ പഠനത്തിനായി തിരഞ്ഞെടുത്തത്. 10 കിലോമീറ്റർ വേഗത കൈവരിക്കുമ്പോൾ ബെർലിങ്ഗോ ഇ വിയുടെ ശബ്ദം ബെർലിങ്ഗോ ഐ സി ഇ കാറിനേക്കാൾ 5 ഡെസിബെൽ കുറവായിരുന്നു. എന്നാൽ വേഗത 20–30 കിലോമീറ്റർ ആകുമ്പോൾ ഈ വ്യത്യാസം 1.5 ഡെസിബെൽ ആയി കുറയുകയാണുണ്ടായത്. അതുപോലെ നിസാൻ ലീഫും വോക്സവാഗൺ ഗോൾഫും തമ്മിലുള്ള വ്യത്യസ്ത 20 കിലോമീറ്റർ വേഗതയിൽ 4 ഡെസിബെൽ ആണ്. 60 കിലോമീറ്ററിലെത്തുമ്പോൾ വ്യത്യാസം 1.5 ഡെസിബെൽ ആകും. അതായത് പൊതുവിൽ ഐ സി ഇ വാഹനങ്ങളെക്കാൾ ഇലക്ട്രിക് വാഹനങ്ങൾക്ക് ശബ്ദം കുറവാണ് എന്ന് വ്യക്തം. ഈ പഠനത്തിന്റെ നിഗമനങ്ങൾ ഇവയാണ് – 20 കിലോമീറ്ററിൽ താഴെയാണ് വേഗതയെങ്കിൽ ഇ വിക്ക് ശബ്ദവിന്യാസം ഇതര

ഇന്ധനങ്ങൾ ഉപയോഗിക്കുന്ന വാഹനങ്ങളെക്കാൾ കുറവാണ്. എന്നാൽ സ്പീഡ് കൂടുന്തോറും ഇത്തരത്തിൽ ശബ്ദത്തിന്റെ വ്യത്യാസം നേർത്തു വരുന്നു. ടയറിന്റെയും റോഡിന്റെയും കണ്ടീഷൻ അനുസരിച്ചും ഇതിൽ വ്യത്യാസം കണ്ട് വരുന്നു. കാരണം, ഇവ രണ്ടും ശബ്ദത്തിന് കാരണമാകുന്നുണ്ട്.

ഇതിനെ കുറിച്ച് 2023 ൽ ഷ്വിസെർ ഒരു പഠനം നടത്തിയിരുന്നു. ഏഴു ഇ വി വാഹനങ്ങളും ഏഴു ഐ സി ഇ വാഹനങ്ങളും ഉപയോഗിച്ച് സ്വിറ്റ്സർലണ്ടിലാണ് ഈ പഠനം നടത്തിയത്. സ്ഥിരമായ വേഗതയിലും ഉയർന്ന വേഗതയിലും വാഹനങ്ങൾ നിർത്തിയും ഓടിച്ചുമാണ് ശബ്ദപരിശോധന നടത്തിയത്. ഇതിൽ നിന്നും മനസിലാക്കാൻ കഴിഞ്ഞത് ഇ വി ക്കു ശബ്ദമലിനീകരണം ഗണ്യമായി കുറയ്ക്കാൻ കഴിയുമെന്നാണ്. പ്രത്യേകിച്ച് വേഗത കൂടുമ്പോഴും നിർത്തുകയും വീണ്ടും ഓടിക്കുകയും ചെയ്യുമ്പോൾ. സ്ഥിരമായ വേഗതയിലും ഇ വി വാഹനങ്ങൾ തന്നെയാണ് കുറവ് ശബ്ദം ഉളവാക്കിയത്. എന്നാൽ രണ്ടും തമ്മിൽ – 0.2 ഡെസിബലിന്റെ വ്യത്യാസം മാത്രമാണ് ഉണ്ടായത്. പൊതുവിൽ ഇ വി ശരാശരി – 5.2 ഡെസിബെൽ ശബ്ദം കുറവാണ് രേഖപെടുത്തിയതെന്ന് ഈ പരിശോധനയിൽ വ്യക്തമായി. വാഹനം നിർത്തുകയും വീണ്ടും സ്റ്റാർട്ട് ചെയ്യുകയും ചെയ്യുമ്പോൾ – 3.4 ഡെസിബലിന്റെ വ്യത്യാസം പ്രകടമായി. അതുപോലെ ടയർ, റോഡ് എന്നിവ മൂലവും ശബ്ദബാഹുല്യം ഉണ്ടാകുന്നതായി ഈ പഠനത്തിൽ നിന്നും വ്യക്തമായി.

ഇതുപോലെ 2024 ൽ ബെർജ്, ഇവൻസോൺ എന്നിവർ പാസഞ്ചർ കാറുകൾ (എം 1) ലൈറ്റ് കൊമേർഷ്യൽ വാഹനങ്ങൾ (എൻ 1) എന്നിവയുടെ കാര്യത്തിലും പഠനം നടത്തുകയുണ്ടായി, നഗര പാതകളിലും ഹൈവേകളിലുമായാണ് ഈ പഠനം നടന്നത്. പരമാവധി ശബ്ദവിന്യാസത്തിന്റെ കാര്യത്തിൽ ഇ വി, പെട്രോൾ, ഡീസൽ വാഹനങ്ങൾ തമ്മിൽ കാര്യമായ വ്യത്യാസം ഇല്ലെന്നതാണ് കണ്ടെത്താൻ കഴിഞ്ഞത്. ടയർ, റോഡ് എന്നിവ ഇക്കാര്യത്തിൽ വലിയ പങ്ക് വഹിക്കുന്നുണ്ടെന്നാണ് ഇവരുടെയും പഠനത്തിൽ കണ്ടെത്തിയത്. പ്രത്യേകിച്ച് 30 കിലോമീറ്ററിന് മുകളിൽ വേഗത കൈവരിക്കുമ്പോൾ. അതുകൊണ്ട് ഇ വിയിലേക്ക് മാറുന്നത് കൊണ്ട് ശബ്ദമലിനീകരണത്തിന്റെ കാര്യത്തിൽ വലിയ നേട്ടമുണ്ടാകുന്നില്ലെന്നാണ് ഇവരുടെ പഠനത്തിൽ വ്യക്തമായത്.

**2. പഠനത്തിന്റെ രീതി**

ഇലക്ട്രിക്ക് വാഹനങ്ങളെയും ഇതര ഇന്ധന വാഹനങ്ങളെയും താരതമ്യം ചെയ്യുക എന്നതാണ് ഈ പഠനത്തിന്റെ പ്രധാന ലക്ഷ്യം. എക്സ്റ്റേണൽ ബെനിഫിറ്റ് /കോസ്റ്റ് അനുപാതമാണ് ഇതിന് ഉപയോഗിച്ചിട്ടുള്ളത്. പ്രാഥമിക തലത്തിലുള്ളതും ദ്വിതീയവുമായ വിവരങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പാസഞ്ചർ കാറിൽ നിന്നുള്ള ശരാശരി കാർബൺ പുറന്തള്ളൽ എത്രയെന്ന് മനസിലാക്കുന്നതിന് ദ്വിതീയ വിവരങ്ങളാണ് എടുത്തിരിക്കുന്നത്. ഇലക്ട്രിക് വാഹനങ്ങളുടെയും ഫോസിൽ ഇന്ധന വാഹനങ്ങളുടെയും ചെലവുകൾ കണക്കാക്കിയത് അങ്കമാലിയിലെ ടാറ്റ ഷോറൂമിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കിയാണ്. എറണാകുളം, തൃശൂർ ജില്ലകൾ കേന്ദ്രീകരിച്ച് ഗൂഗിളിൽ നിന്നാണ് വാഹനങ്ങളോടുള്ള ജനങ്ങളുടെ താല്പര്യം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചത്. ടി ടെസ്റ്റ് ഇതിൽ ഉപയോഗിച്ചിട്ടുണ്ട്. ബെനിഫിറ്റ് – കോസ്റ്റ് അനുപാതം മറ്റൊരു പ്രധാന അളവുകോലാണ്. പഠനത്തിന്റെ പല കാര്യങ്ങളും കേരളത്തിൽ മാത്രം ഊന്നിയായിരുന്നു. അതുകൊണ്ട് താരതമ്യ പഠനത്തിനായി ഒരേ ബ്രാൻഡിന്റെ ഒരേ മോഡലിലുള്ള ഇലക്ട്രിക്ക്, പെട്രോൾ വാഹനങ്ങളാണ് തിരഞ്ഞെടുത്തത് (രേഖാചിത്രം – 2).

**3. ആശയപരമായ ഘടന**

**രേഖാചിത്രം – 2**




*Source: Musgrave and Musgrave (1989), Malmgren (2016), Laver and Parsha (2021), Schriver Christensen and Ernst Christensen (2021) and Vardakoulias, 2023*

സാമ്പത്തികമായ ചെലവ് – നേട്ട വിശകലന രീതിയിൽ സാമൂഹ്യപരവും പരിസ്ഥിതികവുമായ ആഘാതത്തെ കൂടി ഉൾച്ചേർത്ത് നടത്തുന്ന കുറേക്കൂടി വിപുലീകൃതമായ ഒരു രീതിയാണ് സാമൂഹ്യ ചെലവ് – നേട്ട വിശകലനം (എസ് സി ബി എ). 2021 ൽ ഷറിവർ ക്രിസ്റ്റിൻസെൻ, ഏണസ്റ്റ് ക്രിസ്റ്റിൻസെൻ എന്നിവർ ഇലക്ട്രിക് വാഹനവും ഡീസൽ വാഹനവും താരതമ്യം ചെയ്തുകൊണ്ട് ഒരു പഠനം നടത്തുകയുണ്ടായി. അവർ കണ്ടെത്തിയത് സാമൂഹ്യമായ ചെലവിന്റെ രംഗത്ത് ഇവ രണ്ടും തമ്മിൽ കാര്യമായ വ്യത്യാസം ഇല്ലെന്നതാണ്. എന്നാൽ ഇ വിക്ക് ചെലവിന്റെ കാര്യത്തിൽ നേരിയ കുറവ് കാണാവുന്നതാണ്. ഏഴു നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ മാംഗ്രീൻ ഇലക്ട്രിക്ക് വാഹനങ്ങളെ കുറിച്ച് പഠിക്കുകയുണ്ടായി. ഇന്ധനച്ചെലവിലുള്ള ആദായം, കാർബൺ പുറന്തള്ളൽ, ആരോഗ്യപരമായ നേട്ടങ്ങൾ, ദേശീയ സുരക്ഷ, സാമ്പത്തികമായ നേട്ടങ്ങൾ തുടങ്ങിയ കാര്യങ്ങളാണ് ഇതിന് ആധാരമാക്കിയത് . ഈ പഠനത്തിൽ പ്രതിമാസം 500, 750,2000 കിലോമീറ്റർ വീതം ഓടുമ്പോഴുണ്ടാകുന്ന കാർബൺ പുറന്തള്ളൽ, രണ്ടു തരം വാഹനങ്ങളുടെയും സാമ്പത്തികമായ സാധ്യത തുടങ്ങിയ കാര്യങ്ങളാണ് ഈ

പഠനത്തിൽ പ്രത്യേകമായി പരിശോധിക്കുന്നത്. ലെവർ, പാർശ്വ എന്നിവരും ഇതുസംബന്ധമായ പഠനങ്ങൾ 2021 ൽ നടത്തിയിട്ടുണ്ട്.

കോസ്റ്റ്-ബെനിഫിറ്റ് വിശകലനത്തിനായി ബെനിഫിറ്റ് - കോസ്റ്റ് അനുപാതമാണ് ഈ പഠനത്തിൽ സ്വീകരിച്ചത്. എക്സ്റ്റേണൽ ബെനിഫിറ്റ്, കോസ്റ്റ് എന്നിവ ഇതിൽ കണക്കിലെടുത്തിട്ടുണ്ട്. നേരിട്ടും അല്ലാതെയുമുള്ള ചെലവും നേട്ടവും ഇവിടെ പരിഗണിച്ചിട്ടുണ്ട്. നേരിട്ടുള്ള ചെലവ് എന്നത് കൊണ്ട് വിവക്ഷിക്കുന്നത് രണ്ടു തരം വാഹനങ്ങൾക്കും വേണ്ടി വരുന്ന പ്രാരംഭ ചെലവും അവ പ്രവർത്തിപ്പിക്കുന്നതിനുള്ള ചെലവുകളുമാണ്. എന്നാൽ പ്രവർത്തനഫലമായി, ഇന്ധന വാഹനങ്ങളിൽ നിന്നുള്ള കാർബൺ പുറന്തള്ളൽ കാരണമുള്ള പരിണിത ഫലങ്ങളാണ് പരോക്ഷ ചെലവുകൾ എന്ന നിലയിൽ വരുന്നത്. ഇലക്ട്രിക്ക് വാഹനങ്ങൾ ഉപയോഗിക്കുന്നത് കൊണ്ടുള്ള കാർബൺ കുറയുന്നതിന്റെ തോതാണ് ഇതിൽ നിന്നുമുള്ള നേരിട്ടുള്ള നേട്ടം. ഇതുവഴി ആഗോളതാപനം കുറയുന്നതും കാലാവസ്ഥാ വ്യതിയാനം കുറയുന്നതുമാണ് പരോക്ഷമായ നേട്ടങ്ങൾ. ഇലക്ട്രിക് വാഹനങ്ങളും മറ്റു വാഹനങ്ങളും ഉപയോഗിക്കുന്നതുകൊണ്ടുള്ള എക്സ്റ്റേണൽ ബെനിഫിറ്റ് കോസ്റ്റ് വിശകലനമാണ് ഈ പഠനം വഴി ലക്ഷ്യമിടുന്നത്.

**4. ഇലക്ട്രിക് വാഹനങ്ങളും ഇതര ഇന്ധന വാഹനങ്ങളും**

ഇലക്ട്രിക് മോട്ടോർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു വാഹനമാണ് ഇ. വി. ഒരു ബാറ്ററിയിൽ നിന്നും ഇത് ഊർജം സ്വീകരിക്കുന്നതിനൊപ്പം പുറമെ നിന്നുള്ള ഒരു സ്രോതസ് ഉപയോഗിച്ച് അത് ചാർജ് ചെയ്യാനും സാധിക്കുന്നു (വെർമോണ്ട് സ്റ്റാറ്റ്യൂട്ട് -2024). ഇലക്ട്രിക് വാഹനങ്ങൾ നാലു രീതിയിലുണ്ട്, ബാറ്ററി ഉപയോഗിച്ചുള്ള വാഹനങ്ങൾ (ബി ഇ വി). ഹൈബ്രിഡ് ഇലക്ട്രിക് വാഹനങ്ങൾ (എച്ച് ഇ വി), പ്ലഗ്ഗ് ഇൻ ഹൈബ്രിഡ് വാഹനങ്ങൾ (പി എച്ച് ഇ വി) എന്നിവയാണ് അവ. ഇതിൽ ബി ഇ വി പൂർണ്ണമായും വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്നതും പ്രവർത്തനക്ഷമത കൂടിയതുമായ വാഹനമാണ് (രേഖാചിത്രം - 3).

കുറഞ്ഞ ഇന്ധനച്ചെലവും പുക തീരെ ഇല്ല എന്നതുമാണ് ഇലക്ട്രിക് വാഹനങ്ങളുടെ പ്രധാന സവിശേഷത. ഇന്ധന കാര്യക്ഷമത വർധിക്കുന്നു, പൊതു ആരോഗ്യ രംഗത്തെ സഹായിക്കുന്നു, മെച്ചപ്പെട്ട ഗതാഗതം സാധ്യമാക്കുന്നു എന്നിവയാണ് ഇതിന്റെ നേട്ടങ്ങൾ (അമേരിക്കൻ ഊർജ വകുപ്പ്-2025). മറ്റു രീതിയിലുള്ള വാഹനങ്ങൾ പല വിധത്തിലുള്ള ഇന്ധനം ഉപയോഗിക്കുന്നു. ഡീസൽ, പെട്രോൾ, സി എൻ ജി എന്നിവയാണ് ഇന്ത്യയിൽ സാധാരണയായി ഉപയോഗിക്കുന്ന ഇന്ധനം. എൽ പി ജി, ജൈവ ഡീസൽ, എത്തനോൾ തുടങ്ങിയവ ഇന്ധനമായി ഉപയോഗിക്കുന്ന വാഹനങ്ങളുമുണ്ട്. എന്നാൽ ഇതിൽ മിക്കവയും നല്ല തോതിൽ പുക പുറപ്പെടുവിക്കുന്നവയാണ്. അത് പാരിസ്ഥിതിക വിനാശകാരവും കാലാവസ്ഥാ വ്യതിയാനത്തിന് കാരണമായി മാറുകയും ചെയ്യുന്നു. വാഹനങ്ങൾ നിർമ്മിക്കുന്ന വേളയിൽ ഇലക്ട്രിക് വാഹനങ്ങളും കാർബൺ പുറന്തള്ളൽ നടത്തുണ്ട്. ചാർജ് ചെയ്യുമ്പോഴും കുറഞ്ഞ അളവിൽ മലിനീകരണം ഉണ്ടാകുന്നുണ്ട്.

ഇവിടെ ഒരു താരതമ്യ പഠനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത് ടാറ്റ തിയാഗോ എന്ന വാഹനമാണ്. ഇലക്ട്രിക്ക്, ഇന്ധന വാഹനങ്ങൾ ഈ വേരിയന്റിൽ ഉണ്ട് എന്നതാണ് ഇതിന് പ്രധാന കാരണം. മാത്രവുമല്ല, താരതമ്യേന ചെലവ് കുറഞ്ഞ വാഹനങ്ങളാണ് ഇവ. അതുകൊണ്ട് തിയാഗോ എക്സ് ടി എ (ഓട്ടോമാറ്റിക്, പെട്രോൾ), തിയാഗോ എക്സ് ടി (ഓട്ടോമാറ്റിക് ഇ വി) എന്നിവയാണ് താരതമ്യത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്. ഒരു

**Fig: 3**




*Source: e-amrit.niti.gov.in*

സാധാരണ പാസഞ്ചർ കാറിന്റെ വാർഷികാടിസ്ഥാനത്തിലുള്ള കാർബൺ പുറന്തള്ളലാണ് അടുത്ത ഭാഗത്ത് ചർച്ച ചെയ്യുന്നത്. ഇ വി, ഐ ഇ സി വി എന്നിവ കൊണ്ടുള്ള ശബ്ദമലിനീകരണവും പരിശോധിക്കുന്നുണ്ട്.

**5. വിവരങ്ങളുടെ വിശകലനവും വ്യാഖ്യാനവും**

വായു, ജലം, ശബ്ദം എന്നിവയാണ് മലിനീകരണത്തിന്റെ പ്രധാന കേന്ദ്രങ്ങൾ. ഈ പഠനം ഊന്നൽ നൽകിയിരിക്കുന്നത് പാസഞ്ചർ കാറുകൾ വഴിയുള്ള വായു, ശബ്ദമലിനീകരണത്തെ കുറിച്ചാണ്.

**കാറുകൾ വാർഷികാടിസ്ഥാനത്തിൽ പുറന്തള്ളുന്ന കാർബൺ ഡൈ ഓക്സൈഡ്**

ഗ്യാസോലിൻ ഉപയോഗിച്ച് പ്രവർത്തിക്കുന്ന കാറുകൾ വർഷത്തിൽ ശരാശരി 11500 മൈലുകൾ ഓടുന്നു എന്നാണ് കണക്കാക്കിയിരിക്കുന്നത് (ഇ പി എ). അതായത് 18507.46 കിലോമീറ്റർ. ഒരു സാധാരണ കാർ വർഷത്തിൽ 4.6 ടൺ കാർബൺ ഡൈ ഓക്സൈഡ്

പുറന്തള്ളുന്നു. ഈ കാർബൺ പുറന്തള്ളുന്നതിന്റെ മൂല്യം കണക്കാക്കുന്നതിന് സ്റ്റാൻഡേർഡ് നിരക്കിൽ 20 ഡോളർ എന്ന് കണക്കാക്കിയിരിക്കുന്നു. (ഹാരിസ്, ജോനാഥൻ – 2013). ഒരു കാർ ഒരു കിലോമീറ്റർ സഞ്ചരിക്കുമ്പോൾ പുറന്തള്ളപ്പെടുന്നത് 0.000273978 ടൺ ആണെന്നാണ് കണക്ക്. 500,750,2000 കിലോമീറ്ററുകൾ പിന്നിടുമ്പോൾ ഉണ്ടാകുന്ന കാർബൺ ഡൈ ഓക്സൈഡിന്റെ ശരാശരി മൂല്യം മൂന്നാം പട്ടികയിൽ നിന്നും ലഭിക്കും. സഞ്ചരിക്കുന്ന കിലോമീറ്ററിനെ ഒരു കിലോമീറ്ററിൽ പുറന്തള്ളുള്ള കാർബൺ ഡൈ ഓക്സൈഡ് കൊണ്ട് ഗുണിച്ചാണ് ഇത് കണക്കാക്കിയിരിക്കുന്നത്. 20 ഡോളർ ഇന്ത്യൻ രൂപയായി പരിവർത്തനം ചെയ്യുമ്പോൾ 1718.4 രൂപയാകുന്നു. (2025 ജനുവരി ഏട്ടിലെ ഡോളർ നിരക്ക് കണക്കാക്കിയാണ് ഇത് എടുത്തിരിക്കുന്നത്) 500 കിലോമീറ്റർ സഞ്ചരിക്കുമ്പോൾ ഉണ്ടാകുന്ന കാർബൺ ഡൈ ഓക്സൈഡിന്റെ കണക്കാണ് പട്ടികയുടെ മൂന്നാമത്തെ വരിയിൽ കാണുന്നത്. ഒരു കിലോമീറ്ററിൽ പുറന്തള്ളുന്ന ശരാശരി കാർബൺ ഡൈ ഓക്സൈഡിനെ മൊത്തം കിലോമീറ്റർ കൊണ്ട് ഗുണിച്ചാണ് ഇത് കണക്കാക്കിയിട്ടുള്ളത്. 500 കിലോമീറ്റർ സഞ്ചരിക്കുമ്പോൾ പുറന്തള്ളുന്ന കാർബൺ ഡൈ ഓക്സൈഡിന്റെ കണക്ക് 0.13698886 ടൺ ആണ്. ഇതിന്റെ പണത്തിന്റെ അടിസ്ഥാനത്തിലുള്ള മൂല്യം 235.402 രൂപയാണ്. ഇതേ രീതിയിൽ തന്നെ കൂടുതൽ കിലോമീറ്റർ സഞ്ചരിക്കുമ്പോഴുള്ള മൂല്യവും കണക്കാക്കിയിരിക്കുന്നു (പട്ടിക 3).

**Table 3 :** Monthly Average CO2 Emissions of a Typical Passenger car

| Average km a passenger car drives around monthly | CO2 Emission per Month | Money Value (Rs) |
|---|---|---|
| 500 km | 0.13698886 ton | 235.402 |
| 750 km | 0.20548329 ton | 353.102 |
| 2000 km | 0.54795544 ton | 941.607 |

*Source: Computed from 1. EPA.gov.in and 2. Inch calculator*

പട്ടിക മൂന്നിൽ നിന്നും മനസിലാക്കാൻ കഴിയുന്നത് കൂടുതൽ സഞ്ചരിക്കുന്നതനുസരിച്ച് കാർബൺ ഡൈ ഓക്സൈഡ് പുറന്തള്ളുന്നതിന്റെ അളവും മൂല്യവും വർധിക്കുന്നു എന്നാണ്.

**ഇ വി, ഐ സി ഇ എന്നിവയിൽ നിന്നുള്ള ശബ്ദമലിനീകരണം**

ഈ പഠനത്തിൽ മുൻപ് ചൂണ്ടിക്കാണിച്ചിട്ടുള്ള ഒരു കാര്യം കുറഞ്ഞ വേഗതയിൽ ഐ സി ഇ വാഹനങ്ങൾ ഇ വി വാഹനങ്ങളെക്കാൾ കുറവ് ശബ്ദം മാത്രമാണ് ഉണ്ടാക്കുന്നത് എന്നാണ്. ട്രാഫിക് തിരക്കുകൾ മൂലം കേരളത്തിലെ നഗര മേഖലകളിൽ പൊതുവെ കുറഞ്ഞ വേഗതയിലാണ് വാഹനങ്ങൾ സഞ്ചരിക്കുന്നത്. കുറഞ്ഞ വേഗതയിൽ ഐ സി ഇ വാഹനങ്ങൾ കൂടുതൽ അന്തരീക്ഷ മലിനീകരണം സൃഷ്ടിക്കുന്നതായി കാണാം. കുറഞ്ഞ വേഗതയിൽ കൂടുതൽ ഇന്ധനം ഉപയോഗിക്കുന്നതാണ് ഇതിന് കാരണം. എന്നാൽ ഇ വി ക്കു ഇത്തരം പ്രശ്നങ്ങൾ ഇല്ല എന്നതാണ് നേട്ടം. അതുകൊണ്ട് കേരളത്തിന്റെ നഗര മേഖലകളിൽ ഇ വി വാഹനങ്ങൾ ഉപയോഗിക്കുന്നതാണ് കൂടുതൽ നല്ലത്.

ഒരു പാസഞ്ചർ കാറിന്റെ ശരാശരി കാർബൺ ഡൈ ഓക്സൈഡ് പുറന്തള്ളലാണ് ഈ ഭാഗത്ത് കണ്ടെത്തിയിരിക്കുന്നത്. അതുപോലെ ശബ്ദ മലിനീകരണവും ചർച്ച ചെയ്യുന്നുണ്ട്. ഇലക്ട്രിക്ക് വാഹനങ്ങളുടെയും ഇന്ധന വാഹനങ്ങളുടെയും ചെലവുകളാണ് തുടർന്ന് ചർച്ച ചെയ്തിട്ടുള്ളത്.

**ഇലക്ട്രിക്ക് വാഹനങ്ങൾ, ഇന്ധന വാഹനങ്ങൾ എന്നിവ സംബന്ധിച്ച പൊതുവായ വിലയിരുത്തൽ**

ഈ പഠനത്തിനായി തിയാഗോ എക്സ് ടി എ (പെട്രോൾ), തിയാഗോ എക്സ് ടി (ഇ വി) എന്നീ വാഹനങ്ങളാണ് തിരഞ്ഞെടുത്തിട്ടുള്ളത്. ഇവയുടെ വിലയും ഒപ്പം പ്രവർത്തനച്ചെലവുകളുമാണ് പട്ടിക നാലിൽ ഉൾപ്പെടുത്തിയിട്ടുള്ളത് (പട്ടിക 4).

**Table 4 -** Price List of Selected Vehicles

| Vehicle | Tiago Petrol Auto | Tiago EV |
|---|---|---|
| Variant | XTA | XT |
| On Road Price | 7,77,192/- | 10,92,689/- |
| Running Cost (Per Km) | 6 Rs | 1.3 Rs |
| Service Cost (1 Yr) | 6000/- | 2000/- |
| Battery Cost | 6000/- | 600000/- |

*Source: Collected from Tata Showroom, Angamaly*

വാഹനങ്ങളുടെ വില സംബന്ധമായ വിവരങ്ങൾ പട്ടിക നാലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇലക്ട്രിക്, ഇന്ധന വാഹനങ്ങളുടെ ശരാശരി പ്രവർത്തന ചെലവാണ് പട്ടിക 5,6 എന്നിവയിലുള്ളത്. 9 മുതൽ 15 വർഷം വരെ മാസം ശരാശരി 990 നും 1710 കിലോമെറ്ററിനുമിടയിൽ ഓടിക്കുന്ന വാഹനങ്ങൾ സംബന്ധിച്ച കണക്കാണ് ഇത്. കിലോമീറ്റർ കണക്കാക്കിയിരിക്കുന്നത് ട്രയൽ ആൻഡ് എറർ രീതിയിലാണ്. അതിൽ നിന്നും മനസിലാക്കുന്നത് ഇലക്ട്രിക് വാഹനങ്ങൾ സാമ്പത്തികമായി കൂടുതൽ മികച്ചതാണെന്നാണ് (പട്ടിക 5 & പട്ടിക 6 )

വാഹനത്തിന്റെ ഓൺ റോഡ് വിലയും പ്രവർത്തന ചെലവുകളും ചേർത്താണ് രണ്ടു തരം വാഹനങ്ങളുടെയും ചെലവ് കണ്ടെത്തിയത്. മാസം തോറും ഓടുന്ന ദൂരത്തെ 9 മുതൽ 15 വർഷം വരെ കണക്കാക്കിയാണ് മൊത്തം എത്ര കിലോമീറ്റർ എന്നത് കണക്കാക്കി യിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഓടുന്നതിനുള്ള ചെലവ് കണക്കാക്കിയത്. ഉദാഹരണത്തിന്, ഒരു കിലോമീറ്ററിനുള്ള ഇ വി യുടെ റണ്ണിങ് ചെലവ് 1.3 രൂപയാണ്. അപ്രകാരം 184680 കിലോമീറ്ററിന് വേണ്ട ചെലവ് 240084 രൂപ (പട്ടിക–4). ഇ വി യുടെ ബാറ്ററിക്ക് എട്ടു വർഷത്തെ വാറന്റി ലഭിക്കുമ്പോൾ മറ്റു വാഹനങ്ങളുടെ ബാറ്ററി വാറന്റി നാലു വർഷമാണ്. അതായത് ഇ വി ബാറ്ററി രണ്ടു ഘട്ടത്തിലും ഒരു തവണ മാത്രമാണ് മാറ്റേണ്ടി വരുന്നത്. എന്നാൽ 9 വർഷത്തിൽ രണ്ടു തവണയും 15 വർഷത്തിൽ മൂന്ന്

**Table 5** - Estimated Expense for 9 Years (1710 km/month)

| Vehicle | Tiago XT(EV) | Tiago XTA (petrol) |
|---|---|---|
| On road price (Rs) | 10,92,689 | 7,77,192 |
| Estimated km for 9 years | 1,84,680 km | 1,84,680 km |
| Running cost (Rs) | 2,40,084 | 11,08,080 |
| Service cost (Rs) | 18,000 | 54,000 |
| Battery cost (Rs) 8 yrs and 4 yrs | 6,00,000 | 12,000 |
| Total (Rs) | 19,50,773 | 19,51,272 |

*Source: Based on table 4*

**Table 6** - Estimated Expense for 15 Years (990 Km/Month)

| Vehicle | Tiago XT(EV) | Tiago XTA (petrol) |
|---|---|---|
| On road price (Rs) | 10,92,689 | 7,77,192 |
| Estimated km for 15 years | 1,78,200 km | 1,78,200 km |
| Running cost (Rs) | 2,31,660 | 10,69,200 |
| Service cost (Rs) | 30,000 | 90,000 |
| Battery cost (Rs) 8 yrs and 4 yrs | 6,00,000 | 18,000 |
| Total (Rs) | 19,54,349 | 19,54,392 |

*Source: Based on table 4*

തവണയും ഫോസിൽ ഇന്ധന വാഹനങ്ങളുടെ ബാറ്ററി മാറ്റേണ്ടതായി വരുന്നു . ഇ വി വാഹനങ്ങളുടെ ബാറ്ററി ചെലവ് മാറ്റമില്ലാതെ നിൽക്കുമ്പോൾ, മറ്റു വാഹനങ്ങളുടെ കാര്യത്തിൽ ബാറ്ററിക്ക് വേണ്ടിയുള്ള ചെലവ് ഒൻപത് വർഷത്തിൽ 12000 രൂപയും 15 വർഷത്തിൽ 15000 രൂപയുമാണ്. അത്തരത്തിൽ ഒൻപത് വർഷത്തെ മൊത്തം ചെലവുകൾ നോക്കുമ്പോൾ ഇലക്ട്രിക്ക് വാഹനങ്ങൾ ഒരു മാസം 1710 കിലോമീറ്റർ ഓടുമ്പോൾ കൂടുതൽ മെച്ചമുള്ളതാണെന്ന് കാണാൻ കഴിയും. 15 വർഷമെടുക്കുമ്പോൾ പ്രതിമാസം 990 കിലോമീറ്റർ ഓടുമ്പോൾ മെച്ചമുണ്ടാക്കുന്നതായും കണ്ടെത്താൻ കഴിയുന്നു.

വാറന്റി കാലാവധി കണക്കിലെടുത്താണ് പട്ടിക അഞ്ചിലും ആറിലും ബാറ്ററി ചെലവ് കണക്കാക്കിയിരിക്കുന്നത് . ഇ വിയുടെ കാര്യത്തിൽ എട്ടു വർഷത്തേക്കോ 160000 കിലോമീറ്റർ ഓടുന്നത് വരെയോ ആണ് വാറന്റി ലഭിക്കുന്നത്. അതുകൊണ്ട് മൊത്തം ചെലവുകൾ കണക്കാക്കുമ്പോൾ 160000 കിലോമീറ്റർ എന്നതും കണക്കിലെടുക്കുന്നുണ്ട്. ഇതര ഇന്ധനം ഉപയോഗിക്കുന്ന വാഹനങ്ങളുടെ കാര്യത്തിൽ നാലു വർഷമോ 74030.184 കിലോമീറ്റർ ഓടുമ്പോഴോ ബാറ്ററി കാലാവധി തീരുന്നു. ഒരു വർഷം ശരാശരി ഓടുന്ന ദൂരത്തിന്റെ ഗുണിതം

എന്ന രീതിയിലാണ് ഇത് കണക്കാക്കുന്നത് (18507.546). ഇതിൽ 9 വർഷക്കാലത്തെ സ്ഥിതി പരിശോധിക്കുമ്പോൾ രണ്ടു തരം വാഹനങ്ങളുടെ കാര്യത്തിലും മൊത്തം ചെലവുകളിൽ ഒരു മാറ്റവും ഉണ്ടാകുന്നില്ല. രണ്ടു തരം വാഹനങ്ങൾക്കും വേണ്ടി വരുന്ന മൊത്തം ചെലവ് ഏഴാമത്തെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 7).

**Table 7** - Estimated Expense for 15 Yrs (998 Km)

| Vehicle | Tiago XT EV | Tiago XTA (Petrol) |
|---|---|---|
| On Road Price (Rs) | 10,92,689 | 777192 |
| Estimated Km for 15 Years | 179640 | 179640 |
| Running Cost (Rs) | 233532 | 1077840 |
| Service Cost (Rs) | 30000 | 90000 |
| Battery Cost (Rs) (160000 Km and 74,030.184 Km) | 600000 | 12000 |
| Total (Rs) | 19,56,221 | 1957032 |

*Source: Based on table 4*

** See the first paragraph in section 5. As per that a fuel vehicle requires two batteries to cover a distance for 74,030.184*2 = 1,48,060.368 km*

ഇനി 15 വർഷത്തെ അടിസ്ഥാനപ്പെടുത്തി ചെലവുകൾ നോക്കാം. ഒരു മാസം 998 കിലോമീറ്റർ ഓടുന്നുണ്ടെങ്കിൽ ഇ വി സാമ്പത്തികമായി നല്ല ഒരു തിരഞ്ഞെടുപ്പായിരിക്കും. ഇവിടെ ആദ്യഘട്ടത്തിൽ രണ്ടു തരം വാഹനങ്ങളുടെ കാര്യത്തിലും പ്രതിമാസം 990 കിലോമീറ്റർ ഓടുന്നു എന്ന് കണക്കാക്കിയാണ് ചെലവുകൾ എടുത്തിരിക്കുന്നത്. 990 കിലോമീറ്റർ ഓട്ടം കണക്കാക്കുന്നതായാൽ ഇ വി ഒരു നല്ല ഓപ്ഷൻ അല്ലെന്ന് കരുതേണ്ടി വരും. പെട്രോൾ വാഹനങ്ങളുടെ കാര്യത്തിൽ ബാറ്ററി ചെലവ് 18000 രൂപയിൽ നിന്നും 12000 രൂപയായി കുറയുന്നു. ഇ വിയുടെ കാര്യത്തിൽ പ്രതിമാസം 998 കിലോമീറ്റർ എന്നത് സാമ്പത്തിക നേട്ടത്തിന് ഒരു കാരണമല്ല. അതിൽ നിന്നും മനസിലാക്കാൻ കഴിയുന്ന കാര്യം കുറഞ്ഞ പ്രവർത്തനച്ചെലവാണ് ഇലക്ട്രിക് വാഹനങ്ങളെ കൂടുതൽ ആകർഷകമാക്കുന്നത് എന്നാണ്.

ഇലക്ട്രിക്ക് വാഹനങ്ങൾ സാമ്പത്തികമായി കൂടുതൽ ആകർഷകമാകുന്നത് അവ തുടർച്ചയായി ഉപയോഗിക്കുമ്പോഴാണ് (പട്ടിക 7). അതല്ലെങ്കിൽ പെട്രോൾ വാഹനങ്ങളാണ് കൂടുതൽ നല്ലത്. ബാറ്ററി ചെലവ് തന്നെയാണ് ഇലക്ട്രിക് വാഹനങ്ങളുടെ ഉയർന്ന ചെലവിന് കാരണം. ഇ വി കൂടുതലായി പ്രൊമോട്ട് ചെയ്യപ്പെടേണ്ടതുണ്ട്. കാരണം അവ കൂടുതൽ പരിസ്ഥിതി സൗഹൃദമാണ് എന്നതാണ്. എന്നാൽ വാഹനങ്ങളുടെ വില ഒരു പ്രധാന തടസമായി വരുന്നു. അതുകൊണ്ട് ഇ വി ബാറ്ററികളുടെ ചെലവുകൾ കുറയുന്ന തരത്തിലുള്ള നയസമീപനങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുണ്ട്. നികുതി ഇളവുകൾക്ക് പുറമെ ഇതിനാവശ്യമായ സബ്സിഡികളും സർക്കാർ നൽകണം. ഗവേഷണത്തിനും വികസനത്തിനും സർക്കാർ കൂടുതൽ ഫണ്ട് നൽകണം. അതിലൂടെ

കൂടുതൽ കാലം പ്രവർത്തിക്കുന്ന ബാറ്ററികൾ ഉല്പാദിപ്പിക്കുവാൻ കഴിയണം. അത് ബാറ്ററി ചെലവ് കുറയുന്നതിനും ഇലക്ട്രിക്ക് വാഹനങ്ങളുടെ ഡിമാൻഡ് ഉയരുന്നതിനും കാരണമായി മാറും.

കോസ്റ്റ് – ബെനിഫിറ്റ് അനുപാതത്തിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക് വാഹനങ്ങളെയും മറ്റു വാഹനങ്ങളെയും താരതമ്യം ചെയ്യുകയാണ് ഈ ഭാഗത്ത്.

**കോസ്റ്റ് – ബെനിഫിറ്റ് അനുപാതം**

കോസ്റ്റ്– ബെനിഫിറ്റ് അനുപാതം എന്നത് ചെലവുകളുടെയും നേട്ടങ്ങളുടെയും ഒരു കണക്കെടുപ്പാണ്. ഇവിടെ രണ്ടു തരത്തിലുള്ള വാഹനങ്ങളുടെയും ബെനിഫിറ്റ് – കോസ്റ്റ് അനുപാതം കണക്കാക്കിയിരിക്കുന്നു. അതിന് എക്സ്റ്റേണൽ ബെനെഫിറ്റും എക്സ്റ്റേണൽ കോസ്റ്റുമാണ് ഉപയോഗിച്ചിരിക്കുന്നത്.

അതിനുള്ള സമവാക്യം ഇതാണ്.

ബെനിഫിറ്റ് – കോസ്റ്റ് അനുപാതം = ബി/സി *100

ബി = ടോട്ടൽ പ്രസന്റ് വാല്യൂ ബെനിഫിറ്റ്, സി = മൊത്തം ചെലവ്

ഈ സമവാക്യം ഉപയോഗിക്കുന്നതിന് മുൻപ് എക്സ്റ്റേണൽ ബെനിഫിറ്റ്, കോസ്റ്റ് എന്നിവയുടെ പ്രസന്റ് വാല്യൂ കണക്കാക്കേണ്ടതുണ്ട്. ഈ പഠനത്തിൽ ഒൻപത് വർഷത്തെ പ്രസന്റ് വാല്യൂ 7 ശതമാനം പലിശ നിരക്കിലാണ് കണക്കാക്കിയിരിക്കുന്നത്.

**ഇലക്ട്രിക് വാഹനങ്ങളുടെ ബെനിഫിറ്റ് – കോസ്റ്റ് അനുപാതം**

കാർബൺ സേവിങ്ങാണ് ഇവിടെ എക്സ്റ്റേണൽ ബെനിഫിറ്റ് ആയി വരുന്നത്. തിയാഗോ എക്സ് ടീയുടെ കേരളത്തിലെ ഓൺ റോഡ് വിലയാണ് പ്രാരംഭ ചെലവ്. ഒൻപത് വർഷക്കാലയളവിലെ പ്രസന്റ് വാല്യൂ ലഭിക്കുന്നതിന് എക്സ്റ്റേണൽ ബെനിഫിറ്റ് മൂല്യത്തെ പ്രസന്റ് വാല്യൂ പട്ടികയിൽ നിന്നുമെടുത്ത പ്രസന്റ് വാല്യൂ കൊണ്ട് ഗുണിക്കുന്നു. പ്രതിവർഷം ലഭിക്കുന്ന കാർബൺ സേവിങ്സിന്റെ പണത്തിലുള്ള മൂല്യം 8713.372 രൂപയാണ്. അപ്രകാരം ടോട്ടൽ പ്രസന്റ് വാല്യൂ കണ്ടെത്തിയതിന് ശേഷം ബെനിഫിറ്റ് – കോസ്റ്റ് സമവാക്യം ഉപയോഗിക്കുന്നു. ഉദാഹരണത്തിന്, കാർബൺ സേവിങ് കൊണ്ടുണ്ടാകുന്ന നേട്ടം 8713.372 രൂപയും പ്രസന്റ് വാല്യൂ 0.9346 ആണെന്നും കരുതുക. അങ്ങനെയെങ്കിൽ ആദ്യ വർഷത്തെ പ്രസന്റ് മൂല്യം 8713.372 * 0.9346 = 8143.517. ഇതേ രീതിയിൽ തന്നെ ബാക്കിയുള്ള പ്രസന്റ് മൂല്യവും കണക്കാക്കാം (പട്ടിക 8).

ബെനിഫിറ്റ് – കോസ്റ്റ് അനുപാതം = ബി / സി * 100 = 56768 .48 /1092689 * 100 =5 .20

ഇലക്ട്രിക്ക് വാഹനങ്ങളുടെ ബെനിഫിറ്റ് – കോസ്റ്റ് അനുപാതം 5.2 ശതമാനമാണ്. അതായത് ഒരാൾ ഒരു ഇലക്ട്രിക്ക് വാഹനം വാങ്ങുമ്പോൾ അതിന്റെ ചെലവിൽ 5.2 ശതമാനം എക്സ്റ്റേണൽ ബെനിഫിറ്റ് ആയി വരുന്നു.

**ഫ്യുവൽ വാഹനങ്ങളുടെ ബെനിഫിറ്റ് – കോസ്റ്റ് അനുപാതം**

ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്ന വാഹനങ്ങളുടെ കാര്യത്തിൽ എക്സ്റ്റേണൽ ആയിട്ടുള്ള നേട്ടങ്ങൾ ഇല്ലെന്ന് കാണാം. എന്നാൽ അതിൽ എക്സ്റ്റേണലായ ചെലവുകൾ ഉൾപ്പെടുന്നുണ്ട്. പുറന്തള്ളപ്പെടുന്ന കാർബണിന്റെ മൂല്യമാണ് എക്സ്റ്റേണൽ കോസ്റ്റ് ആയി

**Table 8** - Present Value of Carbon Saving

| Year | Carbon saving (Rs) | PV factor | Present value (PV) in Rs |
|---|---|---|---|
| 1 | 8713.371623 | 0.9346 | 8143.517119 |
| 2 | 8713.371623 | 0.8734 | 7610.258776 |
| 3 | 8713.371623 | 0.8163 | 7112.725256 |
| 4 | 8713.371623 | 0.7629 | 6647.431211 |
| 5 | 8713.371623 | 0.713 | 6212.633967 |
| 6 | 8713.371623 | 0.6663 | 5805.719512 |
| 7 | 8713.371623 | 0.6227 | 5425.81651 |
| 8 | 8713.371623 | 0.582 | 5071.182285 |
| 9 | 8713.371623 | 0.5439 | 4739.202826 |
| | | **Total PV** | **56768.48746** |

*Source: computed using present value table*
Benefit-cost ratio = B/C*100 = 56768.48/1092689*100 = 5.20

പരിഗണിക്കുന്നത്. ഇവിടെ തിയാഗോ എക്സ് ടി എ യുടെ വിലയാണ് ഇക്കാര്യത്തിലുള്ള പ്രാരംഭ ചെലവ്. ചെലവുകളുടെ ആകത്തുക എടുക്കുമ്പോൾ അതിൽ കാർബൺ പുറന്തള്ളുന്നത് കൂടി പരിഗണന വിഷയമാണ്. ഒൻപത് വർഷക്കാലയളവിലെ മൂല്യം ലഭിക്കുന്നതിന് ഇത്തരത്തിലുള്ള എക്സ്റ്റേണൽ കോസ്റ്റിനെ പ്രസന്റ് വാല്യൂ പട്ടികയിൽ നിന്നെടുത്ത വാല്യൂവുമായി ഗുണിക്കേണ്ടതുണ്ട്. (7 ശതമാനം പലിശ നിരക്കിൽ). ഒരു വർഷത്തിൽ പുറന്തള്ളുന്ന കാർബൺ മൂല്യം 8713.372 രൂപയാണ്. ഈ രീതിയിൽ മൊത്തം പ്രസന്റ് മൂല്യം കണ്ടെത്തിയതിന് ശേഷം ബെനിഫിറ്റ് – കോസ്റ്റ് സമവാക്യം ഉപയോഗിക്കുന്നു. 8713.372 രൂപ കാർബൺ പുറന്തള്ളലിന്റെ മൂല്യവും 0.9346 എന്നത് പ്രസന്റ് വാല്യൂ ഘടകവുമായി മൊത്തം പ്രസന്റ് വാല്യൂ കണക്കാക്കാവുന്നതാണ്. അപ്പോൾ ആദ്യ വർഷത്തെ പ്രസന്റ് വാല്യൂ 8713.372 * 0.9346 = 8143.517. മറ്റു വർഷങ്ങളുടെ പ്രസന്റ് മൂല്യവും ഇതേ രീതിയിൽ കണക്കാക്കാം. എന്നാൽ ബെനിഫിറ്റ് – കോസ്റ്റ് അനുപാതം കണക്കാക്കുമ്പോൾ മനസിലാക്കേണ്ട ഒരു പ്രധാന കാര്യം ഇന്ധന വാഹനങ്ങൾക്ക് എക്സ്റ്റേണൽ നേട്ടം ഇല്ല എന്നതാണ്. അതുകൊണ്ട് മൊത്തത്തിലുള്ള എക്സ്റ്റേണൽ കോസ്റ്റ് പ്രസന്റ് മൂല്യം എന്നത് വാഹനത്തിന്റെ ഓൺ റോഡ് വിലയാണ്.

കോസ്റ്റ് = എക്സ്റ്റേണൽ കോസ്റ്റ് കൊണ്ടുള്ള മൊത്തം പ്രസന്റ് മൂല്യം + തിയാഗോ എക്സ് ടി എ (പെട്രോൾ) ഓൺ റോഡ് വില = 56768 .48746 + 777192 = 833960 .487 രൂപ

ഇന്ധന വാഹനങ്ങൾക്ക് എക്സ്റ്റേണൽ നേട്ടം ഇല്ല എന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ കണക്കുകൂട്ടലിന്റെ ആവശ്യത്തിനായി ഇതിന്റെ മൂല്യം ഒന്ന് എന്ന് എടുത്തിട്ടുണ്ട്. അതുകൊണ്ട് ഇന്ധന വാഹനങ്ങളുടെ ബെനിഫിറ്റ് –കോസ്റ്റ് അനുപാതം = 1 /833960.487 *100 = 0 .00012.

ബെനിഫിറ്റ് – കോസ്റ്റ് അനുപാതത്തെ മൂന്നു വിധത്തിൽ നമുക്ക് വ്യാഖ്യാനിക്കാം.

ബെനിഫിറ്റ് – കോസ്റ്റ് അനുപാതം = 1, ബെനിഫിറ്റ് = കോസ്റ്റ്

ബെനിഫിറ്റ് – കോസ്റ്റ് അനുപാതം ഫ 1, ബെനിഫിറ്റ് ഫ കോസ്റ്റ്

ബെനിഫിറ്റ് – കോസ്റ്റ് അനുപാതം ഫ 1, ബെനിഫിറ്റ് ഫ കോസ്റ്റ്

ഇന്ധന വാഹനങ്ങളുടെ ബെനിഫിറ്റ് – കോസ്റ്റ് അനുപാതം 0.00012. അതായത് എക്സ്റ്റേണൽ കോസ്റ്റ് എക്സ്റ്റേണൽ ബെനിഫിറ്റിനേക്കാൾ കൂടുതലാണ്. ഇന്ധന വാഹനങ്ങൾക്ക് വലിയ തോതിലുള്ള നെഗറ്റീവ് എക്സ്റ്റേണാലിറ്റി ഉണ്ട്. ഇലക്ട്രിക്ക് വാഹനങ്ങളുടെ ബെനിഫിറ്റ് – കോസ്റ്റ് അനുപാതം ഒന്നിൽ കൂടുതലാണ് (5.2%). എക്സ്റ്റേണൽ ബെനിഫിറ്റ് എക്സ്റ്റേണൽ കോസ്റ്റിനേക്കാൾ കൂടുതലാണ്. അതുകൊണ്ട് നിഗമനം ഇതാണ്, എക്സ്റ്റേണാലിറ്റി പോയിന്റിലൂടെ നോക്കുമ്പോൾ ഇ വിക്ക് നേട്ടം കാണാവുന്നതാണ്.

**ഇന്ധന – ഇലക്ട്രിക്ക് വാഹനങ്ങളുടെ സർവേയുടെ കണ്ടെത്തലുകൾ**

ഇലക്ട്രിക്ക്, ഇന്ധന വാഹനം ഉപയോക്താക്കളായ 70 പേരിൽ നിന്ന് ഗൂഗിൾ വഴിയാണ് ഈ സർവേ നടത്തിയത്. ഇതിൽ 62 പേർക്ക് ഇന്ധന വാഹനങ്ങളാണുള്ളത്. രണ്ടു പേർക്ക് ഇലക്ട്രിക് വാഹനവും ബാക്കി ആറ് പേർക്ക് രണ്ടു തരം വാഹനങ്ങളുമുണ്ട്. എറണാകുളം, തൃശൂർ ജില്ലകളിലാണ് സർവേ നടത്തിയത് (പട്ടിക 9).

പട്ടിക 9 പ്രകാരം 69 പേരാണ് സർവേയോട് പ്രതികരിച്ചിട്ടുള്ളത്. ഇതിൽ 91 ശതമാനം പേർക്കും ലൈസൻസ് ഉണ്ട്. സ്ത്രീകളിൽ നല്ലൊരു ഭാഗത്തിനും ലൈസൻസ് ഉണ്ട് എന്നതാണ് മറ്റൊരു പ്രത്യേകത (85%) (പട്ടിക 10).

10.81 ശതമാനം പേരും വ്യക്തിഗത ആവശ്യങ്ങൾക്ക് വേണ്ടിയാണ് വാഹനങ്ങൾ ഉപയോഗിക്കുന്നത്. 11.5 ശതമാനം പേർ തൊഴിൽപരമായ ആവശ്യങ്ങൾക്ക് വേണ്ടിയും ഉപയോഗിക്കുന്നു. ഏഴു ശതമാനം പേർ മറ്റാവശ്യങ്ങൾക്ക് വേണ്ടിയും വാഹനങ്ങൾ

**Table 9 :** Driving Licence

| Type of vehicles | Do you have driving licence | | | | |
|---|---|---|---|---|---|
| | Yes | | No | | Total |
| | M (Male) | F (Female) | M | F | |
| Electric | 2 | 0 | 0 | 0 | 2 |
| Fuel | 31 | 25 | 1 | 4 | 61 |
| Both | 2 | 3 | 0 | 1 | 6 |
| Total | 63 | | 6 | | 69 |
| Percent | 91.30434783 | | 8.695652174 | | 100 |
| Not responded | 1 (F/Fuel) | | | | |

*Source: primary data*

**Table 10:** Purpose of Using Vehicles

| Type of vehicles | Purpose of using vehicles | | | | | | |
|---|---|---|---|---|---|---|---|
| | Job oriented | | Personal use | | Others | | Total |
| | M | F | M | F | M | F | |
| Electric | 0 | 0 | 2 | 0 | 0 | 0 | 2 |
| Fuel | 2 | 6 | 27 | 22 | 2 | 2 | 61 |
| Both | 1 | | 1 | 3 | | 1 | 6 |
| Total | 8 | 56 | 5 | 69 | | | |
| Percent | 11.594202898550 | | 81.159420289855 | | 7.246376812 | | 100 |
| Not responded | 1(M/Fuel) | | | | | | |

*Source: primary data*

ഉപയോഗിക്കുന്നു. 11 മുതൽ 14 വരെയുള്ള പട്ടികകളിലും നാല് മുതൽ ആറ് വരെയുള്ള രേഖാചിത്രങ്ങളിലും വാഹന ഉപയോക്താക്കളുടെ ഇത് സംബന്ധിച്ച പ്രതികരണം കാണാം (പട്ടിക 11).

**Table 11:** Average Distance Travel by Fuel Vehicle Users

| Type of vehicles | If you have a fuel vehicle, what is the average distance you travel in a month | | | | | | | |
|---|---|---|---|---|---|---|---|---|
| | Below 500 | | 500-1500 | | 1500-2000 | | Above 2000 | |
| | M | F | M | F | M | F | M | F |
| Fuel | 13 | 21 | 14 | 8 | 2 | 2 | 2 | 0 |
| Both | 1 | 2 | 1 | 2 | 0 | 0 | 0 | 0 |
| Total | 37 | | 25 | | 4 | | 2 | |
| Percent | 54.41176471 | | 36.76470588 | | 5.882352941 | | 2.941176471 | |
| Total | 68 | | | | | | | |

*Source: Primary data*

ഇന്ധന വാഹന ഉടമകൾ ഒരു മാസം സഞ്ചരിക്കുന്ന ശരാശരി ദൂരം സംബന്ധിച്ച വിവരങ്ങളാണ് പട്ടിക പതിന്നാലിൽ കാണുന്നത്. അതിൽ 54.41 ശതമാനം പേരും മാസത്തിൽ 500 കിലോമീറ്ററിൽ താഴെയാണ് സഞ്ചരിക്കുന്നത്. 500 കിലോമീറ്ററിനും 1500 കിലോമീറ്ററിനും ഇടയിൽ സഞ്ചരിക്കുന്നത് 36.76 ശതമാനം പേരാണ്. പുരുഷന്മാർ സഞ്ചരിക്കുന്നത് ശരാശരി 803.03 കിലോമീറ്ററാണ്. സ്ത്രീകളാകട്ടെ 550 കിലോമീറ്ററും. ഒരു പാസഞ്ചർ കാർ ഒരു വർഷം ശരാശരി സഞ്ചരിക്കുന്നത് 18507.46 കിലോമീറ്ററാണ്. അതായത് ഒരു മാസം ശരാശരി

1542.25 കിലോമീറ്റർ സഞ്ചരിക്കുന്നു. സർവേയിൽ പങ്കെടുത്തവർ മാസത്തിൽ ശരാശരി 672.79 കിലോമീറ്ററാണ് സഞ്ചരിക്കുന്നത് (പട്ടിക 12).

**Table 12:** Average Maintenance Cost

| Type of vehicles | Average maintenance cost of vehicle in a month | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | Below 1000 | | 1000 - 2000 | | 2000 - 3000 | | Above 3000 | | Total |
| | M | F | M | F | M | F | M | F | |
| Fuel | 16 | 18 | 11 | 8 | 4 | 2 | 1 | 2 | 62 |
| Both | 1 | 3 | 0 | 1 | 1 | 0 | 0 | 0 | 6 |
| Total | 38 | | 20 | | 7 | | 3 | | 68 |
| Percent | 55.88235294 | | 29.41176471 | | 10.29411765 | | 4.411764706 | | 100 |
| Not responded | 2 | | | | | | | | |

*Source: Primary data*

പട്ടിക പന്ത്രണ്ടിൽ നിന്നും മനസിലാക്കാൻ കഴിയുന്നത് 56 ശതമാനം പേരുടെ വാഹനങ്ങളുടെ പ്രവർത്തനച്ചെലവ് 1000 രൂപയിൽ താഴെയാണ് എന്നതാണ്. ഇക്കാര്യത്തിൽ സ്ത്രീകളുടെ എണ്ണമാണ് കൂടുതൽ, 21 പേർ. പുരുഷന്മാർ 17 പേരും. പ്രതികരിച്ചവരിൽ 4.41 ശതമാനം പേർ മാത്രമാണ് 3000 രൂപയിൽ കൂടുതൽ ചെലവഴിക്കുന്നത്. പുരുഷന്മാരുടെ കാര്യത്തിൽ ശശാരി ചെലവ് 1205.882 രൂപയാണ്. എന്നാൽ സ്ത്രീകൾ 1058.824 രൂപയാണ് ചെലവഴിക്കുന്നത്. ശരാശരി ചെലവ് മാസം തോറും 1132.353 രൂപയാണ്. ശരാശരി യാത്രാ ദൂരവും പ്രവർത്തനച്ചെലവുകളും കണക്കിലെടുക്കുമ്പോൾ ഇന്ധന വാഹന ഉടമകൾക്കാണ് നേട്ടമെന്ന് കാണാം (പട്ടിക 13).

ഇന്ധന വാഹനങ്ങളുടെ മൈലേജാണ് പതിമൂന്നാമത്തെ പട്ടികയിൽ കാണുന്നത്. കൂടുതൽ പേരും (40 %) മികച്ച ഇന്ധന ക്ഷമതയുള്ള വാഹനങ്ങളാണ് ഉപയോഗിക്കുന്നത്. 10 നും 15 നുമിടയിലാണ് അവരുടെ മൈലേജ്. പുരുഷന്മാരുടെ കാര്യത്തിൽ 17 കിലോമീറ്ററും സ്ത്രീകളുടെ കാര്യത്തിൽ 16.4 കിലോമീറ്ററുമാണ് ശരാശരി മൈലേജ്. എന്നാൽ സർവേയുടെ ശരാശരി 16.7 കിലോമീറ്ററാണ് (പട്ടിക 14).

സർവേ അനുസരിച്ച് പ്രതിമാസ ശരാശരി ഇന്ധന ചെലവ് 3014.705 രൂപയാണ്. 89.7 ശതമാനം പേർക്ക് മാസം തോറും വേണ്ടി വരുന്ന ശരാശരി ഇന്ധന ചെലവ് 5000 രൂപയിൽ താഴെയാണ്. ഇക്കാര്യത്തിൽ ലിംഗപരമായ എന്തെങ്കിലും ഘടകമുണ്ടോ എന്നും ശരാശരി ഇന്ധനച്ചെലവുകൾ കണ്ടെത്തുന്നതിനുമായി ചൈ സ്ക്വയർ ടെസ്റ്റ് നടത്തുകയുണ്ടായി. ഇതിനായി ഇന്ധനച്ചെലവുകളെ 2500 രൂപക്ക് മുകളിൽ, 2500 രൂപക്ക് താഴെ എന്നിങ്ങനെ രണ്ടായി തിരിക്കുകയുണ്ടായി.

**Table 13:** Mileage of Vehicle

| Type of vehicles | What is the mileage of your vehicle (Km/L) | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | Below 10 | | 10 to 15 | | 15 to 20 | | Above 20 | | Total |
| | M | F | M | F | M | F | M | F | |
| Fuel | 0 | 1 | 13 | 11 | 9 | 6 | 10 | 10 | 60 |
| Both | 0 | 1 | 0 | 2 | 2 | 0 | 0 | 1 | 6 |
| Total | 2 | | 26 | | 17 | | 21 | | 66 |
| Percent | 3.03030303 | | 39.39393939 | | 25.75757576 | | 31.81818182 | | 100 |
| Not responded | 4 | | | | | | | | |

*Source: Primary data*

**Table 14 :** Average Fuel Cost

| Type of vehicles | What is the average fuel cost per month | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | Below 2500 | | 2500 to 5000 | | 5000 to 7500 | | Above 7500 | | Total |
| | M | F | M | F | M | F | M | F | |
| Fuel | 12 | 21 | 15 | 7 | 4 | 1 | 1 | 1 | 62 |
| Both | 1 | 3 | 1 | 1 | 0 | 0 | 0 | 0 | 6 |
| Total | 37 | | 24 | | 5 | | 2 | | 68 |
| Percent | 54.411764705 | | 35.294117647 | | 7.352941176 | | 2.941176471 | | 100 |
| Not responded | 2 | | | | | | | | |

*Source: Primary data*

എച്ച് 0 : ലിംഗ വ്യത്യാസവും ശരാശരി ഇന്ധന ചെലവുകളും തമ്മിൽ പ്രത്യേകിച്ച് ബന്ധമില്ല.

എച്ച് 1 : ഇവ തമ്മിൽ കാര്യമായ ബന്ധമുണ്ട്.

പി മൂല്യം (0.007398845) 0.05 ലും താഴെയായതിനാൽ നൾ സിദ്ധാന്തം നിരാകരിക്കപ്പെട്ടു. അതായത് ലിംഗവ്യത്യാസവും ശരാശരി ഇന്ധനച്ചെലവുകളും തമ്മിൽ തള്ളിക്കളയാനാകാത്ത ബന്ധമുണ്ട് എന്നർത്ഥം (രേഖാചിത്രം 4, 5 & രേഖാചിത്രം 6).

4,5,6 എന്നീ രേഖാചിത്രങ്ങൾ ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നവരുടെ വിവിധ പ്രതികരണങ്ങൾ വ്യക്തമാക്കുന്നു. കൂടുതൽ പേരും (91 ശതമാനം) ഇലക്ട്രിക് വാഹനങ്ങൾ പരിസ്ഥിതി സൗഹൃദമാണെന്ന് കരുതുന്നു. എന്നാൽ 63.23 ശതമാനം പേർക്കും ഇത് ചെലവ് കുറഞ്ഞതാണെന്നാണ് വിശ്വാസം. 79 ശതമാനം പേർ ഭാവിയിൽ വാഹനങ്ങൾ വാങ്ങുമ്പോൾ

**Figure: 4**




*Source: Primary data*

**Figure 5**




*Source: Primary data*

**Figure: 6**




*Source: Primary data*

ഇലക്ട്രിക് വാഹനങ്ങൾക്കു മുൻഗണന നൽകുമെന്ന് വ്യക്തമാക്കുന്നു. ഇ വി കൂടുതൽ പരിസ്ഥിതി സൗഹൃദമാണ് എന്ന് ഭൂരിഭാഗം പേരും അഭിപ്രായപെടുമ്പോഴും ചെലവ് കുറവ് ഇന്ധന വാഹനങ്ങൾക്കാണ് എന്ന നിഗമനമാണ് 27.8 ശതമാനത്തിനുള്ളത്. ഇവരിൽ 11.7 ശതമാനം പേർ ഭാവിയിൽ ഇലക്ട്രിക് വാഹനങ്ങളിലേക്ക് മാറാൻ താല്പര്യപെടുന്നവരാണ്. ഗൂഗിൾ, ബി സി ജി എന്നീ സ്ഥാപനങ്ങൾ പ്രസിദ്ധീകരിച്ച 'തിങ്ക് മൊബിലിറ്റി' റിപ്പോർട്ട് പ്രകാരം (2025) മൂന്നിലൊന്ന് ഉപഭോക്താക്കൾ ഇ വിയിലേക്ക് മാറാൻ താല്പര്യമുള്ളവരാണ്. 36 ശതമാനം പേർ ഇലക്ട്രിക് കാറുകളും 30 ശതമാനം പേർ ഇരുചക്ര വാഹനങ്ങളുമാണ് താല്പര്യപെടുന്നത്.

ഇലക്ട്രിക് വാഹന ഉപയോക്താക്കളുടെ എണ്ണം കുറവായതിനാൽ പട്ടികകൾ തയ്യാറാക്കിയിട്ടില്ല. ശരാശരി യാത്ര ചെയ്യുന്ന ദൂരമാണ് സർവേയിൽ പ്രധാനമായും ചോദിച്ചത്. എട്ട് പേരിൽ നാലു പേർ മാസത്തിൽ 300 മുതൽ 600 കിലോമീറ്റർ വരെ യാത്ര ചെയ്യുന്നവരാണ്. ശരാശരി സഞ്ചരിക്കുന്ന ദൂരമാകട്ടെ 375 കിലോമീറ്ററാണ്. ഇന്ധന വാഹന

ഉപയോക്താക്കളുടെ ശരാശരി പ്രതിമാസ ദൂരം 672.79 കിലോമീറ്ററാണ്. എങ്ങനെയാണ് ചാർജ് ചെയ്യുന്നത്, പ്രതിമാസ ശരാശരി ചെലവുകൾ എത്ര എന്നതായിരുന്നു അടുത്ത ചോദ്യം. നാലു പേർ വീട്ടിൽ തന്നെയാണ് ചാർജ് ചെയ്യുന്നത്. 2 പേർ ചാർജിങ് സ്റ്റേഷനുകളിലാണ് ചാർജ് ചെയ്യുന്നത്. ഇവർക്ക് മാസം തോറും 2500 രൂപ ചെലവ് വരുന്നുണ്ട്. ഇന്ധന വാഹനങ്ങളുടെ കാര്യത്തിൽ ഇത് 1132.353 ആണ്. എട്ടിൽ ഏഴു പേരും ഇ വി തിരഞ്ഞെടുത്തത് അവ പരിസ്ഥിതി സൗഹൃദമാണ് എന്നതിനാലാണ്. നാലു പേർക്ക് ഇവ ലാഭകരമായ ഒരു തിരഞ്ഞെടുപ്പാണോ എന്ന ചോദ്യത്തിന് വ്യക്തമായ ഉത്തരമില്ല. എന്നാൽ 63.23 ശതമാനം പേർ കരുതുന്നത് ഇലക്ട്രിക് വാഹനങ്ങൾ ബജറ്റ് സൗഹൃദമാണ് എന്നാണ്. 36.76 ശതമാനം പേർ ഇന്ധന വാഹനങ്ങളെയാണ് പിന്തുണക്കുന്നത്. തിങ്ക് മൊബിലിറ്റി റിപ്പോർട്ട് പ്രകാരം 45 ശതമാനം പേരും ആശങ്കയായി കാണുന്നത് ഇലക്ട്രിക്ക് വാഹനങ്ങൾ വാങ്ങുന്നതിനുള്ള ചെലവാണ്. ഇലക്ട്രിക് വാഹനങ്ങൾക്ക് സബ്സിഡി ലഭ്യമാണ് എന്ന് ഭൂരിഭാഗം പേർക്കും അറിയാം. ചാർജിങ് സ്റ്റേഷൻ ലഭ്യമാണോ എന്നതായിരുന്നു അവസാന ചോദ്യം. ഇതിൽ അഞ്ചു പേരും ഉത്തരം നൽകിയത് അവരുടെ സമീപത്ത് തന്നെ ചാർജിങ് സ്റ്റേഷൻ ഉണ്ട് എന്നാണ്. ഗൂഗിളും ബി സി ജിയും നടത്തിയ പഠനത്തിൽ ഇക്കാര്യത്തിൽ 51 ശതമാനം പേർക്കും ബുദ്ധിമുട്ട് ഉണ്ട് എന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഇ വി ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് അടിസ്ഥാന സൗകര്യ വികസനം വളരെ പ്രധാനപ്പെട്ട ഒന്നാണ് എന്നാണ് ഇത് വ്യക്തമാക്കുന്നത്.

**ഉപസംഹാരം**

കാലാവസ്ഥാ വ്യതിയാനം സംഭവിക്കുന്ന കാലഘട്ടത്തിൽ ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നതിന്റെ നേട്ടങ്ങളാണ് ഈ പഠനത്തിൽ പരിശോധിച്ചത്. ഇതിനായി ഒരു പാസഞ്ചർ കാർ പുറത്തു വിടുന്ന കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് കണ്ടെത്തുകയുണ്ടായി. കൂടുതൽ സഞ്ചരിക്കുമ്പോൾ കൂടുതൽ പുറന്തള്ളൽ ഉണ്ടാകുന്നു. കുറഞ്ഞ വേഗതയിൽ ഇ വി വാഹനങ്ങൾ ഐ സി ഇ വാഹനങ്ങളെക്കാൾ ശബ്ദരഹിതമാണ് എന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. കുറഞ്ഞ വേഗതയിൽ ഐ സി ഇ വാഹനങ്ങൾ കൂടുതൽ വായുമലിനീകരണം ഉളവാക്കുന്നുണ്ട്. അതുകൊണ്ട് കേരളത്തിലെ നഗര മേഖലകളിൽ ഇലക്ട്രിക് വാഹനങ്ങളാണ് കൂടുതൽ അഭികാമ്യം എന്ന വിലയിരുത്തലാണ് ഉള്ളത്. ചെലവുകളുടെ കാര്യത്തിലേക്ക് വരുമ്പോൾ ദീർഘകാലാടിസ്ഥാനത്തിൽ ഇലക്ട്രിക്ക് വാഹനങ്ങൾ സാമ്പത്തികമായി മെച്ചമാണ് എന്ന് കാണാം. ഇന്ധന വാഹനങ്ങൾ കൂടുതൽ നെഗറ്റീവ് ഫലങ്ങൾ ഉളവാക്കുമ്പോൾ പോസിറ്റീവായ ഫലങ്ങളാണ് ഇലക്ട്രിക് വാഹനങ്ങൾ കാഴ്ച്ച വയ്ക്കുന്നത്. ഉപയോക്താക്കളുടെ ഇടയിൽ നടത്തിയ സർവേയിൽ നിന്നും വ്യക്തമാകുന്നത് ഒരു പാസഞ്ചർ കാർ പ്രതിമാസം ശരാശരി 672.79 കിലോമീറ്റർ സഞ്ചരിക്കുന്നുണ്ട് എന്നാണ്. 91 ശതമാനം പേരും വിലയിരുത്തുന്നത് പരിസ്ഥിതിക്ക് കൂടുതൽ ഇണങ്ങുന്നത് ഇലക്ട്രിക്ക് വാഹനങ്ങളാണ് എന്നതാണ്. 63.23 ശതമാനം പേർ കരുതുന്നത് അവ ബജറ്റ് സൗഹൃദമാണ് എന്നാണ്. സർവേയിൽ പങ്കെടുത്തവരിൽ 79 ശതമാനം പേരും ഭാവിയിൽ ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കണം എന്നാണ് കരുതുന്നത്. ലിംഗപരമായ വ്യത്യാസം, ശരാശരി ഇന്ധന ചെലവ് എന്നിവ തമ്മിൽ കാര്യമായ ബന്ധമുണ്ട് എന്നും കാണാനാകും. ഇതിന്റെ പി മൂല്യം 0.007398845 ആണ്.

ലിഥിയം-അയേൺ ബാറ്ററിയുടെ കാർബൺ ഫുട്ട് പ്രിന്റ് ഈ പഠനത്തിൽ കണക്കാക്കിയിട്ടില്ല. ഇക്കാര്യത്തിൽ കൂടുതൽ പഠനങ്ങൾ ആവശ്യമാണ്. കാരണം ഇതിന്റെ

നിർമ്മാണ ഘട്ടത്തിൽ പരിസ്ഥിതിക്ക് കോട്ടമുണ്ടാക്കുന്നു എന്ന് കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ബാറ്ററിയുടെ കാര്യത്തിൽ നികുതി ഇളവുകൾക്ക് പുറമെ സബ്സിഡി കൂടി നൽകേണ്ടത് ആവശ്യമായ ഒന്നാണ്. ഇക്കാര്യത്തിൽ ഗവേഷണത്തിനും പഠനത്തിനുമായി സർക്കാരുകൾ കൂടുതൽ ഫണ്ട് അനുവദിക്കണം. ഇലക്ട്രിക്ക് വാഹനങ്ങളുടെ ബാറ്ററിയുടെ കാലാവധി ഉയർത്താൻ ഇത്തരം ഗവേഷണങ്ങൾ സഹായകമാകണം. ഉപയോഗശൂന്യമായ ബാറ്ററികൾ നശിപ്പിക്കുന്നത് കുറയ്ക്കാൻ ഇതുവഴി സാധിക്കും. ബാറ്ററിയുടെ വില കുറയുന്നതിനും ഇലക്ട്രിക് വാഹനങ്ങളുടെ ഡിമാൻഡ് കൂട്ടുന്നതിനും ഇത് സഹായകമാണ്. കാലാവസ്ഥാ മാറ്റം ശക്തമാകുന്ന ഇന്നത്തെ കാലഘട്ടത്തിൽ അതിനെ ചെറുക്കുന്നതിനുള്ള മികച്ച ഒരു മാർഗമാണ് ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നത്.

**നന്ദി**

ഡിഗ്രി പ്രോജക്ടിന്റെ ഭാഗമായി തൃശൂർ ജില്ലയിൽ നടത്തിയ പഠനത്തിൽ നിന്നാണ് ഈ പഠനത്തിന്റെ ആശയം ഉരുത്തിരിഞ്ഞത് എന്ന് അറിയിക്കുന്നു. ഇതിൽ വന്നു ചേർന്നിട്ടുള്ള തെറ്റുകളുടെ ഉത്തരവാദിത്വം ലേഖനകർത്താക്കൾക്ക് മാത്രമാണ്.

■

(ഐ എം പി എസ് എസിലെ ഇന്റഗ്രിറ്റഡ് എം.എ ഇക്കണോമിക്സ് അവസാന വർഷ വിദ്യാർത്ഥിയാണ് ടീന മരിയ സാജു. തെരേസ തോമസ്, ഫാത്തിമ റിൻഷാ പി.എം, ലക്ഷ്മി എസ് എന്നിവർ കെ. എൻ രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സിലെ രണ്ടാം വർഷ എം. എ ഇക്കണോമിക്സ് വിദ്യാർത്ഥികളാണ്. എം. ജി സർവകലാശാലയിലെ കെ. എൻ രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സിലെ ഫാക്കൽറ്റി അംഗമാണ് മുരളീധരൻ എസ്)

## References

Adedeji, O., Reuben, O., & Olatoye, O. (2014). Global climate change. *Journal of Geoscience and Environment Protection,* 2(2), 114-122.

*About Us alternative fuel data centre: electric vehicle(ev) definition.* (2024). Retrieved from department of energy Web Site: https://afdc.energy.gov/laws/12660

Alanazi, F. (2023). Electric vehicles: benefits, challenges, and potential solutions for widespread adaptation. *Applied Sciences,* 13(10), 6016.

*Alternative fuel data centre: Electric vehicle benefits and consideration.* (n.d.). Retrieved from Department of energy: https://afdc.energy.gov/fuels/electricity-benefits, Retrived on 27-01-2025

Bellard, C., Bertelsmeier, C., Leadley, P., Thuiller, W., & Courchamp, F. (2012). Impacts of climate change on the future of biodiversity. *Ecology letters,* 15(4), 365-377.

Berge, T., Brastad Evensen, K., & Olsen, H. Noise Levels of Electric and Internal Combustion Engine Cars on Real Roads. *Available at SSRN 4993157.*

Choma, E. F., & Ugaya, C. M. L. (2017). Environmental impact assessment of increasing electric vehicles in the Brazilian fleet. *Journal of Cleaner Production,* 152, 497-507.

Christensen, A. S., Christensen, E. E., & Bentzen, J. B. (2011). A Social Cost-Benefit Analysis of an Electric Vehicle. *climate action.* (2024). Retrieved from united nations: https://www.un.org/en/climatechange/what-is-climate-change

C, S. (2022). A Study on Adoption of Electric Vehicles in India: Performance and challenges. *International Journal of Research Publication and Reviews, 4.* Retrieved from https://ijrpr.com/uploads/V3ISSUE12/IJRPR8667.pdf

Das, P. K., & Bhat, M. Y. (2022). Global electric vehicle adoption: implementation and policy implications for India. *Environmental Science and Pollution Research, 29(27),* 40612-40622.

Delacrétaz, N., Lanz, B., & van Dijk, J. (2021). *Technology Adoption and Early Network Infrastructurevprovision in the Market for Electric Vehicles.* MIT Center for Energy and Environmental Policy Research

Unpublished project report by Della Shajan, Therese Thomas, Agnal KO, Jeesmon Roy, Rojan CS (March, 2023). *Electric Vehicles and Fuel Vehicles: A Comparative Study.*

Fazeli, R., Davidsdottir, B., Shafiei, E., Stefansson, H., & Asgeirsson, E. I. (2017). Multi-criteria decision analysis of fiscal policies promoting the adoption of electric vehicles. *Energy Procedia,* 142, 2511-2516.

*Formulae and Tables.* (2004). Retrieved from ICFAI University: https://www.icfaiuniversity.in/FAT%20Book.pdf

*Greenhouse Gas Emissions from a Typical Passenger Vehicle.* (n.d.). Retrieved from united states environment protection agency: https://www.epa.gov/greenvehicles/greenhouse-gas-emissions-typical-passenger-vehicle, Retrived on 04-12-2024

Harris, Jonathan. (2013). National Income and Environmental Accounting.

Hawkins, T. R., Gausen, O. M., & Strømman, A. H. (2012). Environmental impacts of hybrid and electric vehicles-a review. *The International Journal of Life Cycle Assessment,* 17, 997-1014.

Historical GHG Emissions. (n.d.). Retrieved from climate watch: https://www.climatewatchdata.org/ghg-emissions?end_year=2021&start_year=1990, Retrieved on 04-12-2024

Houghton, R. A., & Woodwell, G. M. (1989). Global climatic change. *Scientific American,* 260(4), 36-47.

Hwang, H., Lee, Y., Seo, I., & Chung, Y. (2021). Successful pathway for locally driven fuel cell electric vehicle adoption: Early evidence from South Korea. *International Journal of Hydrogen Energy,* 46(42), 21764-21776.

Langbroek, J. H., Franklin, J. P., & Susilo, Y. O. (2018). How would you change your travel patterns if you used an electric vehicle? A stated adaptation approach. *Travel Behaviour and Society,* 13, 144-154.

Lavee, D., & Parsha, A. (2021). Cost-benefit analyses of policy tools to encourage the use of Plug-in electric vehicles. *Transportation Research Interdisciplinary Perspectives,* 11, 100404.

Iversen, L. M., Skov, R. S. H., & Glorieux, C. (2015, June). Measurement of noise from electrical vehicles and internal combustion engine vehicles under urban driving conditions. In Proc. *Euronoise* (pp. 2129-2134). Jun.

Iulia, V. ?. S. C. A. N., & Loránd, S. Z. A. B. Ó. (2022). A Brief History of Electric Vehicles. *Journal of Computer Science & Control Systems*, 15(1).

Malmgren, I. (2016). Quantifying the societal benefits of electric vehicles. *World Electric Vehicle Journal,* 8(4), 996-1007.

Melin, H. E. (2019). Analysis of the climate impact of lithium-ion batteries and how to measure it. *Circular Energy Storage-Research and Consulting*, 1-17.

*Ministry of Heavy Industries.* (2023, december 18). Retrieved from pib.gov.in: https://pib.gov.in/PressReleaseIframePage.aspx?PRID=1987802

Moseman, A. (2022, october 13). *Are electric vehicles definitely better for the climate than gas-powered cars?* Retrieved from MIT climate portal: https://climate.mit.edu/ask-mit/are-electric-vehicles-definitely-better-climate-gas-powered-cars

Musgrave, R., & Musgrave, P., (1989). Public finance in theory and practice (5th ed.). New York: McGraw-Hill Book Co.

Palaniswamy, S., Subburaj, S. D. R., Saravanan, M., & Anand, M. (2022). Social, economic and environmental impact of electric vehicles in India. *Journal of Environmental Science and Management*, 25(1).

Salleh, I., Zain, M. M., & Hamzah, R. R. (2013). Evaluation of annoyance and suitability

of a back-up warning sound for electric vehicles. International Journal of Automotive and Mechanical Engineering, 8, 1267-1277.

Schweizer, D., Bühlmann, E., Saurer, T., Mercuriali, J., Milo, D., Strickler, M., & Stöcklin, A. (2023). Noise emissions: What to expect from electric vehicles compared to combustion vehicles. In 29th *International Congress on Sound and Vibration, Prague.*

Sexton, J. (n.d.). *How to Convert Metric Tons to Tons.* Retrieved from Inch Calculator: https://www.inchcalculator.com/convert/metric-ton-to-ton/. ,Retrived on 08-01-2025

Singh, V., Singh, V., & Vaibhav, S. (2021). Analysis of electric vehicle trends, development and policies in India. *Case Studies on Transport Policy*, 9(3), 1180-1197.

Sun, L., Huang, Y., Liu, S., Chen, Y., Yao, L., & Kashyap, A. (2017). A completive survey study on the feasibility and adaptation of EVs in Beijing, China. *Applied energy,* 187, 128-139.

Team, T. A. (2024, may 30). *Different Types of Fuels Used in Vehicles in India.* Retrieved from TATA AIG: https://www.tataaig.com/knowledge-center/car-insurance/different-types-of-fuels-used-in-vehicles-in-india, Retrived on 27-01-2025

*Think Mobility.* (2025). Retrieved from Google: https://services.google.com/fh/files/events/google_bcg_thinkmobility.pdf

Vardakoulias, :. O. (2013). *About Us: Economics in policy-making 4 Social CBA and SROI.* Retrieved from nef(the new economics foundation) web site: https://www.nefconsulting.com/wp-content/uploads/2014/10/Briefing-on-SROI-and-CBA.pdf

*കേരള ഇക്കോണമി*
*പുസ്തകം 6 ലക്കം 4*
*ഒക്ടോബർ– ഡിസംബർ 2025*

# ഗ്രാമീണമേഖലയിലെ ദാരിദ്ര്യനിർമ്മാർജ്ജനവും വികസനവും സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണവും

ടീസൺ സി. ജെ, രേവതി കെ. ശിവദാസ്

**സംഗ്രഹം**

കേരളത്തിലെ ഗ്രാമീണ മേഖലയുടെ വികസനം, ദാരിദ്ര്യ നിർമ്മാർജനം തുടങ്ങിയ പദ്ധതികളുടെ പശ്ചാത്തലത്തിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ് ഡി ജി ) കൈവരിക്കുന്ന കാര്യത്തിൽ പ്രാദേശിക തലത്തിൽ എത്രകണ്ട് നേട്ടം കൈവരിക്കാൻ കഴിഞ്ഞു എന്നത് സംബന്ധിച്ച ഒരു അന്വേഷണമാണ് ഈ പഠനം. ദ്വിതീയ സ്രോതസ്സുകളിൽ നിന്നും ലഭ്യമായ വിവരങ്ങളാണ് പഠനത്തിനായി ഉപയോഗിച്ചിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്ന കാര്യത്തിലും ദാരിദ്ര്യ നിർമാർജന പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിലും ഗ്രാമപഞ്ചായത്തുകൾ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. അതുകൊണ്ട് അവയ്ക്ക് ഗ്രാമീണ വികസന രംഗത്ത് വളരെ പ്രധാനപ്പെട്ട റോൾ വഹിക്കാനുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ വഴിയായി സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഗണത്തിലെ 1.2 എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ശ്രദ്ധേയമായ പങ്ക് ഗ്രാമ പഞ്ചായത്തുകൾക്ക് വഹിക്കാനുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ കേരളത്തിന് ദേശീയ ശരാശരിയേക്കാൾ വളരെ ഉയർന്ന നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ദേശീയ കുടുംബാരോഗ്യ സർവേയുടെ കഴിഞ്ഞ രണ്ടു ഘട്ടങ്ങളിൽ നിന്നും വ്യക്തമാകുന്നത് ഗർഭ കാലത്തേ ആരോഗ്യ പരിപാലനം, ശിശു, ബാല മരണനിരക്ക് മുതലായ ചില മേഖലകളിൽ പ്രകടനം അത്ര കണ്ട് മെച്ചപ്പെട്ടതല്ല എന്നാണ്. അതുകൊണ്ട് ഈ പഠനത്തിന് മുന്നോട്ട് വയ്ക്കാനുള്ള പ്രധാന നിർദേശം എസ് ഡി ജി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആസൂത്രണ മികവോട് കൂടിയായതും മികച്ച രീതിയിൽ നടപ്പാകുന്നതുമായ ഗ്രാമീണ വികസന പദ്ധതികൾ അനിവാര്യമാണ് എന്നാണ്.

**പ്രധാനപ്പെട്ട ചില വാക്കുകൾ** : സുസ്ഥിര വികസന ലക്ഷ്യങ്ങൾ (സസ്റ്റൈനബിൾ ഡെവലപ്മെന്റ് ഗോൾസ് – എസ് ഡി ജി), ദേശീയ കുടുംബാരോഗ്യ സർവേ (നാഷണൽ ഫാമിലി ഹെൽത്ത് സർവേ – എൻ എഫ് എച്ച് എസ്), ബഹുമുഖമായ ദാരിദ്ര്യം, പ്രാദേശിക ഭരണ നിർവഹണം, ഗ്രാമീണ വികസനം.

**1. ആമുഖം**

ആഗോളടിസ്ഥാനത്തിലുള്ള ബഹുമുഖ ദാരിദ്ര്യ സൂചിക വ്യക്തമാക്കുന്നത് 111 രാജ്യങ്ങളിലെ 964 ദശലക്ഷം ആളുകൾ കൊടും ദാരിദ്ര്യത്തിന്റെ പിടിയിലാണെന്നാണ്. ഇന്ത്യയിൽ ജനസംഖ്യയുടെ 25 ശതമാനം പേർ പല വിധത്തിൽ ദാരിദ്ര്യത്തിന്റെ കെടുതികൾ അനുഭവിക്കുന്നവരാണ്. ഇതിന്റെ 33 ശതമാനം പേരും ഗ്രാമീണ മേഖലയിലാണ്. ലോകത്തെ 107 രാജ്യങ്ങളുടെ കണക്കെടുത്താൽ ദാരിദ്ര്യത്തിന്റെ കാര്യത്തിൽ അറുപത്തി രണ്ടാം സ്ഥാനത്താണ് ഇന്ത്യ (ഗൗർ, 2020). ആഗോള രംഗത്ത് വികസന പ്രക്രിയയിൽ ഉണ്ടായ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ ദാരിദ്ര്യത്തിന്റെ അടിസ്ഥാനം കേവലം വരുമാനത്തിന്റെ അപര്യാപ്തത എന്നതിൽ നിന്നും മാറി വിദ്യാഭ്യാസം, ആരോഗ്യം, ജീവിത നിലവാരം തുടങ്ങിയ പല ഘടകങ്ങളും കണക്കിലെടുക്കുന്ന സ്ഥിതിയുണ്ട്.

ഇന്ത്യയുടെ കാര്യമെടുക്കുമ്പോൾ 2047 ആകുമ്പോഴേക്ക് ഒരു വികസിത രാജ്യമായി മാറുക എന്നതാണ് ലക്ഷ്യമിടുന്നത്. അതുകൊണ്ട് എസ് ഡി ജി ലക്ഷ്യങ്ങൾ കൈവരിക്കുന്ന കാര്യത്തിൽ പ്രാദേശികമായി നൽകേണ്ട ഊന്നൽ വളരെ പ്രധാപ്പെട്ട ഒന്നാണ്. ഇക്കാര്യത്തിൽ പഞ്ചായത്തുകൾക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകിയിട്ടുണ്ട്.

ഇന്ത്യയിൽ വികേന്ദ്രീകൃത ഭരണസംവിധാനം നടപ്പിലാക്കുന്ന കാര്യത്തിൽ വളരെ പ്രധാനപ്പെട്ട ഒരു നാഴികക്കല്ലാണ് എഴുപത്തിമൂന്നാം ഭരണഘടനാ ഭേദഗതി. ഈ ഭേദഗതി വഴിയായി പ്രാദേശിക ഭരണകൂടങ്ങൾക്ക് കൂടുതൽ അധികാരം, സാമ്പത്തിക സ്രോതസുകൾ, ചുമതലകൾ തുടങ്ങിയ കാര്യങ്ങൾ നൽകുകയുണ്ടായി. സുസ്ഥിര വികസനമെന്നാൽ പല തലങ്ങളുള്ളതായി മാറുകയും ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്ന കാര്യത്തിൽ പ്രാദേശിക ഭരണകൂടങ്ങൾക്ക് നിർണ്ണായകമായ റോൾ കൈവരികയും ചെയ്തു. ജനകീയാസൂത്രണം, ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (ജി പി ഡി പി) തുടങ്ങിയ നീക്കങ്ങൾ വഴിയായി കേരളത്തിൽ ഇത്തരം ശ്രമങ്ങൾ കൂടുതൽ ഊർജിതമാവുകയുണ്ടായി. 17 എസ് ഡി ജികളുടെ കൂട്ടത്തിൽ ദാരിദ്ര്യ നിർമാർജനം, ഗ്രാമീണ മേഖലയിൽ മെച്ചപ്പെട്ട ജീവിതനിലവാരം എന്നിവ അടിസ്ഥാനപരമായ 9 സമീപനങ്ങളിൽ പരമപ്രധാനമാണ്. 'സബ്കി യോജന, സബ്കാ വികാസ്' എന്ന മുദ്രാവാക്യവുമായി 2021 നും 2022 നുമിടയിൽ കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം ഒരു പദ്ധതി നടപ്പാക്കുകയുണ്ടായി (സാമ്പത്തിക സർവേ–2021–22).

ഗ്രാമീണ വികസനം എന്നത് സാധാരണ ജനങ്ങളുടെ പ്രത്യേകിച്ച് ദാരിദ്ര്യ രേഖക്ക് താഴെയുള്ള ജനങ്ങളുടെ വികസനവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന ഒന്നാണ്. പ്രാദേശികതലത്തിൽ നിർവഹിക്കപ്പെടുന്ന എല്ലാ പദ്ധതികളും ഗ്രാമീണ മേഖലക്കും ജനതക്കും വലിയ നേട്ടമായി മാറുന്നത് കാണാം. സാമൂഹ്യ വികസന സൂചികകളുടെ കാര്യത്തിൽ കേരളം അസൂയാവഹമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ ജില്ലകൾ തമ്മിലും വിവിധ പ്രദേശങ്ങൾ തമ്മിലുമുള്ള അസമത്വം പ്രകടമാകുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ കേരളത്തിലെ ദാരിദ്ര്യത്തിന്റെ രീതിയെക്കുറിച്ചും അത് കുറച്ചു കൊണ്ട് വരുന്നതിൽ ഗ്രാമപഞ്ചായത്തുകൾ വഹിക്കുന്ന പങ്കും വിലയിരുത്തി കൊണ്ട് സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്ന കാര്യത്തിൽ പ്രാദേശികമായ നൽകേണ്ട ഊന്നലിനെ കുറിച്ചാണ് ഈ പഠനം ചർച്ച ചെയ്യുന്നത്.

**1.1 പഠനത്തിന്റെ ലക്ഷ്യങ്ങൾ**

1 വിവിധ ദാരിദ്ര്യ സൂചകങ്ങൾ ഉപയോഗിച്ചുകൊണ്ട് കേരളത്തിലെ ബഹുമുഖ ദാരിദ്ര്യത്തിന്റെ സ്ഥിതി അവലോകനം ചെയ്യുക.

2 എൻ എഫ് എച്ച് എസ് വിവരങ്ങൾ ഉപയോഗിച്ച് ജില്ലകളിലെ ദാരിദ്ര്യത്തിന്റെ സ്ഥിതി വിലയിരുത്തുക

3 സൂചകങ്ങളും 1.2 എന്ന എസ് ഡി ജി അടക്കമുള്ള ദാരിദ്ര്യനിർമാർജനവുമായി ബന്ധപ്പെട്ട മറ്റു എസ് ഡി ജികളും തമ്മിലുള്ള ബന്ധം.

4 ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്കുള്ള പങ്ക് പരിശോധിക്കുക.

**2. പഠനങ്ങളുടെ അവലോകനം**

എസ് ഡി ജി ലക്ഷ്യങ്ങൾ നേടുന്ന കാര്യത്തിൽ കാണുന്ന ഒരു സുപ്രധാന തടസം പല തലത്തിൽ പ്രകടമാകുന്ന ദാരിദ്ര്യമാണ്. പ്രാദേശിക ഭരണകൂടങ്ങൾക്ക് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കാനുണ്ട്. സമഗ്രമായ ഗ്രാമീണ വികസനം വഴി മാത്രമേ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയൂ. ഇക്കാര്യത്തിൽ പ്രാദേശിക ഭരണകൂടങ്ങൾ വഹിക്കേണ്ടത് വളരെ പ്രധാനപ്പെട്ട റോളാണ് (സർക്കാർ, 2021; രമ്യ, 2014). ജനങ്ങളുമായി നേരിട്ട്, ഏറ്റവും അടുത്ത് ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംവിധാനമാണ് ഗ്രാമ പഞ്ചായത്തുകൾ. പ്രാദേശികമായി ജനങ്ങളുടെ ആവശ്യങ്ങളെ കുറിച്ച് കൂടുതൽ ബോധ്യമുള്ള ഭരണസംവിധാനവും അത് തന്നെയാണ്. അതുകൊണ്ട് വിഭവങ്ങൾ അതിനനസരിച്ച് ക്രമീകരിക്കേണ്ടതുണ്ട് (ജ്യോതിരാമലിംഗം, 2020). പ്രാദേശിക ഭരണ സംവിധാനങ്ങളുടെ ഏറ്റവും അടിസ്ഥാന യൂണിറ്റാണ് പഞ്ചായത്തുകൾ (ധനഞ്ജയ്, 2017). ഈ ലക്ഷ്യം ഗ്രാമീണ വികസനം, പഞ്ചായത്ത് രാജ് എന്നീ രണ്ടു വകുപ്പുകളും തമ്മിൽ ഏകോപനം കൂടുതൽ ശക്തമാക്കേണ്ടതുണ്ട്. ഗ്രാമീണ വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ഈ ഏകോപനം വഴി കഴിയണം. ഇക്കാര്യത്തിലുള്ള തന്ത്രങ്ങളും ഇടപെടലുകളും ഓരോ പഞ്ചായത്തിന്റെ കാര്യത്തിലും വ്യത്യസ്തമായിരിക്കുന്നു. ഗ്രാമീണ തലത്തിൽ വികസന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള ഭരണഘടനാദത്തമായ അധികാരങ്ങളുള്ള സംവിധാനമാണ് ഗ്രാമ പഞ്ചായത്തുകൾ. വരുമാനത്തിനുള്ള മാർഗ്ഗങ്ങൾ വികസിപ്പിക്കുക, ജനങ്ങളുടെ വാങ്ങൽശേഷി ഉയർത്തുക, ജീവിതോപാധികൾ സംരക്ഷിക്കുക തുടങ്ങിയ ഇടപെടലുകൾ ഗ്രാമീണ വികസനത്തിന്റെ കാര്യത്തിൽ പരമ പ്രധാനമാണ്.

ഗ്രാമീണ വികസനത്തിന്റെ കാര്യത്തിൽ രണ്ടു കാര്യങ്ങൾ പരമപ്രധാനമാണ്. ജനങ്ങളുടെ വരുമാനം, വാങ്ങൽശേഷി എന്നിവ ഉയർത്തുക, അവരുടെ ജീവനോപാധികൾ സംരക്ഷിക്കുക എന്നിവയാണ് അവ. ഇക്കാര്യത്തിൽ കേന്ദ്ര ഗ്രാമീണവികസന മന്ത്രാലയം നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. (പഞ്ചയാത്ത് രാജ് മന്ത്രാലയം, ഗ്രാമീണ വികസന മന്ത്രാലയം, 2019). ഇതിനായി ഗ്രാമപഞ്ചായത്തുകൾ വിവിധ വകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കേണ്ടതുണ്ട്. 2006 മുതൽ 2026 വരെയുള്ള ലഭ്യമായ വിവരങ്ങൾ പരിശോധിക്കുമ്പോൾ കേരളത്തിലെ 27.2 ശതമാനം കുടുംബങ്ങൾ എം ജി എൻ ആർ ഇ ജി എ പദ്ധതിയുടെ ഗുണഭോക്താക്കളാണെന്ന് കാണാം (തുറങ്കി, 2022). ഇത്തരം പദ്ധതികൾ വഴിയായി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നത് ഗ്രാമീണ മേഖലയിൽ വരുമാനം ഉയർത്തുന്നതിനും അതുവഴി ദാരിദ്ര്യം കുറയ്ക്കുന്നതിനും സഹായകമാകുന്നുണ്ട്. എസ് ഡി ജിയുടെ കാര്യത്തിലുള്ള ആഗോളതലത്തിലുള്ള വീക്ഷണം പ്രാദേശികതലത്തിലേക്ക് പരിവർത്തനപ്പെടുത്തുന്ന കാര്യത്തിൽ പ്രാദേശിക ഭരണകൂടങ്ങൾ ഏറെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പല തലങ്ങളും പ്രവർത്തി

കമാക്കപ്പെടുന്നത് പ്രാദേശിക ഭരണ സംവിധാനങ്ങൾ വഴിയാണ്. ദാരിദ്ര്യം ഇല്ലാതാക്കുക എന്നത് പ്രധാനപ്പെട്ട ഒരു സുസ്ഥിര വികസന ലക്ഷ്യമാണ്. ഏറ്റവും അടിസ്ഥാന തലത്തിലാണ് ഇതിനുള്ള പ്രവർത്തികമാക്കേണ്ടത് (ലോക്കലൈസേഷൻ ഓഫ് എസ് ഡി ജി ഇൻ പി ആർ ഐ, റിപ്പോർട്ട് ഓഫ് എക്സ്പെർട്സ് ഗ്രൂപ്പ്, വാല്യം 1, 2021).

ഇതിനായി ഓരോ പഞ്ചായത്തും വികസന പദ്ധതി തയാറാക്കേണ്ടതുണ്ട്. അത് സമയബന്ധിതമായി പൂർത്തീകരിക്കുകയും വേണം. ജനങ്ങളുമായി ഏറെ അടുത്ത് ബന്ധപ്പെടുന്നത് കൊണ്ട് അവരുടെ പ്രശ്നങ്ങൾ ഏറ്റവും വേഗത്തിൽ മനസിലാക്കാൻ കഴിയുന്നത് പഞ്ചായത്തുകൾക്കാണ്. ജനങ്ങളുടെ ജീവിത നിലവാരം ഉയരുക എന്നത് കൊണ്ട് എസ് ഡി ജി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്ക് കൂടുതൽ അടുക്കുക എന്നാണ് അർത്ഥമാക്കുന്നത്. എന്നാൽ ജനങ്ങൾ നേരിടുന്ന പരാധീനതകൾ പലതാണ്. ചിലർക്ക് വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയാണ് പ്രശ്നമെങ്കിൽ വേറെ ചിലർക്ക് ആരോഗ്യ രംഗത്തെ പ്രതിസന്ധിയാണ് അലട്ടുന്നത്. മോശം ജീവിത സാഹചര്യങ്ങളാണ് ഗ്രാമീണ മേഖലയിലെ മറ്റൊരു വിഭാഗം ജനങ്ങളുടെ അടിസ്ഥാന പ്രശ്നമായി വരുന്നത് (ചാത്തുകുളം, 2021, ചന്ദ്രൻ, 2020, അൽഖിർ, 2018). ഗ്രാമീണ മേഖലയിൽ അധിവസിക്കുന്ന ജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് വികേന്ദ്രീകൃത ഭരണ സംവിധാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കടമ. ഗ്രാമീണ വികസനം യാഥാർഥ്യമാകുന്നതിന് ഇത് ഏറെ പ്രധാനവുമാണ്. സാധാരണ ജനങ്ങളുടെ ഉന്നമനമാണ് ഒരർത്ഥത്തിൽ ഗ്രാമീണ വികസനം കൊണ്ട് അർത്ഥമാക്കുന്നത്. ജീവിത നിലവാരത്തിലെ പുരോഗതിയും അതിന്റെ ഗുണമേന്മയും ഇതിൽ ഉൾച്ചേർന്നിരിക്കുന്നുവെന്നും കാണാം (സാമ്പത്തിക സർവേ, 2021 –22).

പ്രാദേശിക ഭരണകൂടങ്ങളുടെ സഹകരണത്തോടെ അതിദാരിദ്ര്യം ഇല്ലായ്മ ചെയ്യുന്നതിനായി കേരള സർക്കാർ ഒരു പദ്ധതി ഈയിടെ നടപ്പാകുകയുണ്ടായി. ഇത്തരത്തിൽ അതിദരിദ്രരായ ആളുകളെ കണ്ടെത്തുന്നതിനായി സംസ്ഥാനതലത്തിൽ ഒരു സർവേ സംഘടിപ്പിക്കുകയുണ്ടായി. അതിൽ നിന്നും മനസിലാക്കാൻ കഴിഞ്ഞത് അതിദരിദ്രരായ ആളുകളിൽ 81 ശതമാനവും അധിവസിക്കുന്നത് ഗ്രാമങ്ങളിലാണ് എന്നാണ്. ഗ്രാമീണ മേഖലയിൽ നിലനിൽക്കുന്ന ദാരിദ്ര്യത്തിന്റെ തീവ്രത അതിൽ നിന്നും മനസിലാക്കാൻ കഴിയും. 8553 അതിദരിദ്ര കുടുംബങ്ങളുള്ള മലപ്പുറം ജില്ലയാണ് ഒന്നാം സ്ഥാനത്ത് എന്നാണ് സർവേയിൽ നിന്നും വ്യക്തമായത്. അതിദരിദ്രരായ മൊത്തം കുടുംബങ്ങളുടെ 13.4 ശതമാനം വരുമിത്. എല്ലാ പ്രായപരിധിയിലും ഉൾപ്പെടുന്ന ദരിദ്ര ജനവിഭാഗങ്ങളുടെ എണ്ണം പകുതിയായി കുറയ്ക്കുക എന്നതാണ് എസ് ഡി ജിയുടെ പ്രധാനപ്പെട്ട ഒരു ദൗത്യം. ഇന്ത്യയുടെ കാര്യത്തിൽ 2015–16 ൽ 24.85 ശതമാനമായിരുന്ന എം പി ഐ 2019–21 ൽ 14.96 ശതമാനമായി കുറഞ്ഞു. ഇത് എസ് ഡി ജി ലക്ഷ്യം നേടുന്ന കാര്യത്തിലെ ഒരു നിർണ്ണായക നാഴികക്കല്ലാണ്. അതുപോലെ ദാരിദ്ര്യത്തിന്റെ തീവ്രത 2015–16 ൽ 47.14 ശതമാനമായിരുന്നത് 2019–21 ൽ 44.39 ശതമാനത്തിലേക്കും താഴ്ന്നു.

**2.1 ദാരിദ്ര്യവും എസ് ഡി ജിയും : ആശയപരമായ അടിസ്ഥാനം**

പല കാരണങ്ങളാൽ ഉണ്ടാകുന്ന ദാരിദ്ര്യത്തെയാണ് ബഹുമുഖ ദാരിദ്ര്യം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരാൾ ദരിദ്രനാവുക എന്നത് കേവലം വരുമാനത്തിന്റെ കാര്യത്തിൽ മാത്രമല്ല. വിദ്യാഭ്യാസം, ആരോഗ്യം, ജീവിത നിലവാരത്തിൽ ഉണ്ടാകുന്ന കുറവുകൾ തുടങ്ങിയ പല വശങ്ങളും ദരിദ്രനാവുക എന്നതിലുൾപ്പെടുന്നു. അത് ഭക്ഷണം, ഭവനം

തുടങ്ങിയ കാര്യങ്ങളിൽ മാത്രം ഒതുങ്ങുന്ന ഒന്നല്ല. യു എൻ ഡി പി, ഓക്സ്ഫോർഡ് ഹ്യൂമൻ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് എന്നീ സ്ഥാപനങ്ങൾ മുൻകൈയെടുത്ത തയ്യാറാക്കിയ സൂചികയാണ് മൾട്ടി ഡൈമെൻഷനൽ പോവർട്ടി ഇൻഡക്സ് (എം പി ഐ). ദാരിദ്ര്യത്തിന്റെ നിർണ്ണയം വരുമാനം, ചെലവുകൾ എന്നീ ഘടകങ്ങളിൽ മാത്രമായി പരിമിതപ്പെടുത്താതെ ദാരിദ്ര്യത്തിന്റെ പല തലങ്ങൾ ഉൾപ്പെടുന്ന ഈ സൂചികയാണ് ദാരിദ്ര്യത്തിന്റെ അളവുകോലായി ഇന്ന് ലോകവ്യാപകമായി ഉപയോഗിക്കുന്നത്. ആഗോളതലത്തിൽ നൂറിൽപരം വികസ്വര രാജ്യങ്ങൾ ഇതാണ് അടിസ്ഥാനമായി സ്വീകരിച്ചിരിക്കുന്നത്. ഇതിലെ ഓരോ പ്രത്യേക സൂചികയും എസ് ഡിജിയുമായി ബന്ധപ്പെട്ടിരിക്കുന്നു. 2030 ആകുമ്പോഴേക്കും എല്ലാ രീതിയിലുമുള്ള ദാരിദ്ര്യത്തെ പകുതിയായി കുറയ്ക്കുക എന്നതാണ് എസ് ഡി ജിയുടെ കാര്യത്തിലെ 1.2 എന്ന ലക്ഷ്യം. മൂന്ന് തലങ്ങളിലുള്ള 10 പ്രത്യേക സൂചകങ്ങൾ ഉപയോഗിച്ചാണ് എം പി ഐ രൂപപ്പെടുത്തുന്നത്. അതുകൊണ്ട് എസ് ഡി ജി ലക്ഷ്യം കൈവരിക്കുന്ന കാര്യത്തിലെ നയപരമായ ഒരു പ്രധാന ഉപാധിയായാണ് എം പി ഐ.

**2.2 താത്വികമായ അടിസ്ഥാനം**

വികേന്ദ്രീകരണ ഭരണസംവിധാനം, പങ്കാളിത്ത ഭരണരീതി എന്നീ ആശയങ്ങളിലൂന്നിയാണ് ഈ പഠനം നിർവഹിച്ചരിക്കുന്നത്. വികേന്ദ്രീകരണം എന്ന ആശയത്തിൽ ഉൾക്കൊള്ളുന്നത് ജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിൽ പ്രാദേശിക ഭരണകൂടങ്ങൾ കൂടുതൽ ഫലപ്രദമാകും എന്നതാണ്. ഗ്രാമസഭകൾ മുഖേന ജനങ്ങളുടെ ആവശ്യങ്ങൾ കൂടുതൽ മനസിലാക്കാൻ കഴിയുന്നു എന്നതാണ് ഇതിന്റെ മെച്ചം. ദാരിദ്ര്യ നിർമാർജന യജ്ഞത്തിൽ ഗ്രാമപഞ്ചായത്തുകളുടെ പങ്ക് വിശകലനം ചെയ്യുന്നതിനും എസ് ഡി ജി താഴെ തട്ടിലേക്ക് വ്യാപിപ്പിക്കുന്നതിനും ആശയപരമായ ഈ അടിസ്ഥാനം സഹായകമാവുന്നു.

**3. പഠനരീതി**

ദ്വിതീയ വിവരങ്ങളാണ് ഈ പഠനത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ ഗ്രാമപഞ്ചായത്ത് വികസന പദ്ധതി അടക്കമുള്ള രേഖകളും ദേശീയ കുടുംബാരോഗ്യ സർവേകളിൽ നിന്നുള്ള വിവരങ്ങളും വിവിധ വർഷങ്ങളിലെ സാമ്പത്തിക അവലോകന റിപ്പോർട്ടുകളുമാണ് വിവരങ്ങൾക്കായി ആശ്രയിച്ചിട്ടുള്ളത്. ദാരിദ്ര്യത്തിന്റെ ജില്ലകൾ തിരിച്ചുള്ള വിവരങ്ങൾ എടുത്തിരിക്കുന്നത് എൻ എഫ് എച്ച് എസിന്റെ രണ്ടു റൗണ്ട് സർവേകളിൽ നിന്നുമാണ്.

**4. ഫലങ്ങൾ**

എസ് ഡി ജികളിൽ പലതും നേരിട്ട് ബഹുമുഖ ദാരിദ്ര്യത്തിന്റെ സൂചികകളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ കേരള സംസ്ഥാനത്തെ സംബന്ധിച്ച ചില പ്രധാന വിവരങ്ങളാണ് ഇതിലുൾപ്പെടുത്തിയിരിക്കുന്നത്. മെച്ചപ്പെട്ട ജല സ്രോതസുകൾ എന്നത് എസ് ഡി ജി ആറുമായി ബന്ധപ്പെട്ടുള്ളതാണ്. ഇക്കാര്യത്തിൽ 2019 ലെ സർവേ പ്രകാരം കേരളത്തിൽ 57 ശതമാനം പേർക്ക് ലഭ്യമാണ് എന്ന് കാണാം. അതുപോലെ വീടുകളുടെ വൈദ്യുതീകരണം, ശുദ്ധമായ ഗാർഹിക ഇന്ധനം എന്നിവ എസ് ഡി ജി ഏഴുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഇക്കാര്യത്തിൽ കേരളത്തിലെ മുഴുവൻ വീടുകളും വൈദ്യുതീകരിച്ചതായി കാണാം. പാചക ആവശ്യങ്ങൾക്ക് ശുദ്ധമായ ഇന്ധനം ഉപയോഗിക്കുന്ന കുടുംബങ്ങൾ 58.9

ശതമാനമാണ്. ദേശീയ കുടുംബാരോഗ്യ സർവേയുടെ 2015–16, 2109–20 എന്നീ റൗണ്ടുകളിലെ എം പി ഐ സൂചകങ്ങളുടെ ആളെണ്ണം തിരിച്ചുള്ള കണക്കുകൾ പട്ടിക ഒന്നിൽ കൊടുത്തിട്ടുണ്ട്. (പട്ടിക 1 & 2).

**Table 1.** Global MPI : Details of indicators and dimensions

| Dimensions of poverty | Indicator | Deprived if.. | SDG Area | Weight |
|---|---|---|---|---|
| Health | Nutrition | Any person under 70 years of age for whom there is nutritional information is undernourished | SDG 2 | 1/6 |
| | Child mortality | A child under 18 has died in the household in the five-year period preceding the survey | SDG 3 | 1/6 |
| Education | Years of schooling | No eligible household member has completed six years of schooling | SDG 4 | 1/6 |
| | School attendance | Any school-aged child is not attending school up to the age at which he/she would complete class 8 | SDG 4 | 1/6 |
| Living standards | Cooking fuel | A household cooks using solid fuel, such as dung, agricultural crop, shrubs, wood, charcoal, or coal | SDG 7 | 1/18 |
| | Sanitation | The household has unimproved or no sanitation facility or it is improved but shared with other households | SDG 6 | 1/18 |
| | Drinking water | The household's source of drinking water is not safe or safe drinking water is a 30-minute or longer walk from home, roundtrip | SDG 6 | 1/18 |
| | Electricity | The household has no electricity | SDG 7 | 1/18 |
| | Housing | The household has inadequate housing materials in any of the three components: floor, roof, or walls | SDG 11 | 1/18 |
| | Assets | The household does not own more than one of these assets: radio, TV, telephone, computer, animal cart, bicycle, motorbike, or refrigerator, and does not own a car or truck | SDG 1 | 1/18 |

*Source: Author's own compilation based on secondary data*

**Table 2.** Status of multidimensional poverty based on two rounds of NFHS (censored headcount ratio) (%)

| | | India | | Kerala | |
|---|---|---|---|---|---|
| | | NFHS 4 | NFHS 5 | NFHS 4 | NFHS 5 |
| 1 | Nutrition | 19.79 | 11.90 | 0.56 | 0.45 |
| 2 | Child & Adolescent mortality | 1.87 | 1.18 | 0 | 0.01 |
| 3 | Maternal Health | 14.64 | 9.35 | 0.15 | 0.20 |
| 4 | Years of schooling | 10.67 | 6.63 | 0.18 | 0.17 |
| 5 | School attendance | 5.22 | 3.63 | 0.22 | 0.06 |
| 6 | Cooking fuel | 23.03 | 12.30 | 0.58 | 0.43 |
| 7 | Sanitation | 21.2 | 9.25 | 0.30 | 0.09 |
| 8 | Drinking water | 5.05 | 2.23 | 0.13 | 0.11 |
| 9 | Electricity | 8.28 | 1.84 | 0.20 | 0.12 |
| 10 | Housing | 20.48 | 12.07 | 0.40 | 0.38 |
| 11 | Assets | 8.84 | 4.72 | 0.32 | 0.28 |
| 12 | Bank Account | 5.36 | 1.09 | 0.17 | 0.14 |

*Source: MPI, Progress review 2023*

കേരളം അഖിലേന്ത്യ തലത്തിൽ തന്നെ സൂചകങ്ങളുടെ കാര്യത്തിൽ ഏറ്റവും മികച്ച നിലവാരം പുലർത്തുന്നതായി രണ്ടാം പട്ടികയിൽ നിന്നും വ്യക്തമാകുന്നുണ്ട്. എന്നാൽ രണ്ടു കാര്യങ്ങളിൽ ഇതിൽ നിന്നും വ്യത്യസ്തമായ സ്ഥിതിയാണ് കാണുന്നത്. കൗമാര പ്രായത്തിലുള്ള കുട്ടികളുടെ മരണ നിരക്ക്, സ്ത്രീകളുടെ ഗർഭകാല ആരോഗ്യാവസ്ഥ എന്നീ കാര്യങ്ങളിൽ കേരളത്തിൽ വളർച്ച രേഖപെടുത്തിയപ്പോൾ അഖിലേന്ത്യാ തലത്തിൽ ഇത് രണ്ടിലും കുറവ് രേഖപ്പെടുത്തുകയുണ്ടായി. കേരളം ഈ രണ്ടു മേഖലകളിലും മോശം പ്രകടനം കാഴ്ച്ച വച്ചു എന്നാണ് സർവേ ഫലങ്ങൾ വ്യക്തമാക്കുന്നത്. ശിശുമരണ നിരക്കുമായി ബന്ധപ്പെട്ടിരിക്കുന്ന എസ് ഡി ജി 3 എന്ന ലക്ഷ്യം കൈവരിക്കുന്ന വിഷയത്തിൽ തിരിച്ചടിയുണ്ടാക്കുന്നതാണ് ഈ ഫലം. പോഷകാഹാരമാണ് കേരളത്തിന്റെ കാര്യത്തിൽ ഏറ്റവും ഉയർന്ന തോതിലുള്ള മാറ്റം പ്രകടമാക്കിയിരിക്കുന്നത്. 2015-16 ൽ 0.56 ശതമാനമായിരുന്ന ഇത് 2019-20 ൽ 0.45 ശതമാനമാണ് രേഖപ്പെടുത്തിയത്. അഖിലേന്ത്യാടിസ്ഥാനത്തിൽ 2019-20 ൽ പാചക ഇന്ധനത്തിന്റെ സംഭാവന 12.30 ശതമാനമാണ്. അതായത് കേരളത്തിന്റെ കാര്യത്തിൽ പോഷകാഹാര സംബന്ധമായ എസ് ഡി ജി രണ്ടിന്റെ കാര്യത്തിൽ ലക്ഷ്യം നേടുന്നതിന് അടിസ്ഥാനതലത്തിൽ കൂടുതൽ ശക്തമായ ഇടപെടൽ ആവശ്യമാക്കുകയാണ് ഇത്. ഓരോ ജില്ലയിലെയും ബഹുമുഖ ദാരിദ്ര്യാവസ്ഥയിലുള്ളവരുടെ ശതമാനകണക്ക് മൂന്നാം പട്ടികയിൽ നൽകിയിട്ടുണ്ട് (പട്ടിക 3 & രേഖാചിത്രം 1).

**Table 3.** District wise distribution of multidimensional poverty in Kerala (%)

| District | NFHS 4 | NFHS 5 | Relative change |
|---|---|---|---|
| Wayanad | 3.48 | 2.82 | -18.9655 |
| Kasargod | 0.94 | 1.70 | 80.85106 |
| Palakkad | 0.62 | 1.34 | 116.129 |
| Idukki | 1.65 | 1.11 | -32.7273 |
| Malappuram | 1.11 | 0.85 | -23.4234 |
| Kozhikkode | 0.26 | 0.68 | 161.5385 |
| Trivandrum | 1.08 | 0.52 | -51.8519 |
| Pathanamthitta | 0.83 | 0.42 | -49.3976 |
| Kottayam | 0 | 0.14 | |
| Alappuzha | 0.71 | 0.10 | -85.9155 |
| Kollam | 0.72 | 0.04 | -94.4444 |
| Thrissur | 0.33 | 0.03 | -90.9091 |
| Kannur | 0.44 | 0.03 | -93.1818 |
| Ernakulam | 0.10 | 0 | -100 |

*Source: MPI, Progress review 2023*

**Fig.1** District wise distribution of multidimensional poverty in Kerala



രണ്ടു സർവേകളുടെയും ഫലങ്ങളിൽ നിന്നും വ്യക്തമാകുന്ന വസ്തുത കേരളത്തിലെ മിക്ക ജില്ലകളിലും ദാരിദ്രാവസ്ഥയിലുള്ള ആളുകളുടെ ശതമാനകണക്കിലുള്ള വിഹിതം കുറയുന്നു എന്നതാണ്. എന്നാൽ കാസറഗോഡ്, പാലക്കാട്, കോഴിക്കോട്, കോട്ടയം എന്നീ ജില്ലകൾ വ്യത്യസ്തമായ ചിത്രമാണ് നൽകുന്നത്. ഇതിൽ കോഴിക്കോട് ജില്ലയിലാണ് ഏറ്റവും ഉയർന്ന വളർച്ചാ തോതായ 161 ശതമാനം രേഖപ്പെടുത്തിയിരിക്കുന്നത്. പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ യഥാക്രമം 116 ശതമാനവും 81 ശതമാനവും വളർച്ചയാണ് രേഖപ്പെടുത്തിയത്. കോട്ടയത്തിന്റെ കാര്യത്തിൽ 2015-16 ലെ സർവേയിൽ പൂജ്യം വളർച്ചയാണ് രേഖപെടുത്തിയതെങ്കിൽ 2019-20 ലെ സർവേയിൽ അത് 0.14 ശതമാനമായി ഉയർന്നു. എറണാകുളമാണ് 2019-20 ലെ സർവേയിൽ പൂജ്യം രേഖപ്പെടുത്തിയ ജില്ല.

**4.1 - ഗ്രാമപഞ്ചായത്തുകളുടെ പങ്ക്**

ഇന്ത്യയിൽ 70 ശതമാനം ജനങ്ങളും ഗ്രാമീണ മേഖലയിൽ അധിവസിക്കുന്നത് മൂലം എസ് ഡി ജി ലക്ഷ്യങ്ങൾ നേടുന്ന കാര്യത്തിൽ അടിസ്ഥാന തലങ്ങളിലുള്ള പ്രവർത്തനം ആവശ്യമാണ്. പഞ്ചായത്ത് രാജ് സംവിധാനത്തിലെ ഏറ്റവും താഴ്ന്ന തലത്തിലുള്ള ഘടകം ഗ്രാമ പഞ്ചയത്തുകളാണ്. ഗ്രാമീണ വികസനത്തിന്റെ കാര്യത്തിൽ ക്രിയാത്മകമായി ഇടപെടേണ്ട സംവിധാനമാണ് അത്. ജനങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ മുന്നേറ്റമാണ് പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ആത്യന്തികമായ ലക്ഷ്യം. വിദ്യാഭ്യാസം, ആരോഗ്യം, ജീവിത നിലവാരം തുടങ്ങിയ രംഗങ്ങളിൽ നിലനിൽക്കുന്ന പിന്നോക്കാവസ്ഥ തരണം ചെയ്യുന്ന കാര്യത്തിൽ ഗ്രാമ പഞ്ചായത്തുകൾ തന്നെയാണ് ഏറ്റവും അടിസ്ഥാനമായ ഘടകം. അതുപോലെ വികേന്ദ്രീകൃത ഭരണ സംവിധാനത്തിന്റെ അടിസ്ഥാനം കൂടിയാണ് പഞ്ചായത്തുകൾ. ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് ഓരോ ഗ്രാമത്തിന്റെയും വികസന പദ്ധതി പഞ്ചായത്തുകൾ ആവിഷ്കരിക്കുന്നു. ദാരിദ്ര്യത്തിന്റെ ദൂഷിത വലയം ഇല്ലാതാക്കുക എന്നതാണ് ഗ്രാമീണ വികസനത്തിന്റെ സുപ്രധാന ലക്ഷ്യം. ജനങ്ങൾക്ക് മികച്ച ജീവിത നിലവാരം ഉറപ്പാക്കുന്നതിലൂടെയാണ് ഈ ലക്ഷ്യം സാധിതമാവുക. കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന ഗ്രാമ പഞ്ചായത്തുകൾ വികസന പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിനായി ഗ്രാമ വികസന വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഗ്രാമീണ മേഖലയിൽ ദാരിദ്ര്യം ഇല്ലാതാക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് ഇത്തരം പദ്ധതികളുടെ ലക്ഷ്യം. മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം, പ്രധാനമന്ത്രി ആവാസ് യോജന - ഗ്രാമീണം, സൻസദ് ആദർശ് ഗ്രാമ യോജന തുടങ്ങിയവയാണ് ഇത്തരത്തിലുള്ള ചില പ്രധാന പദ്ധതികൾ. ഗ്രാമീണ വികസന മന്ത്രാലയം നടപ്പാക്കുന്ന മറ്റൊരു പദ്ധതിയാണ് ഡിസ്ട്രിക്റ്റ് റൂറൽ ഡെവലപ്മെന്റ് ഏജൻസി (ഡി ആർ ഡി എ). ഇത്തരം പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് ഗ്രാമീണ വികസന, പഞ്ചായത്ത് രാജ് വകുപ്പുകൾ കൂടുതൽ ഏകോപനത്തോടെ പ്രവർത്തിക്കേണ്ടത് ആവശ്യമാണ്. അന്തിമമായി ഇത് ഗ്രാമീണ വികസനത്തിന്റെ നട്ടെല്ലായി മാറുന്നു എന്ന് കാണാം.

**5. വിശകലനം**

ഗ്രാമീണ മേഖലയുടെ വികസനത്തിൽ പഞ്ചായത്തുകൾ വളരെ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത് എന്നതാണ് പഠനത്തിൽ നിന്നും വ്യക്തമാകുന്ന വസ്തുത. ഗ്രാമീണ ജനതക്ക്

ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്തുകൊണ്ട് അവരെ ബഹുവിധ ദാരിദ്ര്യത്തിന്റെ പിടിയിൽ നിന്നും മുക്തമാക്കുന്നത് വഴിയാണ് ഇത് സാധ്യമാക്കുന്നത്. അതുവഴി എസ് ഡി ജി 1.2 എന്ന ലക്ഷ്യവും കൈവരിക്കാൻ കഴിയുന്നു. എം പി ഐ സൂചികയുടെ കാര്യത്തിൽ ദേശീയ തലത്തിൽ കേരളം സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും ഗർഭിണികളുടെ ആരോഗ്യപരിപാലനം, കുട്ടികളുടെയും കൗമാരക്കാരുടെയും മരണനിരക്ക് തുടങ്ങിയ സൂചകങ്ങൾ നൽകുന്ന ചിത്രം വ്യത്യസ്തമാണ്. നാഷണൽ ഫാമിലി ഹെൽത്ത് സർവേയുടെ 4, 5 റൗണ്ടുകളിൽ നിന്നും ഇത് വ്യക്തമാകുന്നുണ്ട്. പഠനത്തിൽ കണ്ടെത്തിയ മറ്റൊരു കാര്യം പോഷകാഹാര കുറവ് കേരളത്തിൽ പ്രകടമാകുന്നു എന്നതാണ്. പോഷകാഹാരവും ശിശു മരണവും പരസ്പര പൂരകങ്ങളാകയാൽ എസ് ഡി ജി 2,3 എന്നീ ലക്ഷ്യങ്ങൾ നേടിയെടുക്കുന്ന കാര്യത്തിൽ കേരളം കൂടുതൽ ജാഗ്രത പ്രകടമാക്കേണ്ടതുണ്ട്.

**6. ഉപസംഹാരം**

രണ്ടു സർവേകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ പരിശോധിക്കുമ്പോൾ കേരളത്തിൽ ഏതാനും ചില ജില്ലകളിലൊഴികെ ബഹുമുഖമായ ദാരിദ്ര്യം പൂർണ്ണമായും ഇല്ലാതാകുന്നു എന്നത് വ്യക്തമാകുന്നുണ്ട്. കാസറഗോഡ്, പാലക്കാട്, കോഴിക്കോട്, കോട്ടയം എന്നീ ജില്ലകളിൽ മാത്രമാണ് മറിച്ചുള്ള ചിത്രം കാണുന്നത്. ആസൂത്രണ മികവോടെ തയാറാക്കിയ ഗ്രാമീണ വികസന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുക എന്നത് ദാരിദ്ര്യത്തെ മറി കടക്കുന്നതിന് ആവശ്യമാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ഇത് അനിവാര്യമാണ്. ഈ സാഹചര്യത്തിൽ ജില്ലകളിൽ നിന്നും പ്രാഥമികമായി ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ വിശദമായ പഠനങ്ങൾ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്. നയപരമായ തീരുമാനങ്ങൾ സ്വീകരിക്കുന്നതിന് ഇത്തരം പഠനങ്ങൾ നൽകുന്ന നിരീക്ഷണങ്ങൾ ഏറെ സഹായകരമാകും.

■

*(ജെയിൻ സർവകലാശാലയിലെ അസിസ്റ്റന്റ് പ്രഫസറാണ് ടിസൺ സി. ജെ. റിസർച്ച് വിദ്യാർത്ഥിയാണ് രേവതി കെ. ശിവദാസ്)*

## References

Alok V.N. (2011). *Role of panchayat bodies in rural development since* 1959. Indian institute of public administration.

Alok, V. (2014). *Measuring Devolution to Panchayats in India: A comparison across States Empirical Assessment.*

Atkinson, T. (2018). *Global Multidimensional Poverty Index 2018 : The most detailed picture to Date of the World's poorest people.* Oxford Poverty and Human Development Initiative (OPHI).

Bhattacharya, SmritiRanjan, Anupam De. (2014). Financial planning through resource allocation in Urban Local Self Government. *International conference on Business and Information Management, (p. 6).*

Economic Review. (2021-2022). *Economic Review.* Planning Board, Kerala State.

Gaur, S. (2020). Poverty measurement in India: A Status update. *working paper.*

Jahan, S. A. (2018). The New Global MPI 2018: Aligning with the Sustainable Development Goals. *UNDP Human Development Report Office* (HDRO).

Ministry of panchayat raj. (2022-23). *Standing committee on rural development and panchayat raj.* New Delhi: Loksabha Secretariat.

Modi, T. M. (2019). Role of Panchayati Raj Institutions in Rural Development:. *Asian Review of Social Sciences.*

Oomen, M. A. (2004). *Deepening decentralized governance in rural India: lessons from the people's plan initiative of Kerala.* Centre for Socio-economic and Environmental Studies, India.

T. Jothiramalingam. (2020). The role and importance of local government in India's rural developments: an overview. *Journal of Emerging Technologies and Innovative Research (JETIR).*

Thapa, I. (2020). *Local government: concept, roles and importance for contemporary society.* Ministry of Energy, Water Resource and irrigation, Government of Nepal.

Turangi, S. (2022). MGNREGS performance (2006-21): An inter-state analysis. *South Asia research.*

Vinayak Banakar, S. V. (2018). A Conceptual Model of Rural Development Index. *International journal of Rural Development, Environment and Health Research (IJREH).*

Wasnik, J. (2020). Local Governance Ethics in India: Issues and challenges. *Journal of Governance and Public Policy, 2-13.*

*കേരള ഇക്കോണമി*
*പുസ്തകം 6 ലക്കം 4*
*ഒക്ടോബർ– ഡിസംബർ 2025*

# സാമൂഹ്യക്ഷേമ മേഖലയിലെ ചെലവുകളും മാനവവികസനവും : ഇന്ത്യൻ സംസ്ഥാനങ്ങളുടെ താരതമ്യ പഠനം

കൃഷ്ണനന്ദന പി. ജി

**സംഗ്രഹം**

*സാമൂഹ്യക്ഷേമ പദ്ധതികൾക്കായുള്ള ചെലവഴിക്കലും മാനവശേഷി വികസനവും തമ്മിലുള്ള ബന്ധത്തെ കുറിച്ച് ഇന്ത്യയിലെ 24 സംസ്ഥാനങ്ങളുടെ അനുഭവങ്ങളെ മുൻനിർത്തി പരിശോധിക്കുകയാണ് ഈ ലേഖനത്തിൽ. 1991 മുതൽ 2021 വരെയുള്ള മൂന്നു ദശകത്തെ കാര്യങ്ങളാണ് പഠന വിധേയമാക്കിയിരിക്കുന്നത്. ഗവേഷണപരമായ നിരവധി ചോദ്യങ്ങൾ ഈ പഠനം അഭിമുഖീകരിക്കുന്നുണ്ട്. സാമൂഹ്യക്ഷേമ രംഗത്തെ ചെലവുകളും മാനവവികസന സൂചികകളും തമ്മിലുള്ള ദീർഘ കാലാടിസ്ഥാന ത്തിലുള്ള ബന്ധമാണ് അതിലൊന്ന്. വിദ്യാഭ്യാസ മേഖലയിലെ പ്രതിശീർഷ ചെലവ്, ആളോഹരി വരുമനവുമായി ബന്ധപ്പെടുത്തുമ്പോൾ വിദ്യാഭ്യാസ സൂചികയുടെ കാര്യത്തിൽ ഉണ്ടാകുന്ന മാറ്റമാണ് മറ്റൊരു കാര്യം. അതുപോലെ വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലെ പൊതുനിക്ഷേപം മാനവശേഷി വികസന സൂചികകളിൽ വരുത്തുന്ന മാറ്റമാണ് മറ്റൊരു പ്രധാന പഠന വിഷയം. പാനൽ, ഡേറ്റ വിശകലനം, കോയിന്റെഗ്രേഷൻ വിശകലനം, ഫിക്സഡ് എഫക്റ്റ് റിഗ്രഷൻ മോഡലിംഗ് തുടങ്ങിയ പഠന രീതികൾ ഇതിന് ഉപയോഗിച്ചിട്ടുണ്ട്. കേരളം, ബീഹാർ എന്നീ സംസ്ഥാനങ്ങളുമായി ബന്ധപ്പെടുത്തി ഒരു താരതമ്യ പഠനവും ഇതിന്റെ ഭാഗമായി ഉണ്ട്. ഇതിൽ നിന്നും വ്യക്തമാകുന്നത്, സാമൂഹ്യക്ഷേമ പദ്ധതികൾക്കായുള്ള ചെലവുകളും മാനവ വികസന സൂചികകളും തമ്മിൽ പ്രകടമായ ബന്ധമുണ്ടെന്നാണ്. അതായത് മനുഷ്യരുടെ വികസനവുമായി ബന്ധപ്പെട്ട കാര്യത്തിൽ പൊതു ചെലവുകൾക്ക് കാര്യമായ സ്വാധീനമുണ്ടെന്നർത്ഥം. റിഗ്രഷൻ വിശകലന പ്രകാരം കണ്ടെത്താൻ കഴിയുന്നത് വിദ്യാഭ്യാസ രംഗത്തെ പ്രതിശീർഷ ചെലവഴിക്കലും പ്രതിശീർഷ ജി എസ് ഡിപിയും വിദ്യാഭ്യാസ സൂചികയുടെ കാര്യത്തിൽ പ്രകടമായ സ്വാധീനം ചെലുത്തുന്നുണ്ട് എന്നാണ്.*

*താരതമ്യ വിശകലന രീതിയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ വികേന്ദ്രീകൃതമായ ഭരണനിർവഹണവും അടിസ്ഥാനതലത്തിലുള്ള ശാക്തീകരണവും*

*എച്ച് ഡി ഐ നില ഉയരുന്നതിന് സഹായകമായിട്ടുണ്ട്. കേരളത്തിന്റെ അനുഭവങ്ങളിൽ ഇത് കൂടുതൽ വ്യക്തമാണ്. ബീഹാർ പോലുള്ള സംസ്ഥാനങ്ങളുടെ സ്ഥിതി പരിശോധിക്കുമ്പോൾ ഇത്തരത്തിലുള്ള വികസന ഫലങ്ങൾ ഉളവാക്കുന്ന കാര്യത്തിൽ പല രീതിയിലുള്ള തടസങ്ങൾ നിലനിൽക്കുന്നതായി മനസിലാക്കാൻ കഴിയുന്നുണ്ട്.*

***ചില പ്രധാന വാക്കുകൾ** : സാമൂഹ്യ മേഖലയിലെ ചെലവഴിക്കൽ, മാനവവികസന സൂചിക (എച്ച് ഡി ഐ), വികേന്ദ്രീകൃത ഭരണനിർവഹണം, കോ ഇന്റഗ്രിഷൻ വിശകലനം.*

**1. ആമുഖം**

സാമ്പത്തിക മേഖലയുടെ വികസനവുമായി ബന്ധപ്പെടുത്തി പരിഗണിക്കുമ്പോൾ സാമൂഹ്യ മേഖലയിലെ ചെലവുകളും മാനവവികസനവും വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നതായി കാണാം. പ്രത്യേകിച്ച് ഇന്ത്യയെ പോലെ വികസ്വരമായ ഒരു രാജ്യത്ത്. ഇവിടെ അവശ്യ സേവന മേഖലകളുമായി ബന്ധപ്പെട്ട സർക്കാർ നടത്തുന്ന ചെലവുകളും അത് മനുഷ്യരുടെ ക്ഷേമത്തെയും ഒപ്പം വികസന സൂചികകളെയും എങ്ങനെ സ്വാധീനിക്കുന്നു എന്ന വിഷയമാണ് ചർച്ച ചെയ്യപ്പെടുന്നത്. വലിയ ജനസംഖ്യയുള്ളതും അതോടൊപ്പം സാമൂഹ്യ, സാമ്പത്തിക മേഖലകളുമായി ബന്ധപ്പെട്ട വൈജാത്യങ്ങൾ ഏറെ നിലനിൽക്കുകയും ചെയ്യുന്ന ഒരു രാജ്യമാണ് ഇന്ത്യ. അതുകൊണ്ട് തന്നെ ആരോഗ്യം, വിദ്യാഭ്യാസം, മറ്റു അവശ്യ സേവന മേഖലകൾ എന്നിവയുമായി ബന്ധപ്പെട്ട സമതുലിതമായ ഒരു സാഹചര്യം സൃഷ്ടിക്കുക എന്നത് വലിയ വെല്ലുവിളികൾ നിറഞ്ഞ ഒന്നാണ്. അതുകൊണ്ട് സാമൂഹ്യ മേഖലകളിലെ ചെലവഴിക്കുന്ന രീതികളും അത് മാനവ വികസ സൂചികകളിൽ ഉണ്ടാക്കുന്ന സ്വാധീനത്തെ കുറിച്ചുള്ള അവബോധവും നയരൂപീകരണ കാര്യങ്ങളിൽ അത്യന്താപേക്ഷിതമായ ഒന്നാണ്.

24 സംസ്ഥാനങ്ങളിലെ മൂന്ന് ദശകക്കാലത്തെ വിവരങ്ങളാണ് ഈ പഠനത്തിൽ പരിശോധിക്കുന്നത്. ഈയടിസ്ഥാനത്തിൽ, മാനവ വികസന സൂചികകളെ സ്വാധീനിക്കുന്ന അടിസ്ഥാന ഘടനയും ഘടകങ്ങളുമാണ് പരിശോധനവിധേയമാക്കുന്നത്. വളർച്ച, സുസ്ഥിര വികസനം, ദാരിദ്ര്യ നിർമാർജനം തുടങ്ങിയ പ്രശ്നങ്ങളിൽ സാമൂഹ്യക്ഷേമ മേഖലകളിലെ ചെലവുകൾ നിർണ്ണായകമായ ഒരു ഉപകരണമായി മാറുന്നു എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ടാണ് ഈ പഠനം നിർവഹിച്ചിരിക്കുന്നത്. ഇത്തരത്തിൽ വളരെ പ്രധാനപ്പെട്ട അടിസ്ഥാന മേഖലകൾക്കായി സർക്കാർ പണം മാറ്റിവയ്ക്കുന്നുണ്ടെങ്കിലും ഇക്കാര്യത്തിൽ പ്രാദേശികമായ അസന്തുലിതാവസ്ഥ നിലനിൽക്കുന്നു എന്ന യാഥാർഥ്യമുണ്ട്. ചെലവഴിക്കുന്ന രീതികളും അതിന്റെ ഫലങ്ങളും തമ്മിൽ ശക്തമായ ബന്ധമുണ്ടാകണമെന്ന നിർണ്ണായകമായ വിഷയത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

ഇക്കാര്യത്തിൽ സംസ്ഥാനതലങ്ങളിൽ പ്രത്യേകം വിശകലനം നടത്തിയതിന് കാരണങ്ങളുണ്ട്. മാനവ വികസന രംഗത്തെ ഫലങ്ങളുടെ കാര്യത്തിൽ പ്രാദേശികമായി നിലനിൽക്കുന്ന അസമത്വത്തിന് കാരണമാകുന്ന ഘടകങ്ങളെ കുറിച്ച് കൂടുതൽ ധാരണയുണ്ടാക്കുക എന്നതാണ് അതിന്റെ ലക്ഷ്യം. മാനവ വികസന സൂചികയിൽ

പിന്നോക്കം പോയ സംസ്ഥാനങ്ങൾക്ക് നേട്ടം കൈവരിച്ച സംസ്ഥാനങ്ങളിൽ നിന്നും ചില പാഠങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്നതാണ്. ഇത്തരത്തിലുള്ള നിരീക്ഷണങ്ങൾ വഴിയായി വികസന രംഗത്ത് പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളുടെ കാര്യത്തിൽ നയരൂപീകരണകർത്താക്കൾക്ക് മികച്ച നിർദേശങ്ങൾ മുന്നോട്ട് വയ്ക്കാൻ കഴിയുന്നതാണ്. അതുവഴിയായി വികസനത്തിന്റെ കാര്യത്തിൽ ഇന്ന് കാണുന്ന അസന്തുലിതാ താവസ്ഥയുടെ ആഴം കുറയ്ക്കാൻ കഴിയുന്നതാണ്.

**ഗവേഷണത്തിന്റെ പരിമിതികൾ**

ഈ വിഷയവുമായി ബന്ധപ്പെട്ട ഗവേഷണങ്ങളിൽ കാണുന്ന ചില പരിമിതികളാണ് ഈ പഠനത്തിലേക്ക് നയിച്ചത്. സാമൂഹ്യ മേഖലകളിൽ നടത്തുന്ന പൊതുനിക്ഷേപം ഹൃസ്വകാലത്തിൽ സാമ്പത്തിക മേഖലയുടെ വളർച്ചയിലും മാനവികസന സൂചികകളിലും ഉളവാക്കുന്ന പ്രവണതകളെക്കുറിച്ചാണ് അധികം പഠനവും നടന്നിട്ടുള്ളത്. അതുകൊണ്ട് തന്നെ ഇക്കാര്യത്തിൽ ഉണ്ടാകുന്ന ദീർഘകാല ഫലങ്ങളെ കുറിച്ചുള്ള പഠനങ്ങൾ പൊതുവെ കുറവയാണ് കാണുന്നത്. ഇത്തരമൊരു ന്യൂനത പരിഹരിക്കുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം. അതായത് സാമൂഹ്യ ക്ഷേമ പദ്ധതികൾക്ക് വേണ്ടിയുള്ള ചെലവഴിക്കൽ ദീർഘകാലാടിസ്ഥാനത്തിൽ വികസനത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്ന വിഷയം ആഴത്തിൽ പരിശോധിക്കുകയാണ് ഇവിടെ.

ഇതുവരെ ഈ വിഷയത്തിൽ നടന്നിട്ടുള്ള പഠനങ്ങൾ പരിശോധിക്കുമ്പോൾ, സാമൂഹ്യക്ഷേമ രംഗത്തെ ചെലവഴിക്കലിന്റെ കാര്യത്തിൽ സംസ്ഥാനങ്ങൾ തമ്മിൽ നിലനിൽക്കുന്ന അന്തരം പ്രകടമായി തന്നെ കാണാവുന്നതാണ്. പ്രത്യേകിച്ച് ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളുടെ കാര്യത്തിൽ. അതുകൊണ്ട് ഇത്തരം അന്തരത്തിന്റെ കാരണങ്ങൾ കണ്ടെത്തേണ്ടത് അനിവാര്യമായ ഒരു കാര്യമാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പ്രകടമായ അന്തരം നിലനിൽക്കുന്നത് കാണാം. അതുകൊണ്ട് വിദ്യാഭ്യാസ മേഖലയിലെ ചെലവുകൾ എപ്രകാരമാണ് അതുവഴിയുണ്ടാകുന്ന വരുമാനത്തെ സ്വാധീനിക്കുന്നത് എന്ന കാര്യത്തിന് ഈ പഠനം മുൻതൂക്കം നൽകുകയാണ്. സാമൂഹ്യ പുരോഗതിക്കും സാമ്പത്തിക വളർച്ചക്കും ഏറ്റവും അനിവാര്യമായ ഘടകങ്ങളാണ് വിജ്ഞാനവും നൈപുണ്യവും എന്ന് തിരിച്ചറിയുന്ന ഈ കാലഘട്ടത്തിൽ വിദ്യാഭ്യാസ മേഖലയിലെ ചെലവുകളും അതുണ്ടാക്കുന്ന വരുമാനം, വികസന നേട്ടങ്ങൾ തുടങ്ങിയ കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടവയാണ്.

**സ്ഥിതിവിവരകണക്കുകളും വിവരശേഖരണ രീതിയും**

ദ്വിതീയമായി ലഭ്യമായ വിവരങ്ങളാണ് ഈ പഠനത്തിന് ഉപയോഗിച്ചരിക്കുന്നത്. മാനവവികസനത്തെ വിലയിരുത്തുന്ന കാര്യത്തിൽ ഏറ്റവും നിർണ്ണായകമായ സംസ്ഥാനാടിസ്ഥാനത്തിലുള്ള മാനവ വികസന സൂചിക ലഭ്യമാക്കിയിട്ടുള്ളത് ഗ്ലോബൽ ഡേറ്റ ലാബിൽ നിന്നാണ്. 24 സംസ്ഥാനങ്ങളുടെ 1991 മുതൽ 2021 വരെയുള്ള കാലയളവിലെ സാമൂഹ്യ മേഖലകളിലെ ചെലവുകളും ജി എസ് ഡി പിയും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിരിക്കുന്നത് ഇക്കണോമിക് ആൻഡ് പൊളിറ്റിക്കൽ വീക്കിലിയുടെ (ഇ പി ഡബ്ള്യു) വെബ്സൈറ്റിൽ നിന്നാണ്. ഇ പി ഡബ്ള്യു വെബ് സൈറ്റിൽ നിന്നും ലഭ്യമായ ജനസംഖ്യ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രതിശീർഷ സാമൂഹ്യ ചെലവുകളും ആളോഹരി ജി എസ് ഡി പിയും കണക്കാക്കിയിരിക്കുന്നത്. കേന്ദ്ര സർക്കാർ വെബ്സൈറ്റിൽ നിന്നാണ് സാക്ഷരത സംബന്ധമായ വിവരങ്ങൾ ശേഖരിച്ചരിക്കുന്നത്. കേരളത്തിലെയും

ബിഹാറിലെയും ലിംഗ അനുപാതം, ശിശുമരണ നിരക്ക്, പ്രസവത്തോട് അനുബന്ധിച്ചുള്ള മരണ നിരക്ക് തുടങ്ങിയ വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത് എൻ എഫ് എച്ച് എസ് സർവേയിലെ വിവരങ്ങളെ അടിസ്ഥാനമാക്കിയാണ്.

സാമൂഹ്യക്ഷേമ മേഖലയിലെ ചെലവുകളും മാനവ വികസന സൂചികകളും തമ്മിലുള്ള ദീർഘകാലസ്ഥാനത്തിലുള്ള ബന്ധം വിശകലനം ചെയ്യുന്നതിന് കോയിന്റെഗ്രേഷൻ അനാലിസിസാണ് ഉപയോഗിച്ചിരിക്കുന്നത്. വിദ്യാഭ്യാസ മേഖലയുടെ സൂചിക ഡിപ്പന്റന്റ് വേരിയബിൾ എന്ന നിലയിലും പ്രതിശീർഷ വിദ്യാഭ്യാസ ചെലവ്, പ്രതിശീർഷ വരുമാനം തുടങ്ങിയ ഘടകങ്ങളെ സ്വതന്ത്ര വേരിയബിൾ എന്നുമാണ് കണക്കാക്കിയിരിക്കുന്നത്. താരതമ്യ പഠനത്തിനായി ഏറ്റവും ഉയർന്ന മാനവ വികസന സൂചിക രേഖപ്പെടുത്തിയിട്ടുള്ള കേരളത്തെയും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ബിഹാറുമാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ഈ അന്തരത്തിന്റെ കാരണങ്ങളും ഈ പഠനം തേടുന്നുണ്ട്. ഇത്തരത്തിൽ പാനൽ ഡേറ്റ വിശകലനം, സമഗ്രമായ റിഗ്രഷൻ മോഡലുകൾ, താരതമ്യ ഫ്രെയിംവർക്ക് തുടങ്ങിയ വിവിധ ഉപാധികൾ വഴിയായി സാമൂഹ്യക്ഷേമ മേഖലയിലെ ചെലവഴിക്കൽ, എച്ച് ഡി ഐ എന്നിവ എങ്ങനെയാണ് ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ കാര്യത്തിൽ പ്രതിപ്രവർത്തിക്കുന്നത് എന്ന വിഷയത്തിലേക്ക് വെളിച്ചം വീശുകയാണ് ഈ പഠനം.

**പഠനങ്ങളുടെ വിശകലനം**

സാമൂഹ്യക്ഷേമ മേഖലയിലെ ചെലവഴിക്കലും സാമ്പത്തിക വളർച്ചയും തമ്മിലുള്ള ബന്ധം വികസന സാമ്പത്തിക ശാസ്ത്ര മേഖലയിലെ ഒരു പ്രധാനപ്പെട്ട ചർച്ചാ വിഷയമാണ്. അക്കാദമിക് മേഖലയിലും ലോകമെമ്പാടുമുള്ള നയരൂപീകരണ കർത്താക്കൾക്കിടയിലും ഇത് ശ്രദ്ധയാകർഷിക്കുന്ന ഒരു വിഷയമാണ്. ഇന്ത്യയിൽ നല്ലൊരു വിഭാഗം ജനങ്ങളും സർക്കാർ നൽകുന്ന ആവശ്യ സേവനങ്ങളെ ആശ്രയിക്കുന്നവരാണ്. അതുകൊണ്ട് ആരോഗ്യം, വിദ്യാഭ്യാസം, നൈപുണ്യ വികസനം, ഭവനനിർമ്മാണം, ശുചിത്വം തുടങ്ങിയ വിവിധ രംഗങ്ങളിൽ സർക്കാരുകൾ വൻതുക ചെലവഴിക്കുന്നുണ്ട്.

തൊണ്ണൂറുകൾക്ക് മുൻപുള്ള ഘട്ടത്തിൽ മാനവ വികസനത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകമായി ലോക ബാങ്ക് കണ്ടിരുന്നത് വരുമാനമായിരുന്നു. എന്നാൽ അമർത്യാസെൻ (1993 –2000) മുന്നോട്ട് വച്ച കേപ്പബിലിറ്റി സമീപനം എന്ന ആശയം ഇതിനെ മാറ്റി മറിച്ചു. വരുമാനമോ, സാമ്പത്തികമായ വളർച്ചയോ മാത്രമല്ല, മാനവ വികസനം എന്നായിരുന്നു അദ്ദേഹം മുന്നോട്ട് വച്ച വാദം. പകരം, വരുമാനം, ഉപയുക്തത, വിഭവസ്രോതസുകൾ, സമ്പത്ത് തുടങ്ങിയ ഘടകങ്ങളാണ് മാനവ വികസനത്തെ നിർവചിക്കുന്നത് എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. എന്നാൽ ഇവ പരമമായ ലക്ഷ്യമാണ് എന്ന നിലയിൽ അദ്ദേഹം കണ്ടിരുന്നില്ല. ജാ, ബിസ്വാൾ, ബിസ്വാൾ എന്നിവർ (2000) എന്നിവർ വിദ്യാഭ്യാസം, ആരോഗ്യം, വികസനം തുടങ്ങിയ കാര്യങ്ങൾ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ എന്ത് പങ്ക് വഹിക്കുന്നു എന്ന കാര്യം വിചിന്തനം ചെയ്യുകയുണ്ടായി. അസന്തുലിത പാനൽ ഡേറ്റ സങ്കേതങ്ങളും എൻ എസ് എസ് ഡേറ്റയും ഉപയോഗിച്ച് നടത്തിയ പഠനത്തിൽ ഇത്തരം മേഖലകളിൽ നടത്തുന്ന ചെലവഴിക്കൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ വളരെ നിർണ്ണായകമായ പങ്ക് വഹിക്കുന്നതായി കണ്ടെത്തുകയുണ്ടായി.

രമേശ് ചന്ദ്രദാസ്, ചന്ദ മണ്ഡൽ, അരുൺകുമാർ പത്ര (2021) എന്നിവർ നടത്തിയ പാനൽ ഡേറ്റ വിശകലനത്തിൽ കണ്ടെത്തിയത് സാമൂഹ്യ മേഖലകളിലെ ചെലവുകളും മാനവ

വികസനവും തമ്മിൽ ദീർഘകാലടിസ്ഥാനത്തിലുള്ള ബന്ധമുണ്ട് എന്നാണ്. പ്രീതി അഗർവാൾ പറയുന്നത്, വികസന മേഖലയിലെ ചെലവുകളിൽ സാമൂഹ്യ മേഖലകൾക്കുള്ള വിഹിതത്തേക്കാൾ പ്രാധാന്യം പ്രതിശീർഷ വരുമാനത്തിന് ഉണ്ട് എന്നാണ്. മീരാജ് ആലം, ഡസ്റ്റിഗെർ ആലം എന്നിവർ നടത്തിയ പഠനത്തിലും സാമൂഹ്യ രംഗത്തെ ചെലവുകളും സംസ്ഥാനങ്ങളുടെ മാനവ വികസനവും തമ്മിൽ പോസിറ്റീവായ ബന്ധമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

മധുമിത റോയ്, മീനാകേതൻ സാരംഗി എന്നിവർ 2021 ൽ നടത്തിയ പഠനത്തിൽ ഇന്ത്യയുടെ സാമ്പത്തിക വികസന രംഗത്ത് സാമൂഹ്യമായ ചെലവഴിക്കലിന് വലിയ പ്രാധാന്യമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവ തമ്മിലുള്ള പാരസ്പരിക ബന്ധം അടിവരയിട്ട് അവർ പറയുന്നുണ്ട്. സാമ്പത്തികമായ വളർച്ച കൂടുതൽ സാമൂഹ്യക്ഷേമ ചെലവഴിയ്ക്കലിന് കാരണമാകുന്നുണ്ട്. അത് പിന്നീടുള്ള വികസനത്തിന് സഹായകമായി മാറുകയും ചെയ്യുന്നു.

കൗർ, മിശ്ര എന്നിവർ 2003 ൽ നടത്തിയ പഠനത്തിൽ വ്യക്തമായ ഒരു കാര്യം, കുട്ടികൾ, പ്രത്യേകിച്ച് പെൺകുട്ടികൾ സ്കൂളുകളിൽ ചേരുന്നതിന് വിദ്യാഭ്യാസ മേഖലയിൽ സർക്കാരുകൾ നടത്തുന്ന ചെലവഴിക്കൽ പോസിറ്റീവായ ഫലം ഉളവാക്കിയിട്ടുണ്ട് എന്നാണ്. എന്നാൽ ഇത്തരത്തിൽ ആരോഗ്യ മേഖലയിൽ നടത്തിയിട്ടുള്ള മുതൽമുടക്ക് കാര്യമായ ഫലമുണ്ടാക്കിയിട്ടില്ല എന്നും അവർ വ്യക്തമാക്കുന്നു. ആരോഗ്യ മേഖലയിലെ വെല്ലുവിളികൾ നേരിടുന്നതിന് കൂടുതൽ ഫണ്ട് നീക്കിവയ്ക്കേണ്ടത് ആവശ്യമാണ് എന്നാണ് ഇത് വ്യക്തമാക്കുന്നത്.

പല പഠനങ്ങളിലും കാണാൻ കഴിഞ്ഞത് വിദ്യാഭ്യാസ രംഗത്തെ സർക്കാർ ചെലവുകളും അതുകൊണ്ടുള്ള നേട്ടങ്ങളും തമ്മിൽ കാര്യമായ പൊരുത്തമില്ലെന്നാണ്. എന്നാൽ ഈ മേഖലയ്ക്ക് കൂടുതൽ ഫണ്ട് നീക്കിവയ്ക്കുന്നത് വഴിയായി കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിയുമെന്നാണ് വിലയിരുത്തപ്പെടുന്നത് (കല്ലഗർ–1993). അതുപോലെ തന്നെ ആരോഗ്യ രംഗത്തും ചെലവാക്കുന്ന തുകയ്ക്കു ആനുപാതികമായ നേട്ടങ്ങൾ ഉണ്ടായിട്ടില്ലെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത് (ഫിൽമാർ, പ്രിചേറ്റ്–1997, കിം, മൂഡി –1992). ആരോഗ്യ മേഖലയുടെ കാര്യത്തിൽ സർക്കാർ ചെലവഴിക്കലിനേക്കാൾ നിർണ്ണായക സ്വാധീനം ചെലുത്തുന്നത് വരുമാനമാണ് എന്ന് കാണാം. ഇന്ത്യയിൽ പലപ്പോഴും സംഭവിക്കുന്നത് ആരോഗ്യ മേഖലക്ക് മതിയായ ഫണ്ട് ലഭ്യമാകാതെ വരിക, ലക്ഷ്യങ്ങളുടെ കാര്യത്തിലുള്ള പോരായ്മകൾ തുടങ്ങിയ പ്രശ്നങ്ങളാണ്. അതുകൊണ്ട് ചികിത്സ ആവശ്യങ്ങൾക്കായി ജനങ്ങൾക്ക് ഉയർന്ന ചെലവഴിക്കൽ വേണ്ടി വരുന്നു (കൗർ, മിശ്ര–2003).

2014 ൽ ആര്യ, അശ്വനി എന്നിവർ നടത്തിയ പഠനത്തിന്റെ കണ്ടെത്തൽ സാമൂഹ്യ മേഖലയിലെ ചെലവുകൾ ഉടനടി മാനവ വികസ സൂചികകളിൽ സ്വാധീനം ചെലുത്തുന്നില്ല എന്നാണ്. അതിന്റെ ഫലപ്രാപ്തി കുറെ വർഷങ്ങൾ കഴിഞ്ഞാണ് വ്യക്തമാകുന്നത്. അതുകൊണ്ട് പൊതുചെലവുകൾ ഉയർത്തുക എന്നത് സുസ്ഥിര വളർച്ചക്കും വികസനത്തിനും അനിവാര്യമാണ്. വരുമാനം എന്നത് വിദ്യാഭ്യാസത്തിന്റെ കാര്യത്തിലെ ഒരു നിർണ്ണായകമായ ഘടകമാണെന്നാണ് 2006 ൽ ചക്രവർത്തി, ജോഗേൽക്കർ എന്നിവർ നടത്തിയ പഠനം വ്യക്തമാക്കുന്നത്. മല്ലിക്, ഡാഷ് (2015) എന്നിവർ വാദിക്കുന്നത് വളർച്ചയും വിദ്യാഭ്യാസ രംഗത്തെ ചെലവഴിക്കലും ദീർഘകാലാടിസ്ഥാനത്തിൽ പരസ്പര പൂരകങ്ങളാണ് എന്നാണ്.

ദേവ്, മോയ്ജ് (2004), ജോഷി (2006), ഘോഷ് (2011) തുടങ്ങിയ നിരവധി ഗവേഷകർ സാമൂഹ്യമായ ചെലവഴിക്കലിന്റെ കാര്യത്തിൽ വിദ്യാഭ്യാഭ്യസത്തിന് വലിയ പ്രാധാന്യമുണ്ടെന്ന് വാദിക്കുന്നവരാണ്. എന്നാൽ വിദ്യാഭ്യാസ രംഗത്തെ അവലോകനം ചെയ്യുമ്പോൾ ഇതുവരെ കൈവരിച്ച നേട്ടങ്ങൾ അത്ര തൃപ്തികരമല്ലെന്ന് വിലയിരുത്തേണ്ടതായി വരുന്നു. ഇക്കാര്യത്തിൽ ഗ്രാമീണ, നഗര വ്യത്യാസങ്ങളും ലിംഗപരമായ വേർതിരിവുകളും വളരെ ശക്തമായി ഇന്നും നിലനിൽക്കുന്നുണ്ട്. സംസ്ഥാനങ്ങൾ തമ്മിലും പ്രകടമായ അന്തരം നിലനിൽക്കുന്നതായി കാണാം (ഘോഷ് – 2011).

ഇന്ത്യയിലെ സംസ്ഥാനങ്ങളെ കേന്ദ്രീകരിച്ച് മൊഹന്തി, ഭാനുമൂർത്തി (2018) എന്നിവർ പഠനം നടത്തുകയുണ്ടായി. ആരോഗ്യ മേഖലയെ അപേക്ഷിച്ച് വിദ്യാഭ്യാസ രംഗത്ത് കൂടുതൽ കാര്യക്ഷമമായി ഫണ്ട് ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് അവരുടെ പഠനം വ്യക്തമാക്കുന്നത്. അതുകൊണ്ട് മാനവ വികസന സൂചികകൾ ശക്തമാക്കുന്ന കാര്യത്തിൽ സർക്കാർ ചെലവുകൾക്ക് വലിയ പ്രാധ്യാന്യമുണ്ട്. എന്നാൽ ഇക്കാര്യത്തിൽ നിരവധിയായ വെല്ലുവിളികൾ നിലനിൽക്കുന്നുണ്ട് എന്നാണ് പഠനങ്ങളിൽ നിന്നും വ്യക്തമായിട്ടുള്ളത്.

**പൊതുവായ പ്രവണതകൾ**

30 വർഷക്കാലയളവിലെ വിവരങ്ങൾ പരിശോധിച്ചാൽ പ്രതിശീർഷ സാമൂഹ്യ ചെലവഴിക്കലും മാനവവികസന സൂചികകളും തമ്മിലുള്ള ബന്ധത്തെ കുറിച്ചുള്ള കൃത്യമായ ചില വിവരങ്ങൾ ലഭ്യമാകുന്നുണ്ട്. ഓരോ സംസ്ഥാനത്തിന്റെയും ഇക്കാര്യത്തിലുള്ള മുതൽമുടക്കും അത് മാനവ വികസന മേഖലയിൽ ഉണ്ടാക്കിയ മാറ്റങ്ങൾ വ്യക്തമാക്കുന്നുണ്ട് (രേഖാചിത്രം 1 & രേഖാചിത്രം – 2)

10 വർഷം വീതമുള്ള മൂന്ന് ഘട്ടങ്ങളിലെ കണക്കുകളാണ് ഇവിടെ വിശകലനം ചെയ്തിരിക്കുന്നത്. 1991 മുതൽ 2000 വരെയുള്ളത് ഒന്നാം ഘട്ടവും 2001 മുതൽ 2010 വരെ രണ്ടാം ഘട്ടവും 2011 മുതൽ 2020 വരെ മൂന്നാം ഘട്ടവും.

ആദ്യ ദശകമെടുത്താൽ പ്രതിശീർഷ സാമൂഹ്യ ചെലവുകളുടെ കാര്യത്തിൽ മിസോറാം ഉയർന്ന നേട്ടം കൈവരിച്ചിട്ടുള്ളതായി കാണാം. ഇത് ആ സംസ്ഥാനത്തെ സാമൂഹ്യമായ മുന്നേറ്റത്തെ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായപ്പോൾ സിക്കിം ഉയർന്ന നേട്ടമുണ്ടാക്കുകയുണ്ടായി. ആദ്യ ദശകത്തെ അപേക്ഷിച്ച് രണ്ടാം ദശകത്തിൽ സിക്കിമിന്റെ ചെലവുകൾ 182 ശതമാനം കണ്ട് ഉയർന്നു. അവസാനത്തെ ദശകത്തിൽ 229 ശതമാനവും വളർച്ച നേടി . ഇത് ആ സംസ്ഥാനത്തിന്റെ മാനവവികസന സൂചികയിൽ ഉയർന്ന സ്കോർ നേടുന്നതിന് കാരണമായി. 2011 മുതൽ 2020 വരെയുള്ള ഘട്ടം പരിശോധിച്ചാൽ പ്രതിശീർഷ സാമൂഹ്യ ചെലവുകളുടെ കാര്യത്തിൽ നല്ല നേട്ടം കൈവരിക്കാൻ കഴിഞ്ഞ സംസ്ഥാനങ്ങൾ ഗോവ, അരുണാചൽപ്രദേശ്, മിസോറാം എന്നിവയാണ്.

ആദ്യഘട്ടത്തിൽ ഏറ്റവും കുറവ് സാമൂഹ്യ ചെലവഴിക്കൽ നടത്തിയ സംസ്ഥാനം ഉത്തർ പ്രദേശാണ്. നേരിയ തോതിലുള്ള മുന്നേറ്റമാണ് യു പിക്ക് കൈവരിക്കാൻ കഴിഞ്ഞത്. അതുകൊണ്ട് മാനവ സൂചികകളുടെ കാര്യത്തിൽ കാര്യമായ ചലനം സൃഷ്ടിക്കാൻ കഴിഞ്ഞില്ല. ശതമാനക്കണക്കിൽ പരിശോധിക്കുമ്പോൾ യു.പിക്ക് വലിയ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ അവരുടെ നിലവിലുണ്ടായിരുന്ന താഴ്ന്ന നിലവാരം മതിയായ മുന്നേറ്റത്തിന് പര്യാതപ്തമല്ലാത്ത സാഹചര്യം സൃഷ്ടിക്കുകയായിരുന്നു. തുടർന്നുള്ള ഘട്ടത്തിൽ ഏറ്റവും കുറവ് പ്രതിശീർഷ സാമൂഹ്യ ചെലവഴിക്കൽ ഉണ്ടായത്

**Figure 1:** Average state-wise social sector expenditure per capita over the three decades




**Figure 2:** Average state-wise HDI scores over the three decades



ബിഹാറിലാണ്. അവരുടെ കുറഞ്ഞ എച്ച് ഡി ഐ സ്കോർ ഇത് പ്രതിഫലിപ്പിക്കുന്നതാണ്. സാമൂഹ്യമായ ചെലവഴിക്കലും വികസനവും തമ്മിലുള്ള ബന്ധത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. കുറഞ്ഞ ഫണ്ട് വിനിയോഗം മാനവ വികസന രംഗത്തെ നേട്ടങ്ങളിൽ നിഴലിക്കുന്നുണ്ട്. 2011 മുതൽ 2020 വരെയുള്ള ദശകത്തിൽ കുറഞ്ഞ പ്രതിശീർഷ സാമൂഹ്യ ചെലവഴിക്കൽ രേഖപ്പെടുത്തിയ സംസ്ഥാനങ്ങൾ പഞ്ചാബ്, പശ്ചിമ ബംഗാൾ, മധ്യപ്രദേശ് എന്നിവയാണ്.

ഗോവ, കേരളം തുടങ്ങിയ സംസ്ഥാനങ്ങൾ തുടർച്ചയായി ഉയർന്ന എച്ച്, ഡി ഐ സ്കോർ നേടുന്നതായി കാണാം. സാമൂഹ്യ മേഖലകളിൽ ഉണ്ടായ മികച്ച നിലയിലുള്ള ചെലവഴിക്കലാണ് ഇതിന് കാരണം. മികച്ച ജീവിത നിലവാരവും ഗുണമേന്മയും കൈവരിക്കാൻ ഈ സംസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ബീഹാർ പോലുള്ള സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാണ് ഇത്. ഈ ഘട്ടത്തിൽ എച്ച് ഡി ഐ സ്കോറിൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ മറ്റു സംസ്ഥാനങ്ങൾ ഹിമാചൽ പ്രദേശ്, മിസോറാം, മണിപ്പൂർ എന്നിവയാണ്. ഇക്കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങൾ മധ്യപ്രദേശ്, ഒഡിഷ, പശ്ചിമ ബംഗാൾ എന്നിവയാണ്.

**പൊതുചെലവുകളും മാനവവികസനവും തമ്മിലുള്ള ബന്ധം**

സാമൂഹ്യമായ വികാസ പ്രക്രിയയുടെ അടിസ്ഥാനപരമായ ഒരു ഘടകമാണ് പൊതുചെലവുകൾ. വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, സാമൂഹ്യ ക്ഷേമം തുടങ്ങിയ മേഖലകളിലെ മുതൽമുടക്ക് മാനവശേഷി മൂലധനത്തിന്റെ വളർച്ചയെ സഹായിക്കുന്നു. അതുവഴിയായി ഉല്പാദനക്ഷത ഉയരുകയും സാമൂഹ്യവും സാമ്പത്തികവുമായ വികാസത്തിന് ഉതകുന്ന വിധത്തിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. മികച്ച വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സേവനങ്ങൾ ജനങ്ങൾക്കെത്തിക്കുക വഴി വ്യക്തികൾക്ക് തങ്ങളുടെ കർമ്മശേഷി ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നു . ഇത് തൊഴിലാളികളുടെ പങ്കാളിത്തവും നൂതന ആശയങ്ങളുടെ സൃഷ്ടിയും സർവോപരി സാമ്പത്തികമായ വളർച്ചയും ത്വരിതപ്പെടുത്തുന്നു.

അതുപോലെ ഇത്തരത്തിൽ നടത്തുന്ന ചെലവുകൾ സമൂഹത്തിൽ അസമത്വം കുറയ്ക്കുന്നതിനും ഉച്ചനീചത്വങ്ങൾ ഇല്ലാതാക്കുന്നതിനും സഹായകമാകുന്നു. അരികുവൽക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങൾക്കും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾക്കും മുൻഗണന നൽകുന്നത് വഴി ദാരിദ്ര്യ നിർമാർജനം പോലുള്ള കാര്യങ്ങളിൽ കൂടുതൽ ഊന്നൽ നൽകുവാൻ ഗവണ്മെന്റുകൾക്ക് കരുത്തു പകരുന്നു. ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ രംഗത്തും കൂടുതൽ മുതല്മുടക്കുക വഴിയായി തലമുറകളായി അനുഭവിച്ചു വരുന്ന ദാരിദ്ര്യത്തിൽ നിന്നും ജനങ്ങളെ മോചിപ്പിക്കുന്നതിനും ഭാവി തലമുറകളെ കൂടുതൽ സക്രിയമാക്കുന്നതിനും വഴിയൊരുക്കുന്നു.

സുസ്ഥിരവും പുരോഗമനപരവുമായ ഒരു സമൂഹത്തിന്റെ സൃഷ്ടിക്ക് പൊതുവായ ചെലവഴിക്കൽ ഒരു സുപ്രധാന കാര്യമാണ്. രോഗപ്രതിരോധ മേഖലയിലെ ചെലവഴിക്കൽ, കുട്ടികളുടെ വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷാ നടപടികൾ തുടങ്ങിയ കാര്യങ്ങൾ വഴിയായി പ്രതിസന്ധികളെ തരണം ചെയ്യുന്നതിന് സഹായകരമായ സ്ഥിതി സംജാതമാകുന്നു.

**മാനവവികസനവും സാമ്പത്തിക വളർച്ചയും**

ആഗോള പുരോഗതിക്കുള്ള അനിവാര്യമായ കാര്യങ്ങളാണ് പരസ്പര സഹകരണത്തോടെയുള്ള സാമ്പത്തിക വളർച്ചയും മാനവവികസനവും. മനുഷ്യ സമൂഹത്തിന്റെ വികസനത്തിന് ഏറ്റവും ആവശ്യമായ ഒന്നാണ് സാമ്പത്തികമായ വളർച്ച. അത് വിഭവങ്ങളും അവസരങ്ങളും അടിസ്ഥാന സൗകര്യങ്ങളും ജനങ്ങൾക്ക് നൽകുന്നു. ആരോഗ്യം, വിദ്യാഭ്യാസം, ജീവിതനിലവാരം തുടങ്ങിയ കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം ഉത്പാദനക്ഷമത, നൂതന ആശയങ്ങൾ തുടങ്ങിയവ പരിപോഷിപ്പിക്കുന്നത് വഴി സുസ്ഥിരമായ സാമ്പത്തിക വളർച്ചയിലേക്കും നയിക്കുന്നു.

വരുമാനം ഉയരുന്നതിന് ആനുപാതികമായി ജനങ്ങൾക്ക് കൂടുതൽ അവശ്യ സാധനങ്ങളും സേവനങ്ങളും കരസ്ഥമാക്കാൻ കഴിയുന്നു. ചികിത്സ സൗകര്യങ്ങൾ, വിദ്യാഭ്യാസം, പാർപ്പിടം തുടങ്ങിയ അടിസ്ഥാന കാര്യങ്ങൾ നേടുന്നതിനും ഇത് സഹായകമാണ്. അതുപോലെ സാമൂഹ്യ അടിസ്ഥാന സൗകര്യ മേഖലയിലും പൊതുസേവനങ്ങൾ പ്രദാനം ചെയ്യുന്ന മേഖലയിലും മുന്നേറ്റം സാധ്യമാക്കുന്ന അന്തരീക്ഷം സാമ്പത്തിക വളർച്ച പ്രദാനം ചെയ്യുന്നു.

സാമ്പത്തിക വളർച്ചയുടെ ഒരു പ്രധാന മുന്നുപാധിയാണ് മാനവ വികസനം. മാനവശേഷി മൂലധനത്തിന്റെ വികാസം, നൂതന ആശയങ്ങൾ പരിപോഷിപ്പിക്കൽ, സാമൂഹ്യമായ സുസ്ഥിരത തുടങ്ങിയ കാര്യങ്ങളാണ് അതുവഴി സാധ്യമാക്കുന്നത്. അതുപോലെ വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലെ നിക്ഷേപം വിജ്ഞാനം, നൈപുണ്യം, ഉത്പാദനക്ഷമത തുടങ്ങിയ കാര്യങ്ങളുടെ വിപുലീകരണത്തിന് വഴിയൊരുക്കുന്നതാണ്. ഇത് സാങ്കേതിക പുരോഗതിക്കും സംരംഭകത്വ വികസനത്തിനും സാമ്പത്തിക വൈവിധ്യവത്കരണത്തിനും സഹായകമാകുന്നു. ആയുർദൈർഘ്യം വർദ്ധിക്കുന്നതിനും മരണനിരക്ക് കുറയുന്നതിനും ഇടയാക്കുന്നത് സാമ്പത്തിക വളർച്ചക്കും മത്സരക്ഷമതക്കും സഹായകമാകുന്നു.

ദാരിദ്ര്യം കുറയ്ക്കുന്നതിനായുള്ള പദ്ധതികൾ, സാമൂഹ്യ സുരക്ഷാ പദ്ധതികൾ, ലിംഗസമത്വത്തിനായുള്ള നടപടികൾ തുടങ്ങിയ നാനാവിധത്തിലുള്ള വികസന പദ്ധതികൾ സാമൂഹ്യവും രാഷ്ട്രീയവുമായ സുസ്ഥിരതക്കും ഒപ്പം എല്ലാവരെയും ഉൾച്ചേർന്നുള്ള വികസനത്തിനും സഹായകമായി മാറുന്നു. വരുമാനത്തിലെ അന്തരം കുറയ്ക്കുക, അവസരങ്ങൾ പ്രദാനം ചെയ്യുക, സാമൂഹ്യമായ അവകാശങ്ങൾ ഉറപ്പാക്കുക തുടങ്ങിയ ഘടകങ്ങൾ സമ്പത്തിന്റെയും വിഭവങ്ങളുടെയും തുല്യമായ വിതരണത്തിനും സഹായകമാകുന്നു. സാമൂഹ്യമായി ഉണ്ടാകുന്ന സമ്മർദങ്ങൾ കുറയ്ക്കുന്നതിനും സുസ്ഥിര വികസനത്തിന്റെ കാര്യത്തിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിനും ഇത് ഫലപ്രദമായ ഒന്നാണ്.

**സാമൂഹ്യ മേഖലയിലെ ചെലവുകളും മാനവവികസനവും**

**സാമൂഹ്യ മേഖലയിലെ ചെലവുകൾ**

ജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി ചില പ്രത്യേക മേഖലകളിൽ വേണ്ടി സർക്കാർ നടത്തുന്ന ചെലവുകളെയാണ് പൊതുവെ സാമൂഹ്യ മേഖലയിലെ ചെലവുകൾ എന്ന് പറയുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, ഗ്രാമീണ, നഗര വികസനം, പോഷകാഹാരം,

ശുചിത്വം, ശുദ്ധജല വിതരണം, മറ്റു ക്ഷേമ പദ്ധതികൾ തുടങ്ങിയ ഇനങ്ങളാണ് ഇതിൽ പ്രധാനമായും വരുന്നത്.

ഇത്തരം ചെലവഴിക്കൽ വളരെ പ്രധാനപ്പെട്ട ഒന്നാണ്. കാരണം, പണക്കാരേക്കാൾ പാവങ്ങൾക്കാണ് ഇത് കൂടുതൽ പ്രയോജനം ചെയ്യുന്നത്. മാത്രവുമല്ല, മാനവശേഷി മൂലധനത്തിന്റെ വളർച്ചക്ക് ഇത് നിദാനമാകുന്നു. അത് സമ്പദ്ഘടനയുടെ വളർച്ചക്ക് നേരിട്ട് സംഭാവന നൽകുന്നു. ഇന്ത്യ അടക്കമുള്ള വികസ്വര രാജ്യങ്ങളുടെ കാര്യത്തിൽ മൂന്ന് വിധത്തിലാണ് ഇതിന്റെ പ്രാധ്യാന്യം. ഇത്തരം രാജ്യങ്ങളിൽ ദാരിദ്ര്യം ഉയർന്ന തോതിലാണ്. വിപണിയുടെ മാത്രം സംവിധാനം കൊണ്ട് പരിഹരിക്കാൻ കഴിയാത്തത്ര സങ്കീർണ്ണമാണ് ഇവിടെ പ്രശ്നങ്ങൾ. ഇത്തരം രാജ്യങ്ങളിൽ സർക്കാർ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്ന പാവപ്പെട്ട കുടുംബങ്ങളുടെ എണ്ണവും വലുതാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ് ഡി ജി) പൂർത്തീകരിക്കുന്നതിന് സർക്കാർ ഇടപെടൽ ആവശ്യമാണ് എന്നതാണ് മൂന്നാമത്തെ നിർണ്ണായകമായ ഘടകം.

ഒരു രാജ്യത്തിൻറെ മാനവ വികസന സൂചികകളിലെ സ്കോർ ഉയർത്തുന്ന കാര്യത്തിൽ സാമൂഹ്യമായ ചെലവുകൾ പ്രത്യേകിച്ച് ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലെ, വളരെ വലിയ പങ്ക് വഹിക്കുന്നു. സാമ്പത്തിക പരിഷ്കരണങ്ങൾ ഒരു ദശകം പിന്നിടുമ്പോഴും വലിയൊരു വിഭാഗം ജനങ്ങൾ വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ വലിയ വെല്ലുവിളികൾ നേരിടുകയാണ് (ജോഷി–2006). കേന്ദ്രാവിഷ്കൃത പദ്ധതികളും കേന്ദ്ര പദ്ധതികളും വഴിയായി കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ വലിയ വിഹിതം സംസ്ഥാനങ്ങൾക്ക് നൽകുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ പ്രാഥമികമായ ഉത്തരവാദിത്വം സംസ്ഥാനങ്ങൾക്കാണ്. ഈ സാഹചര്യത്തിൽ സാമൂഹ്യ മേഖലകളിലെ ചെലവഴിക്കൽ എച്ച് ഡി ഐ സ്കോറിങ്ങിനെ എപ്രകാരം സ്വാധീനിക്കുന്നു എന്നാണ് ഈ പഠനം പരിശോധിക്കുന്നത്. എച്ച് ഡി ഐ എന്ന ആശയത്തിന്റെ രൂപീകരണം സംബന്ധിച്ച വിവരങ്ങൾ ഇതിൽ ഏറെ പ്രധാനപ്പെട്ടതാണ്.

**വിദ്യാഭ്യാസ മേഖല**

സാമ്പത്തിക ഉന്നമനത്തിന് വിദ്യാഭ്യാസം വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണ്. ഇന്ത്യയിൽ വിദ്യാഭ്യാസത്തിനുള്ള അവകാശം ഭരണഘടന തന്നെ നൽകുന്നുണ്ട്. ആറ് വയസിനും 14 വയസിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് സൗജന്യവും നിര്ബന്ധിതവുമായ വിദ്യാഭ്യാസം നൽകുന്ന കാര്യത്തിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇത് സാക്ഷരത ഉയർത്തുന്ന കാര്യത്തിൽ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. 2001 ൽ 65.38 ശതമാനമായിരുന്ന ദേശീയ സാക്ഷരതാ നിരക്ക് 2011 ൽ 74.04 ശതമാനമായി ഉയർന്നു. ഇത്തരത്തിൽ നേട്ടങ്ങൾ കൈവരിക്കുമ്പോഴും ഉയർന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്ന കാര്യത്തിൽ നേരിടുന്ന വെല്ലുവിളികൾ ഒട്ടും ചെറുതല്ല. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കിടയിൽ സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് ഉയർന്ന തോതിൽ തുടരുന്നതടക്കമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

**ആരോഗ്യ രംഗം**

ആരോഗ്യ മേഖലയിലെ ശക്തമായ ഇടപെടലുകൾ വഴിയായി പല സാംക്രമിക രോഗങ്ങളും ഇല്ലാതാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ചില രംഗങ്ങളിൽ നേരിടേണ്ടി വരുന്ന വെല്ലുവിളികൾ ആശങ്കയുണർത്തുന്നതാണ്. ഇന്ന് ആരോഗ്യ മേഖലയിൽ സൗകര്യങ്ങൾ

അധിക പങ്കും നഗര മേഖലകളെ കേന്ദ്രീകരിച്ചുള്ളതാണ്. ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിൽ ഗൗരവതരമായ നഗര-ഗ്രാമീണ അന്തരം തുടരുന്ന സ്ഥിതിയുണ്ട്. സ്ത്രീകൾ, കുട്ടികൾ, സാമൂഹ്യമായ പിന്നോക്കാവസ്ഥ നേരിടുന്നവർ തുടങ്ങിയ വിഭാഗങ്ങൾ ഇക്കാര്യത്തിൽ പിന്തള്ളപ്പെടുന്നു എന്നത് ആശങ്കയുണർത്തുന്ന വിഷയമാണ്.

പൊതു ആരോഗ്യ മേഖലയിലെ മുതൽമുടക്കിന്റെ പരിമിതിയാണ് മറ്റൊരു പ്രതിസന്ധി. അതുകൊണ്ട് ജനങ്ങൾക്ക് ചികിത്സ ചെലവ് സ്വന്തം നിലയിൽ നിർവഹിക്കേണ്ട സാഹചര്യം ഉണ്ടാകുന്നു. ആരോഗ്യ സേവന രംഗത്ത് വലിയ അന്തരം സൃഷ്ടിക്കുന്നതിന് ഇത് കാരണമാകുന്നു. അതുകൊണ്ട് ഇത്തരം വെല്ലുവിളികൾ നേരിടേണ്ടത് അടിസ്ഥാനപരമായ കാര്യമാണ്.

ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ സൗകര്യങ്ങൾ വർധിപ്പിക്കുന്ന കാര്യത്തിൽ സംസ്ഥാനങ്ങൾ വലിയ പങ്കാണ് വഹിക്കുന്നത്. ആരോഗ്യ മേഖലയിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, ജില്ലാ ആശുപത്രിക, മറ്റു ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവ ആരംഭിക്കുന്നതും അവ പ്രവർത്തിപ്പിക്കുന്നതും അതാത് സംസ്ഥാന സർക്കാരുകളാണ്. പ്രാദേശികമായി വേണ്ടി വരുന്ന ആരോഗ്യ സംരക്ഷണ സംവിധാനങ്ങൾ ഒരുക്കുന്നതും സംസ്ഥാനങ്ങളുടെ ചുമതലയാണ്. പകർച്ച വ്യാധികൾ തടയുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുക, മാനസിക ആരോഗ്യം, കുട്ടികളുടെ ആരോഗ്യം തുടങ്ങിയ കാര്യങ്ങളും സംസ്ഥാന സർക്കാരുകളുടെ ചുമതലയിലാണ് വരുന്നത്. അതുപോലെ തന്നെ വിദ്യാഭ്യാസ മേഖലയിലും സംസ്ഥാനങ്ങൾ നിർണ്ണായകമായ പങ്ക് വഹിക്കുന്നു. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ ചെലവഴിക്കപ്പെടുന്ന ഫണ്ടിന്റെ നല്ലൊരു പങ്ക് നൽകുന്നത് സംസ്ഥാന സർക്കാരുകളാണ്. ഇത്തരം മേഖലകൾക്ക് മുൻഗണന നൽകുന്നത് വഴി സംസ്ഥാനങ്ങൾ മാനവ വികസന രംഗത്തും ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന കാര്യത്തിലും അവർക്കുള്ള പ്രതിജ്ഞാബദ്ധത വ്യക്തമാക്കുകയാണ്.

**മാനവ വികസന സൂചിക (എച്ച് ഡി ഐ)**

ഐക്യരാഷ്ട്ര സംഘടന ആവിഷ്കരിച്ച പ്രത്യേകമായ സ്ഥിതിവിവരക്കണക്ക് ശേഖരണ സംവിധാനമെന്ന എച്ച് ഡി ഐ. പല രാജ്യങ്ങളുടെയും പ്രദേശങ്ങളുടെയും മാനവ വികസന രംഗത്ത് കൈവരിച്ച നേട്ടങ്ങൾ താരതമ്യം ചെയ്യുന്നതിനാണ് ഈ സൂചിക ഉപയോഗിക്കുന്നത്. ഒരു പ്രദേശത്തിന്റെയാകെ പൊതുവിലുള്ള നേട്ടങ്ങൾ കണക്കയിലെടുക്കുന്നതിന് ഇത് ഉപയോഗിക്കുന്നു. മനുഷ്യ ജീവിതത്തിലെ പല വിധത്തിലുള്ള വശങ്ങളാണ് ഇതിനായി പരിഗണിക്കുന്നത്.

ജീവിത ദൈർഘ്യം, വിദ്യാഭ്യാസ നിലവാരം, പ്രതിശീർഷ ജി എൻ ഐ തുടങ്ങിയ കാര്യങ്ങളുടെ ശരാശരി കണക്കാക്കിയാണ് എച്ച് ഡി ഐ കണ്ടെത്തുന്നത്. ഇതിൽ വിദ്യാഭ്യസത്തിന്റെ കാര്യത്തിലുള്ളത് രണ്ടു ഘടകങ്ങളുടെ ശരാശരിയാണ്. സ്കൂളിൽ ചെലവഴിച്ച വർഷങ്ങളുടെ ശരാശരി, സ്കൂളിൽ ഉണ്ടാകേണ്ടിയിരുന്ന വര്ഷങ്ങളുടെ ശരാശരി എന്നിവയാണ് ഇതിനായി എടുക്കുന്നത്.

ഉയർന്ന എച്ച് ഡി ഐ സ്കോർ രേഖപ്പെടുത്തരുന്നതിനർഥം മാനവികസന രംഗത്തെ മികച്ച വികസനമുണ്ട് എന്നാണ്. വ്യക്തിഗതമായ സ്കോർ സംയോജിപ്പിച്ചുകൊണ്ടാണ് പൊതുവിലുള്ള എച്ച് ഡി ഐ കണക്കാക്കുന്നത്. ഇത് വിവിധ പ്രദേശങ്ങൾ തമ്മിൽ

വികസന രംഗത്ത് കൈവരിച്ച നേട്ടങ്ങൾ താരതമ്യം ചെയ്യുന്നതിന് സഹായകമാണ്. മനുഷ്യരുടെ ഉയർന്ന ജീവിത നിലവാരം, സമത്വം, വികസനം തുടങ്ങിയ വിഷയങ്ങൾ താരതമ്യം ചെയ്യുന്നതിനുള്ള പ്രധാനപ്പെട്ട ഒരു സൂചകമാണ് എച്ച് ഡി ഐ. നയരൂപീകരണത്തെയും ഒപ്പം ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെയും വികസനത്തെ ത്വരിതപ്പെടുത്തുവാനും ഇത് സഹായകമാണ്.

1991 ൽ ഇന്ത്യ സാമ്പത്തിക രംഗത്ത് ശ്രദ്ധേയമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം എന്നീ ലക്ഷ്യങ്ങളോടെ യാണ് ഈ സാമ്പത്തിക പരിഷ്കരണങ്ങൾ നടപ്പാക്കിയത്. അത് ഇന്ത്യയുടെ സാമ്പത്തിക മേഖലയിൽ വലിയ മാറ്റങ്ങൾക്ക് നാന്ദിയായി മാറി. എന്നാൽ പ്രാദേശിക തലത്തിൽ നിലനിൽക്കുന്ന അസമത്വം പരിഹരിക്കുന്ന കാര്യത്തിൽ കാര്യമായി ഒന്നും ചെയ്യുവാൻ ഈ പരിഷ്കരണത്തിന് കഴിഞ്ഞില്ല എന്നതാണ് വസ്തുത.

സാമ്പത്തിക വളർച്ചയുടെ സദ്ഫലങ്ങൾ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാകേണ്ടതുണ്ട്. അതുകൊണ്ട് വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, സാമൂഹ്യ ക്ഷേമം തുടങ്ങിയ വിഷയങ്ങൾക്കായി ഫണ്ടുകൾ ഫലപ്രദമായ വിധത്തിൽ ലഭ്യമാക്കേണ്ടതുണ്ട്. വികസന രംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവെങ്കിലും പ്രാദേശികമായ അസമത്വം സൃഷ്ടിക്കുന്ന വെല്ലുവിളി ഒട്ടും ചെറുതല്ല. സാമൂഹ്യ മേഖലയിലെ ചെലവഴിക്കൽ, നയങ്ങൾ നടപ്പാക്കൽ തുടങ്ങിയ കാര്യങ്ങളിൽ സംഭവിക്കുന്ന വീഴ്ചകളും മാനവ വികസന മേഖലകൾക്ക് പണം നൽകുന്ന കാര്യത്തിൽ സംസ്ഥാനങ്ങൾക്ക് സംഭവിക്കുന്ന കുറവുകളും അസമത്വം സൃഷ്ടിക്കുന്നതിൽ കാര്യമായ പങ്ക് വഹിക്കുന്നു. ഈ പ്രശ്നത്തെ ആഴത്തിൽ മനസിലാക്കുന്നതിന് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളുടെയും എച്ച് ഡി ഐ നിലവാരത്തെ കുറിച്ച് പഠിക്കേണ്ടത് ആവശ്യമാണ്.

ഇതിനായി ഈ പഠനത്തിൽ ഓഗ്മെന്റഡ് ഡിക്കി ഫുള്ളർ (എ ഡി എഫ്) ടെസ്റ്റ് എന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. ഇത് യുണിറ്റ് റൂട്ട് കണ്ടെത്തുന്നതിന് ഉപയോഗിക്കുന്ന ഒരു രീതിയാണ്. യുണിറ്റ് റൂട്ട് കണ്ടെത്തുന്നതോടെ ടൈം സീരീസിൽ സംഭവിക്കുന്ന മാറ്റങ്ങൾ സ്ഥിരമായ ഫലം ഉളവാക്കുന്നുണ്ട് എന്ന് കണ്ടെത്തുവാൻ കഴിയുന്നു. ഇത്തരത്തിൽ യുണിറ്റ് റൂട്ട് കണ്ടെത്തുന്നില്ലെങ്കിൽ ദീർഘകാലാടിസ്ഥാനത്തിൽ ഒരു മീൻ രൂപപ്പെടുന്നു എന്നും വ്യക്തമാക്കുന്നു.

ഇതിന്റെ ഫലങ്ങളിൽ നിന്നും വ്യക്തമാകുന്നത്, സാമൂഹ്യ മേഖലയിലെ പ്രതിശീർഷ ചെലവുകൾ 5 ശതമാനമെന്ന നിർണ്ണായകമായ ലെവലിൽ സ്ഥിരമായി തുടരുന്നില്ല എന്നാണ്. അതായത് സ്ഥിരമായ വ്യത്യാസം സൃഷ്ടിക്കപെടുന്നില്ല എന്ന് വ്യക്തമാകുന്നു. ദീർഘകാലാടിസ്ഥാനത്തിൽ സംഭവിക്കാവുന്ന മാറ്റവും ഇത് ചൂണ്ടിക്കാണിക്കുന്നു. എസ് ഒ സി സ്ഥിരതയാർജിക്കാത്തതും എച്ച് ഡി ഐ സ്ഥിരമായിരിയ്ക്കുന്നതും മൂലം ഇവിടെ കോ ഇന്റഗ്രിഷന് വേണ്ടി ജോഹാൻസൺ രീതി ഉപയോഗിക്കുകയുണ്ടായി. അതിൽ നിന്നും വ്യക്തമായ ഒരു കാര്യം, പ്രതിശീർഷ സാമൂഹ്യ ചെലവുകളും (എസ് ഒ സി) എച്ച് ഡി ഐയും തമ്മിൽ ദീർഘകാലാടിസ്ഥാനത്തിൽ ബന്ധമുണ്ട് എന്നാണ് (പട്ടിക 1).

ഈ ഫലങ്ങൾ വ്യകതമാക്കുന്ന പ്രധാന വസ്തുത, പ്രതിശീർഷ സാമൂഹ്യ ചെലവുകൾ മാനവ വികസന സൂചികയിൽ വരുത്തുന്ന മാറ്റങ്ങളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നു എന്നാണ്. അതായത് എച്ച് ഡി ഐയും പ്രതിശീർഷ

**Table 1** Cointegration results

| | | | | |
|---|---|---|---|---|
| Eigenvalues (lambda):<br>0.73233731 0.05455749 | | | | |
| Values of test statistic and critical values of test: | | | | |
| | test | 10 pct | 5 pct | 1 pct |
| r<=1<br>r=0 | 38.54<br>944.03 | 6.5<br>15.66 | 8.18<br>17.95 | 11.65<br>23.52 |
| Eigenvectors normalized to first column: | | | | |
| <br>diff_soc.12<br>pdata.HDI.12 | diff_soc.12<br>1<br>-531.454 | pdata.HDI.12<br>1<br>-531207.7 | | |
| Weight w: | | | | |
| <br>diff_soc.d<br>pdata.HDI.d | diff_soc.12<br>-2.29E+00<br>-2.37E-06 | pdata.HDI.12<br>6.40E-03<br>3.50E-07 | | |

*Source: Author's calculations*

സാമൂഹ്യ ചെലവുകളും തമ്മിലുള്ള കോ ഇന്റഗ്രിഷൻ വ്യക്തമാക്കുന്നത് ഈ വേരിയബിൾ ദീർഘകാലാടിസ്ഥാനത്തിൽ ഒരുമിച്ച് നീങ്ങുന്നു എന്നാണ്. അതിലുണ്ടാകുന്ന ചെറിയ മാറ്റങ്ങൾ പിന്നീട് അഡ്ജസ്റ്റ് ചെയ്യപ്പെടുന്നു എന്നും മനസിലാക്കാം. ദീർഘകാലാടിസ്ഥാനത്തിൽ, സാമൂഹ്യ മേഖലയിലെ ചെലവുകൾ എച്ച് ഡി ഐ യെ ഗണ്യമായ രീതിയിൽ സ്വാധീനിക്കുന്നു. ഇത് വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, പൊതുവിലുള്ള ജീവിത നിലവാരം തുടങ്ങിയവയുടെ കാര്യത്തിൽ വ്യക്തമായ സ്വാധീനം ചെലുത്തുന്നു.

**റിഗ്രഷൻ വിശകലനം**

സാമൂഹ്യ മേഖലയിലെ ചെലവഴിക്കൽ, പ്രത്യേകിച്ച് വിദ്യാഭ്യാസ രംഗത്ത്, ഉണ്ടാക്കുന്ന പ്രതികരണങ്ങളെ കുറിച്ചാണ് പഠനത്തിന്റെ ഈ ഭാഗത്ത് ചർച്ച ചെയ്യുന്നത്. എച്ച് ഡി ഐ യുടെ കാര്യത്തിൽ ഉണ്ടായിട്ടുള്ള പ്രതികരണമാണ് ഇതിൽ മുഖ്യമായും എടുത്തിരിക്കുന്നത്. എച്ച് ഡി ഐയിലെ വളരെ പ്രധാനപ്പെട്ട ഒരു ഘടകമായ വിദ്യാഭ്യാസ സൂചികയാണ് ഈ വിശകലനത്തിൽ ആശ്രിത വേരിയബിൾ. സാക്ഷരത നിരക്ക്, സ്കൂളുകളിലെ പ്രവേശനം, വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ തുടങ്ങിയ ഇനങ്ങളിലായുള്ള നേട്ടങ്ങളുടെ ഒരു സമഗ്ര അളവുകോലാണ് വിദ്യാഭ്യാസ സൂചിക.

മാനവികാസത്തിന്റെ കാര്യത്തിൽ വിദ്യാഭ്യാസം വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നതിനാൽ വിദ്യാഭ്യാസ സൂചികയേ ഒരു ആശ്രിത വേരിയബിൾ എന്ന നിലയ്ക്കാണ് എടുത്തിട്ടുള്ളത്. അതുവഴി ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസ

മേഖലയിൽ നടത്തിയ നിക്ഷേപം എച്ച് ഡി ഐ മെച്ചപ്പെടുത്തുന്ന കാര്യത്തിൽ എത്ര കണ്ട് സംഭാവന നൽകിയിട്ടുണ്ട് എന്നതാണ് മനസിലാക്കാൻ ശ്രമിക്കുന്നത്.

വിദ്യാഭ്യാസ രംഗത്തെ പ്രതിശീർഷ ചെലവ്, ആളോഹരി വരുമാനം എന്നിവ വിദ്യാഭ്യാസ സൂചികയിൽ എത്രമാത്രം സ്വാധീനം ചെലുത്തുന്നു എന്നതാണ് ഇതിന്റെ സാംഗത്യം. വിദ്യാഭ്യാസ മേഖലയിലെ നിക്ഷേപത്തിന്റെ പ്രാധാന്യം ഇതിലൂടെ മനസിലാക്കാൻ കഴിയുന്നു. സാമൂഹ്യ മേഖലയിൽ നിക്ഷേപങ്ങൾ വികസന സൂചികയുടെ സ്കോറിങ്ങിനെ എപ്രകാരം സ്വാധീനിക്കുന്നു എന്ന് ആഴത്തിൽ മനസിലാക്കാൻ ഇത് സഹായകമാകുന്നു. സാമ്പത്തിക വിദഗ്ധർക്കും ഒപ്പം നയരൂപീകരണ കർത്താക്കൾക്കും ഇത്തരം കാര്യങ്ങളിൽ വ്യക്തമായ ഉൾക്കാഴ്ച നൽകുന്നതിന് ഇത് സഹായകരമാണ്.

വിദ്യാഭ്യാസ സൂചിക ആശ്രിത വേരിയബിൾ ആയും പ്രതിശീർഷ വിദ്യാഭ്യാസ ചെലവ്, പ്രതിശീർഷ ജി എസ് ഡി പി എന്നിവ പ്രെഡിക്റ്റർ വേരിയബിൾ ആയും കണക്കാക്കി എഫക്റ്റ് റിഗ്രഷൻ എന്ന സങ്കേതം ഉപയോഗിച്ചാണ് ഈ മോഡൽ തയാറാക്കിയത്.

ഇതിന്റെ ഫലങ്ങൾ വ്യക്തമാക്കുന്നത്, പ്രതിശീർഷ വിദ്യാഭ്യാസ ചെലവും സംസ്ഥാന പ്രതിശീർഷ ജി ഡി പിയും വിദ്യാഭ്യാസ സൂചികയുമായി നേരിട്ട് തന്നെ ബന്ധം പുലർത്തുന്നു എന്നാണ് (പട്ടിക 2).

കൂടുതൽ വ്യക്തമായി പറഞ്ഞാൽ, പ്രതിശീർഷ വിദ്യാഭ്യാസ ചെലവിൽ ഉണ്ടാകുന്ന ഒരു ശതമാനം വർധന വിദ്യാഭ്യാസ സൂചികയിൽ 0.054 യൂണിറ്റിന്റെ വളർച്ചക്ക് കാരണമാകുന്നു.

**Table 2:** Regression results

| | *Dependent variable:* |
|---|---|
| | Edu_index |
| log_Edu_exp_percapita | 0.054*** |
| | (0.004) |
| log_SGDP_percapita | 0.049*** |
| | (0.005) |
| Observations | 732 |
| $R^2$ | 0.487 |
| Adjusted $R^2$ | 0.464 |
| F Statistic | 332.450*** (df = 2; 699) |
| *Note:* | *p<0.1; **p<0.05; ***p<0.01 |

മറ്റു വേരിയബിളുകൾ സ്ഥിരത പുലർത്തുന്നു എന്ന അനുമാനത്തിലാണ് ഇത് കണക്കാക്കിയിരിക്കുന്നത്. അതുപോലെ പ്രതിശീർഷ ജി എസ് ഡി പിയിൽ ഉണ്ടാകുന്ന ഒരു ശതമാനം വളർച്ച വിദ്യാഭ്യാസ സൂചികയിൽ ഏകദേശം 0.049 യൂണിറ്റിന്റെ വളർച്ചക്ക് കാരണമാകുന്നു.

അതായത് ഉയർന്ന പ്രതിശീർഷ വിദ്യാഭാസ ചെലവും ഉയർന്ന ആളോഹരി ജി എസ് ഡി പിയും ഉയർന്ന വിദ്യാഭ്യാസ സൂചികക്ക് കാരണമായി മാറുന്നു. വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ ഫണ്ട് വിനിയോഗിക്കുന്നതും പൊതുവിൽ ഉണ്ടാകുന്ന സാമ്പത്തികമായ പുരോഗതിയും വിദ്യാഭാസ മേഖലയുടെ വളർച്ചക്ക് നിദാനമാകുന്നു.

0.46404 എന്ന ആർ സ്ക്വയർ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ, കുറച്ചുക്കൂടി വിശദമായി ഈ മോഡൽ വഴി മനസിലാക്കാൻ കഴിയുന്നുണ്ട്. വിദ്യാഭ്യാസ സൂചികയിൽ സംഭവിക്കുന്ന 46.4 ശതമാനം വരെയുള്ള മാറ്റങ്ങൾ ഈ മാതൃകയിൽ പ്രിഡിക്റ്റർ വേരിയബിൾ വഴിയായി വിലയിരുത്താൻ കഴിയുന്നതാണ്.

**കേരളവും ബിഹാറും – ഒരു താരതമ്യ പഠനം**

കേരളവും ബിഹാറും വളരെ വ്യത്യസ്തമായ ചിത്രങ്ങൾ നൽകുന്ന രണ്ടു സംസ്ഥാനങ്ങളാണ്. കേരളത്തിന്റെ കാര്യമെടുത്താൽ എച്ച് ഡി ഐ സ്കോറിൽ തുടർച്ചയായ മുന്നേറ്റം പ്രകടമാക്കുന്നത് കാണാം. എന്നാൽ ബീഹാറിന്റെ കാര്യത്തിൽ എച്ച് ഡി ഐ സ്കോർ ഏറെ പിന്നോക്കം പോകുന്ന തരത്തിൽ നിരവധി വെല്ലുവിളികൾ ആ സംസ്ഥാനം നേരിടുന്നതായി കാണാം.

ജനസംഖ്യ വിതരണം, വരുമാനം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ഇരു സംസ്ഥാനങ്ങളും കൈവരിച്ച സൂചികകളുടെ വിവരങ്ങൾ പട്ടികയിൽ കാണാവുന്നതാണ് (പട്ടിക 3) & (രേഖാചിത്രം – 3 & രേഖാചിത്രം – 4 :)

1991 മുതൽ 2021 വരെയുള്ള കാലയളവിലെ ബീഹാർ, കേരളം എന്നീ സംസ്ഥാനങ്ങളുടെ മാനവ വികസന സൂചികയിൽ പ്രവണതയാണ് മൂന്നാമത്തെ രേഖാചിത്രത്തിലുള്ളത്. ഇക്കാലയളവിൽ കേരളം ബിഹാറിനെക്കാൾ ഉയർന്ന എച്ച് ഡി ഐ നിലവാരം സൂക്ഷിച്ചതായി ഇതിൽ നിന്നും വ്യക്തമാകുന്നുണ്ട്. ഈ രണ്ടു സംസ്ഥാനങ്ങളും തമ്മിൽ ഇക്കാര്യത്തിൽ വലിയ അന്തരമാണുള്ളത്. മാനവ വികസന മേഖലയിലെ നേട്ടങ്ങളുടെ കാര്യത്തിൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ അജഗജാന്തര വ്യത്യാസമുണ്ടെന്ന് കാണാം.

ഇക്കാലയളവിലെ ഇരു സംസ്ഥാനങ്ങളുടെയും പ്രതിശീർഷ സാമൂഹ്യ ചെലവഴിക്കലാണ് നാലാമത്തെ രേഖാചിത്രത്തിലുള്ളത്. ഇക്കാര്യത്തിലും കേരളം ബിഹാറിനെക്കാൾ ബഹുദൂരം മുന്നിലാണെന്ന് കാണാവുന്നതാണ്. 2005 വരെ ഈ അന്തരം കാര്യമായി ഉയരുന്നത് കാണാം. അതിനു ശേഷം കേരളത്തിന്റെ പ്രതിശീർഷ ചെലവഴിക്കൽ കാര്യമായി ഉയർന്നു. അതോടെ ഇരു സംസ്ഥാനങ്ങളും തമ്മിലുള്ള അന്തരം വളരെ ഉയർന്ന തോതിലായി.

കേരളത്തിന്റെ ഉയർന്ന എച്ച് ഡി ഐ തോതിന് നിരവധി കാരണങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. വികേന്ദ്രീകൃത ഭരണ സംവിധാനം നടപ്പാക്കുന്ന കാര്യത്തിൽ കേരളം കാണിച്ച ദൃഢനിശ്ചയം ഇതിന് കാരണമാണ്. പ്രാദേശികമായി ശക്തമായ സർക്കാരുകൾ ഉണ്ടാകുന്നതിന് ഇത് സഹായകമായി. ജനകീയ ആസൂത്രണം

**Table 3 :** Socio-Economic Indicators - Bihar vs. Kerala

| INDICATORS | | | |
|---|---|---|---|
| DEMOGRAPHY | | | |
| S.No. | Indices | Bihar | Kerala |
| 1 | Total Population - 2001 | 84386000 | 31972000 |
| 2 | Total Population - 2011 | 105057000 | 33502000 |
| 3 | Sex Ratio - 2001 | 919 | 1058 |
| 4 | Sex Ratio - 2011 | 918 | 1084 |
| INCOME | | | |
| 1 | GSDP per capita - 1991 | 2656.158 | 9718.177 |
| 2 | GSDP per capita - 2001 | 7330.305 | 30694.04 |
| 3 | GSDP per capita - 2011 | 23524.75 | 108664.5 |
| 4 | GSDP per capita - 2021 | 52378.69 | 264974 |
| 5 | Percentage of population below poverty line - 1993 | 60.5 | 31.3 |
| 6 | Percentage of population below poverty line - 2004 | 54.4 | 19.7 |
| 7 | Percentage of population below poverty line - 2011 | 33.74 | 7.05 |
| EDUCATION | | | |
| 1 | Literacy rate - 1991 | 37.49 | 89.81 |
| 2 | Literacy rate - 2001 | 47 | 90.86 |
| 3 | Literacy rate - 2011 | 61.8 | 94 |
| 4 | Literacy rate - 2022 | 70.9 | 96.2 |
| 5 | Gross Enrollment Ratio (%) Elementary schools - 2021 | 96.2 | 101 |
| 6 | Gross Enrollment Ratio (%) Secondary schools - 2021 | 64.9 | 97.9 |
| 7 | Gross Enrollment Ratio (%) Sr. secondary schools - 2021 | 35.9 | 85 |
| HEALTH | | | |
| 1 | Life expectancy at birth (2014 - 2018) | 69.1 | 75.3 |
| 2 | IMR 1992 | 89.2 | 23.8 |
| 3 | IMR 2005 | 62 | 15 |
| 4 | IMR 2019-2021 | 46.8 | 4.4 |
| 5 | MMR 2010-2012 | 22.8 | 3.3 |
| 6 | MMR 2015-2017 | 16.9 | 1.9 |
| 7 | MMR 2018-2020 | 11.2 | 0.9 |

**Figure 3:** HDI trends of Bihar and Kerala




**Figure 4:** Social sector expenditure per capita trends of Bihar and Kerala



ഉൾപ്പടെയുള്ള പദ്ധതികൾ വഴിയായി കേരളം പങ്കാളിത്ത ജനാധിപത്യ സംസ്കാരത്തിന് വഴിയൊരുക്കി.

കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രി ആയിരുന്ന ഇ എം എസ് നമ്പൂതിരിപ്പാട് നടപ്പിലാക്കിയ ജനകീയ ക്യാമ്പയിൻ ഇക്കാര്യത്തിൽ ഒരു മികച്ച തുടക്കം നൽകുകയുണ്ടായി. തൊണ്ണൂറുകളുടെ തുടക്കത്തിൽ ഇതിന്റെ ഭാഗമായി വികേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി. പ്രാദേശിക ജനവിഭാഗങ്ങൾക്ക് തീരുമാനങ്ങൾ എടുക്കുന്ന കാര്യത്തിൽ നിർണ്ണായകമായ പ്രാധാന്യം ഇതുവഴി കൈവന്നു. മുകളിൽ നിന്നും താഴോട്ട് നടപ്പാക്കിയിരുന്ന പദ്ധതികളിൽ നിന്നും കാതലായ മാറ്റം ഇതുവഴി കൊണ്ട് വരാൻ കഴിഞ്ഞു. അധികാരം താഴെ തട്ടിലുള്ള ജനങ്ങളിലേക്ക് എത്തിക്കുവാൻ കഴിഞ്ഞു. കേരളത്തിൽ വലിയ പരിണാമത്തിന് വഴി മരുന്നിട്ട ഒരു നീക്കമായിരുന്നു ഇത്. അതോടെ വികേന്ദ്രീകൃത ആസൂത്രണം സംസ്ഥാന വികസനത്തിന്റെ മൂലക്കല്ലായി മാറുകയായിരുന്നു.

അടിസ്ഥാനതലങ്ങളിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾ, സ്ത്രീകളുടെ കൂട്ടായ്മകൾ, യുവാക്കളുടെ സംഘടനകൾ തുടങ്ങിയ പല സംവിധാനങ്ങളും സാമൂഹ്യമായ മുന്നേറ്റത്തിനും പുതിയ ആശയങ്ങളുടെ പ്രകാശനത്തിനും സഹായകമായിട്ടുണ്ട്. 1998 ൽ സംസ്ഥാന സർക്കാർ തുടക്കം കുറിച്ച കുടുംബശ്രീ അത്തരത്തിലുള്ള ശക്തമായ ഒരു പ്രസ്ഥാനമാണ്. അത് സ്ത്രീകൾക്കിടയിൽ സാമ്പത്തിക സ്വാശ്രയത്വം വളർത്തുന്നതിനും സാമൂഹികമായ മുന്നേറ്റത്തിനും സഹായകമായിട്ടുണ്ട്. വരുമാനം ഉറപ്പാക്കാൻ കഴിയുന്ന മൈക്രോ സ്ഥാപനങ്ങൾ, സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾ നടപ്പാക്കാൻ ഇതുവഴി കഴിഞ്ഞിട്ടുണ്ട്.

സാമൂഹ്യക്ഷേമ പദ്ധതികൾക്കും മാനവശേഷി മൂലധന വികാസത്തിനും കൂടുതൽ ഊന്നൽ നൽകിയത് വഴി വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ആരോഗ്യ മേഖലയുടെ പുരോഗതിക്കും സഹായകമായിട്ടുണ്ട്. കേരളത്തിന്റെ മികച്ച വിദ്യാഭ്യാസ സംവിധാനം സംസ്ഥാനത്തെ നിരക്ഷരത നിർമാർജനം ചെയ്യുന്നതിന് ഏറെ സഹായകമായിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആരോഗ്യ രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ മികച്ചതാണെന്ന് മാത്രമല്ല, പല വികസിത രാജ്യങ്ങൾക്കും ഒപ്പം നിൽക്കുന്നതുമാണ്. തൊള്ളായിരത്തി എഴുപതുകളിൽ തന്നെ കേരളത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ വിദൂര ഗ്രാമങ്ങളിൽ പോലും പ്രവർത്തനമാരംഭിക്കുകയുണ്ടായി. മരണ നിരക്ക്, ശിശുമരണ നിരക്ക് തുടങ്ങിയ കാര്യങ്ങളിൽ വലിയ തോതിൽ ഇടിവുണ്ടായിട്ടുണ്ട്. സംസ്ഥാനത്തെ പൊതു ആരോഗ്യ മേഖലയോടുള്ള ആത്മാർത്ഥമായ സമീപനമാണ് ഇതിന് കാരണം. പത്തൊമ്പതാം നൂറ്റാണ്ടിൽ തന്നെ പരമ്പരാഗത ആയുർവേദ ചികിത്സ രീതികൾക്കൊപ്പം ആധുനിക വൈദ്യശാസ്ത്രവും കേരളത്തിൽ സജീവമാവുകയുണ്ടായി. ഇത് സംസ്ഥാനത്തിന്റെ ആരോഗ്യ മേഖലയെ കൂടുതൽ ശക്തമാക്കിയതിന് പുറമെ, ആയുർദൈർഘ്യം ഉൾപ്പടെയുള്ള കാര്യങ്ങളിൽ ജപ്പാൻ പോലുള്ള രാജ്യങ്ങൾക്കൊപ്പം നിലയുറപ്പിക്കാൻ സാഹചര്യമൊരുക്കി.

എന്നാൽ ഈ ഉയർന്ന ജീവിത നിലവാരം കാത്തുസൂക്ഷിക്കുന്ന കാര്യത്തിൽ കേരളം നേരിടുന്ന വെല്ലുവിളികൾ ഒട്ടും ചെറുതല്ല. ജനസംഖ്യ പരമായ പരിണാമത്തിനും പകർച്ച വ്യാധികൾ അടക്കമുള്ള രോഗങ്ങൾ പെരുകുന്നതും ആരോഗ്യ മേഖലയ്ക്ക് വലിയ ഭീഷണിയാണ് ഉയർത്തുന്നത്. കേരളം ഉയർന്ന സാക്ഷരത കൈവരിച്ചിട്ടുണ്ടെങ്കിലും വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഒരു പ്രശ്നമായി തുടരുകയാണ്. ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള പണവരവിനെ അമിതമായി ആശ്രയിക്കുന്നത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വലിയ

വെല്ലുവിളിയാണ്. ഇത്തരം വെല്ലുവിളികളെ എങ്ങനെ നേരിടുന്നുവെന്നത് സംസ്ഥാനം ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്ന കാര്യത്തിൽ വളരെ നിർണ്ണായകമാണ്.

എന്നാൽ ബീഹാറിന്റെ കാര്യമെടുത്താൽ ആസൂത്രണ രംഗത്തടക്കം ജനകീയ പങ്കാളിത്തം തുലോം പരിമിതമായത് മൂലം എച്ച് ഡി ഐ സ്കോർ താഴ്ന്ന നിലയിലാണ്. വിദ്യാഭ്യാസം, ആരോഗ്യ മേഖലകളിലെ സൂചകങ്ങൾ കുറഞ്ഞ സ്കോർ ആണ് രേഖപ്പെടുത്തുന്നത്. സാമൂഹ്യ ക്ഷേമ പദ്ധതികളിലെ പ്രതിശീർഷ ചെലവഴിക്കൽ സമീപകാലത്തായി ഉയർന്നിട്ടുണ്ട്. പക്ഷെ അത് വികസന സൂചികകളുടെ നേട്ടമായി പരിവർത്തനം ചെയ്യപെടുന്നില്ലെന്ന് കാണാം. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, പരിമിതമായ ആരോഗ്യ സേവനങ്ങൾ തുടങ്ങിയവയാണ് ഇതിന് കാരണം.

ചരിത്രപരമായി തന്നെ ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ ബീഹാറിന്റെ നിക്ഷേപം വളരെ കുറവാണ്. അതോടൊപ്പം സാമൂഹ്യവും രാഷ്ട്രീയവുമായ പ്രശ്നങ്ങളും മികച്ച എച്ച് ഡി ഐ സ്കോർ നേടുന്നതിന് തടസം നിൽക്കുന്നു. ദശകങ്ങളായി തുടരുന്ന വികസന മുരടിപ്പ് ബീഹാർ എന്ന സംസ്ഥാനത്തെ അതിദരിദ്രമായ അവസ്ഥയിലേക്ക് തള്ളിവിട്ടിരിക്കുന്നതായി കാണാം.

കുറഞ്ഞ സാക്ഷരതാ നിരക്ക്, സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, സ്കൂളുകളിൽ നിന്നുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തുടങ്ങിയ പല കാരണങ്ങളാൽ സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗം ശോചനീയമായ നിലയിലാണ്. ഇത് പരിഹരിക്കുന്നതിന് പല വിധത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ബിഹാറിലെ ഗ്രാമീണ മേഖലയിലെ വിദ്യാഭ്യാസ സാഹചര്യങ്ങൾ ഇപ്പോഴും ശോചനീയമായ സ്ഥിതിയിലാണുള്ളത്.

അഴിമതി, രാഷ്ട്രീയമായ അസ്ഥിരത, സർക്കാർ സേവനങ്ങളുടെ അപര്യാപ്തത തുടങ്ങിയ കാരണങ്ങളും സ്ഥിതി കൂടുതൽ സങ്കീർണ്ണമാക്കുകയുണ്ടായി. രാഷ്ട്രീയമായ അനിശ്ചിതത്വം, അടിക്കടിയുള്ള നേതൃമാറ്റം തുടങ്ങിയ കാരണങ്ങളാൽ നയങ്ങൾ നടപ്പാക്കുന്ന കാര്യത്തിലെ നൈരന്തര്യം നഷ്ടപെടുത്തുകയുണ്ടായി. ഇത് ദീർഘകാല ആസൂത്രണത്തെയും വികസന പ്രവർത്തനങ്ങളെയും സാരമായി ബാധിച്ചിട്ടുണ്ട്. ബീഹാറിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും വരൾച്ചാ സാധ്യതയും കാര്യങ്ങൾ കൂടുതൽ പ്രതികൂലമാക്കി.

കേരളത്തിന്റെ കാര്യത്തിലേക്ക് വന്നാൽ വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ കൂടുതൽ നിക്ഷേപം നടത്തുന്നതും കുടുംബശ്രീ പോലുള്ള പ്രസ്ഥാനങ്ങളെ കൂടുതൽ ശക്തമാക്കുന്നതും സംസ്ഥാനത്തെ മികച്ച നിലയിലേക്ക് നയിക്കും എന്ന കാര്യത്തിൽ സംശയമില്ല. അത് മറ്റു സംസ്ഥാനങ്ങൾക്ക് ഒരു മാതൃകയാണ്. ആകസ്മികമായ തിരിച്ചടികൾ നേരിടുന്നതിന് വൈവിധ്യമാർന്ന സാമ്പത്തിക നിലപാടുകൾ ആവശ്യമാണ്. ദാരിദ്ര്യം, ആരോഗ്യ സേവനങ്ങൾ, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങൾക്ക് ഊന്നൽ നൽകുന്ന സമീപനം ബീഹാർ കൈക്കൊള്ളേണ്ടതായിട്ടുണ്ട്. അതോടൊപ്പം വികേന്ദ്രീകൃതമായ ഭരണരീതികളും സാമൂഹ്യ പങ്കാളിത്തവും ഉറപ്പ് വരുത്തേണ്ടതായിട്ടുണ്ട്. നയരൂപീകരണ കർത്താക്കൾ, പൗരന്മാർ, സാമൂഹ്യ കൂട്ടായ്മകൾ തുടങ്ങിയവയുടെ കൂട്ടായ പ്രവർത്തനം വഴിയാണ് സമത്വം പുലരുന്ന ഒരു സമൂഹത്തെ വാർത്തെടുക്കാൻ കഴിയൂ.

**ഉപസംഹാരം**

സാമൂഹ്യ മേഖലയിലെ പ്രതിശീർഷ ചെലവഴിക്കലും മാനവ വികസന സൂചികകളുടെ മാറ്റവും തമ്മിൽ ദീർഘകാലാടിസ്ഥാനത്തിൽ ഒരു ബന്ധം നിലനിൽക്കുന്നു എന്നതാണ് ഈ പഠനത്തിൽ നിന്നും വ്യക്തമായിരിക്കുന്നത്. അതായത് പൊതുചെലവുകൾ ഉയർത്തുന്നത് മാനവ വികസനത്തെ ഏറെ പോസിറ്റീവായി സ്വാധീനിക്കുന്നു എന്ന് സാരം. അതുകൊണ്ട് വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ നിക്ഷേപത്തിന്റെ തോത് തുടർച്ചയായി തന്നെ ഉയർത്തേണ്ടത് ആവശ്യമായ ഒന്നാണ്. സംസ്ഥാനങ്ങളിലെയും കേന്ദ്രത്തിലെയും സർക്കാരുകൾ ഇത്തരത്തിൽ പൊതുചെലവുകൾ ഉയർത്തുന്നതിന് മുന്തിയ പരിഗണന നൽകേണ്ടതുണ്ട്. പ്രാദേശികമായ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനും ഒപ്പം എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനം ഉറപ്പാക്കുന്നതിനും ഇത്തരം ശ്രമങ്ങൾ അനുപേക്ഷണീയമാണ്.

അതുപോലെ തന്നെ പ്രതിശീർഷ വിഭ്യാഭ്യാസ ചെലവഴിക്കലും ആളോഹരി വരുമാനവും തമ്മിലുള്ള ബന്ധത്തിലേക്ക് ഈ പഠനം വെളിച്ചം വീശുന്നുണ്ട്. അതായത് വിദ്യാഭ്യാസ സൂചികയിലെ മാറ്റങ്ങളിൽ ഈ രണ്ടു ഘടകങ്ങളും നിർണ്ണായകമായ സ്വാധീനമാണ് ചെലുത്തുന്നത്. പ്രതിശീർഷ വിദ്യാഭ്യാസ ചെലവുകൾ ഒരു നിർണ്ണായക ഘടകമാണെന്നിരിക്കെ വിദ്യാഭ്യാസ മേഖലയെ ലക്ഷ്യം വച്ചുള്ള ചെലവുകൾ ഇതിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ്. അത് മാനവ മൂലധനത്തെ പരിപോഷിപ്പിക്കുന്നതിന് പുറമെ ഉല്പദനക്ഷമത ഉയർത്തുകയും സാമൂഹ്യ, സാമ്പത്തിക മേഖലകളിൽ പുതിയ അവസരങ്ങൾ സൃക്ഷ്ടിക്കുകയും ചെയ്യുന്നതായി കാണാം.

കേരളവും ബിഹാറും തമ്മിലുള്ള താരതമ്യ പഠനം നടത്തുമ്പോൾ വെളിവാകുന്നത് ജനകീയ പങ്കാളിത്തത്തിന്റെ വലിയ പ്രാധാന്യമാണ്. ഒപ്പം തന്നെ വികേന്ദ്രീകൃത ഭരണ നിർവഹണവും അടിസ്ഥാന ജനവിഭാഗങ്ങളെ ശക്തമാക്കലും നയപരമായ മികച്ച ഇടപെടലും എച്ച് ഡി ഐ സ്കോറിനെ സ്വാധീനിക്കുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം മികച്ച സാമൂഹ്യ ക്ഷേമ പദ്ധതികളും അടിസ്ഥാന മേഖലകളുടെ ശാക്തീകരണവും വഴി വലിയ മുന്നേറ്റം എച്ച് ഡി ഐയുടെ കാര്യത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങൾക്ക് ഇത് മാതൃകയാക്കാവുന്നതാണ്. ബീഹാർ പോലുള്ള സംസ്ഥാനങ്ങൾ സാമൂഹ്യ വികസന രംഗത്ത് കടുത്ത വെല്ലുവിളിയാണ് നേരിടുന്നത്. ചരിത്രപരമായി തന്നെയുള്ള നിക്ഷേപങ്ങളുടെ അപര്യാപ്തത, ഭരണപരമായ പ്രശ്നങ്ങൾ തുടങ്ങിയ നിരവധി വെല്ലുവിളികൾ ബീഹാർ നേരിടുന്നുണ്ട്. അടിയന്തിരമായി തന്നെ സമഗ്രമായ അഴിച്ചുപണി നടത്തുക എന്നതാണ് സാമൂഹ്യ സൂചികകൾ മെച്ചപ്പെടുത്തുന്നതിന് ഈ സംസ്ഥാനം ചെയ്യേണ്ടത്.

പൊതുവിൽ നോക്കുമ്പോൾ മാനവ വികസനം, സാമൂഹ്യ ക്ഷേമം തുടങ്ങിയ വിഷയങ്ങളിൽ വ്യക്തമായ നിരവധി ഉദാഹരണങ്ങളും നയപരമായ ഉൾക്കാഴ്ചയും ഈ പഠനം നൽകുന്നുണ്ട്. പ്രാദേശികമായ അസമത്വങ്ങൾക്കുള്ള പരിഹാരം, പൊതുസേവനങ്ങളുടെ നിലവാരം ഉയർത്തൽ, പങ്കാളിത്ത ഭരണ നിർവഹണം തുടങ്ങിയ കാര്യങ്ങൾ ഏറെ പ്രാധാന്യമർഹിക്കുന്നവയാണ്.

സാമൂഹ്യമായ ചെലവഴിക്കുന്നതിൽ പരമാവധി ഫലപ്രാപ്തി ഉണ്ടാകുന്നതിന് സർക്കാർ ഏജൻസികൾ, സാമൂഹിക സംഘടനകൾ, പ്രാദേശിക ജനവിഭാഗങ്ങൾ തുടങ്ങിയവയുടെ

ക്രിയാത്മകമായ സഹകരണം ആവശ്യമാണ്. തുടർച്ചയായ നിരീക്ഷണം, വിലയിരുത്തൽ, നയപരമായ മാറ്റങ്ങൾ തുടങ്ങിയ മാർഗങ്ങളിലൂടെ ഇന്ത്യക്ക് വികസന രംഗത്ത് ഇന്ന് കാണുന്ന സങ്കീർണ്ണതകൾ മറി കടക്കാൻ കഴിയുന്നതാണ്.

ഈ പഠനത്തിന് അതിന്റേതായ ചില പരിമിതികളുണ്ട്. പഠനത്തിന്റെ പരിപ്രേഷ്യത്തിന് പുറമെയുള്ള ഘടകങ്ങളുടെ സ്വാധീനം, പ്രതിശീർഷ ചെലവഴിക്കലും എച്ച് ഡി ഐയും തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്ന കാര്യത്തിലെ സങ്കീർണ്ണമായ വശങ്ങൾ, വികസന രംഗത്ത് ഉയർന്നു വരുന്ന വെല്ലുവിളികൾ തുടങ്ങിയ കാര്യങ്ങൾ അതിൽ എടുത്തു പറയത്തക്കതാണ്. എന്നാൽ ഇക്കാര്യത്തിൽ വിവിധ ഘടകങ്ങളുടെ സഹകരണം വഴിയായി എല്ലാവരെയും ഉൾക്കൊള്ളുന്ന സമതുധിഷ്ഠിതമായ വികസന പ്രക്രിയയിലേക്ക് നീങ്ങുവാൻ കഴിയുന്നതാണ്. നയപരമായ ഇടപെടലുകളുടെ സാദ്ധ്യതകൾ അടക്കമുള്ള കാര്യങ്ങളിൽ കൂടുതൽ ഗവേഷണങ്ങൾ ആവശ്യമാണ്. സ്ഥിതിവിവരക്കണക്കുകളുടെ സഹായത്തോടെ വികസന കാര്യത്തിലെ ലക്ഷ്യങ്ങൾ നേടുന്നതിന് കൂടുതൽ ഊന്നൽ നൽകേണ്ടതാണ്.

സാമൂഹ്യ മേഖലയിലെ ചെലവുകളും മാനവ വികസന സൂചികകളും തമ്മിൽ പോസിറ്റീവായ ബന്ധം നിലനിൽക്കുന്നു എന്നതാണ് ഈ പഠനത്തിന്റെ ഏറ്റവും ശ്രദ്ധേയമായ കണ്ടെത്തൽ. സാമൂഹ്യ ക്ഷേമ മേഖലയിലെ ചെലവുകൾ ഉയർത്തേണ്ടത് അനിവാര്യമാണ് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഇതിനായി പ്രാവർത്തികമാക്കാൻ കഴിയുന്ന നയപരമായ ചില നിർദ്ദേശങ്ങളാണ് താഴെ നൽകിയിരിക്കുന്നത്.

വിദ്യാഭ്യാസ മേഖലയിൽ നിക്ഷേപം ഉയർത്തുന്നതിന് മുൻതൂക്കം നൽകുക. സാക്ഷരതാ നിരക്ക് കുറവുള്ളതും കുട്ടികൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേരുന്നത് കുറവായതുമായ സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം. മാനവ ശേഷി മൂലധനം ഉയർത്തുന്നതിനും സുസ്ഥിര വികസനം ഉറപ്പ് വരുത്തുന്നതിനും ഇത് അനിവാര്യമാണ്.

വികസന രംഗത്ത് മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുള്ള സംസ്ഥാനങ്ങളുടെ പാഠങ്ങൾ ഉൾക്കൊള്ളാൻ മറ്റു സംസ്ഥാനങ്ങൾ തയ്യാറാകണം.

വികേന്ദ്രീകൃത ഭരണം ശക്തമാക്കുന്നതിന് പുറമെ അടിസ്ഥാന ജനവിഭഗങ്ങളെ ശക്തമാക്കുവാനും കഴിയണം. സേവനങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ ഇത് ആവശ്യമാണ്.

ഓരോ പദ്ധതിയുടെ കാര്യത്തിലും കൃത്യമായ നിരീക്ഷണവും വിലയിരുത്തിനുള്ള ക്രമീകരണവും ഉണ്ടാകണം. അനുഭവങ്ങളുടെ അടിസ്ഥാനത്തിലുള്ള തുടർച്ചയായ നവീകരണത്തിന് ഇത് അനുപേക്ഷണീയമാണ്.

***നന്ദി***

*ഈ പഠനം നടത്തുന്നതിന് ആവശ്യമായ സഹായസഹകരണം നൽകിയ ഗോഖലെ ഇൻസ്റ്റിട്യൂട്ട് ഓഫ് പൊളിറ്റിക്സ് ആൻഡ് ഇക്കണോമിക്സിലെ പ്രഫസർ ഡോ.കെ.എസ് ഹരിയോടുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.*

■

(കേരള സർവകലാശാലയുടെ കാര്യവട്ടം കാമ്പസിലെ ഇക്കണോമിക്സ് വിഭാഗത്തിൽ പോസ്റ്റ് ഗ്രാഡുവേറ്റ് വിദ്യാർത്ഥിയാണ് കൃഷ്ണനന്ദന പി. ജി).

## References

Agarwal, P. (2015). Social Sector Expenditure and Human Development: Empirical Analysis of Indian States. Indian Journal of Human Development, 9(2). https://doi.org/10.1177/0973703020150202

Das, R. C., Mandal, C., & Patra, A. K. (2021). Linkage between social sector's spending and HDI: study on individual as well as panel data of Indian states. Review of Social Economy, 79(2), 357-379. https://doi.org/10.1080/00346764.2019.1671605

Dev, S. M., & Mooij, J. (2003). Patterns in Social Sector Expenditures: Pre- and Post-Reform Period. In SS Staff Group 2: States, Societies and World Development.

Filmer, D., & Pritchett, L. (1997). Child Mortality and Public Spending on Health: How Much Does Money Matter? Policy Research Working Papers- World Bank Wps.

Ghosh, M. (2011). Regional Disparities in Education, Health and Human Development in India. Indian Journal of Human Development, 5(1). https://doi.org/10.1177/0973703020110101

Jha, R., Bagala Biswal, I., & Biswal, U. D. (2000). An Empirical Analysis of the Impact of Public Expenditures on Education and Health on Poverty in Indian States. RePEc.

Kaur, B., Misra, S., & Suresh, A. K. (2013). Cyclicality of Social Sector Expenditures: Evidence from Indian States. Reserve Bank of India Occasional Papers, 34(1).

Mallick, L., & Dash, D. P. (2015). article on education-gdp in india Does Expenditure on Education Affect Economic Growth in India?? Evidence from Cointegration and Granger Causality Analysis. Theoretical and Applied Economics, 22(4 (605).

Ray, M., & Sarangi, M. (2021). Causal Linkage Between Social Sector Expenditure and Economic Growth: Evidence From India. Indian Journal of Economics and Business, 20(2).

*കേരള ഇക്കോണമി*
*പുസ്തകം 6 ലക്കം 4*
*ഒക്ടോബർ– ഡിസംബർ 2025*

GIFT GULATI INSTITUTE OF FINANCE AND TAXATION

# ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ ചികിത്സാ ചെലവുകൾ കുറയ്ക്കുന്നതിന് സഹായകമാണോ ? കേരളത്തിന്റെ പശ്ചാത്തലത്തിൽ ഒരു പരിശോധന

സ്വാതി വർമ്മ പി.ആർ

**സംഗ്രഹം**

*ആരോഗ്യ മേഖലയിലെ പൊതുചെലവുകൾ, സേവനങ്ങളുടെ ലഭ്യത, വിദഗ്ധരുടെ സേവനങ്ങൾ തുടങ്ങിയ പല കാര്യങ്ങളും പരിഗണിക്കുമ്പോൾ ഇന്ത്യ വൈവിധ്യമാർന്ന ഒരു ചിത്രമാണ് നൽകുന്നത്. സംസ്ഥാനങ്ങളെടുത്താൽ ഓരോ വ്യക്തിയുടെയും ആരോഗ്യ സംബന്ധമായ ചെലവിന്റെ കാര്യത്തിൽ (പ്രതിശീർഷ ചെലവഴിക്കൽ) വളരെ വ്യത്യസ്തമായ സ്ഥിതിയാണ് കാണുന്നത്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ പൊതുവെ പ്രതിശീർഷ ആരോഗ്യ ചെലവഴിക്കൽ ഉയർന്ന തോതിലാണ്. ആരോഗ്യ രംഗത്തെ സാമൂഹിക ഇടപെടൽ ഈ സംസ്ഥാനങ്ങളിൽ കൂടുതൽ ശക്തമാണ് എന്നതാണ് ഇതിന് കാരണം. പ്രതിശീർഷ ചെലവിന്റെ കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളേക്കാൾ ഏറെ മുന്നിലാണ്. മധ്യപ്രദേശ്, ഉത്തർപ്രദേശ്, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽ പ്രതിശീർഷ ആരോഗ്യ ചെലവഴിക്കൽ തുലോം കുറവാണ്. എന്നിരുന്നാലും ചികിത്സാവശ്യങ്ങൾക്കായി സ്വന്തം പോക്കറ്റിൽ നിന്നും ഏറ്റവും കൂടുതൽ പണം ചെലവഴിക്കേണ്ടി (ഒ ഒ പി ഇ) വരുന്ന സംസ്ഥാനം കേരളമാണ്. നാഷണൽ ഹെൽത് അക്കൗണ്ട്സിന്റെ കണക്കുകൾ പ്രകാരം 2016–17 ൽ സംസ്ഥാനത്ത ആരോഗ്യ സംബന്ധമായ ചെലവുകളുടെ 58.7 ശതമാനവും വ്യക്തികൾ സ്വന്തം നിലയിൽ വഹിച്ചതാണ്. ഇന്ത്യൻ സമ്പദ്ഘടനയുടെ ചിത്രം കണക്കിലെടുക്കുമ്പോൾ ഗ്രാമീണ മേഖലയിൽ 12 ശതമാനം ആളുകളും നഗര മേഖലകളിൽ 8 ശതമാനം പേരും ദാരിദ്ര്യ രേഖക്ക് താഴെയാണ് (പീറ്റർ ബർമൻ, രാജീവ് അഹൂജ, 2004). (പട്ടയറ്റ്, പരിദ, അശ്വതി, 2022). അതുകൊണ്ട് എല്ലവർക്കും ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ചികിത്സ ആവശ്യങ്ങൾക്കായുള്ള വ്യക്തിഗതമായ ചെലവുകൾ കുറയ്ക്കുന്നതിനും സാമ്പത്തികമായ സംരക്ഷണം ഉറപ്പാക്കുന്ന നയസമീപനങ്ങൾ അനിവാര്യമാണെന്ന് കാണാം.*

*ഈ പശ്ചാത്തലത്തിൽ കേരളത്തിൽ പൊതുഫണ്ടുകൾ വഴി പ്രവർത്തിക്കുന്ന ഇൻഷുറൻസ് പദ്ധതികളുടെ ഫലപ്രാപ്തിയെ കുറിച്ചാണ് ഈ പഠനം പരിശോധിച്ചത്. ആരോഗ്യ സേവനങ്ങൾ ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ, സ്വന്തമായി വേണ്ടി വരുന്ന ചെലവുകൾ കുറയ്ക്കുക, ചികിത്സ ആവശ്യങ്ങൾക്കായുള്ള ചെലവുകൾ തുടങ്ങിയ കാര്യങ്ങൾക്ക് ഊന്നൽ നൽകിയാണ് ഈ പഠനം നടത്തിയത്. എൻ എസ് എസ് ഒ നടത്തിയ 71, 75*

*റൌണ്ട് സർവേകളുടെ വിവരങ്ങളാണ് ഇതിന് ആധാരമാക്കിയത്. എ ബി – പി എം ജെ എ വൈ പദ്ധതി നടപ്പിലാക്കുന്നതിന് മുൻപ് നടപ്പാക്കിയ പദ്ധതികളെയും ഇതിൽ പരിശോധനവിധേയമാക്കുന്നുണ്ട്.*

***ചില പ്രധാന വാക്കുകൾ*** *: യൂണിവേഴ്സൽ ഹെൽത്ത് കവറേജ് (യു എച്ച് സി), ആരോഗ്യ ഇൻഷുറൻസ് , കാറ്റാസ്ട്രോഫിക് ഹെൽത് എക്സ്പെൻഡിച്ചർ (സി എച്ച് ഇ), ആർ എസ് ബി വൈ, എ ബി – പി എം ജെ വൈ.*

### 1. ആമുഖവും പശ്ചാത്തലവും

ഇന്ത്യയിലെ ഓരോ സംസ്ഥാനത്തും ആരോഗ്യ രംഗത്തെ ചെലവുകളും അടിസ്ഥാന സൗകര്യങ്ങളും ഏറെ വ്യത്യസ്തമാണ്. ദേശീയതലത്തിൽ ഏകതാനമായ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ കഴിയാതെ പോകുന്നതിന് പിന്നിലെ പ്രധാന കാരണം ഇതാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രാദേശികമായ നീക്കുപോക്കുകൾ അനുവദിക്കുകയും, ഒപ്പം ദേശീയതലത്തിൽ ആരോഗ്യ മേഖലയിൽ മികച്ച നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യുക എന്നതാണ് ഇന്ത്യ നേരിടുന്ന പ്രധാന വെല്ലുവിളി എന്ന് വിലയിരുത്താം.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ പ്രതിശീർഷ ആരോഗ്യ ചെലവുകൾ ഉയർന്ന തോതിലാണെന്ന് കാണാം. പൊതുമേഖലയിൽ കൂടുതൽ മുതൽമുടക്ക് ഈ രംഗത്ത് നടത്തിയതാണ് ഇതിന് പ്രധാന കാരണം. കേരളമാണ് ഇക്കാര്യത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനം. കോവിഡിന് മുൻപും പിൻപും കേരളം തന്നെയാണ് ആരോഗ്യ സേവനങ്ങളുടെ കാര്യത്തിൽ മുന്നിൽ നിൽക്കുന്നത്. വികേന്ദ്രീകൃതമായ ആരോഗ്യ സംവിധാനങ്ങൾ, തുടർച്ചയായുള്ള ഉയർന്ന ബജറ്റ് വിഹിതം, കൂടാതെ ദീർഘകാലമായി കേരളം പിന്തുടർന്നു വരുന്ന നയപരമായ ഇടപെടൽ തുടങ്ങിയ പല കാരണങ്ങളും ഇതിന് പിന്നിലുണ്ട്. എന്നാൽ വലിയ സംസ്ഥാനങ്ങളായ ഉത്തർപ്രദേശ്, മധ്യപ്രദേശ്, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽ പ്രതിശീർഷ ആരോഗ്യ ചെലവഴിക്കൽ വളരെ കുറവാണ്. വരുമാനത്തിലെ കുറവും ഉയർന്ന ജനസംഖ്യയുമാണ് ഇതിന് പ്രധാന കാരണം. വരുമാനത്തിലെ ഏറ്റക്കുറച്ചിലാണ് ആരോഗ്യ മേഖലയിൽ കാണുന്ന സംസ്ഥാനങ്ങൾ തമ്മിലുള്ള ഈ അന്തരത്തിന് കാരണം എന്ന് നമുക്ക് അനുമാനിക്കാം (രേഖാചിത്രം 1).

പ്രതിശീർഷ ചെലവഴിക്കലിൽ കഴിഞ്ഞ രണ്ടു ദശകത്തിനിടയിൽ ഉണ്ടായിട്ടുള്ള മാറ്റമാണ് ഒന്നാം രേഖാചിത്രത്തിൽ കാണുന്നത്. ഉയർന്ന തോതിലുള്ളവ, ഇടത്തരം വിഭാഗത്തിൽ വരുന്നവ, കുറഞ്ഞ ചെലവഴിക്കൽ രേഖപ്പെടുത്തിയ സംസ്ഥാനങ്ങൾ എന്നിങ്ങനെ മൂന്നായാണ് ഇതിൽ തിരിച്ചിരിക്കുന്നത്. ഉയർന്ന വരുമാനമുള്ള സംസ്ഥാനങ്ങളായ കർണാടകം (0.75), ഗുജറാത്ത് (0.82), തമിഴ്നാട് (0.90) എന്നീ സംസ്ഥാനങ്ങളിൽ പ്രതിശീർഷ ആരോഗ്യ ചെലവുകൾ കുറഞ്ഞ തോതിലാണ്. ഇടത്തരം സംസ്ഥാനങ്ങളെ എടുക്കുമ്പോൾ അവ തമ്മിൽ കാര്യമായ വ്യത്യാസം കാണാം. 1.14 എന്ന സ്കോറുമായി കേരളമാണ് ഈ രംഗത്ത് ഏറ്റവും മുന്നിലുള്ളത്. കേരളം ഇക്കാര്യത്തിൽ ദൃഢനിശ്ചയത്തോട് കൂടിയ ഒരു നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. കുറഞ്ഞ വരുമാനമുള്ള സംസ്ഥാനങ്ങളിൽ പൊതു ആരോഗ്യ മേഖലയിൽ കൂടുതൽ പണം ചെലവഴിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ (സി എസ് എസ്) വഴി സംസ്ഥാനങ്ങൾക്ക്

**Figure 1**- Indian States Per Capita Health Expenditure. (Decadal Average)




*Source: EPWRF Times series. **. Author's estimation*[6].

ലഭ്യമാകുന്ന ഫണ്ടുകൾ ഈ രംഗത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നുണ്ട്.

രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന, (ആർ എസ് ബി വൈ), എ ബി – പി എം ജെ എ വൈ തുടങ്ങായ ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ സി എസ് എസ് പദ്ധതികൾക്ക് ഉദാഹരണങ്ങളാണ്. ദേശീയതലത്തിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളാണ് ഇവയെങ്കിലും സംസ്ഥാന ഭരണ നേതൃത്വത്തിന്റെയും ഒപ്പം സാമ്പത്തികമായ സ്ഥിതിയുടെയും പിൻബലത്തിലാണ് ഇത്തരം പദ്ധതികളുടെ ഫലപ്രാപ്തി എന്ന് കാണാവുന്നതാണ്.

ദേശീയ ആരോഗ്യ നയം നടപ്പാക്കുന്ന കാര്യത്തിൽ സംസ്ഥാനങ്ങൾ തമ്മിൽ നിലനിൽക്കുന്ന അന്തരത്തെ കുറിച്ച് സ്മിത്ത്, ഡോങ്, ചാബ്ര (2019) എന്നിവർ പഠനം നടത്തുകയുണ്ടായി. വളരെ വ്യത്യസ്തമായ ഒരു ചിത്രമാണ് അവർ കണ്ടെത്തിയത്. ബീഹാർ, ഉത്തർപ്രദേശ് തുടങ്ങിയ ആവശ്യക്കാർ കൂടുതലുള്ള സംസ്ഥാനങ്ങളാണ് എ ബി–പി എം ജെ എ വൈ പോലുള്ള പദ്ധതികൾ വേണ്ടത്ര പ്രയോജനപ്പെടുത്താതെ പോയത് എന്നാണ് അവർ കണ്ടെത്തിയത്. കേരളം, മഹാരാഷ്ട്ര, കർണാടക തുടങ്ങിയ സംസ്ഥാനങ്ങൾ മെച്ചപ്പെട്ട പ്രവർത്തനമാണ് കാഴ്ച്ച വച്ചത്. എ ബി– പി എം ജെ എ വൈ പദ്ധതിയുടെ കാര്യത്തിലെ തുടക്കത്തിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ പഠനം നടത്തിയത്. ഇത്തരമൊരു സാഹചര്യത്തിൽ എ ബി –പി എം ജെ എ വൈ പദ്ധതി നടപ്പിലാക്കുന്നതിന് മുൻപ് ഉണ്ടായിരുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ (സാർവത്രികമായ ആരോഗ്യ കവറേജ് (യു എച്ച് സി) മുന്നോട്ട് കൊണ്ട് പോകുന്ന

കാര്യത്തിലും സി എച്ച് ഇ കുറയ്ക്കുന്ന കാര്യത്തിലും നൽകിയ സംഭാവനകളാണ് ഈ പഠനത്തിൽ പരിശോധിക്കുന്നത്. എൻ എസ് എസ് ഒ സർവേയിൽ നിന്നും ലഭ്യമായ വിവരങ്ങളാണ് ഇതിനായി ഉപയോഗിച്ചിരിക്കുന്നത്.

**2. ലക്ഷ്യങ്ങൾ**

എ ബി – പി എം ജെ എ വൈ പദ്ധതിക്ക് മുൻപ് സർക്കാർ സഹായത്തോടെ പ്രവർത്തനമാരംഭിച്ച ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ ചികിത്സാ ആവശ്യങ്ങൾക്കായി സ്വന്തമായി ചെലവഴിക്കുന്ന തുകയുടെ കാര്യത്തിൽ എന്ത് നേട്ടങ്ങളാണ് ഉണ്ടാക്കിയത് എന്ന് കണ്ടെത്തുക.

**3. രീതിശാസ്ത്രം**

പി എഫ് എച്ച് ഐ പദ്ധതികളെ കുറിച്ച് വിശകലനം ചെയ്യുന്ന പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നത്, പല കാലഘട്ടങ്ങളിലായി ലഭിക്കുന്ന വിവരങ്ങളാണ് ഇത്തരം പഠനങ്ങൾക്ക് അടിസ്ഥാനമാക്കേണ്ടത് എന്നാണ്. പദ്ധതി നടപ്പിലാക്കുന്നതിന് മുൻപുള്ള വിവരങ്ങൾ അതിൽ വളരെ പ്രധാനപ്പെട്ടതാണ്. ഈ പഠനത്തിൽ രണ്ട് പ്രധാനപ്പെട്ട സർവേകളിലെ വിവരങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്. ദേശീയ സാമ്പിൾ സർവേയുടെ 70, 75 റൗണ്ടുകളിലെ വിവരങ്ങളാണ് അത് . ഇതിൽ എഴുപതാം സർവേയിൽ നിന്നും 2014 ലെ ഒ ഒ പി ഇ സംബന്ധിച്ചും ആശുപത്രിയിലെ സേവനങ്ങളെ കുറിച്ചുമുള്ള വിവരങ്ങൾ ലഭ്യമാകുന്നു. എഴുപത്തിയഞ്ചാം റൗണ്ടിൽ 2017 ലെ ഇത്തരം വിവരങ്ങളും ലഭിക്കുന്നു. എ ബി – പി എം ജെ എ വൈ നടപ്പാക്കുന്നതിന് മുൻപുള്ള സർവേകളാണ് ഇവ. അതായത് നേരത്തെ ഉണ്ടായിരുന്ന ആർ എസ് ബി വൈ പദ്ധതിയുടെ വിവരങ്ങളാണ് ഈ രണ്ടു സർവേകളിൽ നിന്നും ലഭിക്കുന്നത്. വാഗ്സ്റ്റഫ്, വാൻ ദൂർസ്ലെർ എന്നിവർ വികസിപ്പിച്ച വേരിയബിൾ കറ്റസ്ട്രോഫിക് ഹെൽത് എക്സ്പെൻഡിച്ചർ എന്ന സങ്കേതം ഉപയോഗിച്ചാണ് സാമ്പത്തികമായ സുരക്ഷിതത്വം എന്ന ഘടകത്തെ കുറിച്ച് മനസിലാക്കുന്നത്.

ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡിച്ചർ (ഒ ഒ പി ഇ) = മെഡിക്കൽ ചെലവുകൾ + യാത്രാച്ചെലവുകൾ + മറ്റു ചികിത്സ ഇതര ചെലവുകൾ എന്നിവയിൽ നിന്ന് ഏതെങ്കിലും തരത്തിൽ ലഭിക്കുന്ന റീ ഇമ്പേഴ്സ്മെന്റ് കുറയ്ക്കുമ്പോൾ ലഭ്യമാകുന്ന തുകയാണ്.

**4. ഫലങ്ങൾ**

ഒരു രാജ്യത്ത് യൂണിവേഴ്സൽ ഹെൽത് കെയർ (യു എച്ച് സി) ലഭ്യമാകണമെങ്കിൽ ലോകാരോഗ്യ സംഘടന മുന്നോട്ട് വയ്ക്കുന്ന നിർദേശം സമഗ്രമായ സാമൂഹ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ്. ഇക്കാര്യത്തിൽ ഇന്ത്യയിൽ നിരവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. സർക്കാർ സ്പോൺസർ ചെയ്യുന്ന പി എം – ജെ എ വൈ, ആർ എസ് ബി വൈ, ആരോഗ്യശ്രീ തുടങ്ങിയ പദ്ധതികൾ, സി ജി എച്ച് എസ്, സർക്കാർ റീ ഇമ്പേഴ്സ്മെന്റ് തുടങ്ങിയ സർക്കാരുകളോ, പൊതുമേഖലാ സ്ഥാപനങ്ങളോ നടപ്പാക്കുന്ന പദ്ധതികൾ, തൊഴിലുടമകൾ സ്പോൺസർ ചെയ്യുന്ന ഇ എസ് ഐ എസ് പോലുള്ള ആരോഗ്യ സംരക്ഷണ പദ്ധതികൾ, ഇൻഷുറൻസ് കമ്പനികൾ നടപ്പാക്കുന്ന വിവിധ പദ്ധതികൾ തുടങ്ങിയവ ഇത്തരം പദ്ധതികളുടെ ഭാഗമാണ്. എൻ എസ് എസ് ഒയുടെ എഴുപത്തിയഞ്ചാം സർവേ പറയുന്നത് ജനസംഖ്യയുടെ നല്ലൊരു ഭാഗവും ഒരു തരത്തിലുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിലും ഉൾപ്പെടുന്നില്ല എന്നാണ് (രേഖാചിത്രം 2).

**Figure 2** - Not covered by any health insurance policy




*Source: NSSO data of 75th round (2017-18). The author compiled.*

ഒ പി പി ഇ കുറയ്ക്കുക എന്ന നീക്കത്തിന് ഇന്ത്യ കൂടുതൽ പ്രാമുഖ്യം നൽകണം. അതുകൂടാതെ ആരോഗ്യ സേവനങ്ങൾ കൂടുതൽ വിശാലമാക്കുന്ന വിധത്തിൽ സൗകര്യങ്ങൾ വർധിപ്പിക്കണം. അത് എല്ലാ വിഭാഗം ജനങ്ങൾക്കും കുറഞ്ഞ ചെലവിൽ ലഭ്യമാക്കുകയും വേണം.

സർവേകളിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് ചികിത്സക്ക് വളരെയധികം ആളുകൾ സ്വന്തം പോക്കറ്റിൽ നിന്നാണ് പണം ചെലവഴിക്കുന്നത്. ഇത് അവരെ സാമ്പത്തികമായി ദുരിതത്തിലാഴ്ത്തുന്നു. ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് വരുമാനം കുറവായിരിക്കുന്നതും അവരിൽ നല്ലൊരു പങ്കിനും ആരോഗ്യ ഇൻഷുറൻസ് ഇല്ലാതിരിക്കുന്നതും മൂലം മെഡിക്കൽ സേവനങ്ങൾ അന്യമാകുന്ന സ്ഥിതിയുണ്ട്. എന്നാൽ സർക്കാർ തലത്തിൽ ഒ ഒ പി ഇ കുറയ്ക്കുന്നതിനായി നിരവധി പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ ഫലപ്രപതി ഓരോ പ്രദേശങ്ങൾക്കനുസരിച്ച് വ്യത്യസ്തമാണെന്ന് കാണാം. കുറഞ്ഞ വരുമാനമുള്ള സംസ്ഥാനങ്ങളിൽ ഇത്തരം പദ്ധതികൾ പൊതുവെ വിജയകരമല്ല എന്നും സർവേയിൽ നിന്നും വ്യക്തമാകുന്നുണ്ട്.

സർക്കാർ സ്പോൺസർ ചെയ്യുന്ന ഇൻഷുറൻസ് പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ ഏറെ മുന്നോട്ട് പോകുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. 2008 ൽ കേരളം, കേന്ദ്രം നടപ്പാക്കിയ രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന എന്ന പദ്ധതിയുടെ ചുവട് പിടിച്ച് സമഗ്രമായ ഒരു ഇൻഷുറൻസ് പദ്ധതി നടപ്പാക്കുകയുണ്ടായി. പിന്നീട് ഈ പദ്ധതി മുതിർന്ന പൗരന്മാർക്ക് കൂടി ബാധകമാക്കുകയുണ്ടായി. ഇതിന്റെ തുടർച്ചയായി 2018 ൽ സംസ്ഥാനം കാരുണ്യ

ആരോഗ്യ സുരക്ഷാ പദ്ധതി (കെ എ എസ് പി) നടപ്പാക്കുകയുണ്ടായി. സർക്കാരിന്റെ ഇത്തരത്തിലുള്ള എല്ലാ പദ്ധതികളും ആയുഷ്മാൻ ഭാരത് – പ്രധാനമന്ത്രി ജൻ ആരോഗ്യ യോജനയിൽ സംയോജിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പാക്കിയത് (പട്ടിക 1 ).

ഒരു കുടുംബത്തിന് പ്രതിവർഷം 5 ലക്ഷം രൂപയുടെ കവറേജ് നൽകുന്ന പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (എ എ എസ് പി). സംസ്ഥാനത്തെ 42 ലക്ഷം പാവപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. മൊത്തം 64 ലക്ഷം ആളുകൾക്ക് ഈ പദ്ധതി പ്രയോജനപ്പെടുന്നു. സാമ്പത്തികമായി താഴെ തട്ടിൽ വരുന്ന 40 ശതമാനം ആളുകൾക്കാണ് ഇത് സഹായമാകുന്നത്. പട്ടിക 2 ഈ പദ്ധതിയുടെ ഒരു നേർചിത്രം നൽകുന്നു (പട്ടിക 2) (പട്ടിക 3)

**Table 1** - PFHI schemes and annual cover in Kerala State

| Year | PFHI Scheme | Annual cover per family | Eligible group |
|---|---|---|---|
| 2014 | RSBY | INR 30,000 (USD 425) | BPL Families |
| 2018 | PMJAY-KASP[12] KBF | Rs.5 Lakh Per Family | Based on the deprivation and occupational criteria of Socio-Economic Caste Census (SECC) |

*Source: Author's Compilation. Ministry of Health and Family Welfare: Rashtriya Swasthya Bima Yojana (RSBY). Government of India. State Health Agency, Kerala, Karunya Arogya Suraksha Padhathi (KASP). Government of Kerala.*

2018 ൽ കെ എ എസ് പി നടപ്പാക്കിയതിന് ശേഷം എൻ എസ് എസ് ഒയുടെ ആരോഗ്യ മേഖലയെ കുറിച്ചുള്ള സർവേ റിപ്പോർട്ടുകൾ പുറത്തു വന്നിട്ടില്ല. അതുകൊണ്ട് നേരത്തെ സൂചിപ്പിച്ച രണ്ടു സർവേകളിലെ വിവരങ്ങൾ മാത്രമാണ് ഈ പഠനത്തിന് ആധാരമാക്കിയിട്ടുള്ളത് (പട്ടിക 4)

ജനങ്ങൾ ആശുപത്രികളിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നത് ആധാരമാക്കിയാണ് നേട്ടങ്ങൾ വിലയിരുത്തിയിരിക്കുന്നത്. സംസ്ഥാനത്ത് പി എഫ് എച്ച് ഐ പദ്ധതിയിൽ ചേരുന്നവരുടെ എണ്ണം വർഷം തോറും കൂടി വരുന്നതായി കാണാം. പട്ടിക 5, 6 എന്നിവ ഇത്തരത്തിൽ പദ്ധതിയിൽ ചേരുന്നതിന്റെയും ആശുപത്രി സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന്റെയും കൂടുതൽ വിശദാംശങ്ങൾ നൽകുന്നുണ്ട് (പട്ടിക 5).

സർവേയിലെ വിവരങ്ങൾ പരിശോധിക്കുമ്പോൾ 2018 ൽ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്നവരുടെ എണ്ണത്തിന്റെ 50 ശതമാനത്തിലധികം സർക്കാർ മേഖലയിലാണെന്ന് കാണാം. എന്നാൽ പി എഫ് എച്ച് ഐ പദ്ധതിയിൽ ചേർന്നവരുടെ കാര്യത്തിൽ ഇപ്രകാരം

**Table 2** - AB-PMJAY KASP Features

| | | | |
|---|---|---|---|
| Scheme's services | 197 government hospitals and 364 private hospitals. | Treatment is provided without charging money from any of the selected institutions, regardless of whether they are government or private hospitals, | |
| Scheme covers | Medicines, related materials, tests, doctor's fees, operation theatre charges, ICU charges, and implant charges | KASP-PMJAY benefits 41.99 lakh poor and vulnerable families. | Implemented through the State Health Agency, the scheme has an annual premium of Rs.1050 per family. |
| Scheme includes | 1667 packages across 25 specialties. | Additionally, free treatment is available from 89 packages provided by the government. | For treatments not included in the specified packages, unspecified packages can be used |
| Treatment costs | Three days before hospital admission and medicines required for 15 days post-discharge (as per the doctor's instructions) are provided under the scheme. | So far, Rs.337 crore has been distributed (2024-25)under the scheme. | |

*Source: Author's Compilation. State Health Agency, official website,Govt.of Kerala.*

**Table 3** - Enrollment under KASP (Kerala)2021-2024

| Year | Beneficiaries |
|---|---|
| 20-21 | 1945914 |
| 21-22 | 10131 |
| 22-23 | 12428 |
| 23-24 | 5298 |
| Total | 1973771 |

*Source: State Health Agency, Kerala.*

**Table 4** - Responses and cooperation rates in household surveys-Kerala

| Response | NSS 71st round (2014) Informants (%) N = (11299) | NSS 75th round (2017-18) Informants (%) N = (19801) |
|---|---|---|
| Co-operative and capable | 10,382 (93.24) | 19,047 (96.10) |
| Co-operative but not capable | 779 (5.92) | 647 (3.14) |
| Busy | 46 (0.65) | 57 (0.58) |
| Reluctant | 22 (0.19) | 50 (0.17) |
| Others | - | - |
| Total | 11,229 | 19,801 |

*Source: Authors' estimation using NSS unit level data of 70th round (2014) and 75th round (2017-18). Note: Percentage values in parentheses are sampling weighted.*

**Table 5** - Sample and Percentage distribution of persons covered by various health insurance schemes in Kerala 2014-2018

| PFHI scheme | 71st (2014) | 75th (2018) |
|---|---|---|
| PFHI | 3,913 | 6,161 |
| | (36.82) | (33.99) |
| Not PFHI | 316 | 1,194 |
| | (2.72) | (5.95) |
| Not Covered by any insurance | 7,000 | 12,446 |
| | (60.46) | (60.06) |
| Total | 100.0 | 100.0 |

*Source: Authors' estimation using NSS unit level data of 70th round (2014) and 75th round (2017-18). Note: Percentage values in parentheses are sampling weighted.*

അഡ്മിറ്റ് ചെയ്യുന്നവരുടെ നിരക്ക് കുറഞ്ഞതായും വ്യക്തമാകുന്നുണ്ട്. 2014 നും 2017 നുമിടയിലുള്ള കാലയളവിൽ പി എഫ് എച്ച് ഐ പദ്ധതിയിൽ ചേർന്നവരിൽ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്നവരുടെ എണ്ണം കുറയുന്നതായി കാണാം. എന്നാൽ പദ്ധതിയിൽ ഉൾപ്പെടാത്തവരുടെ കാര്യത്തിൽ സ്വകാര്യ ആശുപത്രി പ്രവേശനം കൂടിയിട്ടുണ്ട് (പട്ടിക – 6).

പട്ടിക 6 – 2014 നും 2017 നുമിടയിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നവരുടെ എണ്ണത്തിൽ ഉണ്ടായ മാറ്റം

**Table 6** - Percentage distribution of hospitalisation (365 days) with health insurance by hospital type in Kerala 2014-2018.

| PFHI scheme | 71st (2014) | | 75th (2018) | |
|---|---|---|---|---|
| | Public | Private | Public | Private |
| PFHI | 62.46 | 33.76 | 54.49 | 30.49 |
| Not PFHI | 0.61 | 5.32 | 2.50 | 10.83 |
| Not Covered | 36.93 | 60.91 | 43.01 | 58.68 |
| Total | 100.0 | 100.0 | 100.0 | 100.0 |

*Source: Authors' estimation using NSS unit level data of 70th round (2014) and 75th round (2017-18).*

ഈ വർഷങ്ങളിൽ കണ്ട ഒരു പ്രത്യേകത ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നവരുടെ എണ്ണം ഉയർന്നു എന്നതാണ്. പി എഫ് എച്ച് ഐ പദ്ധതിയിൽ ചേർന്നവരുടെയും ചേരാത്തവരുടെയും കാര്യത്തിൽ ഇത് ഒരുപോലെ പ്രകടമാണ് (പട്ടിക 7)

സ്വകാര്യ ആശുപത്രികളുടെ കാര്യത്തിൽ ശരാശരി ഒ ഒ പി ഇ സർക്കാർ ആശുപത്രികളെ അപേക്ഷിച്ച് പതിന്മടങ്ങാണെന്ന് കാണാം. പി എഫ് എച്ച് ഐ പദ്ധതിയിൽ ചേർന്നവരുടെയും അല്ലാത്തവരുടെയും കാര്യത്തിൽ ഇത് സമാനമാണ് (പട്ടിക – 7 & പട്ടിക 8).

**Table 7** - Mean OOPE for Hospitalisation (365 days) Episodes (Rs) with 95% CI.

| PFHI scheme | Type of hospital | 71st (2014) RSBY | [95% C.I] | | 75th (2018) RSBY,CHIS | [95% C.I] | |
|---|---|---|---|---|---|---|---|
| PFHI | Public | 2493 | 2029 | 2956 | 3210 | 2761 | 3659 |
| | Private | 14467 | 12705 | 16229 | 15596 | 13318 | 17873 |
| Not PFHI | Public | 4142 | 1108 | 7177 | 9057 | 2913 | 15202 |
| | Private | 16577 | 11177 | 21978 | 13969 | 11211 | 16727 |
| Not Covered | Public | 4244 | 3247 | 5240 | 3772 | 3242 | 4302 |
| | Private | 28143 | 24479 | 31807 | 23875 | 21822 | 25928 |
| Total | Public | 3216 | 2723 | 3709 | 3552 | 3195 | 3908 |
| | Private | 22891 | 20545 | 25238 | 20535 | 19074 | 21995 |

*Source: Authors' estimation using NSS unit level data of 70th round (2014) and 75th round (2017-18).*
*Note: CI denotes Confidence Interval. OOPE amounts for 2014 and 2018 have been adjusted to 2014 prices using the 2011 Consumer Price Index.*

**Table 8** - Median OOPE for Hospitalisation (365 days) Episodes (Rs)

| PFHI scheme | Type of hospital | 71st (2014) RSBY | 75th (2018) RSBY,CHIS |
|---|---|---|---|
| PFHI | Public | 1020 | 1515 |
| | Private | 7620 | 7621 |
| Not PFHI | Public | 5140 | 1771 |
| | Private | 8500 | 6604 |
| Not Covered | Public | 1490 | 1437 |
| | Private | 9250 | 11731 |
| Total | Public | 1200 | 1484 |
| | Private | 8500 | 9649 |

*Source: Authors' estimation using NSS unit level data of 70th round (2014) and 75th round (2017-18).*
*Note: OOPE amounts for 2014 and 2018 have been adjusted to 2014 prices using the 2011 Consumer Price Index.*

സ്വകാര്യ ആശുപത്രികളുടെ കേസിൽ മീഡിയൻ ഒ ഒ പി ഇ സർക്കാർ മേഖലയിലെ ആശുപത്രികളുടേതിനേക്കാൾ വളരെ ഉയർന്നതാണ് (പട്ടിക-8). സ്വകാര്യ ആശുപത്രികളിലെ പി എഫ് എച്ച് ഐ പദ്ധതിയിൽ ചേർന്നിട്ടുള്ള ആളുകളുടെ കാര്യത്തിൽ ഒ ഒ പി ഇ അതിൽ ചേരാത്തവരെ അപേക്ഷിച്ച് 17 ശതമാനം കുറവായിരുന്നു.

സ്വകാര്യ ആശുപത്രികളുടെ കാര്യത്തിൽ സി എച്ച് ഇ സർക്കാർ ആശുപത്രികളെ അപേക്ഷിച്ച് വളരെ കൂടുതലാണ് എന്ന് കാണാവുന്നതാണ് (പട്ടിക - 9).

**Table 9** - Proportion of incurred CHE 25 for Hospitalisation (365 days) Episode (%)

| PFHI scheme | Type of hospital | 71st (2014) | 75th (2018) |
|---|---|---|---|
| PFHI | Public | 57.97 | 48.14 |
| | Private | 28.02 | 25.79 |
| Not PFHI | Public | 0.00 | 2.45 |
| | Private | 3.51 | 5.35 |
| Not Covered | Public | 42.03 | 49.4 |
| | Private | 68.47 | 68.86 |
| Total | Public | 5.92 | 8.74 |
| | Private | 94.08 | 91.26 |

*Source: Authors' estimation using NSS unit level data of 70th round (2014) and 75th round (2017-18).*
*Note: CHE denotes Catastrophic Health Expenditure.*

**5. ഫലങ്ങൾ സംബന്ധിച്ച ചർച്ച**

2014 നും 2018 നുമിടയിൽ കണ്ട ഒരു പ്രത്യേകത കേരളത്തിൽ സ്വകാര്യ, പൊതു മേഖല ആശുപത്രികളിൽ അഡ്മിറ്റ് ചെയ്യുന്ന രീതിയിൽ കാതലായ മാറ്റം ഉണ്ടായി എന്നതാണ്. ഇൻഷുറൻസിന്റെ കാര്യത്തിലും സേവനം ലഭിക്കുന്നതിന്റെ രീതികളിലും ഇത് വളരെ പ്രകടമാണ്. പി എഫ് എച്ച് ഐ പദ്ധതിയിൽ ചേർന്നിട്ടുള്ള ആളുകളുടെ കാര്യത്തിൽ കൂടുതൽ പേരും സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നതായി കാണാം. എന്നാൽ ഇതിന്റെ അനുപാതം പരിശോധിക്കുമ്പോൾ 2014 ൽ 62.46 ശതമാനം ആയിരുന്നത് 2018 ൽ 54 .49 ശതമാനമായി കുറഞ്ഞു. സ്വകാര്യ ആശുപത്രികളുടെ കാര്യത്തിലും ഇത് നേരിയ തോതിൽ കുറയുന്ന പ്രവണതയാണ് പ്രകടമാക്കിയിട്ടുള്ളത്. എന്നാൽ പി എഫ് എച്ച് ഐ പദ്ധതിയിൽ ചേരാത്തവരുടെ കാര്യം പരിശോധിക്കുമ്പോൾ സ്വകാര്യ ആശുപത്രികളുടെ സേവനം തേടുന്നവരുടെ എണ്ണത്തിൽ നല്ല വർധന കാണാൻ കഴിയും. ഇത് 5.32 ശതമാനത്തിൽ നിന്നും 10.83 ശതമാനമായി കൂടി. ആരോഗ്യ ഇൻഷുറൻസ് പദ്ധതികളിൽ ചേരാത്തവരുടെ എണ്ണം രണ്ടു സർവേകളിലും ഏതാണ്ട് 60 ശതമാനമാണ്. ഇവരാകട്ടെ കൂടുതൽ പേരും ചികിത്സ ആവശ്യങ്ങൾക്ക് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്നവരാണ്. 2014 ൽ ഇത് 60.91 ശതമാനമായിരുന്നത് 2018 ൽ 58.68 ശതമാനമായി കുറഞ്ഞു. ഈ പ്രവണത ആരോഗ്യ ഇൻഷുറൻസ് കവറേജുമായി ബന്ധപ്പെട്ടിരിക്കുന്നതായി കാണാം. ജനസംഖ്യയുടെ ഏതാണ്ട് മൂന്നിലൊന്ന് ആളുകൾക്കാണ് പി എഫ് എച്ച് ഐ പദ്ധതി വഴിയായി പ്രയോജനം ലഭിക്കുന്നത്. ഈ സ്കീമിൽ ചേരാത്തവരുടെ എണ്ണത്തിൽ നേരിയ വർദ്ധനവ് കാണാവുന്നതാണ്. എന്നാൽ ഒരു രീതിയിലുമുള്ള ഇൻഷുറൻസ് കവറേജ് ഇല്ലാത്തവർ തന്നെയാണ് എണ്ണത്തിൽ കൂടുതലുള്ളത്.

കേരളത്തിലെ ഇൻഷുറൻസ് കവറേജിന്റെ സ്ഥിതി പരിഗണിക്കുമ്പോൾ വിവിധ സ് കീമുകളിൽ ഉൾപ്പെടുന്നവരുടെ എണ്ണം 2014 നും 2018 നുമിടയിൽ ഏറെക്കുറെ സ്ഥിരമാണെന്ന് കാണാം. വിവിധ വിഭാഗങ്ങളുടെ കാര്യത്തിൽ മാത്രമാണ് ഇക്കാര്യത്തിൽ നേരിയ മാറ്റം പ്രകടമായിട്ടുള്ളത്.

സംസ്ഥാനത്ത് സ്വകാര്യ, സർക്കാർ ആശുപത്രികളുടെ സേവനം പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ ഇൻഷുറൻസിന്റെ അടിസ്ഥാനത്തിൽ കാര്യമായ വ്യത്യസമുള്ളതായി നിരീക്ഷിക്കാം. സ്വകാര്യ ഇൻഷുറൻസ് പദ്ധതികളിൽ ചേർന്നിട്ടുള്ളവരുടെ കാര്യത്തിൽ സർക്കാർ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്ന ഘട്ടത്തിൽ ഉയർന്ന ചെലവുകൾ അവർക്ക് നേരിടേണ്ടതായി വരുന്നുണ്ട്. 2014 ൽ ഇത് 57.97 ശതമാനമായിരുന്നെങ്കിൽ 2018 ൽ 48.14 ശതമാനമായി കുറഞ്ഞു. സ്വകാര്യ ആശുപത്രികളുടെ കാര്യമെടുക്കുമ്പോൾ ഇത് യഥാക്രമം 28.02 ശതമാനവും 25.79 ശതമാനവുമാണ്. പി എഫ് എച്ച് ഐ പദ്ധതികൾ ഭാഗികമായ സാമ്പത്തിക സുരക്ഷിതത്വം മാത്രമാണ് നൽകുന്നത് എന്നതാണ് ഇതിൽ നിന്നും വെളിവാകുന്നത്. ചികിത്സയുടെ കാര്യത്തിൽ സ്വകാര്യ ചെലവഴിക്കൽ വലിയ തോതിൽ ഉയരുന്നുണ്ട് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

പി എഫ് എച്ച് ഐ പദ്ധതിയിൽ ഉൾപ്പെടാത്തവരുടെ കേസിൽ 2014 നും 2018 നുമിടയിൽ സർക്കാർ ആശുപത്രികളിൽ അഡ്മിറ്റാകുന്നവരുടെ എണ്ണം പൊതുവെ കുറവാണ്. എന്നാൽ സ്വകാര്യ ആശുപത്രികളിൽ അഡ്മിറ്റാകുന്നവരുടെ എണ്ണം 3.51 ശതമാനത്തിൽ നിന്നും

5.35 ശതമാനമായി കൂടിയിട്ടുണ്ട്. അതായത് ചികിത്സാ ചെലവുകൾ കാര്യമായി തന്നെ ഉയർന്നിട്ടുണ്ട് എന്നർത്ഥം. ഇത് ആളുകൾക്ക് കൂടുതൽ സാമ്പത്തിക ഭാരം ഉണ്ടാക്കുകയും ചെയ്യുന്നു. ഇൻഷുറൻസ് ചെയ്യാത്തവരുടെ കാര്യത്തിൽ സാമ്പത്തികമായ റിസ്ക് ഉയർന്ന തോതിലാണ്. 2014 ലെയും 2018 ലെയും കണക്കുകൾ നോക്കുമ്പോൾ മൂന്നിലൊന്ന് കുടുംബങ്ങളും ഉയർന്ന ആശുപത്രി ചെലവുകൾ നേരിടേണ്ടതായി വന്നിട്ടുണ്ട്. സർക്കാർ ആശുപത്രികളിലെ റിസ്ക് ഘടകം 2014 ൽ 42.03 ശതമാനമായിരുന്നത് 2018 ൽ 49.4 ശതമാനമായി ഉയർന്നു.

കണക്കുകൾ കാണിക്കുന്നത്, 2014 ലും 2018 ലും സ്വകാര്യ ചെലവഴിക്കൽ വേണ്ടി വന്ന കേസുകളുടെ 91.26 ശതമാനവും കൈകാര്യം ചെയ്തത് സ്വകാര്യ ആശുപത്രികളാണ് എന്നാണ്. ഇത്തരത്തിൽ സ്വകാര്യ ആശുപത്രികളെ കൂടുതലായി ആശ്രയിക്കേണ്ടി വരുന്നതാണ് കേരളത്തിൽ ആശുപത്രി ചെലവുകൾ വളരെ ഉയർന്ന തോതിൽ നിൽക്കുന്നതിന് ഒരു പ്രധാന കാരണം. ഇത് വ്യക്തികളുടെയും കുടുംബങ്ങളുടെയും സാമ്പത്തിക ആരോഗ്യത്തെ ഏറെ ദോഷകരമായി ബാധിക്കുന്നുണ്ട്. പ്രത്യേകിച്ച് ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്തവരുടെ കാര്യത്തിൽ. ഇതിൽ നിന്നും വ്യക്തമാകുന്ന ഒരു പ്രധാന വസ്തുത പി എഫ് എച്ച് ഐ പദ്ധതി എന്നത് സ്വകാര്യ ചികിത്സ ചെലവ് പൂർണ്ണമായും ഒഴിവാക്കുന്നില്ല എന്നതാണ്. സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുമ്പോഴാകട്ടെ ചെലവുകൾ ഗണ്യമായി ഉയരുകയും ചെയ്യുന്നു. പി എഫ് എച്ച് ഐ പദ്ധതി ഇത്തരത്തിൽ ഉണ്ടാകുന്ന വൻ ചെലവുകൾക്ക് നേരിയ ആശ്വാസം മാത്രമേ ആകുന്നുന്നുള്ളു.

**6. ഉപസംഹാരം**

സ്വകാര്യ ആശുപത്രികൾ തന്നെയാണ് കിടത്തി ചികിത്സയുടെ കാര്യത്തിൽ സംസ്ഥാനത്ത് മുന്നിൽ നിൽക്കുന്നത് എന്നാണ് ഈ പഠനത്തിൽ നിന്നും വ്യക്തമാകുന്നത്. ഒരു തരത്തിലുള്ള ഇൻഷുറൻസ് കവറേജ് ഇല്ലാത്തവരുടെയും പി എഫ് എച്ച് ഐ പോലുള്ള പദ്ധതികളിൽ അംഗത്വമെടുക്കാത്തവരുടെയും കാര്യത്തിൽ പ്രത്യേകിച്ചും. ചികിത്സാ ആവശ്യങ്ങൾക്കായി സ്വകാര്യ മേഖലയെ തിരഞ്ഞെടുക്കുന്നതിന് പിന്നിൽ ഘടനാപരമായ ചില കാരണങ്ങളും ഒപ്പം ആളുകളുടെ വ്യക്തിപരമായ താല്പര്യവും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. അതായത് ഇൻഷുറൻസ് പദ്ധതികളുടെ വരിക്കാരാകുന്നു എന്ന ഒറ്റക്കാരണത്താൽ മാത്രം ചികിത്സയുടെ കാര്യത്തിൽ ആളുകൾ സ്വകാര്യ ആശുപത്രികൾക്ക് നൽകുന്ന മുൻഗണനയിൽ മാറ്റം വരുത്തുവാൻ തയാറായിട്ടില്ല എന്നർത്ഥം.

എന്നാൽ കെ എ എസ് പി, പി എം–ജെ എ വൈ പദ്ധതി നടപ്പിലാക്കിയതിന് ശേഷം പി എഫ് എച്ച് ഐ പദ്ധതിയിൽ ചേരുന്നവരുടെ എണ്ണത്തിൽ വർധന ഉണ്ടായിട്ടുണ്ട്. എഴുപത്തിയഞ്ചാം റൗണ്ട് സർവേക്ക് ശേഷം കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിച്ചുകൊണ്ടുള്ള ഒരു സർവേയും നടത്തിയിട്ടില്ല. അതുകൊണ്ട് കെ എ എസ് പി പദ്ധതി നടപ്പിലായതിന് ശേഷം ആശുപത്രി വാസത്തിന്റെ കാര്യത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളെ കുറിച്ച് തെളിവുകളുടെ അടിസ്ഥാനത്തിൽ

ആധികാരികമായി പറയുക വിഷമകരമാണ്. ഇക്കാര്യത്തിൽ കൂടുതൽ വിശദമായ പഠനം അനിവാര്യമാണ്. പ്രത്യേകിച്ച്, കെ എ എസ് പിയിൽ വരുത്തിയ മാറ്റങ്ങൾ സ്വകാര്യ, സർക്കാർ ആശുപത്രി സേവനങ്ങൾ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ കാര്യമായ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ എന്ന വിഷയത്തിൽ.

■

(എറണാകുളം സെന്റ് തെരേസാസ് കോളേജിൽ സാമ്പത്തികശാസ്ത്ര വിഭാഗത്തിൽ അസിസ്റ്റന്റ് പ്രഫസറാണ് ഡോ. സ്വാതി വർമ്മ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്റ്ററൽ ഫെലോഷിപ്പിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെയാണ് ഈ പഠനം പൂർത്തിയാക്കിയിട്ടുള്ളത്. ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷന്റെ ഡയറക്ടർ ഡോ. കെ. ജെ ജോസഫ് ഈ പഠനത്തിന് നൽകിയ മാർഗ്ഗനിർദേശത്തെ കൃതജ്ഞതാപൂർവം സ്മരിക്കുന്നു. സ്ഥിതിവിവര കണക്ക് വിശകലന വിദഗ്ദൻ കൂടിയായ ഭുവനേഷ്വറിലെ ഡി എസ് ടി സെന്റർ ഫോർ പോളിസി റിസേർച്ചിലെ സീനിയർ പ്രോജക്റ്റ് അസോസിയേറ്റ് ടി. മഹേഷ്കുമാർ നൽകിയ സഹായങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു).

## End Notes

1 Note: OOPE means all direct payments by individuals for healthcare services, such as consultation fees, medicines, diagnostics and hospitalization, excluding pre-paid mechanisms like insurance or government subsidies.

2 Berman, P., & Ahuja, R. (2008). Government health spending in India: Getting the priorities right. National Commission on Macroeconomics and Health, Ministry of Health and Family Welfare, Government of India. (World Bank document.)

3 Pattayat, S. S., Parida, J. K., & Awasthi, I. C. (2022). Reducing rural poverty through non-farm job creation in India. The Indian Journal of Labour Economics, 65, 137-160. https://doi.org/10.1007/s41027-022-00359-9

4 Garg, S., Bebarta, K. K., & Tripathi, N. (2020). Performance of India's national publicly funded health insurance scheme, Pradhan Mantri Jan Arogya Yojana (PMJAY), in improving access and financial protection for hospital care: Findings from household surveys in Chhattisgarh state. BMC Public Health, 20(1), 949. https://doi.org/10.1186/s12889-020-09107-4

Garg, S., Tripathi, N., Ranjan, A., & Bebarta, K. K. (2022). How much do government and households spend on an episode of hospitalisation in India? A comparison for public and private hospitals in Chhattisgarh state. Health Economics Review, 12, Article 27. https://doi.org/10.1186/s13561-022-00368-1

5 Ranjan, A., Dixit, P., Mukhopadhyay, I., & Reddy, K. S. (2020). Performance of India's national publicly funded health insurance scheme, Pradhan Mantri Jan Arogaya Yojana (PMJAY), in improving access and financial protection for hospital care: Findings from household surveys in Chhattisgarh state. BMC Health Services Research, 20, 949. https://doi.org/10.1186/s12913-020-05694-0

6 Note: Health Expenditure includes Revenue Expenditure, Capital Expenditure and Loans and Advances. It included only Medical & Public health and Family Welfare expenditure. **States are ranked higher, middle- and low-income states based on GSDP per capita for the year 2021-22.

7 Smith, O., Dong, D., & Chhabra, S. (2019). PM-JAY across Indian states: Need and utilization (Policy Brief No. 2). National Health Authority, Government of India. Retrieved from https://AB-PMJAY.gov.in/sites/default/files/2019-10/Policy%20Brief%202_Need%20and%20Utilization _Web.pdf

8 Note: CHE means out of pocket health spending which is in excess of a threshold of a household's income or consumption that pushes it towards financial distress.

9 Wagstaff, A., & Van Doorslaer, E. (2003). Catastrophe and impoverishment in paying for health care: With applications to Vietnam 1993-1998. Health Economics, 12(11), 921-933. https://doi.org/10.1002/hec.776

10 Ministry of Statistics & Programme Implementation. (2019). Key indicators of social consumption in India: Health (NSS 75th Round, July 2017-June 2018). Government of India.

11 Government-funded health insurance refers to health insurance schemes where the government covers the premium either fully or partially for individuals or households. These plans typically focus on helping the poor, vulnerable and marginalised groups.

12 Note : KASP (Karunya Arogya Suraksha Padhathi (KASP) scheme of Kerala.

## References

Acharya, A., Vellakkal, S., Taylor, F., Masset, E., Satija, A., Burke, M., & Ebrahim, S. (2012). *Impact of national health insurance for the poor and the informal sector in low- and middle-income countries: A systematic review.* EPPI-Centre, Social Science Research Unit, Institute of Education, University of London. http://eppi.ioe.ac.uk/cms/Default.aspx?tabid=3346

Berman, P., & Ahuja, R. (2008). *Government health spending in India: Getting the priorities right.* National Commission on Macroeconomics and Health, Ministry of Health and Family Welfare, Government of India.

Bitran, R. (2014). *Universal health coverage and the challenge of informal employment: Lessons from developing countries.* The World Bank.

Farooqui, H. H., Karan, A., Babu, G. R., Hussain, S., & van Schayck, O. C. P. (2024). Economic burden of infectious diseases and its equity implications in Indian households: Estimates from a nationally representative household survey (2017-18). *Social Sciences & Humanities Open*, 10, 101013. https://doi.org/10.1016/j.ssaho.2024.101013

Garg, S., Bebarta, K. K., & Tripathi, N. (2020). Performance of India's national publicly funded health insurance scheme, Pradhan Mantri Jan Arogya Yojana (PMJAY), in improving access and financial protection for hospital care: Findings from household surveys in Chhattisgarh state. *BMC Public Health, 20(1),* 949. https://doi.org/10.1186/s12889-020-09107-4

Garg, S., Tripathi, N., Ranjan, A., & Bebarta, K. K. (2022). *How much do government and households spend on an episode of hospitalisation in India? A comparison for public and private hospitals in Chhattisgarh state.* Health Economics Review, 12, Article 27. https://doi.org/10.1186/s13561-022-00368-1

Lanjouw, P., & Murgai, R. (2022). Reducing rural poverty through non-farm job creation in India. *The Indian Journal of Labour Economics,* 65, 137-160. https://doi.org/10.1007/s41027-022-00413-5

Ministry of Statistics & Programme Implementation. (2019). *Key indicators of social consumption in India: Health (NSS 75th Round, July 2017-June 2018).* Government of India.

National Sample Survey Office. (2015). *Key indicators of social consumption in India: Health (NSS 71st Round, January-June 2014).* Ministry of Statistics & Programme Implementation, Government of India.

Pattayat, S. S., Parida, J. K., & Awasthi, I. C. (2022). Reducing rural poverty through non-farm job creation in India. *The Indian Journal of Labour Economics,* 65(1), 137-160. https://doi.org/10.1007/s41027-022-00359-9

Pattayat, S. S., Parida, J. K., & Awasthi, I. C. (2022). *Reducing rural poverty through non-farm job creation in India.* Journal of Rural Studies, 90, 145-156. https://doi.org/10.1016/j.jrurstud.2022.03.004

Ranjan, A., Dixit, P., Mukhopadhyay, I., & Reddy, K. S. (2020). Performance of India's national publicly funded health insurance scheme, Pradhan Mantri Jan Arogaya Yojana (PMJAY), in improving access and financial protection for hospital care: Findings from household surveys in Chhattisgarh state. *BMC Health Services Research, 20, 949.* https://doi.org/10.1186/s12913-020-05694-0

Ranjan, A., Dixit, P., Mukhopadhyay, I., & Reddy, K. S. (2022). How much do government and households spend on an episode of hospitalisation in India? A comparison for public and private hospitals in Chhattisgarh state. *International Journal for Equity in Health, 21, 27.* https://doi.org/10.1186/s12939-022-01636-1

*Smart Card Operating System (SCOSTA). (2025, December 1). Ministry of Health and Family Welfare: Rashtriya Swasthya Bima Yojana (RSBY). Government of India. Retrieved December 29, 2025, from https://scosta.gov.in/ministry-of-labor-and-employment-rsby.*

State Health Agency, Kerala. (n.d.). *Karunya Arogya Suraksha Padhathi (KASP).* Government of Kerala. https://sha.kerala.gov.in/?page_id=110&lang=en

Wagstaff, A., & van Doorslaer, E. (2003). Catastrophe and impoverishment in paying for health care: With applications to Vietnam 1993-1998. *Health Economics,* 12(11), 921-933. https://doi.org/10.1002/hec.776

കേരള ഇക്കോണമി
പുസ്തകം 6 ലക്കം 4
ഒക്ടോബർ– ഡിസംബർ 2025

GIFT GULATI INSTITUTE OF FINANCE AND TAXATION

# വിലനിർണ്ണയത്തിലെ സ്ത്രീ– പുരുഷ വേർതിരിവും ഉപഭോക്താക്കളുടെ തീരുമാനവും : പിങ്ക് നികുതിയുടെ പശ്ചാത്തലത്തിൽ ഒരു പഠനം

കൂട്ടാല കാവ്യ അയ്യർ, ഡോ. ഹസീന അക്ബർ

**സംഗ്രഹം**

വ്യക്തിഗത ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഒരേ തരത്തിലുള്ള ഉത്പന്നങ്ങളുടെ വിപണിയിൽ ലിംഗപരമായ വേരിതിരിവിന്റെ അടിസ്ഥാനത്തിലുള്ള വിലനിർണ്ണയ രീതിയാണ് ഈ പഠനം പരിശോധിക്കുന്നത്. ആമസോൺ, നൈക്ക എന്നീ ഓൺലൈൻ വിപണന പ്ലാറ്റുഫോമുകൾ വഴി വിറ്റഴിക്കപ്പെടുന്ന റേസർ, സുഗന്ധ ഉത്പന്നങ്ങൾ എന്നിവയെ കേന്ദ്രീകരിച്ചാണ് ഈ പഠനം നടത്തിയിരിക്കുന്നത്. എ എൻ ഒ വി എ (അനോവ) എന്ന സങ്കേതം ഉപയോഗിച്ച് നടത്തിയ പഠനത്തിൽ ഈ പ്ലാറ്റ്ഫോമുകൾ തമ്മിൽ വിലയുടെ കാര്യത്തിൽ പ്രകടമായ വ്യത്യാസം കാണാൻ കഴിയുന്നുണ്ട്. പ്രത്യേകിച്ച് നൈക്കയിൽ. എന്നാൽ ഇക്കാര്യത്തിൽ ലിംഗപരമായ ശക്തമായ ഒരു വ്യത്യാസം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പഠനത്തിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന് ഉപഭോക്തതാക്കൾക്കിടയിൽ ഒരു സർവേ നടത്തുകയുണ്ടായി. ഉപഭോക്താക്കളുടെ ക്ലസ്റ്റർ രൂപീകരിച്ച് നടത്തിയ വിശകലനത്തിൽ നിന്നും മനസിലാക്കാൻ കഴിഞ്ഞത് വില, വാങ്ങുന്ന രീതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ മൂന്ന് തരത്തിലുള്ള ഉപഭോക്താക്കളാണ് ഉള്ളതെന്നാണ്. റിഗ്രഷൻ വിശകലനം വ്യക്തമാക്കിയത് ഉപഭോക്താക്കളുടെ താല്പര്യങ്ങൾ, വൈയക്തികമായ നിലപാടുകൾ തുടങ്ങിയ ഘടകങ്ങൾ വാങ്ങലിനെ സ്വാധീനിക്കുന്നുണ്ട് എന്നാണ്. എന്നാൽ ഉത്പന്നങ്ങളെ കുറിച്ചുള്ള ധാരണ, പ്രതീക്ഷ തുടങ്ങിയ ഘടകങ്ങൾ ഉപഭോക്താക്കളെ അത്രകണ്ട് സ്വാധീനിക്കുന്നില്ല. അതായത് ഉപഭോക്താക്കളുടെ രീതികളിൽ കൂടുതൽ പ്രകടമാകുന്നത് അവരുടെ സ്വാഭാവികമായ ഇഷ്ടങ്ങളും താല്പര്യങ്ങളും തന്നെയാണ്. വിപണത്തിന്റെ കാര്യത്തിൽ കമ്പനികൾ സ്വീകരിക്കുന്ന പരസ്യങ്ങൾ അടക്കമുള്ള തന്ത്രങ്ങളെ ചെറുക്കുവാനും അവർ ശ്രമിക്കുന്നതായി കാണാം. ഓൺലൈൻ വിപണന കമ്പനികൾ വിലയുടെ കാര്യത്തിൽ സ്വീകരിക്കുന്ന ലിംഗപരമായ വേർതിരിവുകളും അതിനോടുള്ള ഉപഭോക്താക്കളുടെ പ്രതികരണവുമാണ് ഈ പഠനത്തിൽ പ്രധാനമായി പരിശോധിക്കപെടുന്നത്.

***ചില പ്രധാന വാക്കുകൾ –*** *പിങ്ക് നികുതി, വിലയുടെ കാര്യത്തിലെ ലിംഗപരമായ വേർതിരിവ്, ഉപഭോക്താക്കളുടെ പെരുമാറ്റം, മിതമായ വിലയെ കുറിച്ചുള്ള ധാരണ, ആമസോൺ, നൈക്ക, ഇ – കോമേഴ്സ്, അനോവ, ക്ലസ്റ്റർ വിശകലനം.*

**1. ആമുഖം**

ഉപഭോക്തൃ ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ കണ്ട് വരുന്ന വിലനിർണ്ണയത്തിന്റെ കാര്യത്തിലെ ലിംഗപരമായ വേർതിരിവിനെയാണ് പിങ്ക് നികുതി എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ വിഷയം സാമ്പത്തിക രംഗത്തും ഒപ്പം സാമൂഹ്യ മേഖലയിലും കാര്യമായ ശ്രദ്ധ പിടിച്ചു പറ്റിയിട്ടുണ്ട്. അതായത് സ്ത്രീകൾ ഉപയോഗിക്കുന്ന സാധനങ്ങൾക്ക് പുരുഷന്മാർ ഉപയോഗിക്കുന്ന സമാനമായ ഉത്പന്നങ്ങളെക്കാൾ കൂടുതൽ വില ഈടാക്കുന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത് (വിഷാർട്ട്, 2024). വ്യക്തിഗത ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഉത്പന്നങ്ങളുടെ കാര്യത്തിലാണ് ഈ പ്രവണത കൂടുതലായി കണ്ടുവരുന്നത്. റേസർ, ഷാംപൂ, സൗന്ദര്യ വർധക ഉത്പന്നങ്ങൾ തുടങ്ങിയ സാധനങ്ങൾ ഈ പ്രവണതക്ക് ഉദാഹരണമായി ചൂണ്ടിക്കാണിക്കുവാൻ കഴിയും (പ്രമേസ്റ്റി, 2024). ഇത്തരം ഉത്പന്നങ്ങളുടെ ആകർഷകമായ പായ്ക്കിങ്, വിപണന തന്ത്രങ്ങൾ, സാമൂഹ്യമായ ചില ധാരണങ്ങൾ തുടങ്ങിയ പല കാര്യങ്ങളും ഇത്തരത്തിൽ സ്ത്രീകളുടെ ഉൽപ്പന്നങ്ങൾക്ക് ഉയർന്ന വില ഈടാക്കുന്നതിന് കാരണമാകുന്നുണ്ട് (ഡസ്റ്ററാസ്, 2011).

ഈയിടെ നടത്തിയ ചില പഠനങ്ങളും സാമൂഹ്യമാധ്യമങ്ങൾ വഴിയുള്ള പ്രചരണങ്ങളും വഴിയായി ഇത്തരത്തിലുള്ള വിലനിർണയ രീതികൾ സ്ത്രീകൾക്ക് കൂടുതൽ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നു എന്നത് വ്യക്തമാക്കുന്നതാണ്. പിങ്ക് നികുതി സ്ത്രീകളുടെ മേൽ കൂടുതൽ സാമ്പത്തിക ഭാരം അടിച്ചേൽപ്പിക്കുന്നത് പോലെ ലിംഗപരമായ വേർതിരിവുകൾ അടിച്ചേൽപ്പിക്കുക കൂടി ചെയ്യുന്നുണ്ട്. ഇത്തരത്തിൽ സ്ത്രീകളുടെ ഉത്പന്നങ്ങൾക്ക് അമിത വില ഈടാക്കുന്നതിനെതിരെ നിയമനിർമ്മാണം വേണമെന്നാണ് അന്താരാഷ്ട്ര തലത്തിലുള്ള ഉപഭോക്തൃ സംഘടനകൾ ശക്തമായി വാദിക്കുന്നത്. സ്വീഡൻ പോലുള്ള ചില രാജ്യങ്ങൾ ഇക്കാര്യത്തിൽ നടപടികളുമായി രംഗത്ത് വന്നിട്ടുണ്ട് (കാർഡെറ്റോഫ്റ്റ്, ഹിഷ്മതി, 2022). ജനങ്ങളിൽ നിന്നുള്ള ശക്തമായ എതിർപ്പുകൾ കാരണം ചില കമ്പനികൾ ഇത്തരം നീക്കങ്ങളിൽ നിന്നും പിന്തിരിഞ്ഞിട്ടുണ്ട്. ഡോവ്, ഗില്ലറ്റ് തുടങ്ങിയ ബ്രാൻഡുകൾ ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഈ പ്രശ്നം ഉപഭോക്താക്കളുടെ വാങ്ങുന്ന രീതികളിൽ എന്ത് പ്രതികരണമാണ് ഉളവാക്കുന്നതെന്ന ചോദ്യം ഉയരുന്നുണ്ട്. പ്രത്യേകിച്ച് ഓൺ ലൈൻ വിപണന രംഗത്ത് . ഈ രംഗത്ത് ഉണ്ടായിട്ടുള്ള പഠനങ്ങളിൽ അധികവും സാമ്പ്രദായിക വിപണന രീതികളുമായി ബന്ധപ്പെട്ടവയാണ്. എന്നാൽ ഓൺ ലൈൻ ബിസിനസ് മേഖലയുടെ കടന്നുവരവും അതിവേഗത്തിലുള്ള വളർച്ചയും ഇതിന് കൂടുതൽ പ്രാധാന്യം കൈവരുത്തുന്നുണ്ട്. ആമസോൺ, നൈക്ക എന്നീ ഓൺ ലൈൻ പ്ലാറ്റുഫോമുകളെ എടുക്കുമ്പോൾ വില നിർണയത്തിന്റെ കാര്യത്തിൽ വൈരുധ്യമാർന്ന ചിത്രമാണ് നൽകുന്നത്. അതുകൊണ്ട് ഈ രണ്ടു പ്ലാറ്റ്ഫോമുകളെ അടിസ്ഥാനമാക്കി പഠനം നടത്തുന്നത് വിലയുടെ കാര്യത്തിലെ ലിംഗപരമായ വേർതിരിവിനെ കുറിച്ച് കൂടുതൽ ഉൾക്കാഴ്ച നൽകുന്നതാണ്.

**പിങ്ക് നികുതി – ഒരു അവലോകനം**

സ്ത്രീകൾക്ക് ആവശ്യമായ ഉത്പന്നങ്ങൾക്കും സേവനങ്ങൾക്കും കൂടുതൽ വില ഈടാക്കുന്ന രീതിയെയാണ് പൊതുവെ പിങ്ക് നികുതി എന്നത് കൊണ്ട് വിവക്ഷിക്കുന്നത്. സാമ്പത്തികമായ കാരണങ്ങൾ മാത്രമല്ല സാമൂഹ്യവും സാംസ്കാരികവുമായ ഘടകങ്ങൾ ഈ വിലനിർണ്ണയ രീതിയെ സ്വാധീനിക്കാറുണ്ട്.

തൊണ്ണൂറുകളിൽ അമേരിക്കയിലാണ് ഈ വിഷയം ശക്തമായി ഉയർന്നു വന്നത്. റേസറുകൾ, വ്യക്തിഗത സൗന്ദര്യ വർധക ഉത്പന്നങ്ങൾ തുടങ്ങിയ സാധനങ്ങൾ കൂടാതെ മുടി വെട്ടൽ, ഡ്രൈ ക്ളീനിങ് തുടങ്ങിയ പല സേവനങ്ങളുടെ കാര്യത്തിലും സ്ത്രീകളിൽ നിന്ന് കൂടുതൽ വിലയീടാക്കുന്നു എന്നത് വ്യക്തമാവുകയുണ്ടായി (ലാഫെർട്ടി, 2019). ഇതേതുടർന്ന് അമേരിക്കയിൽ ചില നിയമനിർമ്മാണങ്ങൾ ഉണ്ടായി. ജൻഡർ ടാക്സ് റിപ്പീൽ ആക്റ്റ് ഇതിന് മികച്ച ഉദാഹരണമാണ് (പ്രമേസ്റ്റി, 2024).

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഈ വിഷയത്തിൽ കൂടുതൽ ചർച്ചകൾ ഉയർന്നു വന്നു. സാമൂഹ്യമായ ചില ധാരണകളും, വിപണന തന്ത്രങ്ങളും ഈ പ്രവണതയെ എങ്ങനെ സ്വാധീനിക്കുന്നു എന്നത് ചർച്ചാവിഷയമായി മാറുകയുണ്ടായി. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ അടക്കമുള്ള കാര്യങ്ങളിൽ സ്ത്രീകളിൽ നിന്നും കൂടുതൽ പണം ഈടാക്കുന്നതായി ചില പഠനങ്ങളിൽ നിന്നും വ്യക്തമായിട്ടുണ്ട്.

ഈ നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ കൂടുതൽ പഠനങ്ങൾ ഈ വിഷയത്തിൽ ഉണ്ടായി. അതിൽനിന്നും കണ്ടെത്താൻ കഴിഞ്ഞ കാര്യം സ്ത്രീകളുടെ ഉത്പന്നങ്ങൾക്ക് ശരാശരി ഏഴു ശതമാനം വരെ വിലക്കൂടുതൽ ഉണ്ടെന്നാണ്. റേസർ, ഷാംപൂ, സൗന്ദര്യവർദ്ധക ഉത്പന്നങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ഇത് കൂടുതൽ പ്രകടമായിരുന്നു (വിഷാർട്ട്, 2024). സ്ത്രീകളുടെ ആർത്തവകാല സംരക്ഷണ ഉത്പന്നങ്ങൾക്ക് പലപ്പോഴും ആഡംബര നികുതി ചുമത്തുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. കെനിയ, ഇന്ത്യ, കാനഡ, ജർമനി പോലുള്ള രാജ്യങ്ങൾ ഇത്തരം നികുതികൾ ഒഴിവാക്കുകയുണ്ടായി (പ്രമേസ്റ്റി, 2024).

ഇത് സാംസ്കാരികമായ തലങ്ങളുടെ അടിസ്ഥാനത്തിലും മാർക്കറ്റിംഗ് തന്ത്രങ്ങളുടെ ഫലമായും ഓരോ രാജ്യങ്ങളിലും വ്യത്യസ്തമാണെന്ന് കാണാം. ഉപഭോഗ ശൈലിയുടെ കാര്യത്തിൽ ഇത്തരത്തിൽ സ്ത്രീ-പുരുഷ വ്യത്യാസം പ്രകടമാണെന്ന് ഇൻഡോനേഷ്യ, സ്വീഡൻ എന്നീ രാജ്യങ്ങളിൽ നടത്തിയ കേസ് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ വ്യക്തമായിട്ടുണ്ട് (ബർണാഡ്, 2022, കാർഡെറ്റോഫ്ട്, ഹഷ്മതി, 2022). വൻകിട കമ്പനികളുടെ ബ്രാൻഡിംഗ് തന്ത്രങ്ങളും സ്ത്രീകളുടെ ഉത്പന്നങ്ങളുടെ ഉയർന്ന വിലയ്ക്ക് കാരണമായിട്ടുണ്ട്. (വിഷാർട്ട്, 2024).

ഉപഭോക്തൃ രീതികളുടെ വിവരങ്ങൾ ശേഖരിച്ച് നടത്തിയ പഠനങ്ങളിൽ സമ്മിശ്രമായ ഫലങ്ങളാണ് കണ്ടെത്തുവാൻ കഴിഞ്ഞത്. സൗന്ദര്യ വർധക ഉത്പന്നങ്ങളുടെ കാര്യത്തിൽ സ്ത്രീകൾ ഉയർന്ന വില നൽകേണ്ടി വന്നപ്പോൾ റേസർ അടക്കമുള്ള ചില ഉത്പന്നങ്ങൾക്ക് പുരുഷന്മാർ കൂടുതൽ വില നൽകേണ്ടി വരുന്നതായി കണ്ടെത്തിയിട്ടുണ്ട്. മനഃപൂർവമായുള്ള വേർതിരിവല്ല മറിച്ച് വിപണന രംഗത്തെ തന്ത്രങ്ങളാണ് പലപ്പോഴും ഇതിന് കാരണമാകുന്നത് (വിൻസന്റ് ഡി ഉർക്സ, കുക്ക്, 2020).

ബ്രാൻഡിംഗ്, ഉത്പന്നത്തെ വേർതിരിച്ചറിയുന്നതിനുള്ള തന്ത്രങ്ങൾ തുടങ്ങിയ പല ഘടകങ്ങളും ഇത്തരത്തിൽ വില നിർണ്ണയിക്കുന്നതിനെ സ്വാധീനിക്കുന്നുണ്ട് (ബേൺസ്, 2022). പൊതുവെ പിങ്ക് നികുതി സ്ത്രീകളെ ബാധിക്കുന്നതാണ് എന്നാണ് കാണുന്നതെങ്കിലും പുരുഷന്മാരും ഇതേ പ്രശ്നം നേരിടുന്നതായി പരാതിപ്പെടുന്നുണ്ട്. 'നീല നികുതി ' (ബ്ലൂ ടാക്സ്) എന്നാണ് ഇത് അറിയപ്പെടുന്നത്. ഉദാഹരണത്തിനു പുരുഷന്മാർക്ക് ആവശ്യമായ സൗന്ദര്യ വർധക ഉൽപ്പന്നങ്ങൾ, കേശ സംരക്ഷണ ഉത്പന്നങ്ങൾ, വസ്ത്രങ്ങൾ തുടങ്ങിയ പല ഉൽപ്പന്നങ്ങളും ഉയർന്ന വിലയ്ക്കാണ് വിൽക്കപ്പെടുന്നത്

(സിയോങ്, 2024, ഭാട്ടിയ, 2021). അതുകൊണ്ട് ഇത്തരത്തിൽ വിലയിൽ കണ്ട് വരുന്ന വേർതിരിവ് സ്ത്രീകളെയും പുരുഷന്മാരെയും ഒരുപോലെ ബാധിക്കുന്നുണ്ട് എന്ന് കാണാം.

**പഠനരീതി**

വിവിധ വിധത്തിലുള്ള പഠന രീതികളാണ് ഈ പഠനത്തിൽ അവലംബിച്ചിരിക്കുന്നത്. ആമസോണിലും നൈക്കയിലും വിൽക്കുന്ന 16 സൗന്ദര്യ വർധക ഉത്പന്നങ്ങൾ, പുരുഷന്മാരുടെ 10 റേസറുകൾ , സ്ത്രീകൾക്കായുള്ള 6 റേസറുകൾ എന്നീ ഉത്പന്നങ്ങളാണ് ആദ്യ ഘട്ടമായി തിരഞ്ഞെടുത്തിരിക്കുന്നത്. ബ്രാൻഡ്, തൂക്കം, വില്പന പ്ലാറ്റ്ഫോം തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ 16 ഉൽപ്പന്ന ജോഡികളെ ആധാരമാക്കിയാണ് ഈ പഠനം. ഇത് ഒരു നിയന്ത്രിതമായ രീതിയാണ്. ഉത്പന്നങ്ങളുടെ വൈജാത്യം പരമാവധി കുറയ്ക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. കൃത്യമായ ചോദ്യാവലിയുടെ അടിസ്ഥാനത്തിലുള്ള ഉപഭോക്തൃ സർവേയാണ് രണ്ടാമത്തെ ഭാഗം. ക്ലസ്റ്റർ വിശകലനം , റിഗ്രഷൻ വിശകലനം തുടങ്ങിയ രീതികളും അവലംബിച്ചിട്ടുണ്ട്.

**വില സംബന്ധിച്ച വിശകലനം**

അനോവ ടെസ്റ്റ് ആണ് ഈ പഠനത്തിൽ വിലയിലെ അന്തരം മനസിലാക്കുന്നതിനായി ഉപയോഗിച്ചിരിക്കുന്നത്. രണ്ടു ഓൺ ലൈൻ പ്ലാറ്റ്ഫോമുകളിൽ വിൽക്കുന്ന ഡിയോഡറന്റ്, റേസർ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ താരതമ്യ പഠനമാണ് ഈ ടെസ്റ്റുകൾ ഉപയോഗിച്ച് നടത്തിയിരിക്കുന്നത്.

**ക്ലസ്റ്റർ വിശകലനം**

ഇത്തരത്തിൽ വിലയുടെ കാര്യത്തിലുള്ള ലിംഗഭേദത്തെ ഉപഭോക്താക്കൾ എപ്രകാരമാണ് സ്വീകരിക്കുന്നത് എന്ന് മനസിലാക്കുന്നതിന് ക്ലസ്റ്റർ വിശകലന രീതി ഉപയോഗിച്ചിട്ടുണ്ട്. സർവേയിൽ നിന്നും ലഭ്യമായ വിവരങ്ങളാണ് ഇതിന് ഉപയോഗിച്ചിട്ടുള്ളത്. ഉപഭോക്താവിന്റെ പല തട്ടുകളിലായുള്ള പ്രതികരണങ്ങൾ മനസിലാക്കുന്നതിന് ലികേർട്ട് സ്കെയിൽ എന്ന സങ്കേതം ഉപയോഗിച്ചിട്ടുണ്ട്. വിലയുടെ കാര്യത്തിലെ ലിംഗഭേദം, ഉത്പന്നങ്ങളുടെ വിലയെ കുറിച്ചുള്ള ധാരണ, ഉൽപ്പന്നത്തോടുള്ള ഉപഭോക്താക്കളുടെ താല്പര്യം, സമാനമായ മറ്റു ഉത്പന്നങ്ങളോടുള്ള പ്രതികരണം തുടങ്ങിയ കാര്യങ്ങളാണ് ഇവിടെ പരിഗണിച്ചിട്ടുള്ളത്. ക്ലസ്റ്റർ വിശകലനത്തിൽ 11 കാര്യങ്ങളാണ് കണക്കിലെടുത്തത്. ബ്രാൻഡ് ലോയൽറ്റി, വിലയോടുള്ള പ്രതികരണം, ഉത്പന്നങ്ങൾ നൽകുന്ന സംതൃപ്തി തുടങ്ങിയ ഘടകങ്ങൾ ഇവയിൽ പ്രധാനപ്പെട്ടവയാണ്. ക്ലസ്റ്ററിങ് അൽഗോരിതം പ്രയോജനപ്പെടുത്തിയാണ് ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തിട്ടുള്ളത്.

**റിഗ്രഷൻ വിശകലനം**

ഈ വിഷയത്തിൽ ഉപഭോക്താക്കളുടെ രീതി മനസിലാക്കുന്നതിന് മൾട്ടിപ്പിൾ ലീനിയർ റിഗ്രഷൻ വിശകലനം നടത്തുകയുണ്ടായി. ഒരു ഉല്പന്നത്തിന്റെ ഏതുതരത്തിലുള്ള പ്രത്യേകതകളാണ് വിലയുടെ കാര്യത്തിൽ ലിംഗപരമായ വേർതിരിവുകൾ വരുമ്പോൾ തീരുമാനമെടുക്കുന്ന കാര്യത്തിൽ ഉപഭോതാക്കളെ സ്വാധീനിക്കുന്നത് എന്നത് മനസിലാക്കുകയാണ് ഇതിന്റെ ലക്ഷ്യം.

ഇവിടെ ഡിപ്പൻഡന്റ് വേരിയബിൾ എന്നത് യഥാർത്ഥത്തിൽ എന്ത് തീരുമാനമാണ് എടുക്കുന്നത് എന്നതാണ്. അതായത് വില കുറവുള്ള ഉത്പന്നം വാങ്ങുക, ലിംഗപരമായ

വേർതിരിവ് ഇല്ലാതെ എല്ലാവർക്കും സ്വീകാര്യമായ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുക തുടങ്ങിയ തീരുമാനങ്ങൾ ഇതിന്റെ ഭാഗമാണ്. ഇത്തരത്തിലുള്ള തീരുമാനങ്ങളുടെ ആവർത്തനത്തിൽ നിന്നും ഒരു നിഗമനത്തിൽ എത്തിച്ചേരാൻ കഴിയുന്നു. എന്നാൽ സ്വതന്ത്ര (ഇൻഡിപെൻഡന്റ്) വേരിയബിൾ അഞ്ചെണ്ണം ഉണ്ടെന്ന് നമുക്ക് കാണാം. പിങ്ക് നികുതി, വിലയോടുള്ള പ്രതികരണം, മിതമായ വിലനിലവാരം, ഉപഭോക്താവിന്റെ ചോദനകൾ, വാങ്ങുന്നതിനുള്ള താൽപ്പര്യം എന്നിവയാണ് അത്.

ഇക്കാര്യത്തിൽ ഒരു പൊതുവായ മാതൃക താഴെയുള്ള സമവാക്യത്തിൽ കാണാം.

$$Y=\beta_0+\beta_1 X_1+\beta_2X_2+\beta_3X_3+\beta_4 X_4+\beta_5X_5+\varepsilon$$

ഉപഭോക്താക്കളുടെ പെരുമാറ്റത്തെ വിലയിരുത്തുന്നതിന് ഈ വിശകലനം ഒരു മികച്ച അടിത്തറയായി മാറുന്നു.

**ഫലങ്ങൾ**

**ഇ – കോമേഴ്സ് വിൽപ്പനയിൽ വില നിർണ്ണയത്തിലെ ലിംഗപരമായ വ്യത്യാസങ്ങൾ**

*സ്ഥിതിവിവരക്കണക്കുകളുടെ വിശദാംശങ്ങൾ*

പുരുഷന്മാർക്ക് വേണ്ടിയുള്ള സൗന്ദര്യ വർധക ഉൽപ്പങ്ങളുടെ ആമസോണിലെ ശരാശരി വില 188.38 രൂപയാണ്. സ്ത്രീകളുടെ കാര്യത്തിൽ ഇത് 178.38 രൂപയാണ്. നൈക്ക എടുത്താൽ ഇത് യഥാക്രമം 223 രൂപയും 221.44 രൂപയുമാണ്. സ്ത്രീകളുടെ കാര്യത്തിൽ രണ്ടു പ്ലാറ്റ്ഫോമുകളിലും കണ്ടത് ഉയർന്ന സ്റ്റാൻഡേഡ് ഡീവിയേഷനാണ്. വിലയിലുള്ള ഏറ്റക്കുറച്ചിൽ കൂടുതൽ പ്രകടമാണ് എന്നർത്ഥം. റേസർ എടുത്താൽ പുരുഷന്മാരുടേതിന് ആമസോണിൽ ശരാശരി വില 171.3 രൂപയും സ്ത്രീകളുടെ 235 രൂപയുമാണ്. നൈക്കയിൽ ഇത് യഥാക്രമം 190.1 രൂപയും 290.33 രൂപയുമാണ്. നൈക്കയിൽ സ്ത്രീകളുടെ റേസറിന്റെ വില 98 രൂപ മുതൽ 645 രൂപ വരെയാണ്. നോർമാലിറ്റി ടെസ്റ്റ് സൂചിപ്പിക്കുന്നത് നൈക്കയിൽ സ്ത്രീകളുടെ സൗന്ദര്യ വർധക വസ്തുക്കൾ ഒഴികെയുള്ളവയുടെ കാര്യത്തിൽ സാധാരണ സ്ഥിതിയിൽ നിന്നും അല്പം (നോർമ്മലിറ്റി) വ്യതിയാനം ഉണ്ട് എന്നാണ് (പട്ടിക 1).

*വില വ്യതിയാനത്തിന്റെ പരിശോധന*

ആമസോൺ, നൈക്ക എന്നീ പ്ലാറ്റ്ഫോമുകളിലെ വിലയിലെ വേർതിരിവ് മനസിലാക്കുന്നതിനായി അനോവ ടെസ്റ്റ് നടത്തുകയുണ്ടായി. ഇക്കാര്യത്തിലെ ഓരോ പ്ലാറ്റഫോമിലെയും വില വ്യത്യാസം വിലയിരുത്തുന്നതിനായി മറ്റൊരു ടെസ്റ്റും നടത്തുകയുണ്ടായി. പുരുഷന്മാരുടെ സൗന്ദര്യ വർധക ഉൽപ്പങ്ങളുടെ കേസിൽ ആമസോണിന്റെ വില നൈക്കയെക്കാൾ ഏറെ താഴെയാണ് (എഫ് = 6.689, പി = 0.0015). സമാനമായ നിലയാണ് സ്ത്രീകളുടെ ഇത്തരം ഉൽപ്പന്നങ്ങളുടെ കാര്യത്തിലും കണ്ടത്. ആമസോണിൽ തന്നെയാണ് ഇക്കാര്യത്തിലും വിലക്കുറവ് (എഫ് = 5.270, പി = 0.0029). എന്നാൽ സ്ത്രീകളുടെയും പുരുഷൻമാരുടെയും റേസറിന്റെ കാര്യത്തിൽ പ്ലാറ്റ്ഫോമുകൾ തമ്മിൽ കാര്യമായ വ്യത്യാസം കാണാൻ കഴിഞ്ഞില്ല (എഫ് = 0.640, പി = 0 .639).

**Table 1:-** Descriptive Statistics

| Group | N | Mean | Median | Mode | SD | Min | Max | Skewness | Kurtosis | Normality (p) |
|---|---|---|---|---|---|---|---|---|---|---|
| Amazon Deo Men | 16 | 188.38 | 192.5 | 143 | 33.91 | 143 | 245 | 0.07 | -1.38 | 0.1841 |
| Amazon Deo Women | 16 | 178.38 | 161.5 | 156 | 51.7 | 112 | 307 | 1.03 | 0.48 | 0.0882 |
| Nykaa Deo Men | 16 | 223 | 215.5 | 177 | 41.45 | 169 | 299 | 0.45 | -0.97 | 0.2603 |
| Nykaa Deo Women | 16 | 221.44 | 210 | 177 | 54.39 | 169 | 369 | 1.32 | 1.32 | 0.0151 |
| Amazon Razor Men | 10 | 171.3 | 166 | 80 | 52.56 | 80 | 243 | -0.12 | -0.96 | 0.7366 |
| Amazon Razor Women | 6 | 235 | 208 | 88 | 162.13 | 88 | 470 | 0.33 | -1.48 | 0.1298 |
| Nykaa Razor Men | 10 | 190.1 | 181 | 89 | 52.57 | 89 | 278 | -0.1 | -0.04 | 0.7332 |
| Nykaa Razor Women | 6 | 290.33 | 237.5 | 98 | 228.44 | 98 | 645 | 0.49 | -1.22 | 0.1245 |

*Source: Author's calculation*

ഇതിലെ ലിംഗപരമായ താരതമ്യം കാണിക്കുന്നത്, സൗന്ദര്യ വർധക ഉൽപ്പന്നങ്ങളുടെ കേസിൽ ആമസോണിൽ വിലയുടെ കാര്യത്തിൽ സ്ത്രീ – പുരുഷ വ്യത്യാസം പ്രകടമായി കണ്ടില്ല എന്നാണ് (എഫ് = 0.420, പി = 0.523). റേസറിന്റെ കാര്യത്തിലും വ്യത്യാസം പ്രകടമല്ല (എഫ് = 1.360, പി = 0.263). നൈക്കയെടുത്താൽ ഈ രണ്ടു ഉൽപ്പന്നങ്ങളുടെ കാര്യത്തിലും കാര്യമായ വ്യത്യാസം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല (എഫ് 0.010, പി = 0.928), (എഫ് = 1.850, പി = 0.196) (പട്ടിക 2).

142 പേരിൽ നിന്നാണ് പഠനത്തിന് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചത്. ഇതിൽ 97 പേർ സ്ത്രീകളും 45 പേർ പുരുഷന്മാരുമാണ്. 77 പേർ ബിരുദാനന്തര ബിരുദമുള്ളവരാണ്. ഡിഗ്രി വരെ വിദ്യാഭ്യാസമുള്ളവർ 43 പേർ. 22 പേർ ഹൈസ്കൂൾ വിദ്യാഭ്യാസമുള്ളവരുമാണ്. തൊഴിലിന്റെ കാര്യമെടുത്താൽ 66 പേർ തൊഴിൽരഹിതരാണ്. ഇതിൽ വീട്ടമ്മമാരും വിദ്യാർത്ഥികളും ഉൾപ്പെടുന്നുണ്ട്. വരുമാനമില്ലാത്ത, റിട്ടയർ ചെയ്ത ആളുകളും ഇതിലുൾപ്പെടുന്നു. 37 പേർ മുഴുവൻ സമയ ജോലിക്കാരാണ്. 25 പേർ സ്വയം തൊഴിൽ കണ്ടെത്തിയവരും എട്ടു പേർ റിട്ടയർ ചെയ്തെങ്കിലും വരുമാനമുള്ളവരുമാണ്. ആറ് പേർ പാർട്ട് ടൈം ജോലി ചെയ്യുന്നവരാണ്.

നഗരങ്ങളിൽ താമസിക്കുന്നവരാണ് സർവേയിൽ പങ്കെടുത്തവരിൽ അധികം പേരും, 106 പേർ. അർദ്ധനഗര പ്രദേശങ്ങളിൽ നിന്നും 28 പേരും ഗ്രാമങ്ങളിൽ നിന്ന് എട്ടു പേരുമാണ് സർവേയിൽ പങ്കെടുത്തത്.

**Table 2:**- ANOVA Results

| Comparison | F-value | p-value | Significant |
|---|---|---|---|
| Amazon vs Nykaa - Deodorant (Men) | 6.69 | 0.015 | Yes |
| Amazon vs Nykaa - Deodorant (Women) | 5.27 | 0.029 | Yes |
| Amazon vs Nykaa - Razor (Men) | 0.64 | 0.434 | No |
| Amazon vs Nykaa - Razor (Women) | 0.23 | 0.639 | No |
| Men vs Women - Amazon (Deodorant) | 0.42 | 0.523 | No |
| Men vs Women - Amazon (Razor) | 1.36 | 0.263 | No |
| Men vs Women - Nykaa (Deodorant) | 0.01 | 0.928 | No |
| Men vs Women - Nykaa (Razor) | 1.85 | 0.196 | No |

*Source: Author's calculation*

സർവേയിൽ പങ്കെടുത്തവരുടെ ശരാശരി പ്രായം 35.76 വയസാണ്.

**ഉപഭോക്താക്കളുടെ മൂന്ന് വിഭാഗങ്ങൾ**

സർവേയിൽ പങ്കെടുത്തവരെ മൂന്ന് വിഭാഗങ്ങളായി തരം തിരിക്കാൻ കഴിയും.

ഓരോ വിഭാഗത്തിനും വിലയോടുള്ള പ്രതികരണം, ബ്രാൻഡുകളോടുള്ള ആഭിമുഖ്യം, ലിംഗവ്യത്യാസം പ്രകടമാക്കാത്ത തരത്തിലുള്ള ഉൽപ്പന്നങ്ങൾ വാങ്ങുന്ന രീതി എന്നിവയുടെ അടിസ്ഥാനത്തിൽ സമാനതകളുള്ളതായി കാണാം.

**ഉപഭോക്താക്കളുടെ ക്ലസ്റ്റർ ഘടന**

- ക്ലസ്റ്റർ 1 – പ്രായോഗികമായി ചിന്തിക്കുന്നവർ (എണ്ണം 43)

വിലയെ ആധാരമാക്കി തീരുമാനങ്ങളെടുക്കുന്നവരാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. പൊതുവെ തങ്ങളുടെ ലിംഗവിഭാഗത്തിൽ വരുന്ന ഉത്പന്നങ്ങളിൽ താൽപ്പര്യം കാണിക്കുന്ന ഇവർ ലിംഗവ്യത്യാസം ഇല്ലാത്ത ഉത്പന്നങ്ങളെയും പരിഗണിക്കാറുണ്ട്. എന്നാൽ വിലയാണ് തീരുമാനമെടുക്കുന്നതിന് ഇവർ കൂടുതലായി ആധാരമാക്കുന്നത്. പ്രയോഗികതക്ക് മുൻതൂക്കം നൽകുന്ന ഇവർ ബ്രാൻഡുകളെ കൂടി കണക്കിലെടുക്കാറുണ്ട്.

- ക്ലസ്റ്റർ 2 – ലിംഗഭേദം കാണിക്കാത്തവർ, 76 പേർ

ഇവരുടെ കാര്യത്തിൽ വില തന്നെയാണ് പ്രധാന കാര്യം. ഉത്പന്നങ്ങളുടെ കാര്യത്തിൽ ലിംഗപരമായ വ്യത്യാസം പൊതുവെ ഇവർ പരിഗണിക്കാറില്ല. പായ്ക്കിങ്, ഡിസൈൻ തുടങ്ങിയ കാര്യങ്ങൾ മൂലമുള്ള വില വ്യത്യാസത്തെ ഇവർ കണക്കിലെടുക്കുന്നില്ല.

- ക്ലസ്റ്റർ 3 – ബ്രാൻഡുകളോട് പ്രതിപത്തി പുലർത്തുന്നവർ, 23 പേർ

ഈ വിഭാഗത്തിൽ വരുന്നവർ വിലയോ ചെലവുകളോ ഒന്നും പരിഗണിക്കാറില്ല. അവരുടെ ഇഷ്ടങ്ങൾക്കും താല്പര്യങ്ങൾക്കും ഇണങ്ങുന്ന ബ്രാൻഡഡ് ഉത്പന്നങ്ങൾ മാത്രമാണ് അവർ പരിഗണിക്കുന്നത് (പട്ടിക 3).

**Table 3:-** Final Cluster Centres for Consumer Segments

| Variable | Cluster 1 | Cluster 2 | Cluster 3 |
|---|---|---|---|
| Price Response | 2 | 2 | 2 |
| Looks For Price Diffs | 4 | 3 | 2 |
| Importance Price | 3 | 3 | 2 |
| Price Affects Decision | 4 | 4 | 2 |
| Prefer Own Gendered | 4 | 2 | 4 |
| Accept Price Based On Design | 3 | 2 | 3 |
| Likely_Buy_GenderNeutral | 4 | 4 | 3 |
| Buy Without Hesitation | 3 | 4 | 4 |
| Prefer_GenderNeutral_IfAvailable | 4 | 4 | 3 |
| GenderPricingAffectsEquality | 3 | 4 | 2 |
| Support Gender Neutral Pricing | 4 | 4 | 3 |

*Source: Author's Calculation*

അനോവ ടെസ്റ്റ് പ്രകാരം മൂന്ന് വിഭാഗങ്ങൾ തമ്മിൽ വ്യക്തമായ ചില വ്യത്യാസങ്ങൾ കാണാം (പി ഫ 0.05). അതായത് ക്ലസ്റ്ററുകൾ തമ്മിൽ പ്രകടമായ വ്യത്യാസമുണ്ട് (രേഖാചിത്രം 1)

രേഖാചിത്രം 1 പരിശോധിക്കുമ്പോൾ രണ്ടാമത്തെ ക്ലസ്റ്ററാണ് വിവിധ രീതികളുടെ അടിസ്ഥാനത്തിൽ മുന്നിട്ടു നിൽക്കുന്നതെന്ന് കാണാൻ കഴിയും. വിലയുടെ കാര്യത്തിൽ ലിംഗഭേദം ഇല്ലാത്തതിനെയും ഒപ്പം നിലവാരമുള്ള ഉത്പന്നങ്ങളെയും കൂടുതൽ പേർ സ്വാഗതം ചെയ്യുന്നു എന്നർത്ഥം. ഒന്നാമത്തെ ക്ലസ്റ്റർ മിതമായ തരത്തിലുള്ള താല്പര്യം പ്രകടമാക്കുമ്പോൾ മൂന്നാമത്തെ വിഭാഗക്കാർ തങ്ങൾക്ക് താല്പര്യമുള്ള ബ്രാൻഡ് ചെയ്ത ഉത്പന്നങ്ങൾ വാങ്ങുന്ന കാര്യത്തിൽ പിശുക്ക് കാണിക്കുന്നില്ല.

**ഡെറിവേഷൻ രൂപീകരണം**

കൂടുതൽ വിശദമായ വിശകലനം നടത്തുമ്പോൾ ആറ് ഘടകങ്ങളാണ് പ്രത്യേകമായി പരിഗണിക്കുന്നത്. ഉപഭോക്താവ് തീരുമാനമെടുക്കുന്ന കാര്യത്തിൽ ഈ ആറ് ഘടകങ്ങളും കാര്യമായ സ്വാധീനം ചെലുത്തുന്നതായി നമുക്ക കാണാം. 0.69 മുതൽ 0.84 വരെയുള്ള സമ്മർദ്ദമാണ് ഇവ ചെലുത്തുന്നത്. ഇതിന്റെ ഒരു ചുരുക്കമാണ് താഴെ ചേർത്തിരിക്കുന്നത് (പട്ടിക – 4).

വിശദമായ പരിശോധനയിൽ നിന്നും കണ്ടെത്തിയ ആറ് വസ്തുതകൾ മൾട്ടിപ്പിൾ ലീനിയർ റിഗ്രഷന്റെ കാര്യത്തിൽ ഇൻപുട്ട് വേരിയെബിൽ ആയി ഉപയോഗിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ പെരുമാറ്റത്തെ ഇത് എങ്ങനെ സ്വാധീനിക്കുന്നു എന്നതാണ് ഇതിന്റെ അടിസ്ഥാനം.

**Figure 1:-** Radar Plot of Cluster Profiles




*Source: Developed by author based on cluster analysis of primary survey data*

**Table 4 :-** Summary of Extracted Constructs

| Variable | Cluster 1 | Cluster 2 |
|---|---|---|
| Pink Tax Pricing | A1, A2, A3, A4, A5 | 63.42% |
| Price Sensitivity | C2, C3, C4 | 53.41% |
| Price Fairness Perception | D1, D2 | 51.81% |
| Consumer Attitude | E1, E2, E3, E4 | 65.79% |
| Purchase Intention | F1, F2, F3 | 54.03% |
| Actual Behaviour | C1, G1 | 62.49% |

*Source: Author's Calculation*

**ഉപഭോക്തൃ രീതികളെ സ്വാധീനിക്കുന്ന ഘടകങ്ങൾ**

പിങ്ക് നികുതി, വിലയിലെ മാറ്റങ്ങൾ, മിതമായ വിലയെ കുറിച്ചുള്ള ധാരണകൾ, ഉപഭോക്താക്കളുടെ താല്പര്യങ്ങൾ, വാങ്ങുന്നതിനുള്ള ത്വര എന്നീ ഘടകങ്ങൾ യഥാർത്ഥത്തിൽ എങ്ങനെ സ്വാധീനിക്കുന്നു എന്നതിനെ കുറിച്ച് മനസിലാക്കുന്നതിനായി ഒരു മൾട്ടിപ്പിൾ ലീനിയർ റിഗ്രഷൻ നടത്തുകയുണ്ടായി. ഇതിൽ നിന്നും മനസിലാക്കിയത് ആർ = 0.408, ആർ 2 = 0.166, അഡ്ജസ്റ്റഡ് ആർ 2 = 0.135 എന്നിങ്ങനെയാണ്. അതായത് ഉപഭോക്തൃ തീരുമാനങ്ങളെ സ്വാധീനിക്കുന്ന ഘടകങ്ങളിൽ 16.6 ശതമാനവും വിശദീകരിക്കാൻ കഴിയുന്നു എന്നതാണ്. എഫ് = 5.416, പി ഫ 0.001 എന്ന നിലയിൽ റിഗ്രഷൻ വളരെ പ്രധാനപ്പെട്ടതാണെന്ന് മനസിലാക്കാം.

വാങ്ങുന്നതിനുള്ള താല്പര്യം തന്നെയാണ് ഇക്കാര്യത്തിൽ ഏറ്റവും ശക്തമായി വരുന്നത് ($\beta$ =0.324, $p<0.001$) ഏറ്റവും പോസിറ്റീവായ സ്വാധീനം ചെലുത്തുന്നത് ഉപഭോക്താക്കളുടെ താല്പര്യം തന്നെയാണ് ($\beta$=0.193, $p$=0.022). അതായത് ബ്രാൻഡിങ്ങിൽ നടക്കുന്ന ലിംഗപരമായ വേർതിരിവ് വാങ്ങുന്നതിനുള്ള തീരുമാനത്തെ അത്രകണ്ട് സ്വാധീനിക്കുന്നില്ല എന്നർത്ഥം.

വിലയിലെ മാറ്റങ്ങൾ, മിതമായ നിരക്ക്, പിങ്ക് നികുതി തുടങ്ങിയ ഘടകങ്ങൾ ഉപഭാക്താക്കളുടെ നിലപാടുകളെ ഈ മോഡലിൽ കാര്യമായി സ്വാധീനിക്കുന്നില്ല (പട്ടിക 5).

**Table 5:** Regression Coefficients for **Predicting** Actual Consumer Behaviour

| Predictor | β(Standardised) | t-value | p-value | Significance |
|---|---|---|---|---|
| Price Sensitivity | -0.11 | -1.261 | 0.21 | Not Sig. |
| Price Fairness Perception | 0.063 | 0.682 | 0.496 | Not Sig. |
| Consumer Attitude | 0.193 | 2.325 | 0.022 | Sig. |
| Purchase Intention | 0.324 | 3.664 | < 0.001 | Sig. |
| Pink Tax Pricing | -0.025 | -0.3 | 0.764 | Not Sig. |

*Source: Author's Calculation*

വേരിയൻസ് ഇൻഫ്ളേഷൻ ഫാക്ടർ (വി ഐ എഫ്), ടോളറൻസ് മൂല്യം എന്നിവ ഉപയോഗിച്ച് മൾട്ടി കോ ലേനിയറിട്ടി വിലയിരുത്തുകയുണ്ടായി. വി ഐ എഫ് മൂല്യങ്ങളെല്ലാം 1.128 നും 1.397 നുമിടയിലാണ്. അത് പൊതുവെ അംഗീകരിക്കപ്പെടുന്ന പരിധിയായ അഞ്ചിനും താഴെയാണ്. അതായത് മൾട്ടി കോ ലെനിയേരിറ്റി ഇല്ല എന്നർത്ഥം. ഇത് വ്യക്തമാക്കുന്ന മറ്റൊരു വസ്തുത, ക്രിട്ടിക്കൽ ലെവലിനെ അധികരിക്കുന്ന പ്രത്യേക സൂചിക ഇല്ലെന്നതാണ്.

സാധാരണ നിലയിൽ നിന്നും (പി = 0.54) കാര്യമായി റിഗ്രഷൻ പരിശോധനയുടെ ഫലങ്ങൾ വ്യതിചലിക്കുന്നില്ല എന്ന സൂചനയാണ് ഷാപിറോ – വിൽക് ടെസ്റ്റ് സൂചിപ്പിക്കുന്നത്. സ്വാഭാവികമായ നിഗമനങ്ങളെ ഇത് സാധൂകരിക്കുന്നു എന്നർത്ഥം.

സൗന്ദര്യ വർധക ഉത്പന്നങ്ങളുടെ വിലയുടെ കാര്യത്തിൽ ഓൺ ലൈൻ കമ്പനികൾ തമ്മിൽ കാര്യമായ വ്യത്യാസമുണ്ടെന്നാണ് അനോവ വിശകലനത്തിൽ നിന്നും വ്യക്തമാകുന്നത്. ഇക്കാര്യത്തിൽ പുരുഷൻമാരുടെയും സ്ത്രീകളുടെയും ഉത്പന്നങ്ങൾക്ക് നൈക്കയിൽ ആമസോണിനെക്കാൾ വില കൂടുതലാണ്. മുൻ ഗവേഷണങ്ങളിൽ കണ്ടെത്തിയത് പോലെ പ്രീമിയം ബ്രാൻഡിംഗ് ഉൾപ്പടെയുള്ള ഘടകങ്ങൾ വില വർദ്ധനവിന് കാരണമാകുന്നതായി കാണാം (പ്രമേസ്റ്റി, 2024, വിഷർട്ട്, 2024). ഇക്കാര്യത്തിൽ നൈക്ക സ്വീകരിച്ചിട്ടുള്ള വിപണന തന്ത്രങ്ങളും വില ഉയരുന്നതിന് കാരണമായിട്ടുണ്ട്.

എന്നാൽ ഈ രണ്ടു പ്ലാറ്റുഫോമുകളിലും വിലയുടെ കാര്യത്തിൽ ലിംഗപരമായ വേർതിരിവ് അത്ര പ്രകടമായി കണ്ടില്ല. മുൻകാലങ്ങളിൽ നടന്ന പഠനങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു ചിത്രമാണ് ഇത്. ഇത്തരം പഠനങ്ങളിൽ വ്യക്തിപരമായ ആവശ്യങ്ങൾക്കായുള്ള ഉത്പന്നങ്ങളുടെ കാര്യത്തിൽ പ്രകടമായ വ്യത്യാസം കാണുന്നു എന്ന നിഗമനമാണ് ഉണ്ടായിരുന്നത് (സിയോങ്, 2024, ഡസ്റ്ററാസ്, 2011). ഇത്തരത്തിലുള്ള വിലനിർണ്ണയ രീതികൾ ഓരോ ഓൺ ലൈൻ വില്പന സ്ഥാപനങ്ങളും സ്വീകരിക്കുന്ന വിപണന തന്ത്രങ്ങൾക്ക് അനുസൃതമാണ് എന്നാണ് ഈ പഠനത്തിൽ കണ്ടെത്താൻ കഴിഞ്ഞത്. ചില പ്രത്യേക ഇനം ഉത്പന്നങ്ങളുടെ കേസിൽ ഇത് നല്ല തോതിൽ പ്രകടവുമാണ് (ഭാട്ടിയ, 2021).

ഒരു പ്ലാറ്റ്ഫോമിൽ തന്നെ വിലയിൽ വ്യത്യാസം കാണാതിരിക്കുന്നതിന് കാരണം വിവിധ തരത്തിലുള്ള ഉത്പന്നങ്ങളുടെ ശ്രേണിയാണ്. ഇത് വില കാര്യമായി വ്യത്യാസപ്പെടുന്നതിൽ നിന്നും തടയുന്നു. വിപണന ഓൺ ലൈൻ കമ്പനികൾ തമ്മിലുള്ള കടുത്ത മത്സരവും ഇതിന് മറ്റൊരു കാരണമാണ്. നൈക്കയിൽ വില ഉയർന്നതാകുന്നതിന് ഒരു പ്രധാന കാരണം പ്രീമിയം ഉല്പ്പന്നങ്ങളുടെ ശ്രേണി അവർക്ക് കൂടുതലായുണ്ട് എന്നതാണ്. ഇന്ത്യൻ വിപണിയിൽ സ്വാഭാവികമായി നടക്കുന്ന ഒരു മാറ്റമായി ഇതിനെ കാണാം. ഉപഭോക്താക്കൾ കൂടുതൽ അവബോധമുള്ളവരെയതിനാൽ ഇത്തരത്തിൽ ഓൺ ലൈൻ പ്ലാറ്റ്ഫോമുകൾ തമ്മിൽ വിലയിൽ വലിയ തോതിലുള്ള മാറ്റങ്ങൾക്ക് സാധ്യത കുറവാണ്.

**ഉപഭോക്താക്കളുടെ ശ്രേണികളും പെരുമാറ്റവും**

ഉപഭോക്താക്കൾ മൂന്ന് വ്യത്യസ്ത കള്ളികളിലായി വരുന്നു എന്നാണ് ക്ലസ്റ്റർ വിശകലനം വ്യക്തമാക്കുന്നത്. ഇതിൽ ഓരോന്നും വിലയുടെ കാര്യത്തിലുള്ള ഏറ്റക്കുറച്ചിലിനോട് വ്യത്യസ്തമായി തന്നെയാണ് പ്രതികരിച്ചത്.

പ്രായോഗിക വാദികൾ – ഇവരുടെ തീരുമാനങ്ങൾ പൊതുവെ വിലയുമായി ബന്ധപ്പെടുത്തിയാണ് എടുക്കാറുള്ളത്. ഇവർ ഉത്പന്നങ്ങളുടെ ലിംഗപരമായ വേർതിരിവിനെ പിന്തുണക്കുന്നവരല്ല.

ലിംഗപരമായ വ്യത്യാസങ്ങളെ അനുകൂലിക്കാത്തവർ – ഇവരാണ് ഏറ്റവും വലിയ കൂട്ടം. ഇത്തരം വേർതിരിവുകളെ കുറിച്ച് വ്യക്തമായ ബോധ്യമുള്ളവരാണ് ഇവർ. ഇവർ ലിംഗപരമായ ന്യൂട്രലായ ഉത്പന്നങ്ങൾ വാങ്ങുന്നതിനാണ് ഊന്നൽ നൽകുന്നത്.

ബ്രാൻഡ് താൽപ്പര്യം മുറുകെ പിടിക്കുന്നവർ – വിലയെ കുറിച്ച് കാര്യമായ ഉൽക്കണ്ഠയില്ലവരാണ് ഇക്കൂട്ടർ. ബ്രാൻഡ്, ഡിസൈൻ തുടങ്ങിയ കാരണങ്ങൾ കൊണ്ടുള്ള

വില വർധന ഇവർക്ക് പ്രശ്നമല്ല. അതുപോലെ ഉത്പന്നങ്ങളുടെ ലിംഗ വേർതിരിവിന്റെ അടിസ്ഥാനത്തിലുള്ള വിൽപ്പനയെ ഇവർ അനുകൂലിക്കുകയും ചെയ്യുന്നവരാണ്. ഉത്പന്നങ്ങളുടെ ബ്രാൻഡിന് ഇവർ കൂടുതൽ പ്രാമുഖ്യം നൽകുന്നു.

ഉപഭോക്താക്കളുടെ തീരുമാനങ്ങളെ ബ്രാൻഡ് അടക്കമുള്ള വിവിധ ഘടകങ്ങൾ സ്വാധീനിക്കുന്നു എന്ന നിഗമനങ്ങളെ സാധൂകരിക്കുന്നുണ്ട് ഈ കണ്ടെത്തലുകൾ. തുല്യതയെ കുറിച്ച് കൂടുതൽ ബോധ്യമുള്ള രണ്ടാമത്തെ ക്ലസ്റ്ററിലെ ഉപഭോക്താക്കൾ ലിംഗപപരമായി ന്യൂട്രലായ ഉല്പന്നങ്ങളെയാണ് പിന്തുണക്കുന്നത് (കാർഡെറ്റോഫ്റ്റ്, ഹിഷ്മതി, 2022). വിവിധ ക്ലസ്റ്ററുകൾ തമ്മിൽ ഇക്കാര്യത്തിൽ കാണിക്കുന്ന വ്യതിയാനം വ്യക്തമാക്കുന്നത് പല തരത്തിലുള്ള ഘടകങ്ങൾ വാങ്ങുന്നവരെ സ്വാധീനിക്കുന്നതാണ്.

ഉത്പന്നങ്ങളെ കുറിച്ചുള്ള അവബോധം, അതിനെ കുറിച്ചുള്ള ധാരണകൾ, വ്യക്തിപരമായ കാരണങ്ങൾ തുടങ്ങിയ ഘടകങ്ങളാണ് ഇത്തരത്തിൽ ഉപഭോക്താക്കളുടെ പല രീതികളിലുള്ള ഗ്രൂപ്പുകൾക്ക് കാരണമാകുന്നത്. ചില വ്യക്തികളുടെ കാര്യത്തിൽ വിദ്യാഭ്യാസം, നഗരവൽകരണം, ഡിജിറ്റൽ അവബോധം തുടങ്ങിയ കാരണങ്ങൾ സ്വാധീനം ചെലുത്തുമ്പോൾ മറ്റു ചിലർ ബ്രാൻഡ് അടക്കമുള്ള ഘടകങ്ങളാണ് പരിഗണിക്കുന്നത്. ഓരോരുത്തരുടെയും വ്യക്തിപരമായ മൂല്യബോധം, ഉൽപ്പന്നങ്ങളെ കുറിച്ചുള്ള അവരുടെ ധാരണകൾ, സ്വഭാവ രീതികൾ തുടങ്ങിയ ഘടകങ്ങൾ ഉപഭോക്താക്കളുടെ തീരുമാനങ്ങളെ സ്വാധീനിക്കുന്ന വിഷയത്തിൽ ഏറെ നിർണ്ണായകമാണെന്ന് നമുക്ക് കാണാം.

**ഉപഭോക്താക്കളുടെ രീതികളെ കുറിച്ചുള്ള പ്രവചനം**

ഒരു ഉത്പന്നം വാങ്ങുന്നതിനുള്ള താൽപ്പര്യം, ഉപഭോക്താവിന്റെ രീതികൾ എന്നിവയാണ് അവരുടെ യഥാർത്ഥ പെരുമാറ്റത്തെ കുറിച്ചുള്ള ധാരണ നൽകുന്നത് എന്നാണ് റിഗ്രഷൻ ഫലങ്ങൾ വ്യക്തമാക്കുന്നത്. സർവേയിൽ പങ്കെടുത്തവർ മുൻവിധികൾ കൂടാതെയാണ് സാധനങ്ങൾ വാങ്ങുന്നത്. ബ്രാൻഡിംഗ്, പരസ്യങ്ങൾ തുടങ്ങിയ കാര്യങ്ങൾ സ്വാധീനിക്കാത്ത ആളുകൾ ഗുണമേന്മയുടെ അടിസ്ഥാനത്തിലാണ് തീരുമാനമെടുക്കുന്നത്. ഉപഭോക്താക്കളുടെ തിരഞ്ഞെടുപ്പിനെ സ്വാധീനിക്കുന്ന ഘടകങ്ങൾ സാധനങ്ങളുടെ സാർവത്രിക സ്വീകാര്യതയും മറ്റുമാണ്. ഇതിനെ അവബോധം, വിശ്വാസം തുടങ്ങിയ കാര്യങ്ങൾ അത്രകണ്ട് സ്വാധീനിക്കുന്നില്ലെന്ന് കാണാം (ബേൺസ്, 2022).

വില, പിങ്ക് നികുതിയെ കുറിച്ചുള്ള ധാരണകൾ തുടങ്ങിയ കാര്യങ്ങൾ അത്രകണ്ട് ശക്തമായ സ്വാധീനം ചെലുത്തുന്നില്ലെന്ന് കാണാം. അതായത് ഭൂരിഭാഗം ഉപഭോക്താക്കളും ലിംഗപരമായ വ്യതിയാനം ഇല്ലാത്ത തരത്തിലുള്ള വില നിർണ്ണയത്തെയാണ് സ്വാഗതം ചെയ്യുന്നത്. സമാനമായ മറ്റു ഉത്പന്നങ്ങൾ ലഭ്യമാകാതിരിക്കുന്നതും സാമൂഹ്യമായ സമ്മർദ്ദങ്ങൾ ഇല്ലാതിരിക്കുമ്പോഴും ഉത്പന്നങ്ങളെ കുറിച്ചുള്ള ധാരണയാണ് തീരുമാനമെടുക്കുന്നതിന് പിന്നിൽ എന്ന നിഗമനത്തോട് യോജിക്കാൻ കഴിയുന്നതല്ല.

വിലയുടെ കാര്യത്തിലെ ലിംഗപരമായ വേർതിരിവിനോട് കൂടുതൽ പേർക്കും യോജിപ്പില്ലെങ്കിലും തങ്ങളുടെ വാങ്ങൽ രീതികളിൽ വലിയ മാറ്റങ്ങൾ വരുത്തുവാൻ പൊതുവിൽ ഉപഭോക്താക്കൾക്ക് താല്പര്യമില്ല എന്നതാണ് വസ്തുത. അതായത് കാര്യങ്ങളെ കുറിച്ചുള്ള അവബോധം ഉണ്ടായിരിക്കുക എന്നതിനുപരി ഉപഭോക്താവിന്റെ മനോനിലയും ഒപ്പം അവരുടെ സ്വാഭാവികമായ താല്പര്യങ്ങളുമാണ് ഉപഭോഗ രീതികളെ നിർണ്ണയിക്കുന്നത് എന്ന് മനസിലാക്കാവുന്നതാണ്.

**ഗവേഷണ സാദ്ധ്യതകൾ, ഉപസംഹാരം**

റേസർ, സൗന്ദര്യവർധക ഉൽപ്പന്നങ്ങൾ എന്നിവയാണ് ഈ പഠനത്തിൽ പഠന വിധേയമാക്കിയത്. തുണിത്തരങ്ങൾ, കോസ്മെറ്റിക് ഉത്പന്നങ്ങൾ തുടങ്ങിയ വിവിധ ഉൽപ്പന്നങ്ങൾ കൂടി പരിഗണിച്ച് വിപുലമായ പഠനത്തിന് സാധ്യതയുണ്ട്. ഇതിനു പുറമെ കൂടുതൽ ഇ – കൊമേഴ്സ് സ്ഥാപനങ്ങളെയും പരമ്പരാഗത രീതിയിലുള്ള ചില്ലറ വിൽപ്പന സ്ഥാപനങ്ങളെയും കൂടി ഇതിന്റെ പരിധിയിലേക്ക് കൊണ്ടുവരാവുന്നതാണ്. ഉൽപ്പന്നങ്ങളുടെ പാക്കേജിങ്, നിറം, ഡിസൈൻ തുടങ്ങിയ കാര്യങ്ങളുടെ സൈക്കോളജിക്കലായ സ്വാധീനത്തെ കുറിച്ചും പഠനങ്ങൾക്ക് സാധ്യതയുണ്ട്. ബ്ലൂ ടാക്സ് അടക്കമുള്ള വിവിധ സാദ്ധ്യതകൾ എപ്രകാരമാണ് ഉപഭോക്താക്കളുടെ തീരുമാനങ്ങളെ സ്വാധീനിക്കുന്നത് എന്ന വിഷയത്തിലും പഠനങ്ങൾ ആകാവുന്നതാണ്.

വ്യക്തിഗതമായ ഉത്പന്നങ്ങളുടെ വില നിർണ്ണയത്തിൽ സ്ത്രീ–പുരുഷ വേർതിരിവ് എങ്ങനെ സ്വാധീനിക്കുന്നു എന്നതാണ് ഈ പഠനത്തിലൂടെ പരിശോധിച്ചത്. ഇതിനോട് ഉപഭോക്താക്കൾ എങ്ങനെ പ്രതികരിക്കുന്നു എന്ന വിഷയവും പരിശോധിക്കുകയുണ്ടായി. ഓൺ ലൈൻ പ്ലാറ്റ്ഫോമുകൾ തമ്മിൽ വിലയുടെ കാര്യത്തിൽ വ്യത്യാസമുണ്ടെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ലിംഗപരമായ വേർതിരിവുകൾ വില നിർണ്ണയിക്കുന്ന കാര്യത്തിൽ അത്ര പ്രകടമായ സ്വാധീനം ചെലുത്തുന്നില്ല എന്നാണ് പഠനത്തിന്റെ നിഗമനം. ആളുകളുടെ തീരുമാനങ്ങളെ പ്രധാനമായും സ്വാധീനിക്കുന്നത് അവരുടെ വ്യക്തിഗതമായ താൽപ്പര്യങ്ങളും ഇഷ്ടങ്ങളുമാണ്. ഉത്പന്നങ്ങൾ, വില തുടങ്ങിയ വിവിധ വശങ്ങളെ കുറിച്ചുള്ള അവരുടെ ധാരണകൾ തീരുമാനമെടുക്കുന്ന കാര്യത്തിൽ അത്ര പ്രസക്തമാകുന്നില്ലെന്നാണ് ഈ പഠനത്തിന്റെ നിഗമനം. വിപണിയിലെ സാഹചര്യങ്ങളെ കുറിച്ചുള്ള നല്ല അവബോധം, ഉത്പന്നങ്ങളുടെ മൂല്യത്തെ അടിസ്ഥാനമാക്കിയുള്ള തിരഞ്ഞെടുപ്പ് എന്നിവ വഴി ഉപഭോക്താക്കൾക്ക് കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയും എന്നും ഈ പഠനം വിലയിരുത്തുകയാണ്.

■

(കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലെ 2023–25 ബാച്ചിലെ എം. എസ് സി ഇക്കണോമെട്രിക്സ് ആൻഡ് ഫിനാൻഷ്യൽ ടെക്നോളജി പ്രോഗ്രാമിലെ വിദ്യാർത്ഥിയാണ് കൂട്ടാല കാവ്യ അയ്യർ. യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് പ്രഫസറാണ് ഡോ. ഹസീന അക്ബർ)

## References

Barnes, K., Brounstein, J., Backus, M., Bombardini, M., Buchmann, N., Chu, B., Compiani, G., Dellavigna, S., Fally, T., Holmes, J., Juarez, L., Kawai, K., Moshary, S., Muñoz, M., Rousille, N., & Vergara, D. (2022). *The Pink Tax: Why Do Women Pay More?* *. https://ssrn.com/abstract=4269217

Bernadette, A., Chua, S., Hidalgo, A. M., James, J., Huyo-A, D., Jomarie, A., & Santos, G. (2022). *Journal of Business and Management Studies Pink Power: The Extent of Awareness, Driving Factors, and Overall Perception of Filipina Youth Consumers in Metro Manila, Philippines on Pink Tax Caused by Pink Marketing Strategy.* https://doi.org/10.32996/jbms

Bhatia, N., Moshary, S., & Tuchman, A. (2021). *Investigating the Pink Tax: Evidence against a Systematic Price Premium for Women in CPG ? Preliminary and Incomplete.* https://ssrn.com/abstract=3882214

Duesterhaus, M. (2011). *The Cost of Doing Femininity:* Gendered Disparities in Pricing of Personal Care Products and Services. http://link.springer.com/article/10.1007%2Fs12147-011-9106-3

Kardetoft, M., & Heshmati, A. (n.d.). *The Pink Tax An investigation of gender-based price discrimination in the Swedish market for personal hygiene products Title: The Pink Tax Author.*

Lafferty, M. (2019). The Pink Tax: The Persistence of Gender Price Disparity. *In Midwest Journal of Undergraduate Research* (Vol. 11).

Pramesti, A. N. (2024). The Pink Tax in Consumer Behavior for Personal Care Products. *Journal of Consumer Studies and Applied Marketing,* 2(2), 178-190. https://doi.org/10.58229/jcsam.v2i2.239

Vincent De Urquiza, C., & Cooke, A. (2020). Pink Filter: Gender Effects in Meaningful and Meaningless Product Differentiation. In *Journal of Undergraduate Research |* (Vol. 21, Issue 2).

Wishart, G., Poo, M. C.-P., Baxter, K., & Lau, Y. (2024). The "Pink Tax" and Gender Price Disparity in Personal Care. *Encyclopedia*, 4(3), 1279-1285. https://doi.org/10.3390/encyclopedia4030083

Xiong, W. (2024). Reasons for the Continuous Existence of the Pink Tax. *Advances in Economics, Management and Political Sciences,* 80(1), 222-227. https://doi.org/10.54254/2754-1169/80/20241840

*കേരള ഇക്കോണമി*
*പുസ്തകം 6 ലക്കം 4*
*ഒക്ടോബർ– ഡിസംബർ 2025*

# ഫണ്ടുകളുടെ ലഭ്യതയും കായിക മേഖലയുടെ വികാസവും

ലിജോ ജോൺ, സുജാത ജി.എസ്

**സംഗ്രഹം**

സാമൂഹ്യ വികാസത്തിന്റെ കാര്യത്തിൽ വളരെ പ്രധാനപ്പെട്ട ഒരു പങ്കാണ് കായിക മേഖല നിർവഹിക്കുന്നത്. ജനങ്ങളെ ആരോഗ്യത്തോടെ ജീവിക്കാൻ സഹായിക്കുന്നതിന് പുറമെ, കായിക വിനോദങ്ങൾ സമ്പദ്ഘടനക്ക് ഉത്തേജനം നൽകുകയും ചെയ്യുന്നു. ജനങ്ങൾ കൂടുതലായി കായിക വിനോദങ്ങളിൽ പങ്കാളികളാകുന്ന സാഹചര്യത്തിൽ ഇന്ത്യയിൽ കായിക മേഖല പുതിയ ചക്രവാളങ്ങളിലേക്ക് കടക്കുകയാണ്. 'ഖേലോ ഇന്ത്യ' പോലുള്ള പദ്ധതികളും കമ്പനികളുടെ സി എസ് ആർ പദ്ധതികളുടെ ഭാഗമായുള്ള പരിപാടികളും പ്രാദേശികതലത്തിൽ സ്പോർട്സിന് പ്രത്യേക പ്രാമുഖ്യം നൽകുന്നതായി കാണാം. കായിക വികസനത്തിന്റെ കാര്യത്തിൽ പ്രാദേശികതലത്തിൽ കൂടുതൽ ഫണ്ട് ആവശ്യമായി വരുന്നുണ്ട്. ഈ മേഖല ഇന്ന് നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. നിലവാരം കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ, മികച്ച കോച്ചിങ് കേന്ദ്രങ്ങളുടെ അഭാവം, എല്ലാവർക്കും മികച്ച സൗകര്യങ്ങൾ ലഭിക്കാതെ വരുന്നത് അടക്കമുള്ള കാര്യങ്ങൾ അടിസ്ഥാനതലത്തിൽ സ്പോർട്സിന്റെ വികാസം നേരിടുന്ന വെല്ലുവിളികളാണ്. കായിക രംഗത്ത് മികച്ച പ്രതിഭകളെ കണ്ടെത്തുന്ന കാര്യത്തിൽ അടിസ്ഥാനതലത്തിൽ ആവശ്യമായ നിക്ഷേപം എങ്ങനെ ലഭ്യമാക്കാം എന്ന വിഷയമാണ് ഈ പഠനം പരിശോധിക്കുന്നത്. ഇക്കാര്യത്തിൽ സർക്കാർ ഫണ്ടുകൾ, സി എസ് ആറിൽ നിന്നും ലഭ്യമാകുന്ന ഫണ്ട്, പ്രത്യേക കായിക ഇനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികൾ തുടങ്ങിയ വിവിധ സ്രോതസുകൾ ഇന്ത്യയിലെ കായിക മേഖലയെ എപ്രകാരം സ്വാധീനിക്കുന്നു എന്ന കാര്യമാണ് ഇതിൽ പഠനവിധേയമാക്കുന്നത്.

കായിക മേഖലയിലെ ജനങ്ങളുടെ പങ്കാളിത്തത്തിന്റെ നിരക്ക്, കായിക താരങ്ങളുടെ മികവ്, നയപരമായ നടപടികൾ, ഈ മേഖല നൽകുന്ന സാമ്പത്തിക നേട്ടങ്ങൾ തുടങ്ങിയ കാര്യങ്ങൾ കായിക വികസന സൂചികയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുകയാണ് ഈ പഠനത്തിൽ. ഇത് നയരൂപീകരണ കർത്താക്കൾ, കായിക സംഘടനകൾ, വിവിധ കമ്പനികൾ തുടങ്ങിയവയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. അടിസ്ഥാനതലത്തിൽ കായിക മേഖലയുടെ വികസനത്തിന് നിക്ഷേപങ്ങൾ എപ്രകാരം സ്വാധീനം ചെലുത്തുന്നു എന്ന വിഷയവും പരിശോധന വിധേയമാക്കുന്നുണ്ട്. ദ്വിതീയ തലത്തിൽ ലഭ്യമായ വിവരണങ്ങളാണ് (സെക്കണ്ടറി ഡേറ്റ) ഈ പഠനത്തിൽ ഉപയോഗിച്ചിട്ടുള്ളത്. സർക്കാർ രേഖകൾ, കമ്പനികളിൽ നിന്നുള്ള വിവരങ്ങൾ, കായിക മേഖലയിലെ

വിവിധ സംഘടനകളിൽ നിന്നുള്ള വിവരങ്ങൾ എന്നിവയാണ് ഇതിനായി ഉപയോഗിച്ചിരിക്കുന്നത്. യുവജനകാര്യ, കായിക മന്ത്രാലയം, കോർപ്പറേറ്റ് അഫയേഴ്സ് മന്ത്രാലയം, സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ (സായി) തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നാണ് വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത്. കായിക മേഖലയിൽ നടപ്പാക്കുന്ന പ്രത്യേക പദ്ധതികൾ കായിക വികസന സൂചികയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നു എന്നത് ഈ പഠനത്തിന്റെ ഒരു പ്രധാന കണ്ടെത്തലാണ്.

**പ്രധാന വാക്കുകൾ** : കായിക വികസന സൂചിക, കായിക മേഖലക്കായുള്ള പ്രത്യേക പദ്ധതികൾ, സാമ്പത്തിക വളർച്ച.

**1 . ആമുഖം**

ജനങ്ങൾക്കിടയിൽ ഐക്യം ഊട്ടിയുറപ്പിക്കുന്നതിന് കായിക വിനോദങ്ങൾ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. ആരോഗ്യ പരിപാലനത്തിലും സാമ്പത്തിക വളർച്ചയുടെ കാര്യത്തിലും കായിക മേഖലയുടെ വളർച്ച വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഇന്ത്യയുടെ കാര്യമെടുത്താൽ ഒരു കാലത്ത് സമ്പന്ന വിഭാഗങ്ങൾക്കിടയിലാണ് സ്പോർട്സിന് കാര്യമായ പ്രാമാണ്യം ലഭിച്ചിരുന്നതെങ്കിൽ ഇപ്പോൾ അത് അടിസ്ഥാന തലങ്ങളിലേക്ക് വ്യാപിച്ചിരിക്കുന്നതായി കാണാൻ കഴിയും. കമ്പനികളുടെ സഹകരണത്തോടെയും പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയും നടപ്പാക്കുന്ന ഖേലോ ഇന്ത്യ പോലുള്ള പദ്ധതികൾ കഴിവുള്ള താരങ്ങളെ വളർത്തിയെടുക്കുന്ന കാര്യത്തിലും സൗകര്യങ്ങൾ വർധിപ്പിക്കുന്ന കാര്യത്തിലും വളരെ നിർണ്ണായകമാണ്. ഇതൊക്കെയാണെങ്കിലും ഇന്ത്യയിൽ കായിക രംഗം നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, മികച്ച കോച്ചിങ് കേന്ദ്രങ്ങളുടെ അഭാവം, ഫണ്ടുകളുടെ അസന്തുലിതമായ വിതരണം തുടങ്ങിയവ അവയിൽ ചിലതാണ്. അതുകൊണ്ട് സർക്കാർ, സർക്കാർ ഇതര മേഖലകളിൽ നിന്നുള്ള ധനസഹായം അടിസ്ഥാനതലത്തിൽ കായിക മേഖലയുടെ വികാസത്തെ എപ്രകാരം സ്വാധീനിക്കുന്നു എന്ന വിഷയമാണ് ഈ പഠനത്തിൽ പരിശോധിക്കുന്നത്.

യുവതാരങ്ങളെ വാർത്തെടുക്കുന്ന കാര്യത്തിലും ജനങ്ങളെ കൂടുതലായി കായിക വിനോദങ്ങളിലേക്ക് അടുപ്പിക്കുന്നതിനും അടിസ്ഥാന തലത്തിലെ വികാസം വളരെ പ്രധാനപ്പെട്ടതാണ്. ഖേലോ ഇന്ത്യ അടക്കമുള്ള നിരവധി പദ്ധതികൾ നടപ്പിലായിട്ടുണ്ടെങ്കിലും ഇത് കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിലും ഒപ്പം കോച്ചിങ്, പൊതുവിൽ കായിക രംഗത്തിന്റെ വികസനം തുടങ്ങിയ വിഷയങ്ങളിൽ എത്രമാത്രം ഫലവത്തായിട്ടുണ്ട് എന്ന ചോദ്യം ഉയരുകയാണ്. ഇത്തരം നിക്ഷേപങ്ങളുടെ ഫലപ്രാപ്തി, വിഭവങ്ങളുടെ പരമാവധി വിനിയോഗം, ഈ രംഗം നേരിടുന്ന നിർണ്ണായക വെല്ലുവിളികൾ

തുടങ്ങിയ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിൽ ഈ പഠനം സഹായകരമായ വിവരങ്ങൾ ലഭ്യമാക്കുന്നു. ഫണ്ടുകളുടെ വിവരങ്ങളും കായിക വികസന സൂചികകളും തമ്മിലുള്ള ബന്ധം പരിശോധിക്കപ്പെടുമ്പോൾ നയരൂപീകരണ കർത്താക്കൾക്കും കായിക സംഘടനകൾക്കും മേഖലയുമായി ബന്ധപ്പെടുന്ന മറ്റുള്ളവർക്കും ആവശ്യമായ വിവരങ്ങൾ നല്കാൻ ഈ പഠനത്തിലൂടെ സാധിക്കുന്നു.

സാമ്പത്തിക വികസനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സാമൂഹ്യമായ ചേർത്ത് പിടിക്കൽ, ആരോഗ്യ സംരക്ഷണം തുടങ്ങിയ മേഖലകളിൽ കായിക വിനോദങ്ങൾ ചെറുതല്ലാത്ത പങ്ക് വഹിക്കുന്നുണ്ട്. ഇക്കാര്യത്തിൽ പ്രാദേശികമായ കണ്ട് വരുന്ന അസന്തുലിതാവസ്ഥ, ജനങ്ങളുടെ പങ്കാളിത്തത്തിലെ വ്യത്യാസം തുടങ്ങിയ കാര്യങ്ങളിലെ പ്രശ്നങ്ങൾക്കു പരിഹാരം നേടുന്നതിനും ഇന്ത്യയിൽ മികച്ച ഒരു കായിക സംസ്കാരം വാർത്തെടുക്കുന്നതിനും ഇത്തരം പഠനങ്ങൾ സഹായകമാണ്. അടിസ്ഥാനതലത്തിൽ കായിക മേഖലയിൽ നടക്കുന്ന മുതൽമുടക്ക് വിജയകരമാണോ എന്ന കാര്യത്തിൽ അനിശ്ചിതത്വം തുടരുകയാണ്. പ്രതിഭകളെ വളർത്തിയെടുക്കുക, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, അടിസ്ഥാനതലത്തിൽ കായിക വിനോദങ്ങളിൽ പങ്കാളിത്തം ഉയർത്തുക എന്നിവയ്ക്കായുള്ള മുതൽമുടക്ക് എത്രകണ്ട് ഫലപ്രദമാണ് എന്ന വിഷയം ഇതിൽ പരിശോധിക്കുന്നുണ്ട്.

**2. പഠനങ്ങളുടെ വിലയിരുത്തൽ**

നഗര മേഖലകളുടെ പുരോഗതിയുടെ പ്രതീകമായാണ് പലപ്പോഴും കായിക മത്സരങ്ങളെ കണ്ട് വരുന്നത്. വ്യവസായങ്ങളുമായി ബന്ധപ്പെട്ടാണ് അതിന്റെ വളർച്ച എന്നാണ് പഠനങ്ങളിൽ നിന്നും വ്യക്തമാകുന്നത്. എന്നിരുന്നാലും നഗര വികസനവുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള കായിക മാമാങ്കങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ പല തടസങ്ങളും ഇന്ന് നിലനിൽക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് സർക്കാർ, കായിക സംഘടനകൾ, വ്യക്തികൾ തുടങ്ങിയവരുടെ ഏകോപനത്തോടെയുള്ള പ്രവർത്തനം ആവശ്യമാണ്.

മികവ് വളർത്തിയെടുക്കുന്ന കാര്യത്തിലും കായിക താരങ്ങളെ വാർത്തെടുക്കുന്ന കാര്യത്തിലും ഒപ്പം കായിക അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിലും കോർപറേറ്റ് കമ്പനികൾ നൽകുന്ന സ്പോൺസർഷിപ്പ് ഒരു നിർണ്ണായക ഘടകമാണ്. ഇന്ത്യയിലെ കായിക മേഖലയുടെ വികാസത്തിന്റെ കാര്യത്തിൽ ചില ആശങ്കകൾ ഉയരുന്നതായി കാണാം. നഗര, ഗ്രാമീണ മേഖലകൾ തമ്മിലുള്ള അന്തരം ഇക്കാര്യത്തിൽ ഒരു പ്രധാന വെല്ലുവിളിയാണ്. കായിക മേഖലയുടെ സുതാര്യമായ നടത്തിപ്പ്, അടിസ്ഥാനതലത്തിലെ വികസന പ്രവർത്തനങ്ങൾ, കോർപറേറ്റ് മേഖലയുടെ സാമൂഹ്യമായ ഉത്തരവാദിത്വം തുടങ്ങിയ വിഷയങ്ങൾക്കാണ് ഈ പഠനം ഊന്നൽ നൽകുന്നത്.

സ്പോർട്സ് മേഖലയുടെ വികസനത്തിൽ വിദേശ നിക്ഷേപം (എഫ് ഡി ഐ) കൂടുതലായി ആകർഷിക്കുന്നത് വളർച്ചക്കും സാമ്പത്തിക പുരോഗതിക്കും സഹായകരമായിരിക്കും. വിദേശ വ്യാപാരം ശക്തമാകുന്നതിനും കൂടുതൽ മൂലധനം സ്വരൂപിക്കുന്നതിനും ഇത് പ്രയോജനകരമാണ്. ഇക്കാര്യത്തിൽ നമുക്ക് അനുകൂലമായി മാറ്റാവുന്ന ചില ഘടകങ്ങൾക്കാണ് ഈ പഠനം ഊന്നൽ നൽകുന്നത്. ബാങ്കിങ് സൗകര്യങ്ങൾ, റിസ്ക് കുറവായ നിക്ഷേപ സാഹചര്യങ്ങൾ, ഉയർന്ന തോതിലുള്ള വരുമാനം, നേരിട്ടുള്ള വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കൽ, വിദേശ കടത്തെയും സഹായങ്ങളെയും ആശ്രയിക്കുന്നത്

കുറയ്ക്കൽ തുടങ്ങിയ കാര്യങ്ങളാണ് അവ. ഇത് കായിക അടിസ്ഥാന സൗകര്യങ്ങൾ ശ്കതമാക്കുമെന്ന് മാത്രമല്ല, സാമ്പത്തിക സ്വാശ്രയത്വത്തിനും ആഗോളതലത്തിൽ നമ്മുടെ മത്സരക്ഷമത ഉയർത്തുന്നതിനും സഹായകരമായി മാറുന്നതാണ് (മുഹമ്മദ്, 2024).

അടിസ്ഥാന മേഖലയ്ക്ക് ഊന്നൽ നൽകുന്ന സർക്കാർ നയങ്ങൾ കായിക വികസനത്തിന് അനിവാര്യമായ ഒന്നാണ്. ഇത് ഗ്രാമീണ മേഖലയിലെ കഴിവുള്ളവരെ വളർത്തിയെടുക്കുന്നതിനും ഒപ്പം എല്ലാവർക്കും അവസരങ്ങൾ ലഭ്യമാക്കുന്നതിനും കൂടുതൽ സഹായകരമാണ്. വിവിധ പ്രായക്കാരായ കായികതാരങ്ങൾ ഇത്തരത്തിലുള്ള നയങ്ങൾ ആവശ്യമാണെന്ന പക്ഷക്കാരാണ് (ഫാറൂഖ്, മുഗൾ, 2024).

കായിക വിനോദങ്ങൾ സാമ്പത്തിക മേഖലയിൽ വഹിക്കുന്ന പങ്ക് അനാവരണം ചെയ്യുകയാണ് ഈ പഠനത്തിന്റെ മറ്റൊരു പ്രധാന ദൗത്യം. അതിനായി ക്രിക്കറ്റ്, ഫുട്ബോൾ, കബഡി, ബാഡ്മിന്റൺ തുടങ്ങിയ ഇനങ്ങൾ വരുമാന വർദ്ധനവിലും തൊഴിൽ സൃഷ്ടിക്കുന്ന കാര്യത്തിലും വഹിക്കുന്ന പങ്ക് പരിശോധിക്കപ്പെടുകയാണ്. അവ ബന്ധപ്പെട്ട വ്യവസായ മേഖലകളുടെ വളർച്ചയെ സ്വാധീനിക്കുന്നതും പരിശോധിക്കുന്നുണ്ട്. ഐ പി എൽ, കോമൺവെൽത്ത് ഗെയിംസ് പോലുള്ള കായിക മാമാങ്കങ്ങൾ അടിസ്ഥാന സൗകര്യ വികസനം, വിനോദസഞ്ചാരം, സാമൂഹ്യമായ ഐക്യം തുടങ്ങിയ മേഖലകളിൽ ഉളവാക്കുന്ന സ്വാധീനം എന്നിവയും പരിശോധിക്കപെടുന്നുണ്ട്.

കായികതാരങ്ങളുടെ കാര്യത്തിൽ ടാലെന്റ്്റ് പ്രൊമോഷൻ പ്രോഗ്രാം (ടി പി പി) എന്ന പദ്ധതി വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഇതുസംബന്ധിച്ച പഠനങ്ങൾ വ്യക്തമാക്കുന്നത് ഇത്തരം പദ്ധതികൾ ജൂനിയർ ലെവലിൽ മത്സരിക്കുന്നവരുടെ കാര്യത്തിൽ മികച്ച ഫലം കാണിക്കുന്നുണ്ടെങ്കിലും സീനിയർ തലത്തിലേക്ക് വരുമ്പോൾ കാര്യമായ പ്രതികരണം ഉളവാക്കുന്നില്ല എന്നാണ്. ജൂനിയർ താരങ്ങൾ താരതമ്യേന ചെറിയ പ്രായത്തിൽ രംഗത്തെത്തുന്നു എന്നത് ഇതിന് ഒരു കാരണമാണ്. താരങ്ങൾക്ക് പരിക്കേൽക്കുക, ക്ഷീണിതനായി മാറുക, കായിക രംഗത്ത് നിന്നും പിന്മാറുക തുടങ്ങിയ കാര്യങ്ങൾ കായിക മേഖല നേരിടുന്ന വെല്ലുവിളികൾ തന്നെയാണ്. അതുകൊണ്ട് താഴ്ന്ന പ്രായത്തിൽ തുടക്കം കുറിക്കുന്നതിനൊപ്പം അവർ സീനിയർ തലത്തിലേക്ക് വരുമ്പോഴും മത്സര രംഗത്ത് തുടരുവാൻ കഴിയുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടണം (ഗുള്ളിച്ച, ബർത്ത്, 2024).

ഫോൾക് സ്പോർട്സ് ടൂറിസം ഡെസ്റ്റിനേഷൻ (എഫ് എസ് ടി ഡി) പോലുള്ള പദ്ധതികൾ പൊതു, സ്വകാര്യ നിക്ഷേപങ്ങളുടെ സന്തുലത്തിന് ഊന്നൽ നൽകുന്നതാണ്. പൊതുവായ മൂലധനം അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിന് ഊന്നൽ നൽകുമ്പോൾ സ്വകാര്യ മൂലധനം ഉയർന്ന നിലവാരത്തിലുള്ള പരിശീലനം നല്കുന്നതിലാണ് ശ്രദ്ധയൂന്നുന്നത്. സബ്സിഡികൾ പൊതുനിക്ഷേപത്തിനും, ഉപഭോക്തൃ ഡിമാന്റിനും ഊർജം നൽകുമ്പോൾ അത് സ്വകാര്യ നിക്ഷേപത്തെയോ സേവനങ്ങളുടെ മൂല്യത്തെയോ ബാധിക്കുന്നില്ല. പൊതുമേഖലയിലെ വരുമാനം തലതിരിച്ചിട്ട 'യു' ആകൃതിയിലുള്ള ഒരു പാത പിന്തുടരുമ്പോൾ സ്വകാര്യ നിക്ഷേപത്തിന്റെ വരുമാനം സ്ഥിരമായ രീതിയിൽ ഉയരുന്നത് കാണാം. ഡിമാന്റിൽ ഉണ്ടാകുന്ന ചാഞ്ചാട്ടം ഇക്കാര്യത്തിൽ കാണുന്ന അന്തരത്തെ കൂടുതൽ പ്രകടമാക്കുന്നുണ്ട്.

നഗരങ്ങളിലെ സ്പോർട്സ് സ്റ്റേഡിയങ്ങൾക്ക് സാമ്പത്തിക മേഖലയിൽ പരിമിതമായ സ്വാധീനം മാത്രമാണ് ചെലുത്താൻ കഴിയുന്നതെന്ന് നിഗമനമാണ് പല പഠനങ്ങൾക്കുമുള്ളത്. പ്രാദേശികമായി അതിന് കാര്യമായ സ്വാധീനം ചെലുത്താൻ കഴിയാത്ത സാഹചര്യത്തിൽ

ഇത്തരം പദ്ധതികൾക്കുള്ള പൊതു പണം മുടക്കൽ സാധൂകരിക്കാൻ കഴിയുന്നതല്ല എന്ന നിഗമനവും പ്രസക്തമാണ്. കോബ് കൗണ്ടിയിലെ കാര്യം ഉദാഹരണമായി ചൂണ്ടിക്കാണിക്കാൻ കഴിയും. അവിടെ ഒരു പ്രഫഷണനൽ ടീമിനെ പുതിയ ഒരു സ്റ്റേഡിയത്തിലേക്ക് മാറ്റിയത് കൊണ്ട് വിപണിയിൽ കാര്യമായ ചലനം ഉണ്ടാക്കാൻ കഴിഞ്ഞില്ല. അതായത് പ്രത്യേക കായിക ഇനങ്ങൾക്ക് വേണ്ടി തയാറാക്കുന്ന സ്റ്റേഡിയങ്ങൾ സാമ്പത്തിക വികസനത്തിലേക്ക് കാര്യമായ സംഭാവനായർപ്പിക്കുന്നില്ലെന്ന മുൻകാല പഠനങ്ങളെ ശരിവയ്ക്കുന്ന ഒന്നാണ് ഇത് (ബ്രാഡ്ബറി, 2024).

കായിക രംഗത്ത് നേട്ടങ്ങൾ കൈവരിക്കുന്നതിന് പണം ഒരു അത്യവശ്യ ഘടകമാണ്. ഇക്കാര്യത്തിൽ വിശദമായ ഒരു പഠനമാണ് ഇവിടെ നടത്തിയിരിക്കുന്നത്. പ്രധാനമായും ദ്വിതീയ വിവരങ്ങളാണ് ഇതിനായി ഉപയോഗിച്ചിട്ടുള്ളത്. കായിക മേഖലയുടെ വികസനത്തിന് വൻ തോതിലുള്ള ഫണ്ട് ആവശ്യമാണെങ്കിലും അതുകൊണ്ട് മാത്രം മികച്ച നേട്ടം കൈവരിക്കാൻ കഴിയണമെന്നില്ല (വെനേഗസ് – യാസിഗി, 2023).

ഒഡിഷയിലെ സ്പോർട്സ് വികസനത്തെ കുറിച്ച് ഒരു പഠനം നടത്തുകയുണ്ടായി. സൗകര്യങ്ങളുടെ അഭാവം, ജനങ്ങളുടെ പട്ടിണി, കോച്ചിങ് സൗകര്യങ്ങൾ പരിമിതമാവുന്നത് തുടങ്ങിയ കാരണങ്ങൾ കായിക രംഗത്തെ പങ്കാളിത്തത്തെ ദോഷകരമായി ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. മിശ്ര, പാണ്ട എന്നിവർ 2023 ൽ നടത്തിയ പഠനത്തിൽ പറയുന്നത് കായിക അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതും ഒപ്പം സാമൂഹികമായ പിന്തുണയും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെ സ്പോർട്സ് മേഖലയിലേക്ക് അടുപ്പിക്കുന്നതിന് സഹായകരമാണെന്നാണ്.

സ്പോർട്സ് ടൂറിസം, എഫ് ഡി ഐ യുടെ ഒഴുക്ക്, വമ്പൻ കായിക മത്സരങ്ങളുടെ സംഘാടനം തുടങ്ങിയ കാര്യങ്ങൾ ഗൾഫ് രാജ്യങ്ങളിൽ സാമ്പത്തിക വളർച്ചക്ക് കാരണമായിട്ടുണ്ട്. മദ്യത്തിന്റെ ഉപയോഗത്തിൽ വര്ധനയുണ്ടാകുന്നതിന് സ്പോർട്സ് ടൂറിസം സഹായകമായിട്ടുണ്ട്. ഇത്തരത്തിൽ കായിക മാമാങ്കങ്ങൾ സംഘടിപ്പിക്കുന്ന ഘട്ടത്തിൽ മദ്യപാനം അനുവദിക്കുന്നത് വഴി സാമ്പത്തിക വളർച്ചക്ക് സഹായകമായിട്ടുണ്ട്. എന്നാൽ അതിന്റെ സാംസ്കാരികവും സാമൂഹികവുമായ പ്രത്യാഘാതങ്ങൾ കൂടി കണക്കിലെടുക്കേണ്ടതുണ്ട് (എൽഫിഖരണി, അൽബാഹേത്ത്, 2023).

വിവിധ തലങ്ങളിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകൾ ഇന്ത്യയിൽ കായിക വികസനത്തെ എപ്രകാരം സഹായിക്കുന്നു എന്നതാണ് പഠനം പരിശോധിക്കുന്നത്. സർക്കാരിൽ നിന്നുള്ള ഫണ്ടുകൾ, സി എസ് ആർ ഫണ്ട്, പ്രത്യേകമായ കായിക വികസന പദ്ധതികൾ തുടങ്ങിയ കാര്യങ്ങളാണ് ഇതിനായി പരിഗണിച്ചിരിക്കുന്നത്.

**3. പഠന ലക്ഷ്യങ്ങൾ**

1. ഇന്ത്യയിൽ അടിസ്ഥാന തലങ്ങളിൽ കായിക വികസനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെന്ന് മനസിലാക്കുക.

2. ഇതിനായി നൽകുന്ന ഫണ്ടുകളുടെ പ്രയോഗക്ഷമത വിലയിരുത്തുക.

**4. പഠനത്തിന്റെ രീതിശാസ്ത്രം**

ദ്വിതീയമായി ലഭ്യമായ വിവരങ്ങളാണ് ഈ പഠനത്തിൽ ഉപയോഗിച്ചിട്ടുള്ളത്. 2008 മുതൽ 2025 വരെയുള്ള 17 വർഷകാലഘട്ടമാണ് ഇതിനായി തിരഞ്ഞെടുത്തിരിക്കുന്നത്. സർക്കാർ

ധനസഹായങ്ങൾ, സി എസ് ആർ ഫണ്ടുകൾ, ഖേലോ ഇന്ത്യ പോലുള്ള പ്രത്യേക പദ്ധതികൾ തുടങ്ങിയ കാര്യങ്ങളാണ് പഠനത്തിനായി ക്രമീകരിച്ചിട്ടുള്ളത്. സർക്കാർ രേഖകൾ, വിവിധ കമ്പനികളിൽ നിന്നുള്ള വിവരങ്ങൾ, കായിക സംഘടനകളിൽ നിന്നുള്ള വിവരങ്ങൾ എന്നിവ ഇതിനായി ഉപയോഗിച്ചിട്ടുണ്ട്. കേന്ദ്ര കായിക, യുവജനക്ഷേമ മന്ത്രാലയം, കോർപ്പറേറ്റ് അഫയേഴ്സ് മന്ത്രാലയം, സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വിവരങ്ങൾ എന്നിവയാണ് ഇതിനായി ആശ്രയിച്ചരിക്കുന്നത്. ബജറ്റ്, നയങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ വിവരങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഇതുവഴി ലഭ്യമാക്കിയിട്ടുണ്ട്. വിവിധ കമ്പനികളുടെ സി എസ് ആർ റിപ്പോർട്ടുകളും ഇതിന് ആധാരമാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഖേലോ ഇന്ത്യ പോലുള്ള വിവിധ പദ്ധതികളിൽ നിന്നുള്ള വിവരങ്ങളും ഈ പഠനത്തിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

2008 മുതൽ 2025 വരെയുള്ള 17 വർഷക്കാലയളവിൽ കായിക മേഖലയിൽ നടത്തിയ മുതൽമുടക്ക് അടിസ്ഥാന മേഖലയിലെ സ്പോർട്സ് വികസനത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്നതാണ് ഈ പഠനത്തിൽ മുഖ്യമായും പരിശോധിക്കപെടുന്നത്. ഫണ്ടിങ്ങിന്റെ കാര്യത്തിലെ പ്രവണതകൾ, അടിസ്ഥാന സൗകര്യ മേഖലയിലെ വികസനം, കായിക ഇനങ്ങളിൽ പങ്കെടുക്കുന്നവരുടെ എണ്ണം തുടങ്ങിയ കാര്യങ്ങളിലെ കണക്കുകൾ വിശദമായി തന്നെ ഇതിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 'വെക്ടർ ആട്ടോ റിഗ്രഷൻ' (വി എ ആർ) മോഡൽ ഉപയോഗിച്ചിട്ടുണ്ട്. സർക്കാർ ഫണ്ടുകൾ, സി എസ് ആർ ഫണ്ട്, സ്പോർട്സ് വികസനത്തിലായുള്ള പ്രത്യേക പദ്ധതികൾ തുടങ്ങിയവ കായിക വികസന സൂചികയെ (സ്പോർട്സ് ഡെവലപ്മെന്റ് ഇൻഡക്സ്-എസ് ഡി ഐ) ദീർഘകാലാടിസ്ഥാനത്തിൽ എങ്ങനെ സ്വാധീനിക്കുന്നു എന്നാണ് പരിശോധിക്കപ്പെടുന്നത്.

വിവരങ്ങൾ ശേഖരിക്കുന്നതിനും അത് വിശകലനം ചെയ്യുന്നതിനും വിവിധ രീതിയിലുള്ള ഉപാധികൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. വിവരങ്ങൾ ക്രമീകരിക്കുന്നതിനും പ്രാഥമിക അവലോകനത്തിനും മറ്റുമായി മൈക്രോസോഫ്റ്റ് എക്സൽ ഉപയോഗിക്കുന്നു. സ്പോർട്സ് ഡെവലപ്മെന്റ് ഇൻഡക്സിന്റെ കാര്യത്തിലും ഇത് ഉപയോഗിച്ചിട്ടുണ്ട്. കൃത്യമായ വിശകലനങ്ങൾക്കായി പിത്തോൺ സ്വീകരിച്ചിട്ടുണ്ട്. ടൈം സീരീസ് പ്രവചനങ്ങൾക്ക് സ്റ്റാറ്റസ് മോഡലും വിവരങ്ങളുടെ വിശകലനത്തിനായി പാണ്ടസ്, ദൃശ്യവൽക്കരണത്തിനായി മാറ്റ്പലോട്ടലിബ്, സീബോൺ എന്നിവയും ക്രമീകരിച്ചിരിക്കുന്നു.

**5. ഫലങ്ങളും അവലോകനവും**

ഫണ്ടിന്റെ വിവിധ സ്രോതസുകളും കായിക വികസന സൂചികയും തമ്മിലുള്ള ബന്ധം മനസിലാക്കുന്നതിനായി വിശദമായ സ്ഥിതിവിവരക്കണക്കുകൾ, കോറിലേഷൻ, റിഗ്രഷൻ, വെക്ടർ ആട്ടോ റിഗ്രഷൻ (വി എ ആർ) എന്നീ സങ്കേതങ്ങളാണ് പ്രയോജനപ്പെടുത്തിയിരിക്കുന്നത്. ഗ്രാഫുകൾ, പട്ടികകൾ തുടങ്ങിയവയും ഫലങ്ങൾ വിശകലനം ചെയ്യുന്നതിനായി ഉപയോഗിച്ചിട്ടുണ്ട്. ഒരു രാജ്യം, പ്രദേശം, ഗ്രൂപ്പുകൾ തുടങ്ങിയവയുടെ കാര്യത്തിൽ കായിക മേഖലയിൽ കൈവരിച്ച പുരോഗതി അളക്കുന്നതിനുള്ള ഒരു രീതിയാണ് സ്പോർട്സ് ഡെവലപ്മെന്റ് ഇൻഡക്സ്. കായിക വിനോദങ്ങളിലെ പങ്കാളിത്തം, സൗകര്യങ്ങൾ, അതിന്റെ ധനകാര്യം, നേട്ടങ്ങൾ തുടങ്ങിയ പല ഘടകങ്ങളും ഈ സൂചികയുടെ കാര്യത്തിൽ പരിഗണിക്കുന്നു. ഇന്ത്യയിൽ ഇത്തരത്തിൽ എസ് ഡി ഐ സൃഷ്ടിക്കുവാൻ സാധ്യമായിട്ടില്ല. അതിനാൽ പഠനത്തിന്റെ ആവശ്യത്തിലേക്കായി പ്രത്യേകമായി ഒരു എസ് ഡി ഐ വികസിപ്പിക്കുകയായിരുന്നു.

**5.1 കായിക വികസന സൂചികയുടെ (എസ് ഡി ഐ) നിർമ്മിതി**

ചില പ്രധാനപ്പെട്ട മേഖലകളിലെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ഒരു പ്രദേശത്തെ കായിക രംഗത്തെ പുരോഗതി വിലയിരുത്തുന്നതിനായുള്ള ഒരു പ്രത്യേക അളവുകോലാണ് എസ് ഡി ഐ. 2023 ജനുവരിയിൽ ഒരു പ്രത്യേക പതിപ്പായി പ്രസിദ്ധീകരിച്ച 'ആസിയാൻ' മാസികയിലാണ് ഇത്തരമൊരു സൂചിക കണക്കാക്കുന്നതിനെ കുറിച്ച് പരാമർശമുള്ളത്. ഇതിനായി 5 പ്രധാന ഘടകങ്ങളാണ് സൂചിപ്പിച്ചിട്ടുള്ളത്. കായിക മേഖലയിലെ പങ്കാളിത്തം (23 ശതമാനം), അടിസ്ഥാന സൗകര്യങ്ങൾ (23), പ്രകടനം (23), നയപരമായ കാര്യങ്ങളും ഭരണ നിർവഹണവും (14), സാമ്പത്തികമായ ആഘാതം (17) എന്നിവയാണ് അവ. ഇതിലെ ഓരോ കാര്യവും ചില പ്രത്യേക വശങ്ങളെ പരിഗണിക്കുന്നവയാണ്. ഉദാഹരണത്തിന് സ്കൂളുകളിൽ എത്ര വിദ്യാർത്ഥികൾ കായിക വിനോദങ്ങളിൽ പങ്കെടുക്കുന്നു, കായിക ഉപകരണങ്ങൾ എത്ര എളുപ്പത്തിൽ ആളുകൾക്ക് ലഭ്യമാകുന്നു, അന്താരാഷ്ട്ര തലങ്ങളിൽ മെഡലുകൾ നേടാൻ കഴിയുന്നുണ്ടോ, സർക്കാർ നയങ്ങൾ എങ്ങനെയാണ്, കായിക വിനോദങ്ങൾ സമ്പദ്ഘടനക്ക് എങ്ങനെ പ്രയോജനകരമാകുന്നു തുടങ്ങിയ വിഷയങ്ങൾ വളരെ പ്രാധാന്യമേറിയതാണ്. ഇതിൽ ഓരോ ഇനത്തിനും 0 മുതൽ 10 വരെയുള്ള സ്കോറും വെയ്റ്റേജും നൽകുന്നു. ഇത് അന്തിമമായി നൂറിൽ എത്ര എന്ന രീതിയിൽ കണക്കാക്കുന്നു. ഉയർന്ന സംഖ്യ മികച്ച നേട്ടത്തെ സൂചിപ്പിക്കുന്നു. ഇത്തരം സൂചികകളെല്ലാം കൂട്ടിച്ചേർത്താണ് അന്തിമ സൂചിക തയ്യാറാക്കിയിട്ടുള്ളത്. ഇത് കായിക മേഖലയുടെ മുന്നേറ്റത്തെ കുറിച്ചുള്ള സമഗ്രമായ ചിത്രം പ്രദാനം ചെയ്യുന്നു (പട്ടിക 1, പട്ടിക 2 പട്ടിക 3).

& (രേഖാചിത്രം 1).

**Table : 1** SDI Calculator

| Category | Indicators | Weight (%) | Score (Out of 10) |
|---|---|---|---|
| Participation (23%) | % of school students in sports | 8 | Higher % = Higher Score |
| | Gender & rural inclusivity | 7 | Balanced = Higher Score |
| | % of para-athletes & special sports initiatives | 8 | Higher % = Higher Score |
| Infrastructure (23%) | State-wise access to sports facilities | 23 | Better Access = Higher Score |
| Performance (23%) | Olympic & Asian Games medal tally | 14 | Higher Tally = Higher Score |
| | World rankings in key sports | 9 | Higher Ranking = Higher Score |
| Policy & Governance (18%) | Implementation of sports policies | 8 | Effective Policies = Higher Score |
| | Presence of sports academies & coaching institutes | 6 | More Academies = Higher Score |
| | Anti-doping compliance & sports ethics policies | 4 | Strong Compliance = Higher Score |
| Social Impact (13%) | Employment generation in sports sector | 13 | More Jobs = Higher Score |

*(Source: theaseanmagazine.asean.org)*

**Table : 2** Sample data of SDI calculation

| 2024 | 2024P | 2023 | 2023P | 2022 | 2022P | 2021 | 2021P | 2020 | 2020P | 2019 | 2019P | 2018 | 2018P |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 4 | 0.32 | 5 | 0.4 | 4 | 0.32 | 4 | 0.32 | 6 | 0.48 | 7 | 0.56 | 7 | 0.56 |
| 7 | 0.49 | 7 | 0.49 | 7 | 0.49 | 7 | 0.49 | 6 | 0.42 | 5 | 0.35 | 5 | 0.35 |
| 9.5 | 0.76 | 8 | 0.64 | 8 | 0.64 | 8.5 | 0.68 | 8.5 | 0.68 | 8 | 0.64 | 6.5 | 0.52 |
| 8 | 1.84 | 6 | 1.38 | 6 | 1.38 | 10 | 2.3 | 5.5 | 1.265 | 7.5 | 1.725 | 6.5 | 1.495 |
| 6.5 | 0.91 | 7.8 | 1.092 | 9.5 | 1.33 | 9 | 1.26 | 10 | 1.4 | 9.5 | 1.33 | 9.5 | 1.33 |
| 7.4 | 0.666 | 8 | 0.72 | 8.8 | 0.792 | 8.2 | 0.738 | 8 | 0.72 | 7.8 | 0.702 | 7.6 | 0.684 |
| 9.5 | 0.76 | 9 | 0.72 | 9 | 0.72 | 8.5 | 0.68 | 2 | 0.16 | 9 | 0.72 | 8.5 | 0.68 |
| 4.5 | 0.27 | 4.5 | 0.27 | 4.5 | 0.27 | 4.5 | 0.27 | 6.5 | 0.39 | 6.5 | 0.39 | 7 | 0.42 |
| 8 | 0.32 | 6 | 0.24 | 6 | 0.24 | 5 | 0.2 | 8 | 0.32 | 1 | 0.04 | 5 | 0.2 |
| 10 | 1.3 | 9 | 1.17 | 6.5 | 0.845 | 6 | 0.78 | 5 | 0.65 | 9 | 1.17 | 8 | 1.04 |
| 74.4 | 7.636 | 70.3 | 7.122 | 69.3 | 7.027 | 70.7 | 7.718 | 65.5 | 6.485 | 70.3 | 7.627 | 70.6 | 7.279 |

*(Source: Compiled sources of Annual Reports of SAI- Sports Authority of India 2009-2024, www.paralympic.org, static.pib.gov.in, www.nriol.com,www.simplysports.in, www.icc-cricket.com, www.fifa.com, www.badmintonindia.org, https://sportsrankings.world/media-release and Annual Reports of MoYAS)*

**Table : 3** SDI of India

| PARTCULAR | TOTAL POINTS | WEIGHTED SCORE | WEIGHTED SCORE IN 100 |
|---|---|---|---|
| 2024 | 74.4 | 7.636 | 76.36 |
| 2023 | 70.3 | 7.122 | 71.22 |
| 2022 | 69.3 | 7.027 | 70.27 |
| 2021 | 70.7 | 7.718 | 77.18 |
| 2020 | 65.5 | 6.485 | 64.85 |
| 2019 | 70.3 | 7.627 | 76.27 |
| 2018 | 70.6 | 7.279 | 72.79 |
| 2017 | 70.7 | 6.818 | 68.18 |
| 2016 | 64.9 | 6.256 | 62.56 |
| 2015 | 65.4 | 6.321 | 63.21 |
| 2014 | 55.7 | 5.663 | 56.63 |
| 2013 | 63.6 | 5.919 | 59.19 |
| 2012 | 65.3 | 5.915 | 59.15 |
| 2011 | 57.1 | 5.489 | 54.89 |
| 2010 | 53.4 | 5.366 | 53.66 |
| 2009 | 52.1 | 4.939 | 49.39 |
| 2008 | 51.7 | 5.023 | 50.23 |

*(Source: Compiled sources of www.nriol.com and static.pib.gov.in)*

**Fig : 1** Summary of the results

```
  Summary of Regression Results
==================================
Model:                         VAR
Method:                        OLS
Date:           Mon, 17, Feb, 2025
Time:                     12:41:26
--------------------------------------------------------------------
No. of Equations:         5.00000    BIC:                   36.4328
Nobs:                     16.0000    HQIC:                  35.0584
Log likelihood:          -363.389    FPE:               1.89220e+15
AIC:                      34.9842    Det(Omega_mle):    3.84994e+14
--------------------------------------------------------------------
```

*(Source: Output)*

വെക്ടർ ആട്ടോ റിഗ്രഷൻ എന്ന സങ്കേതം ഉപയോഗിച്ച് നിക്ഷേപിക്കപ്പെട്ട പണത്തിന് ആനുപാതികമായി കായിക വിനോദ രംഗത്തെ വളർച്ചയെ കുറിച്ചാണ് ഈ പഠനം പരിശോധിക്കുന്നത്. ഓരോ കാലഘട്ടത്തിലെയും വിവരങ്ങൾ എങ്ങനെയാണ് പരസ്പരം ബന്ധിതമായിരിക്കുന്നത് എന്ന രീതിയാണ് ഇത്. സ്വകാര്യ കമ്പനികളുടെ പിന്തുണ, സർക്കാർ നിക്ഷേപം, സി എസ് ആർ പങ്കാളിത്തം തുടങ്ങിയ ഘടകങ്ങൾ എസ് ഡി ഐ സൂചിക അടക്കമുള്ള കാര്യങ്ങളെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നു എന്നതാണ് പരിശോധിക്കുന്നത്. കായിക വിനോദങ്ങളിലെ പങ്കാളിത്തം, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ വിഷയങ്ങളെയും ഇത് എപ്രകാരം സ്വാധീനിക്കുന്നു. വി എ ആർ എന്നത് സ്റ്റാൻഡേഡ് റിഗ്രഷൻ മാതൃകയിൽ നിന്നും വ്യത്യസ്തമായ ഒന്നാണ്. ഇത് കൂടുതൽ വ്യക്തമായ പ്രാധിനിത്യ സ്വഭാവം വ്യക്തമാക്കുന്നു. ഇതിൽ നിന്നും ലഭ്യമാകുന്ന ഉൾക്കാഴ്ച്ച കായിക രംഗത്തിന്റെ വികസനത്തിന് കൂടുതൽ ക്രിയാത്മകമായ വ്യക്തത പകർന്നു നൽകുന്നതിന് സഹായകമാണ്.

**5.2 വി എ ആർ ഉപയോഗിച്ചുള്ള വിവരവിശകലനം**

ഗവണ്മെന്റ് ഫണ്ടുകൾ, സി എസ് ആർ സംഭാവന, പ്രത്യേകമായ പദ്ധതികൾ തുടങ്ങിയ കാര്യങ്ങൾ എസ് ഡി ഐയെ സ്വാധീനിക്കുന്നതായി വി എ ആർ ഫലങ്ങൾ വ്യക്തമാക്കുകയാണ്. ബജറ്റിൽ നിന്നുള്ള വിഹിതങ്ങളും എസ് ഡി ഐ വളർച്ചയും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതായി കാണാം. കായിക ഇനങ്ങൾക്കായുള്ള പ്രത്യേക പദ്ധതികൾ ഈ മേഖലയുടെ വികസനത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നുണ്ട് (രേഖാചിത്രം 2).

പ്രത്യേക പദ്ധതികൾ കായിക മേഖലയുടെ വികസനത്തിൽ സവിശേഷമായ ഊന്നൽ നൽകുന്നു. 2008 ൽ ഇതിനായി ചെലവഴിച്ചത് 164 കോടി രൂപയായിരുന്നുവെങ്കിൽ 2024 ൽ അത് 815.32 കോടി രൂപയായി ഉയർന്നു. വി എ ആർ മോഡൽ ഇത് കൂടുതൽ

വ്യക്തമാക്കുന്നുണ്ട്. അതായത് ഈ രംഗത്തെ കാര്യക്ഷമവും ക്രിയാത്മകവുമായ നിക്ഷേപവും അതിന്റെ ഫലവത്തായ വിനിയോഗവും സ്പോർട്സിന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള പുരോഗതിയിൽ വലിയ സംഭാവനായർപ്പിക്കുന്നതായി നമുക്ക് വിലയിരുത്താം.

**Fig : 2** R-Square Value

| | | |
|---|---|---|
| Coefficients | : | [-0.0018828 0.00491294 -0.14517757 0.04107033] |
| Intercept | : | 50.07964801788781 |
| R-squared | : | 0.7572146734183156 |
| R-squared Adjusted | : | 0.6762862312244209 |
| Mean Squared Error | : | 27.650891537762536 |

*(Source: Output)*

**5.3 വിവരങ്ങളുടെ പട്ടിക**

2008 നും 2024 നുമിടയിലുള്ള സ്പോർട്സ് ഡെവലപ്മെന്റ് ഇൻഡക്സ് ഡേറ്റ വിശകലനം ചെയ്യുകയാണ്. ഇതോടൊപ്പം സർക്കാർ ബജറ്റ് ചെലവഴിക്കൽ, സ്വകാര്യ, പൊതുമേഖലാ സി എസ് ആർ ചെലവ്, കായിക മേഖലക്കായുള്ള പ്രത്യേക പദ്ധതികൾ വഴിയായുള്ള ചെലവുകൾ തുടങ്ങിയ കാര്യങ്ങളും പരിശോധനാവിധേയമാക്കുന്നുണ്ട്. പൊതുവിൽ നോക്കുമ്പോൾ ഇക്കാലയളവിൽ എസ് ഡി ഐ മുന്നേറുന്ന സ്ഥിതി വ്യക്തമാണ്. 2008 ൽ 50.23 ആയിരുന്ന സൂചിക 2024 ൽ 76.36 ആയി ഉയർന്നു. അതായത് കായിക മേഖലയുടെ വികസനത്തിൽ പോസിറ്റീവായ ചില മാറ്റങ്ങൾ ഉണ്ടായതായാണ് ഇത് വ്യക്തമാക്കുന്നത് (പട്ടിക 4).

**5.4 – വി എ ആർ വിവരങ്ങളുടെ വ്യാഖ്യാനം**

വി എ ആർ ഫലങ്ങളിൽ നിന്നും വ്യക്തമാകുന്നത് സർക്കാർ ചെലവുകൾ, സി എസ് ആർ ഫണ്ട് തുടങ്ങിയ നിരവധി ഘടകങ്ങൾ എസ് ഡി ഐയിൽ സ്വാധീനം ചെലുത്തുന്നുണ്ട് എന്നാണ്. അതുകൊണ്ട് സുചിന്തിതിതവും തുടർച്ചയുള്ളതുമായ മുതൽമുടക്ക് കായിക മേഖലയുടെ വികാസത്തിൽ വലിയ പങ്ക് വഹിക്കുന്നു എന്ന് കാണാം. മറ്റു ഘടകങ്ങളെ അപേക്ഷിച്ച് കായിക മേഖലക്കായുള്ള പ്രത്യേക പദ്ധതികൾ വലിയ രീതിയിലുള്ള സ്വാധീനം ചെലുത്തുന്നു എന്നതും വ്യക്തമാണ് (രേഖാചിത്രം 3).

- എച്ച് 1 എ : കേന്ദ്ര സർക്കാരിന്റെ ബജറ്റും കായിക വികസന സൂചികയും തമ്മിൽ പോസിറ്റീവായ ബന്ധം നിലനിൽക്കുന്നു.
- എച്ച് 2 എ : പൊതുമേഖലാ കമ്പനികളുടെ സി എസ് ആർ ഫണ്ടും കായിക വികസന സൂചികയും തമ്മിൽ പോസിറ്റീവായ ഒരു ബന്ധം കാണാം.
- എച്ച് 3 എ : സ്വകാര്യ കമ്പനികളുടെ സി എസ് ആർ ഫണ്ടും കായിക വികസന സൂചികയും തമ്മിൽ പോസിറ്റീവായ ബന്ധം നിലനിൽക്കുന്നു.

**Fig 3** - Equation for Index

Results for equation INDEX

| | coefficient | std. error | t-stat | prob |
|---|---|---|---|---|
| const | 28.328955 | 14.220766 | 1.992 | 0.046 |
| L1.BUDGET (CR) | -0.000680 | 0.001642 | -0.414 | 0.679 |
| L1.PUB CSR (CR) | -0.015617 | 0.026946 | -0.580 | 0.562 |
| L1.PRIV CSR (CR) | 0.062961 | 0.118766 | 0.530 | 0.596 |
| L1.SPECIAL INITIATIVES (CR) | 0.029498 | 0.013012 | 2.267 | 0.023 |
| L1.INDEX | 0.332889 | 0.268100 | 1.242 | 0.214 |

*(Source: Output)*

- എച്ച് 4 എ : കായിക മേഖലക്കായുള്ള പ്രത്യേക പദ്ധതികളും സൂചികയും തമ്മിൽ പോസിറ്റീവായ ബന്ധം കാണാം.
- എസ് ഡി ഐയിൽ ബജറ്റിന്റെ സ്വാധീനം :
- പി മൂല്യം = 0.679 (അത്ര പ്രാധാന്യമുള്ളതല്ല).
- (0.000680) എന്ന നെഗറ്റീവ് കോ എഫിഷ്യന്റ് ഉണ്ടെങ്കിലും ബജറ്റിന് സൂചികയിൽ വളരെ നാമമാത്രമായ സ്വാധീനം മാത്രമാണുള്ളത്. ഉയർന്ന പി മൂല്യമാണ് ഇതിന് കാരണം.
- സി എസ് ആർ ഫണ്ടിന്റെ സ്വാധീനം
- പൊതുമേഖലയിലെയും സ്വകാര്യ മേഖലയിലെയും പി മൂല്യമെടുത്താൽ അവ 0.05 നേക്കാൾ മുകളിലാണ്. യഥാക്രമം 0.562, 0.596 എന്നിങ്ങനെ.
- സ്വകാര്യ സി എസ് ആർ പോസിറ്റീവ് കോഎഫിഷ്യന്റ് ആണ് കാഴ്ച വയ്ക്കുന്നത് (0.062961). എന്നാൽ ഇത് എസ് ഡി ഐയെ നേരിട്ട് സ്വാധീനിക്കുന്നില്ല.
- പ്രത്യേക കായിക പദ്ധതികളുടെ പങ്ക്
- പി മൂല്യം = 0 023 ഫ 0.05
- ഇതിൽ കോഎഫിഷ്യന്റ് 0.029498 ആണ്. അതായത് പ്രത്യേക കായിക പദ്ധതികൾ വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഇത് എസ് ഡി ഐയെ പോസിറ്റീവായി സ്വാധീനിക്കുന്നു.

**5.5 കോറിലേഷൻ ഹീറ്റ് മാപ്പ്**

പല രീതിയിലുള്ള വേരിയബിളുകൾ എങ്ങനെയാണ് ഡേറ്റയിൽ സ്വാധീനം ചെലുത്തുന്നത് എന്ന കാര്യത്തിൽ കോറിലേഷൻ ഹീറ്റ് മാപ്പ് വെളിച്ചം വീശുന്നു. പ്രത്യേക കായിക പദ്ധതികളും കായിക വികസന സൂചികയും തമ്മിൽ പോസിറ്റീവായ കോറിലേഷൻ (0.83) കാണാം. ഇത്തരത്തിലുള്ള പ്രത്യേക പദ്ധതികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് എസ് ഡി ഇയിലും

മുന്നേറ്റമുണ്ടാകുന്നു. റിഗ്രഷൻ ഫലങ്ങളിലും ഇത് സമാനമാണ്. അതായത് പ്രത്യേക കായിക പദ്ധതികൾക്ക് സ്പോർട്സ് ഡെവലപ്മെന്റ് സൂചികയിൽ പ്രകടമായ സ്വാധീനമുണ്ട് എന്നർത്ഥം.

അതുപോലെ തന്നെ പൊതുമേഖലാ കമ്പനികളുടെ സി എസ് ആർ ഫണ്ടും കായിക വികസന സൂചികയും തമ്മിൽ ചെറുതല്ലാത്ത ബന്ധം കാണാം (0.41). എന്നാൽ ഇതിന് അത്ര പ്രസക്തിയുള്ളതായി റിഗ്രഷൻ വിശകലന രീതിയിൽ കാണുന്നില്ല. കേന്ദ്ര ബജറ്റും എസ് ഡി ഐയും തമ്മിൽ പ്രകടമായ ബന്ധം വരുന്നില്ല (0.41). റിഗ്രഷൻ വിശകലനവും ചൂണ്ടിക്കാണിക്കുന്നത് ബജറ്റുകൾ കായിക വികസന സൂചികയേ കാര്യമായ തോതിൽ സ്വാധീനിക്കുന്നില്ലെന്നാണ്.

ഏറ്റവും മോശമായ സ്വാധീനം കാണുന്നത് സ്വകാര്യ കമ്പനികളുടെ സി എസ് ആർ ഫണ്ടിന്റെ കാര്യത്തിലാണ് (0.017). അതായത് ഇത് എസ് ഡി ഐയിൽ കാര്യമായ ഒരു സ്വാധീനവും ഇത് ചെലുത്തുന്നില്ല എന്നാണ്. പലപ്പോഴും പൊതു, സ്വകാര്യ കമ്പനികളുടെ സി എസ് ആർ ഇക്കാര്യത്തിൽ നെഗറ്റീവായ ഒരു ബന്ധമാണ് കാണിക്കുന്നത്. പൊതുമേഖലാ കമ്പനികളുടെ സി എസ് ആർ ഫണ്ടിങ്ങിൽ ഉണ്ടാകുന്ന വളർച്ച സ്വകാര്യ കമ്പനികളുടെ കാര്യത്തിൽ ദൃശ്യമാകുന്നില്ല. പൊതുവിൽ നോക്കുമ്പോൾ കായിക മേഖലക്കായുള്ള പ്രത്യേക പദ്ധതികൾ കായിക വികസന സൂചികയിൽ കാര്യമായ സ്വാധീനം ചെലുത്തുന്നതായി നമുക്ക് കാണാം. എന്നാൽ മറ്റു ഘടകങ്ങൾ പരിഗണിക്കുമ്പോൾ ഇത് ദുർബലമാണെന്ന് വിലയിരുത്തേണ്ടതായി വരുന്നു. അതുകൊണ്ട് കായിക രംഗത്തെ ഭാവി വികസനത്തിന്റെ കാര്യത്തിൽ പ്രത്യേക കായിക പദ്ധതികൾക്ക് വേണം കൂടുതൽ ഊന്നൽ നല്കാൻ. സി എസ് ആർ ഫണ്ട്, കേന്ദ്ര ബജറ്റ് തുടങ്ങിയ ഘടകങ്ങൾ എസ് ഡി ഐയെ ഉയർത്തുന്ന കാര്യത്തിൽ കൃത്യമായ ഒരു പങ്ക് വഹിക്കുന്നില്ല. ഹീറ്റ്മാപ്പും വ്യക്തമാക്കുന്നത് ഇതുതന്നെയാണ് (രേഖാചിത്രം 4).

**Fig : 4** - Correlation heatmap




*(Source: Output)*

**5.6 റിഗ്രഷൻ ലൈൻ**

**Fig : 5.5** - Regression line




*(Source: Output)*

പ്രത്യേക കായിക വികസന പദ്ധതികളും കായിക വികസന സൂചികയും തമ്മിൽ പോസിറ്റീവായ ഒരു ബന്ധം നിലനിൽക്കുന്നു എന്നാണ് റിഗ്രഷൻ വിശകലനത്തിൽ നിന്നും അനുമാനിക്കാൻ കഴിയുന്നത്. പ്രത്യേക കായിക വികസന പദ്ധതികൾക്കുള്ള ചെലവുകൾ ഉയർത്തുമ്പോൾ തദനുസൃതമായി കായിക വികസന സൂചികയും ഉയരുന്നു എന്ന് ചുരുക്കം. റിഗ്രഷൻ രേഖ ഉയർന്ന തലത്തിലേക്ക് നീങ്ങുന്നതായി കാണാം. മറ്റു ചില ഘടകങ്ങളും എസ് ഡി ഐയെ സ്വാധീനിക്കുന്നതായി വിലയിരുത്താൻ കഴിയുന്നുണ്ട്. ഇക്കാര്യത്തിൽ ചില അനിശ്ചിതത്വങ്ങളും പ്രകടമാണ്.

**6. ഉപസംഹാരം**

അടിസ്ഥാനതലത്തിലെ കായിക വികസനവും ധനകാര്യ നിക്ഷേപവും തമ്മിലുള്ള ബന്ധമാണ് ഈ പഠനത്തിന്റെ അടിത്തറ. ഫണ്ടുകൾ, ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രകടനം, അത്‌ലറ്റുകളുടെ സൗകര്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയെ എപ്രകാരം സ്വാധീനിക്കുന്നു എന്ന വിഷയവും പരിശോധിക്കപെടുന്നുണ്ട്. പൊതു ചെലവഴിക്കൽ, സി എസ് ആർ ചെലവുകൾ, സ്വകാര്യ മേഖലയുടെ സംഭാവനകൾ തുടങ്ങിയ ഘടകങ്ങൾ വളരെ പ്രധാനമാണെന്ന് മാത്രമല്ല അത് മറ്റു ഘടകങ്ങളെ സ്വാധീനിക്കുന്നു എന്നതും മർമ്മപ്രധാനമാണ്. സാമ്പത്തിക വളർച്ചയും കായിക വികസനവും, സി എസ് ആറും കായിക വികസനവും തുടങ്ങിയ ഈ പഠനത്തിന്റെ ആധാര ശിലകൾ കാണിക്കുന്നത് കൃത്യമായ രീതിയിലുള്ള മുതൽമുടക്ക് കായിക രംഗത്തെ നന്നായി പരിപോഷിപ്പിക്കുന്നു എന്നതാണ്.

അടിസ്ഥാന തലങ്ങളിലെ കായിക വികസനത്തെ നിർണ്ണായകമായ സ്വാധീനിക്കുന്ന പ്രധാനപ്പെട്ട ഘടകങ്ങൾ അടിസ്ഥാന സൗകര്യ വികസനം, കായിക രംഗത്തെ നേട്ടങ്ങൾ, ജനപങ്കാളിത്തം, തൊഴിലവസരങ്ങളും വികാസം, സർക്കാരിന്റെ നയസമീപനങ്ങൾ

എന്നിവയാണ്. പി മൂല്യം = 0.023 എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രത്യേക കായിക പദ്ധതികൾക്ക് കായിക വികസന സൂചികയിൽ കാര്യമായ സ്വാധീനം ചെലുത്തുവാൻ കഴിയുന്നുണ്ട് എന്നാണ്. വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രത്യേക പദ്ധതികളും അതിനുള്ള മുതൽ മുടക്കും അടിസ്ഥാന തലങ്ങളിൽ സ്പോർട്സിന്റെ വികസനത്തിന് കാര്യമായ സംഭാവന നൽകുന്നുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ ബജറ്റ്, പൊതു, സ്വകാര്യ മേഖലയുടെ സി എസ് ആർ ഫണ്ടുകൾ തുടങ്ങിയ ഘടകങ്ങൾ എസ് ഡി ഐയിൽ പ്രകടമായ ഒരു സ്വാധീനവും ചെലുത്തുന്നില്ല. അതിനാൽ ഈ ഘടകങ്ങൾ അത്ര ഫലപ്രദമാണെന്ന് വിലയിരുത്തുവാൻ കഴിയില്ല. അവയുടെ സ്വാധീനം പരോക്ഷമായി ഉണ്ടാകാം. അത് നേരിട്ട് ദൃശ്യമാകണമെന്നുമില്ല. ഇതിൽ ആർ സ്ക്വയർ മൂല്യം 0.7572 ആണ്. അതായത് എസ് ഡി ഐയിൽ കാണുന്ന മാറ്റങ്ങളുടെ 75.72 ശതമാനവും മറ്റു ഘടകങ്ങൾ മൂലമാണ് എന്നാണ്. ചില ഘടകങ്ങളുടെ സ്വാധീനം ഇപ്പോഴും വ്യക്തമല്ല. കായിക മേഖലയുടെ വികസനത്തിൽ മറ്റു പല കാര്യങ്ങളും വ്യക്തമായ സ്വാധീനം ചെലുത്തുന്നുണ്ട് എന്നർത്ഥം. വി എ ആർ മോഡലിലൂടെ കണ്ടെത്തിയ റിഗ്രഷൻ സമവാക്യം കായിക വികസന സൂചിക കണ്ടെത്തുന്നതിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. റിഗ്രഷൻ സമവാക്യം താഴെ കാണുന്നത് പോലെയാണ്.

**INDEX = 50.0795 - 0.0018828×BUDGET + 0.00491294×PUB CSR - 0.14517757×PRIV CSR + 0.04107033×SPECIAL INITIATIVES**

പ്രത്യേക കായിക വികസന പദ്ധതികളുടെ കാര്യത്തിൽ പി മൂല്യം 0.023 ആണ്. ഇത് എസ് ഡി ഐയെ കാര്യമായി സ്വാധീനിക്കുന്ന ഒന്നാണ്. എന്നാൽ സർക്കാരിന്റെ നയങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, നേട്ടങ്ങൾ, ജനകീയ പങ്കാളിത്തം, കായിക രംഗത്തെ തൊഴിലവസരങ്ങൾ തുടങ്ങിയ കാര്യങ്ങൾ നേരിട്ട് അത്ര പ്രകടമായ സ്വാധീനം ചെലുത്തുന്നില്ല. എന്നാൽ വലിയ രീതിയിൽ പ്രകടമല്ലാത്ത ചില ഘടകങ്ങളും കായിക വികസനത്തിന്റെ കാര്യത്തിൽ മർമ്മപ്രധാനമാണ്. ഇതിന്റെ ആർ സ്ക്വയർ മൂല്യം 0.7572 ആണെന്നിരിക്കെ അത് എസ് ഡി ഐയുടെ മാറ്റത്തിൽ 75.72 ശതമാനം സ്വാധീനം ചെലുത്തുന്നു. ഇത് വ്യക്തമാക്കുന്നത് കായിക മേഖലയുടെ വികസനത്തിന് പ്രത്യേക പദ്ധതികൾക്കായുള്ള പണം മുടക്ക് ഉയർത്തേണ്ട ആവശ്യകതയിലേക്കാണ്. എന്നാൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, നിയന്ത്രണ സംവിധാനങ്ങളിലെ കാലാനുസൃതമായ മാറ്റങ്ങൾ, കായിക താരങ്ങളുടെ പ്രകടനം ഉയർത്തുന്നതിനുള്ള വിവിധ തന്ത്രങ്ങൾ തുടങ്ങിയ ഘടകങ്ങളും ഈ മേഖലയുടെ സുസ്ഥിരമായ വികസനത്തിന് അനിവാര്യമാണ്.

ഈ ഗവേഷണത്തിന്റെ പ്രധാന ശുപാർശ കായിക മേഖലയുടെ വികസനത്തിനായുള്ള പ്രത്യേക പദ്ധതികൾ നടപ്പാക്കുക എന്നതാണ്. അത് അടിസ്ഥാന സൗകര്യ വികസനത്തിലും, കോച്ചിങ്ങിന്റെ രംഗത്ത് കഴിവുള്ളവരെ വാർത്തെടുക്കുന്നതിലും, പൊതു, സ്വകാര്യ പങ്കാളിത്തം ഉയർത്തുന്ന കാര്യത്തിലും ഉൾപ്പെടുന്നു. ബജറ്റിൽ കായിക മേഖലക്കായുള്ള വകയിരുത്തൽ പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് മറ്റൊരു

ശുപാർശ. സി എസ് ആർ ഫണ്ടുകൾ കായിക മേഖലയോട് വികാസത്തിനായി പരമാവധി പ്രയോജനപ്പെടുത്തുക എന്ന ശുപാർശയുമുണ്ട്.

പങ്കാളിത്തം, പ്രകടനം, നയപരമായ നടപ്പാക്കൽ, കായിക വികസന സൂചിക, കായിക മേഖലയുടെ വികാസത്തിനായുള്ള സാമ്പത്തിക സമീപനം തുടങ്ങിയ വിഷയങ്ങളിലെ പുരോഗതിയാണ് ഈ പഠനത്തിലൂടെ വിശകലനം ചെയ്തത്. നയരൂപീകരണകർത്താക്കൾ, കോർപ്പറേഷനുകൾ, കായിക സംഘടനകൾ തുടങ്ങിയവയ്ക്ക് കൂടുതൽ ശക്തമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഈ പഠനത്തിന്റെ ഫലങ്ങൾ സഹായകരമാകുമെന്ന് പ്രതീക്ഷിക്കാം.

■

(തിരുവനന്തപുരം എൻജിനീയറിങ് കോളേജിലെ സി ഇ ടി സ്കൂൾ ഓഫ് മാനേജ്മെന്റിലെ രണ്ടാം വർഷ എം. ബി. എ വിദ്യാർത്ഥിയാണ് ലിജോ ജോൺ. സി ഇ ടി സ്കൂൾ ഓഫ് മാനേജ്മെന്റിലെ അസിസ്റ്റന്റ് പ്രഫസറാണ് സുജാത ജി. എസ്)

## References

Assumi, K.H., Choudhury, R.D., Nath, S.C. and Dutta, P.P (2024) 'Corporate influence in Indian sports: An in-depth exploration', International Journal of Applied Research, 10(2), pp. 103-110. Available at:https://doi.org/10.22271/allresearch.2024. v10.i2b.11536.

Bradbury, J.C., 2022. 'Does hosting a professional sports team benefit the local community? Evidence from property assessment', Economics of Governance, 23(3), pp.219-252. Available at: https://doi.org/10.1007/s10101-022-00268-z.

ELfakharani, A.M. and Albaheth, H.E.(2023) 'Examining the Link Between Sports Tourism, FDI Inflow, Economic Growth, and FDI Inflows: Does Legal Restrictions on Alcohols Consumption During Sports Events Matter?' Revista de Psicología del Deporte (Journal of Sport Psychology), 32(1), pp.207-219.

Farooq, I. and Mughal, R.A. (2024) 'The importance of government policies in prioritizing grassroots sports programs', International Journal of Physical Education, Sports and Health, 11(4), pp.160-162. Available at: http://www.kheljournal.com.

Güllich, A. and Barth, M. (2024) 'Effects of Early Talent Promotion on Junior and Senior Performance: A Systematic Review and Meta-Analysis', Sports Medicine, 54(3), pp. 697-710. Available at: https://doi.org/10.1007/s40279-023-01957-3.A

Hou, Z. (2024) 'How Grass-roots Sports Events in the New Era Can Promote Urban Economic Development', SHS Web of Conferences, 193, p. 01040. Available at: https://doi.org/10.1051/shsconf/202419301040.

Lv, X., Deng, B. and Deng, K. (2024) 'Dynamic investment strategies for a folk sports tourism destination under uncertain demand', RAIRO - Operations Research, 58(3), pp. 2321-2337. Available at: https://doi.org/10.1051/ro/2024088.

Misra, Y.V. and Panda, B.K.(2023) 'Diamonds in The Mud-Searching For Sports Talent In The Slums Of Bhubaneswar', Research journal of Berhampur university, 5, pp.47-51.

Mohamed, S.A.L.M., Sayyd, S.M.K. and Ghreeb, M.S.M. (2024) 'Inviting foreign direct investment for sports development projects in relation to economic development and development challenges', Sport TK, 13, pp. 1-19. Available at: https://doi.org/10.6018/sportk.624801. 31.

Shamim, P. (2021) 'Sports and economic development: A case study of the Indian emerging market', Journal of Emerging Technologies and Innovative Research (JETIR), 8(6), pp. 747-754. Available at: https://www.jetir.org.

Venegas-Yazigi, Bossay-Salinas, Cofré-Bolados, Mazzei and Duclos-Bastías (2023) 'Analysis of the Public Financial Investment in Elite Sport in Chile', Movimento, 29, pp. 1-19. Available at: https://doi.org/10.22456/1982- 8918.126532.

# APPENDIX

## 1) PYTHON CODES FOR REGRESSION

```
import pandas as pd
import numpy as np
from sklearn linear_model import Linear Regression

# Assuming your data is in a Data Frame called 'data'
# 1. Prepare the data
X = data[['BUDGET (CR)', 'PUB CSR (CR)',
'PRIV CSR (CR)', 'SPECIAL INITIATIVES (CR)']] # Independent variables
y = data['INDEX'] # Dependent variable

# 2. Create and train the model
model = Linear Regression ()
model.fit(X, y)

# 3. Calculate metrics and print summary
y_pred = model.predict(X) # Predictions on the entire data
residuals = y - y_pred
n = len(y) # Number of observations
p = X.shape[1] # Number of predictors
dof = n - p - 1 # Degrees of freedom
sse = np.sum(residuals**2) # Sum of squared errors
sst = np.sum((y - np.mean(y))**2) # Total sum of squares
r_squared = 1 - (sse / sst) # R-squared
adj_r_squared = 1 - (1 - r_squared) * (n - 1) / dof # Adjusted R-squared
mse = sse / dof # Mean squared error
```

```
# Print summary
print('Coefficients:', model.coef_)
print('Intercept:', model.intercept_)
print('R-squared:', r_squared)
print('Adjusted R-squared:', adj_r_squared)
print('Mean Squared Error:', mse)
# ... (Add other desired statistics)
```

**2) PYTHON CODES FOR VAR**

```
import pandas as pd
import statsmodels.api as sm

# Assuming your data is in a DataFrame called 'data'
# 1. Prepare the data
data_var = data[['BUDGET (CR)', 'PUB CSR (CR)',
 'PRIV CSR (CR)', 'SPECIAL INITIATIVES (CR)','INDEX']] # Select relevant columns

# 2. Create and fit the VAR model
model = sm.tsa.VAR (data_var)
results = model.fit (maxlags=1, ic='aic') # Determine optimal lag order using AIC

# 3. Print the model summary
Print (results.summary())
```

## 3) SDI CALCULATION INPUTS

**Table A1** - Participation and Gender Inclusivity data

| YEAR | NO. OF STC | BOYS | GIRLS | TOTAL |
|---|---|---|---|---|
| 2023-24 | 186 | 5264 | 3375 | 8639 |
| 2022-23 | 187 | 5704 | 3728 | 9432 |
| 2021-22 | 188 | 4969 | 3029 | 7998 |
| 2020-21 | 188 | 5681 | 3544 | 9225 |
| 2019-20 | 276 | 8219 | 3678 | 11897 |
| 2018-19 | 273 | 9967 | 4269 | 14236 |
| 2017-18 | 287 | 10481 | 4426 | 14907 |
| 2016-17 | 289 | 9653 | 4031 | 13684 |
| 2015-16 | 252 | 8243 | 3530 | 11773 |
| 2014-15 | 250 | 7594 | 3438 | 11032 |
| 2013-14 | 229 | 7629 | 3188 | 10817 |
| 2012-13 | 228 | 7919 | 3360 | 11279 |
| 2011-12 | 308 | 9893 | 4227 | 14120 |
| 2010-11 | 300 | 9676 | 4061 | 13737 |
| 2009-10 | 292 | 9424 | 3385 | 12809 |
| 2008-09 | 293 | 9319 | 3657 | 12976 |
| | | TOTAL | | 188561 |
| *(Source: Annual Reports of SAI- Sports Authority of India 2009-2024)***b** | | | | |

**Table A2** - Para Athletic Championship data

| YEAR | GOLD | SILVER | BRONZE | TOTAL | RANK | SDI |
|---|---|---|---|---|---|---|
| 2008 | 0 | 0 | 0 | 0 | 0 | 0 |
| 2011 | 0 | 1 | 0 | 1 | 55 | 2.5 |
| 2012 | 0 | 1 | 0 | 1 | 67 | 6 |
| 2013 | 1 | 0 | 0 | 1 | 33 | 7 |
| 2015 | 0 | 2 | 0 | 2 | 50 | 5 |
| 2016 | 2 | 1 | 1 | 4 | 43 | 7 |
| 2017 | 1 | 2 | 2 | 5 | 34 | 6.5 |
| 2019 | 2 | 2 | 5 | 9 | 24 | 8 |
| 2020 | 5 | 8 | 6 | 19 | 24 | 8.5 |
| 2023 | 3 | 4 | 3 | 10 | 19 | 8 |
| 2024 | 6 | 5 | 6 | 17 | 6 | 9.5 |
| 2024 | 7 | 9 | 13 | 29 | 18 | 9 |

*(Source: www.paralympic.org)*

**Table A3** - Sample Data for State wise Infrastructure Development

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 1 | Andaman and Nicobar Islands | | 1 | | 1 | | | | 1 | |
| 2 | Andhra Pradesh | 2 | 1 | 2 | 2 | | | 5 | 2 | |
| 3 | Arunachal Pradesh | 4 | | 3 | 1 | 2 | 13 | 1 | | 5 |
| 4 | Assam | | 1 | | 1 | 5 | 1 | 5 | | 2 |
| 5 | Bihar | 2 | | 5 | 10 | | | | 3 | |
| 6 | Chhattisgarh | 0 | 1 | 3 | 3 | | | 1 | 1 | 2 |
| 7 | Delhi | 1 | 1 | 1 | 1 | 8 | | | 2 | |
| 8 | Goa | 3 | | 1 | 4 | | | | 4 | 2 |
| 9 | Gujarat | 2 | | 2 | | | 1 | 3 | 2 | |
| 10 | Haryana | | 4 | 2 | 2 | 2 | | 5 | 3 | 1 |
| 11 | Himachal Pradesh | 1 | 3 | 3 | 3 | 2 | 1 | | 2 | 3 |
| 12 | Jammu & Kashmir | 2 | | 1 | 1 | 3 | | 1 | | 1 |
| 13 | Jharkhand | 1 | 1 | | 1 | | 1 | | 3 | |
| 14 | Karnataka | 8 | 9 | 6 | 7 | 2 | 5 | 4 | 2 | 4 |
| 15 | Kerala | 1 | | 2 | 2 | 2 | 1 | 4 | 3 | 5 |
| 16 | Ladak | 2 | | | 3 | | 1 | | | |
| 17 | Lakshadweep | 1 | | | 2 | | | | | 1 |
| 18 | Madhya Pradesh | 7 | 12 | | 6 | 2 | 3 | 4 | 4 | |
| 19 | Maharashtra | 1 | 3 | | 2 | 5 | 4 | 3 | 2 | 6 |
| 20 | Manipur | 2 | | 3 | 2 | 1 | 4 | 3 | | 2 |
| 21 | Meghalaya | | 3 | | 6 | | | | 1 | 2 |
| 22 | Mizoram | 4 | 3 | 2 | 2 | 3 | | 2 | 1 | |
| 23 | Nagaland | 2 | 3 | | 5 | 1 | | 2 | | 1 |
| 24 | Odisha | 8 | 1 | | 5 | 1 | 1 | 4 | 2 | |
| 25 | Puducherry | | 1 | | 1 | | 1 | | | |
| 26 | Punjab | 2 | 3 | 5 | 3 | 5 | 1 | 2 | 2 | 1 |
| 27 | Rajasthan | | 2 | | 2 | 9 | 15 | 9 | 3 | 1 |
| 28 | Sikkim | 1 | 1 | 3 | 3 | | 1 | | 2 | |
| 29 | Tamil Nadu | 3 | 2 | 1 | 3 | | 2 | 3 | 1 | 3 |
| 30 | Telangana | 4 | | 4 | 3 | | 1 | 1 | | |
| 31 | Tripura | 2 | 3 | 2 | 3 | | | 1 | 1 | |
| 32 | Uttar Pradesh | 12 | 6 | 16 | 16 | 2 | 23 | 1 | 3 | 4 |
| 33 | Uttarakhand | 3 | | 1 | 2 | 2 | | 3 | | 2 |
| 34 | West Bengal | 3 | | | | 1 | 1 | 1 | 3 | 2 |
| TOTAL | | 84 | 65 | 68 | 108 | 58 | 81 | 68 | 54 | 50 |

*(Source: static.pib.gov.in)*

**Table A4** - Performance of India in World Championships

| Year | Rank | Gold | Silver | Bronze | Total | Participants | Sdi |
|---|---|---|---|---|---|---|---|
| 2008 | 1 | 33 | 26 | 17 | 76 | 71 | 10 |
| 2009 | 51 | 1 | 0 | 2 | 3 | 204 | 7.5 |
| 2010 | 2 | 38 | 27 | 36 | 101 | 63 | 10 |
| 2011 | 9 | 3 | 3 | 3 | 9 | 64 | 8.5 |
| 2012 | 57 | 0 | 2 | 4 | 6 | 204 | 7.5 |
| 2013 | - | - | - | - | - | - | 8 |
| 2014 | 8 | 11 | 10 | 36 | 57 | 45 | 8.5 |
| 2015 | 5 | 9 | 4 | 6 | 19 | 65 | 9.5 |
| 2016 | 67 | 0 | 1 | 1 | 2 | 207 | 7 |
| 2017 | 7 | 4 | 1 | 6 | 11 | 64 | 9 |
| 2018 | 5 | 15 | 30 | 19 | 64 | 71 | 9.5 |
| 2019 | - | - | - | - | - | - | 9.5 |
| 2020 | 4 | 1 | 2 | 4 | 7 | 206 | 10 |
| 2021 | - | - | - | - | - | - | 9 |
| 2022 | 4 | 22 | 16 | 23 | 61 | 68 | 9.5 |
| 2023 | 17 | 0 | 2 | 3 | 5 | 71 | 7.8 |
| 2024 | 71 | 0 | 1 | 5 | 6 | 204 | 6.5 |

*(Source: www.nriol.com)*

**Table A5** - World Ranking of India in Key Sports

| Sports | Cricket | Football | Badminton | Hockey | Kabbadi | Avg Sdi |
|---|---|---|---|---|---|---|
| 2025 | 10 | 4 | 7 | 9 | 7 | 7.4 |
| 2024 | 10 | 4 | 7 | 9 | 7 | 7.4 |
| 2023 | 10 | 5 | 8 | 10 | 7 | 8 |
| 2022 | 10 | 5 | 10 | 10 | 9 | 8.8 |
| 2021 | 10 | 5 | 9 | 9 | 8 | 8.2 |
| 2020 | 10 | 5 | 8 | 9 | 8 | 8 |
| 2019 | 10 | 4.5 | 7.5 | 9 | 8 | 7.8 |
| 2018 | 10 | 5 | 7 | 9 | 7 | 7.6 |
| 2017 | 10 | 4.5 | 6.5 | 9 | 6 | 7.2 |
| 2016 | 10 | 3.5 | 6 | 9 | 6 | 6.9 |
| 2015 | 10 | 2.5 | 6 | 9 | 7 | 6.9 |
| 2014 | 10 | 2 | 6 | 9 | 9 | 7.2 |
| 2013 | 10 | 2.5 | 6 | 8 | 9 | 7.1 |
| 2012 | 10 | 2.5 | 7 | 8 | 8 | 7.1 |
| 2011 | 10 | 2.5 | 6 | 8 | 9 | 7.1 |
| 2010 | 10 | 3 | 7 | 8 | 9 | 7.4 |
| 2009 | 10 | 3.5 | 6 | 8 | 8 | 7.1 |
| 2008 | 10 | 3 | 5 | 7 | 6 | 6.2 |

*(Source: www.icc-cricket.com , www.fifa.com , www.badmintonindia.org)*

**Table A6** - Sports Policy Implementation Ranking

| Year | Rank | Points | Sdi |
|---|---|---|---|
| 2014 | 43 | 20,467 | 8 |
| 2015 | 36 | 54,225 | 8 |
| 2016 | 31 | 80,789 | 8.5 |
| 2017 | 35 | 1,48,663 | 8 |
| 2018 | 32 | 3,34,643 | 8.5 |
| 2019 | 23 | 3,27,503 | 9 |
| 2020 | - | - | 2 |
| 2021 | 28 | 3,10,425 | 8.5 |
| 2022 | 23 | 3,67,243 | 9 |
| 2023 | 19 | 4,67,301 | 9 |
| 2024 | 16 | 4,88,616 | 9.5 |

*(Source: https://sportsrankings.world/media-release)*

**Table A7** - Ethics & Antidoping Compliances

| Year | Test | Positives | Fund Expended | Sdi |
|---|---|---|---|---|
| 2008-09 | 2100 | 12 | 5,75,00,000 | 4 |
| 2009-10 | 4525 | 17 | 15,50,00,000 | 1 |
| 2010-11 | 7175 | 25 | 14,00,00,000 | 4 |
| 2011-12 | 2508 | 76 | 3,50,00,000 | 9 |
| 2012-13 | 2945 | 119 | 7,00,00,000 | 9 |
| 2013-14 | 4445 | 9 | 8,30,00,000 | 1 |
| 2014-15 | 4700 | 70 | 11,60,00,000 | 8 |
| 2015-16 | 3400 | 48 | 12,00,00,000 | 7 |
| 2016-17 | 1969 | 55 | 2,80,00,000 | 9 |
| 2017-18 | 4000 | 39 | 14,15,00,000 | 5 |
| 2018-19 | 4348 | 18 | 17,50,00,000 | 1 |
| 2019-20 | 2712 | 71 | 13,00,00,000 | 8 |
| 2020-21 | 104 | 72 | 22,47,00,000 | 5 |
| 2021-22 | 3865 | 125 | 34,00,00,000 | 6 |
| 2022-23 | 3243 | 84 | 24,35,00,000 | 6 |
| 2023-24 | 4342 | 142 | 24,30,00,000 | 8 |

*(Source: Annual Reports of MoYAS)*

**Table A8** - Employment Generation

| Year | Employability | Percentage | Sdi |
|---|---|---|---|
| 2000 | 61,200 | 0.443478261 | 4.5 |
| 2001 | 37650 | 0.272826087 | 3 |
| 2002 | 59050 | 0.427898551 | 4 |
| 2003 | 57600 | 0.417391304 | 4 |
| 2004 | 64200 | 0.465217391 | 4.5 |
| 2005 | 69340 | 0.502463768 | 5 |
| 2006 | 76840 | 0.556811594 | 5.5 |
| 2007 | 78650 | 0.569927536 | 5.5 |
| 2008 | 74260 | 0.538115942 | 5.5 |
| 2009 | 82740 | 0.599565217 | 6 |
| 2010 | 75320 | 0.545797101 | 5.5 |
| 2011 | 89740 | 0.650289855 | 6.5 |
| 2012 | 93600 | 0.67826087 | 6.5 |
| 2013 | 100000 | 0.724637681 | 7 |
| 2014 | 83670 | 0.606304348 | 6 |
| 2015 | 99730 | 0.722681159 | 7 |
| 2016 | 102030 | 0.739347826 | 7 |
| 2017 | 94180 | 0.682463768 | 7 |
| 2018 | 112060 | 0.812028986 | 8 |
| 2019 | 122250 | 0.885869565 | 9 |
| 2020 | 67490 | 0.489057971 | 5 |
| 2021 | 80490 | 0.58326087 | 6 |
| 2022 | 91840 | 0.665507246 | 6.5 |
| 2023 | 123460 | 0.894637681 | 9 |
| 2024 | 1,38,000 | 1 | 10 |

*(Source: www.simplysports.in)*

കേരള ഇക്കോണമി
പുസ്തകം 6 ലക്കം 4
ഒക്ടോബർ- ഡിസംബർ 2025

# സ്ത്രീകളുടെ അമിതജോലിയും ആരോഗ്യ പരിപാലന രംഗത്തെ പ്രതിസന്ധിയും സമയവിനിയോഗ സർവെ ഫലത്തിന്റെ അടിസ്ഥാനത്തിൽ

മെർലിൻ പ്രേമല. ജെ

**സംഗ്രഹം**

സുസ്ഥിരവും സമത്വധിഷ്ഠിതവുമായ ഒരു ആരോഗ്യ മേഖല സൃഷ്ടിക്കുന്ന കാര്യത്തിൽ ഏറ്റവും നിർണ്ണായകമായ വെല്ലുവിളി ഈ രംഗത്ത് കാണുന്ന ലിംഗപരമായ വേർതിരിവാണ്. കേരളത്തിന്റെ 2024 ലെ സമയ വിനിയോഗ സർവേയിലെ (ടൈം യൂസ് സർവേ-ടി യു എസ്) വിവരങ്ങൾ ഉപയോഗിച്ച് മാനസികവും ശാരീരികവുമായ ആരോഗ്യ പരിപാലനത്തിന് സമയം വിനിയോഗിക്കുന്ന കാര്യത്തിലെ സ്ത്രീ-പുരുഷ വ്യത്യാസമാണ് ഈ പഠനത്തിൽ പരിശോധിക്കുന്നത്. ബ്ലിൻഡർ-ഓക്സാക ഡീകംപോസിഷൻ രീതിയാണ് ഇതിനായി അവലംബിച്ചിട്ടുള്ളത്. വ്യക്തികളുടെ ആരോഗ്യ പരിപാലനത്തെ സ്വാധീനിക്കുന്ന വിദ്യാഭ്യാസം, തൊഴിൽ, മറ്റുള്ളവരെ പരിപാലിക്കുന്ന ദൗത്യം മുതലായ കാര്യങ്ങളിൽ കാണുന്ന ലിംഗപരമായ വ്യത്യാസമാണ് പരിശോധിക്കുന്നത്. ഇക്കാര്യത്തിൽ സ്ത്രീകൾ പുലർത്തുന്ന അനാസ്ഥയും മറ്റുള്ളവരുടെ ആരോഗ്യകാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടി വരുന്നതും അവർക്ക് വലിയ പ്രശ്നമായി മാറുന്നുണ്ട് എന്നാണ് കണ്ടെത്താൻ കഴിഞ്ഞിരിക്കുന്നത്. ഇത് അവരുടെ കാര്യക്ഷമത, തൊഴിലെടുക്കുന്നതിനുള്ള അവസരം തുടങ്ങിയ കാര്യങ്ങളെ ദോഷകരമായി ബാധിക്കുന്നു എന്നാണ് നിഗമനം. ഇക്കാര്യത്തിൽ ഉണ്ടാകുന്ന അറിയപ്പെടാതെ പോകുന്ന ചെലവുകൾ, 3,5, 8 എന്നീ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്ന കാര്യത്തിൽ കേരളം പിന്നാക്കം പോകുന്ന സ്ഥിതിയുണ്ടാക്കുന്നുണ്ട്. ആരോഗ്യ പരിപാലന രംഗത്ത് ടൈം - യൂസ് മെട്രിക് പ്രയോജനപ്പെടുത്തുക എന്നതാണ് മുന്നോട്ട് വയ്ക്കാനുള്ള ഒരു നിർദേശം. സഹായങ്ങൾ ലഭ്യമാക്കുന്ന സംവിധാനം ശക്തമാക്കുക, ഡിജിറ്റൽ ആരോഗ്യ സംവിധാനങ്ങളിൽ കൂടുതൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുക തുടങ്ങിയവയാണ് മറ്റു നിർദേശങ്ങൾ.

**പ്രധാന വാക്കുകൾ** : ആരോഗ്യ മേഖലയിലെ ലിംഗപരമായ അസമത്വം, ടൈം യൂസ് സർവേ (ടി യു എസ്), വേതനമില്ലാത്ത പരിപാലന ജോലികൾ, സുസ്ഥിര വികസന ലക്ഷ്യങ്ങൾ.

**1. ആമുഖം**

ഉയർന്ന സാക്ഷരതാ നിരക്ക്, കുറഞ്ഞ ശിശുമരണ നിരക്ക്, ലോകനിലവാരത്തിലുള്ള ആരോഗ്യ സേവനങ്ങൾ തുടങ്ങിയ സാമൂഹ്യ വികസന സൂചികകളിൽ കേരളം ഉയർന്ന റാങ്കിങ് പുലർത്തുന്നത് കാണാം. കേരളം കൈവരിച്ച നേട്ടങ്ങൾ ആഗോളതലത്തിൽ തന്നെ പ്രകീർത്തിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ നേട്ടങ്ങൾക്കിടയിലും ചില വിരോധാഭാസങ്ങൾ നിലനിൽക്കുന്നതായി നമുക്ക് കാണാൻ കഴിയും. പ്രതിഫലം ലഭിക്കാത്ത വീട്ടുജോലികൾ അടക്കമുള്ള കാര്യങ്ങൾ സ്ത്രീകളുടെ ചുമലിലാണ്. ഇതുമൂലം അവരുടെ വിശ്രമ, വിനോദ വേളകൾ കുറയുന്നു എന്നതിന് പുറമെ നല്ല രീതിയിലുള്ള ആരോഗ്യ പരിപാലനത്തിനും ഇത് അവർക്ക് തടസ്സമാകുന്നു. ശാരീരികമായ വ്യായാമം അടക്കമുള്ള കാര്യങ്ങൾ അവർക്ക് നിഷേധിക്കപെടുന്നതായി മനസിലാക്കാൻ കഴിയും. വീടുകളിൽ കുട്ടികൾ അടക്കമുള്ള മറ്റുള്ള അംഗങ്ങളെ പരിചരിക്കേണ്ടി വരുന്നത് മൂലം സ്വന്തം ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കാൻ അവർക്ക് കഴിയാതെ പോകുന്നു. പുരുഷന്മാരുടെ കാര്യത്തിൽ അവർ വരുമാനം ഉണ്ടാക്കുന്ന ജോലികളിൽ ഏർപ്പെടുന്നതിനൊപ്പം വിശ്രമത്തിനും വിനോദത്തിനും ആവശ്യമായ സമയം കണ്ടെത്തുന്നുണ്ട്. ഇത് അവരുടെ ആരോഗ്യപരിപാലനം ഉറപ്പു വരുത്തുന്നതിന് സഹായകമാണ്. എന്നാൽ സ്ത്രീകൾക്ക് ഇത് നിഷേധിക്കപെടുന്നതായി കാണാം.

ആരോഗ്യ പരിപാലന കാര്യത്തിൽ കാണുന്ന ലിംഗപരമായ അസമത്വം എപ്രകാരമാണ് പ്രകടമാകുന്നത് എന്നാണ് ഈ ലേഖനത്തിൽ പരിശോധിക്കുന്നത്. 2024 ലെ സംസ്ഥാനത്തെ ടൈം യൂസ് സർവേയുടെ (ടി യു എസ്) വിവരങ്ങളിൽ ബ്ലിൻഡർ-ഓക്സാക ഡീകമ്പോസിഷൻ എന്ന രീതി ഉൾപ്പെടുത്തിയാണ് ഈ പഠനം പൂർത്തിയാക്കിയിരിക്കുന്നത്. ഇത്തരത്തിൽ പ്രകടമാകുന്ന അസമത്വത്തെ സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി (എസ് ഡി ജി) ബന്ധപ്പെടുത്തികൊണ്ട് ആരോഗ്യ പരിപാലനത്തിൽ കണ്ട് വരുന്ന അദൃശ്യമായ ചെലവുകളാണ് ഇതിലെ മറ്റൊരു പഠന വിഷയം. ആരോഗ്യ സേവനങ്ങൾ നേടുന്നതിന് അവസരസമത്വം ഉറപ്പാക്കുക എന്ന എസ് ഡി ജി -3, വേതനമില്ലാതെ ചെയ്യേണ്ടി വരുന്ന മറ്റുള്ളവരെ പരിപാലിക്കുന്ന ജോലികൾ (എസ് ഡി ജി 5 - ലിംഗ സമത്വം), സ്ത്രീകൾക്ക് ജോലി ചെയ്യാൻ ലഭിക്കുന്ന അവസരം അഥവാ എസ് ഡി ജി 8-മാന്യമായ ജോലിയും സാമ്പത്തിക വളർച്ചയും എന്നീ സുസ്ഥിര വികസന ലക്ഷ്യങ്ങളുമായാണ് ഇത് ചേർന്ന് നിൽക്കുന്നത്.

**2 പഠനങ്ങളുടെ അവലോകനം**

**2.1 – ലിംഗപരമായ വ്യത്യാസവും ആരോഗ്യ പരിപാലന രംഗത്തെ അസന്തുലിതാവസ്ഥയും**

